ചിന്താമണിപാഠമാല

(നാലാം ഭാഗം)

കൊച്ചി ഗവൎമ്മെണ്ടു കല്പനപ്രകാരം,

മലയാളഭാഷാപരിഷ്കരണക്കമ്മിററിയിൽനിന്നു

തയ്യാറാക്കിയതു്.

ചിന്താമണിപാഠമാല

(നാലാം ഫാറം)

കൊച്ചി ഗവൎമ്മെണ്ടു കല്പനപ്രകാരം,
മലയാളഭാഷാപരിഷ്കരണക്കമ്മിററിയിൽനിന്നു
തയ്യാറാക്കിയതു്.

മംഗളോദയം പ്രസ്സ്
തൃശ്ശിവപേരൂർ.
൧൧൨൦.

[വില ൩ണ

വിഷയവിവരം

ഗദ്യം

വിഷയവിവരം.

പദ്യം

ചിന്താമണിപാഠമാല.

എട്ടാംപാഠം

ഗദ്യം

---

൧. ധനം.

ഒരുവൻ വലിയ ധനികനാണെന്നും മറെറാരുവൻ വളരെ ദ്രവ്യം സമ്പാദിച്ചു എന്നും മററും പറയുമ്പോൾ അതിന്റെ അൎത്ഥം സാധാരണയായി എല്ലാവൎക്കും മനസ്സിലാവാറുണ്ട്. എന്നാൽ ധനം എന്നുവച്ചാൽ സൂക്ഷ്മത്തിൽ എന്താണെന്ന് ആലോചിച്ചിട്ടുള്ളവർ നമ്മുടെ കൂട്ടത്തിൽ വളരെ ഉണ്ടോ എന്നു സംശയമാണ്. എങ്കിലും അതു് ആലോചിച്ചറിയുകയും അതിനെ സംബന്ധിച്ച വേറെ പല സംഗതികളുള്ളതിനെ മനസ്സിലാക്കുകയും, ചെയ്യുന്നതു രാജ്യകാൎയ്യങ്ങളിൽ പ്രവേശിക്കുന്നവൎക്കും, മററും വളരെ ആവശ്യമായിട്ടുള്ളതാണെന്നു മഹാന്മാരായ പല ഇംഗ്ലീഷുപണ്ഡിതന്മാരും അഭിപ്രായപ്പെട്ടിട്ടുണ്ട്. അവരുടെ അഭിപ്രായം പ്രായേണ ഇംഗ്ലീഷുകാർ സ്വീകരിച്ചിട്ടുണ്ടെന്നുതന്നെയല്ല ധനശാസ്ത്രത്തിന്റെ പരിജ്ഞാനമില്ലാത്തവർ രാജ്യഭാരം ചെയ്യുന്നതിന് അയോഗ്യരാണെന്നുവച്ച് അങ്ങിനെയുള്ളവരെ രാജ്യഭരണകൎത്താക്കന്മാരായി നിശ്ചയിക്കാറില്ല. ധനശാസ്ത്രത്തിൽ ഉൾപ്പെട്ട സംഗതികൾ എന്തെല്ലാമാണെന്ന് അറിഞ്ഞാൽതന്നെ അതിന്റെ ഉപയോഗവും ഗൌരവവും സ്പഷ്ടമാകുന്നതാണ്. ധനോല്പത്തി, പദാൎത്ഥങ്ങളുടെ വിലയിലുണ്ടാകുന്ന ഭേദഗതികൾ, ക്രയവിക്രയനിയമങ്ങൾ, വേല, കൂലി, പലിശ, പാട്ടം മുതലായവയുടെ സ്വഭാവങ്ങൾ, ജന്മികുടിയാന്മാർ തമ്മിലുള്ള സംബന്ധങ്ങൾ, നികുതിപി-

ദിക്കുന്നതിന്റെയും ചെലവു ചെയ്യുന്നതിന്റെയും ക്രമങ്ങൾ, കച്ചവടത്തിന്റെ സ്വഭാവവും ഗുണദോഷങ്ങളും, ജനങ്ങൾ വർദ്ധിക്കുന്നതുകൊണ്ടും ക്ഷയിക്കുന്നതുകൊണ്ടും ഒരു രാജ്യത്തിലുണ്ടാകുന്ന ഗുണദോഷങ്ങൾ മുതലായ പല സംഗതികളും ഈ ശാസ്ത്രത്തിൽ അടങ്ങീട്ടുള്ളവയാകുന്നു. ഈ സംഗതികളെ പ്രത്യേകം വിവരിക്കുന്നതിനു മുമ്പിൽ ധനത്തിന്റെ സൂക്ഷ്മമായ സ്വഭാവം എന്താണെന്നു ധരിക്കുന്നതു പ്രത്യേകം ആവശ്യമാണ്.

ധനം എന്നുവച്ചാൽ സ്വർണ്ണം, വെള്ളി മുതലായ ലോഹങ്ങളോ അതുകളെക്കൊണ്ടുണ്ടാക്കിയ നാണ്യങ്ങളോ ആണെന്നാകുന്നു സാധാരണജനങ്ങൾ മനസ്സിലാക്കിട്ടുള്ളത്. ഒരുവന്റെ പക്കൽ ഉറുപ്പികയുള്ള മുതലുണ്ടെന്നും, മറ്റൊരുവന്റെ മാസം ഒരു ഉറുപ്പിക മുതലെടുപ്പുണ്ടെന്നും മറ്റും നാം പതിവായി പറഞ്ഞുവരുമ്പോൾ ജനങ്ങൾ ഇങ്ങനെ ധരിക്കുന്നതിനെക്കുറിച്ച് അത്ര അത്ഭുതപ്പെടുവാനില്ല. എങ്കിലും ഈ മതം അത്ര ശരിയായിട്ടുള്ളതാണെന്നു വിചാരിപ്പാൻ പാടില്ല. സൂക്ഷ്മമായി വിചാരിക്കുമ്പോൾ ഒരു ധനവാനും ദരിദ്രനും തമ്മിൽ അന്തരംഗത്തിൽ എന്താണു വ്യത്യാസം?. ധനവാനു തന്റെ ഉപയോഗത്തിനും സുഖവൃത്തിക്കും വേണ്ട പദാർത്ഥങ്ങൾ സ്വാധീനമാണ്. ദരിദ്രന്നൊ നിത്യവൃത്തിക്കു വേണ്ടതിനുകൂടി വളരെ പ്രയാസമാണ്. എന്നിരിക്കുമ്പോൾ ആവക പദാർത്ഥങ്ങളെയല്ലേ ധനമെന്നു പറയേണ്ടതു? ഭക്ഷിപ്പാനുള്ള സാധനങ്ങൾ, ഇരിപ്പാനുള്ള ഭവനം, ഉടുപ്പാനുള്ള വസ്ത്രങ്ങൾ മുതലായതുകളെ അല്ലേ യഥാർത്ഥത്തിൽ ധനമെന്നു പറയേണ്ടതു? നാണ്യം, ആഭരണം മുതലായവകൾ ഉണ്ടാക്കുന്നതിനുള്ള സ്വർണ്ണാദിലോഹങ്ങൾ നമ്മുടെ സുഖവൃത്തിക്ക് ആവശ്യമുള്ളതാകകൊണ്ട് അതുകളെയും ഈ കൂട്ടത്തിൽ ഗണിക്കാമെന്നല്ലാതെ അതുതന്നെയാണു ധനം എന്നു വ്യവഹ

രിക്കുന്നതു് അബദ്ധമായിരിക്കില്ലേ? ഒരു രാജ്യത്തിൽ നാ
ണ്യങ്ങളല്ലാ, അതുകൾ ഉണ്ടാക്കുന്ന ലോഹങ്ങൾതന്നെയാ
ഇല്ലെന്നു വരികിലും അവിടെയുള്ള ജനങ്ങൾക്കു ഒരു മാ
തിരിയിൽ കഴിഞ്ഞുകൂടാമെന്നു നമുക്കു വിചാരിക്കാം. എ
ന്നാൽ ഭക്ഷണസാധനം, വാസസ്ഥലം മുതലായതില്ലെ
ങ്കിൽ അവൎക്കു ഒരുപ്രകാരത്തിലും കഴിഞ്ഞുകൂടുവാൻ പാടു
ള്ളതല്ലല്ലൊ.

പവൻ, ഉറുപ്പിക മുതലായ നാണ്യങ്ങൾ കയ്യിലുള്ള
വനു തന്റെ ഉപയോഗത്തിനു വേണ്ട സകലവും സ്വാധീ
നമാണെന്നു് എല്ലാപേൎക്കും അനുഭവമായിരിക്കെ ആ നാ
ണ്യങ്ങളെ ധനമെന്നു പറയുവാൻ പാടില്ലെന്നു വ്യവഹരി
ക്കുന്നതു ശരിയല്ലെന്നു ചിലർ ആക്ഷേപിച്ചേക്കാം. ഇതി
നു സമാധാനം എന്തെന്നാൽ ഉറുപ്പിക മുതലായ നാണ്യ
ങ്ങൾ ഉപയുക്തസാധനങ്ങളെ ക്രയവിക്രയം ചെയ്യുന്നതി
നുള്ള സൌകൎയ്യത്തിനുവേണ്ടിമാത്രം നമ്മൾതന്നെ സാ
ങ്കേതികമായ വിലയായിട്ടു് ഒരു ഉപകരണമായി നിൎമ്മി
ച്ചിട്ടുള്ളതാകകൊണ്ടു ധനം സ്വാധീനമാക്കുന്നതിനുള്ള ശ
ക്തി അതിന്നു സിദ്ധിച്ചിട്ടുണ്ടെന്നല്ലാതെ അതുതന്നെയാ
ണു ധനമെന്നു പറയുന്നതു സാധുവാകുന്നതല്ല. ഗ്രന്ഥ
ങ്ങൾ അറിവു സമ്പാദിക്കുന്നതിനുള്ള ഒരു ഉപകരണമാ
ണെന്നുവച്ചു് ആ ഗ്രന്ഥങ്ങൾതന്നെയാണു് അറിവെന്നു
പറയുന്നതു ശരിയായിട്ടുള്ളതാണോ? നാണ്യങ്ങളാണു ധന
മെന്നു പറയുന്നതു് ഇതുപോലെ ആകുന്നു. അതുകൊണ്ടു്
ഈ ശാസ്ത്രത്തിൽ ഉപയുക്തസാധനങ്ങളെ മാത്രമെ ധന
മെന്നു പറകയുള്ളു; ലോകനിൎമ്മിതമായ ഈ ഉപകരണ
ത്തിനു പണമെന്നാകുന്നു പേർ.

മേല്പറഞ്ഞ സംഗതികളെക്കൊണ്ടു് ഉപയുക്തപദാ
ൎത്ഥങ്ങളെല്ലാം ധനമെന്നാണു സാധിക്കുന്നതു്. അങ്ങിനെ
യാണെങ്കിൽ മനുഷ്യനു് ഉപയോഗമുള്ളതാണെന്നതന്നെ

യല്ല ജീവധാരണം ചെയ്വാൻപോലും അവശ്യം വേണ്ടതായ ജലം, വായു, അഗ്നി മുതലായവയേയും ധനമെന്നു പറയേണ്ടതല്ലേ? ഇതെല്ലാം ധനമാണെങ്കിൽ ഇതിനെ സംബന്ധിച്ചെടത്തോളം ധനികനും ദരിദ്രനും തമ്മിൽ എന്താണു ഭേദം? ആണ്ടിൽ രണ്ടായിരപ്പറ നെല്ലു പാട്ടമുള്ളവൻ ആയിരപ്പറ നെല്ലു പാട്ടമുള്ളവനേക്കാൾ ഇരട്ടി ധനമുള്ളവനാണെന്നു നമ്മൾ പറയാറുണ്ട്. അങ്ങനെ പറയുന്നതു ശരിയായിട്ടുള്ളതുമാണു. എന്നാൽ രണ്ടേപ്പിൽ പൂട്ടുവാൻ തീയുള്ളവൻ ഒരേപ്പിൽ പൂട്ടുവാൻ തീയുള്ളവനേക്കാൾ ധനവാനാണെന്നു ബുദ്ധിഭ്രമം ഇല്ലാത്തവരാരും പറകയില്ല. അതുകൊണ്ട് ഉപയോഗ്യതമാത്രമല്ല, ധനത്തിന്റെ ലക്ഷണം. മനുഷ്യപ്രയത്നമോ, ധനവ്യയമോ കൂടാതെ ആവശ്യമുള്ളെടത്തോളം കിട്ടുന്ന സാധനങ്ങൾ എത്രതന്നെ ഉപയോഗമുള്ളവയാണെങ്കിലും ധനമാണെന്നു പറവാൻ പാടില്ല. എന്നാൽ ശുദ്ധജലം കുറവായും, ജനങ്ങളുടെ ആവശ്യത്തിനു വേണ്ടതു ദൂരദേശങ്ങളിൽനിന്നു കൊണ്ടുവരേണ്ടതായും ഉള്ള മദ്രാസ് മുതലായ പട്ടണങ്ങളിൽ വെള്ളത്തിനു വില കൊടുക്കേണ്ടതായി വരുന്നു. അങ്ങനെയുള്ള ദിക്കുകളിൽ വെള്ളത്തെയും ധനത്തിന്റെ കൂട്ടത്തിൽ ഗണിക്കേണ്ടതാണെന്നു സ്പഷ്ടമാണല്ലോ. അതുപോലെതന്നെ സാധാരണകാലങ്ങളിൽ വളരെ കന്നുകാലികളുള്ളവൻ ധനികനാണ്. എന്നാൽ കൃഷിപ്പണി അസാദ്ധ്യമായ ക്ഷാമകാലങ്ങളിൽ കന്നുകാലികളെ ആർക്കും ആവശ്യമില്ലാത്തതിനാൽ അങ്ങനെയുള്ള കാലങ്ങളിൽ എത്ര കന്നുകാലികളുള്ളവനേയും ധനികനെന്നു പറവാൻ പാടില്ല.

അതുകൊണ്ട് എത്രതന്നെ ഉപയോഗമുള്ളവയാണെങ്കിലും കൊടുത്താൽ വിലകിട്ടാത്ത സാധനങ്ങൾ ധനമല്ലെന്നുവരുന്നു. ഇപ്രകാരം ധനമെന്നുവച്ചാൽ എന്തെന്നുള്ളതു സ്പഷ്ടമായല്ലോ. മനുഷ്യന് ഉപയോഗമുള്ളതും ക്രയ

വിക്രയയോഗ്യവുമായ പദാൎത്ഥങ്ങളാകുന്നു ധനം. ധനശാസ്ത്രസംബന്ധമായ വാദങ്ങൾ മുഴുവൻ നല്ലവണ്ണം മനസ്സിലാക്കുന്നതിന്നു് ഇതു് എല്ലാവരും ഓൎമ്മവെയ്ക്കേണ്ടതാണു്.

ധനത്തിന്റെ സ്വഭാവം ഇതാണെന്നു സൂക്ഷ്മമായി ധരിക്കുന്നതുകൊണ്ടു് എന്താണു പ്രയോജനം? ഇതുകൊണ്ടു ദ്രവ്യം സമ്പാദിക്കുന്നതിനോ സമ്പാദിച്ചാൽ അതു രക്ഷിക്കുന്നതിനോ വിശേഷിച്ചു വല്ല സൌകൎയ്യവും ഉണ്ടാകുന്നതാണോ? ഈ രണ്ടു കാൎയ്യമല്ലേ മനുഷ്യനു മുഖ്യമായി ആലോചിപ്പാനുള്ളതു് എന്നു ചിലൎക്കു തോന്നുമായിരിക്കാം. എല്ലാവരും അവരവരുടെ കാൎയ്യം മാത്രമേ ആലോചിക്കേണ്ടുവെങ്കിൽ ഈ ആക്ഷേപത്തിന്നു സമാധാനം ഒന്നും പറയുവാനില്ല. ഒരുത്തന്റെ കയ്യിൽ ആയിരം ഉറുപ്പിക ഉണ്ടായാലും മുപ്പതിപ്പറ നെല്ലുണ്ടായാലും അവന്റെ കാൎയ്യം മാത്രം സംബന്ധിച്ചിടത്തോളം യാതൊരു വ്യത്യാസവുമില്ല. എന്നാൽ ഒരു രാജ്യത്തിന്നു ധനസമൃദ്ധി വരുത്തുവാൻ എല്ലാവരും യത്നിക്കേണ്ടതാണെങ്കിൽ ധനത്തിന്റെ സൂക്ഷ്മമായ സ്വഭാവം അറിയുന്നതു വളരെ ആവശ്യമാണു്. എന്തുകൊണ്ടെന്നാൽ ഒരു രാജ്യത്തിന്റെ അഭിവൃദ്ധിക്കു് അതിൽ ഉറുപ്പിക മുതലായ നാണ്യങ്ങളെ അല്ല ഉപയുക്തസാധനങ്ങളെയാണു വൎദ്ധിപ്പിക്കുവാൻ നാം ഉത്സാഹിക്കേണ്ടതു്. ഭൂമിയിൽ ഇപ്പോൾ ഉള്ള നാണ്യങ്ങളിൽ പകുതിയേ ഉണ്ടായിരുന്നുള്ളു എങ്കിൽ അതുകൊണ്ടു ജനങ്ങൾക്കു് ഒരു വലിയ ബുദ്ധിമുട്ടുണ്ടാകുന്നതല്ല. എന്നാൽ ഭൂമിയിൽ ഇപ്പോൾ ഉണ്ടാകുന്ന ഭക്ഷണസാധനങ്ങൾ പകുതിപ്പെട്ടു എങ്കിൽ അനേകലക്ഷം ജനങ്ങൾ പട്ടിണിയാകുമെന്നു നിശ്ചയമാണല്ലോ. മഴയില്ലാതെ ഭക്ഷണസാധനങ്ങൾ കുറവാകുമ്പോഴാണു ക്ഷാമം ഉണ്ടാകുന്നതു്. പണത്തിന്റെ വലിവുകൊണ്ടു മാത്രം ജനങ്ങൾ പട്ടിണിയാകുന്നതല്ല. അതുകൊണ്ടു് അപരവൻ

ടെ നാടുകളിൽ ധാന്യങ്ങളെ വൎദ്ധിപ്പിപ്പാനല്ല ജനങ്ങൾ ഉത്സാഹിക്കേണ്ടതു്. കൃഷി ചെയ്യാതെ കിടക്കുന്ന ഭൂമികളിൽ ഭക്ഷ്യസാധനങ്ങൾ ഉണ്ടാക്കുകയും ഇപ്പോൾ നടന്നുവരുന്ന കൃഷികളിൽ വിളവു വൎദ്ധിക്കാൻവേണ്ട പരിഷ്കാരങ്ങൾ ചെയ്കയും വസ്ത്രം മുതലായ മറ്റു ഉപയുക്തസാധനങ്ങളെ ഉണ്ടാക്കുന്നതിന്നു വേണ്ടുന്ന യന്ത്രങ്ങൾ സ്ഥാപിക്കുകയും മറ്റും ചെയ്യുന്നതിനാണ് എല്ലാവരും യത്നിക്കേണ്ടതു്.

൨. ധനവിനിമയം.

കൃഷിക്കാൎക്കു് അവരുടെ പ്രയത്നംകൊണ്ടു ധാന്യങ്ങൾ മാത്രമെ ഉണ്ടാകുന്നുള്ളു. അല്പമായി ചിലൎക്കു പാലും കറിസ്സാമാനങ്ങളും കൂടെ ഉണ്ടാകും. ഇവകളൊഴിച്ചു് അവൎക്കു് ആവശ്യമുള്ള മറ്റെല്ലാ സാധനങ്ങളും മറ്റു ചിലരുടെ പ്രയത്നംകൊണ്ടുണ്ടാകേണ്ടതാണെന്നു സ്പഷ്ടമാണല്ലോ. അവരുടെ പ്രയത്നംകൊണ്ടുണ്ടാകുന്ന നെല്ലിൽനിന്നു അവൎക്കു് ആവശ്യമുള്ളതെടുത്തുവെച്ചു ശേഷമുള്ളതു് ഓരോരുത്തൎക്കു കൊടുത്തു പകരം തങ്ങൾക്കു് ആവശ്യമുള്ളതായ സാധനങ്ങളെ വാങ്ങുന്നു. ഇതുപോലെതന്നെയാകുന്നു മറ്റെല്ലാവരുടെയും അവസ്ഥ. അവരവരുടെ ഉപജീവനത്തിന്നു് എല്ലാമനുഷ്യൎക്കും അന്യോന്യാശ്രയം ആവശ്യമാണു്. ഇങ്ങനെ മനുഷ്യർ ധനം കൈമാററം ചെയ്യുന്നതിനെയാകുന്നു ധനവിനിമയമെന്നു് പറയുന്നതു്.

അവരവരുടെ സ്വന്തസ്വത്തിന്മേലുള്ള അവകാശം അവരവൎക്കുതന്നെ ആയിരുന്നാലേ ധനവിനിമയമുണ്ടാകയുള്ളു. നാട്ടുകോട്ടച്ചെട്ടികളുടെ ഇടയിൽ നടക്കുന്നതുപോലെ ഒരു നാട്ടിലുള്ള എല്ലാ മുതലിന്റെയും അവകാശം എ

ല്ലാപേൎക്കും കൂടീട്ടാണെങ്കിൽ ആ നാട്ടുകാർ തമ്മിൽ ധനം കൈമാററം ചെയ്യാനുള്ള ആവശ്യമില്ലല്ലൊ. നാട്ടുകോട്ടച്ചെട്ടികൾ പല കുടുംബക്കാരായിട്ടുണ്ടെങ്കിലും അവരുടെ മുതൽ എല്ലാപേരുടെയും കൂടീട്ടുള്ളതും അതിന്മേൽ എല്ലാപേൎക്കും ഒരുപോലെ അവകാശമുള്ളതുമാണ്. അവരിൽ ആരുക്കെങ്കിലും തന്റെ വ്യാപാരംകൊണ്ടു ലാഭമോ നാശമോ ഉണ്ടായാൽ ആ ലാഭവും നാശവും എല്ലാപേൎക്കും സംബന്ധിക്കുന്നതാണ്. സ്വകാൎയ്യമായി ധനം സമ്പാദിച്ചു കൈയ്യിൽ വയ്പാൻ ആൎക്കും അൎഹതയില്ല. അങ്ങനെയാകുമ്പോൾ അവർ തമ്മിൽ ക്രയവിക്രയങ്ങളുണ്ടാവാൻ പാടില്ലല്ലൊ. അതുകൊണ്ടു ധനവിനിമയത്തിന്നു സ്വകാൎയ്യസ്വത്തുണ്ടായിരിക്കണമെന്നു സ്പഷ്ടമാണ്.

ഈ ലോകത്തിൽ ചിലർ ക്ലേശിച്ചു ചെലവു കഴിക്കുന്നവരും മററു ചിലർ ക്ലേശിക്കാതെ ചെലവുകഴിക്കുന്ന ധനികന്മാരും, ചിലർ അശേഷം ചെലവിന്നു മതിയാകാതെ ദാരിദ്ര്യസമുദ്രത്തിൽ കിടന്നു മുങ്ങുന്നവരും, മററു ചിലർ സുഖിക്കുമായി ചെലവിന്നു വേണ്ടതിലധികം മുതലുള്ളവരുമാണല്ലൊ. പ്രപഞ്ചത്തിലെ ഇപ്പോഴത്തെ ഈ അവസ്ഥ വളരെ ശോചനീയമായിട്ടുള്ളതെന്നു കണ്ടു് അതിന്റെ നിവാരണത്തിന്നുവേണ്ടി ഓരോരുത്തർ ഓരോ ഉപായങ്ങളെ ആലോചിക്കുന്നുണ്ട്. യൂറോപ്പിലുള്ള രാജ്യങ്ങളിൽ വളരെ ലഹളകൂട്ടുന്നതായ ഒരു പക്ഷക്കാരുടെ അഭിപ്രായത്തെക്കുറിച്ചു മാത്രം ഇവിടെ കുറെ പ്രസ്താവിക്കാം. അവരുടെ അഭിപ്രായത്തിൽ സ്വകാൎയ്യമായി ആൎക്കുംതന്നെ മുതൽ സമ്പാദിച്ചുവച്ചുകൂടാ. നാട്ടിലുള്ള എല്ലാ മുതലും ആ നാട്ടിലുള്ള എല്ലാ പേരുടെയും കൂടീട്ടുള്ളതും അതിന്മേൽ എല്ലാപേൎക്കും ഒരുപോലെ അവകാശമുള്ളതും ആയിരിക്കണം. എല്ലാപേരെക്കൊണ്ടും അവരവരുടെ ശക്തിപോലെ പ്രയത്നം ചെയ്യിപ്പിച്ചു സൎക്കാരിൽനിന്നു് അവരവൎക്കാവശ്യമുള്ള

ളു കൊടുക്കണം. ഇങ്ങനെയായാൽ നാട്ടിലുണ്ടാകുന്ന ധന
ത്തിന്റെ അവസ്ഥപോലെ എല്ലാവക്കും ഒരേ മാതിരി
യിൽ ഉപജീവനം കഴിക്കാവുന്നതാണ്. ഈ വാദത്തിനു
സമുദായസ്വത്വവാദമെന്നാകുന്നു പറയുന്നതു്. ഇംഗ്ലീഷിൽ
ഇതിനു 'സോഷ്യലിസം' എന്നും 'കമ്മ്യൂനിസം' എന്നും പ
റയുന്നു.

സമുദായസ്വത്വവാദികളായിട്ടു യൂറോപ്പിലും അമേ
രിക്കായിലും പലരുമുണ്ടെങ്കിലും ധനശാസ്ത്രജ്ഞന്മാരിൽ മി
ക്കവരും ഈ വാദത്തെ സ്വീകരിച്ചിട്ടില്ല. അതിനു ബാ
ധകങ്ങളായി പല സംഗതികളുമുണ്ടെന്നാകുന്നു അവരു
ടെ അഭിപ്രായം. അവയിൽ ഒന്നുരണ്ടു സംഗതികളെ മാ
ത്രം ഇവിടെ പറയാം. ഒന്നാമതു ജനങ്ങൾക്കു പ്രയത്നം
ചെയ്യുന്നതിന്നു് ഉത്സാഹമില്ലാതെയായിത്തീരും. ഇപ്പോൾ
ഈ ഉത്സാഹത്തിന്നു മുഖ്യ കാരണമായുള്ളതു മനുഷ്യർക്കു സഹ
ജമായ സ്വാർത്ഥപരത്വമാണല്ലോ. തനിക്കും തന്റെ
ആളുകൾക്കും ഉപജീവനത്തിന്നു വേണ്ട വഴിയുണ്ടാകുന്ന
തിന്നും, പല യോഗ്യതകളും ഇപ്പോൾ ധനംകൊണ്ടുണ്ടാ
കുന്നതാകയാൽ ആ യോഗ്യതകളെ സമ്പാദിക്കുന്നതിന്നു
മാകുന്നു ജനങ്ങൾ സാധാരണയായി അതിപ്രയത്നം ചെ
യ്യുന്നതു്. എന്നാൽ എങ്ങനെയായാലും തനിക്കു വേണ്ടതു
കിട്ടുമെന്നും വേണ്ടതിലധികം കിട്ടുകയില്ലെന്നും വരുമ്പോൾ
ആക്കെങ്കിലും അതിപ്രയത്നം ചെയ്യുന്നതിന്നു മനസ്സുവരു
ന്നതാണോ? തന്റെ പ്രയത്നത്തിന്റെ ഫലം മുഴുവൻ ത
നിക്കുതന്നെ അനുഭവിക്കാമെന്നിരിക്കുമ്പോൾ ഒരുവൻ പ്ര
യത്നം ചെയ്യുന്നതുപോലെതന്നെ ആ ഫലം എല്ലാവരുംകൂ
ടി അനുഭവിക്കണമെന്നു വരുമ്പോഴും ചെയ്യുമെന്നു വിചാ
രിക്കുന്നതു സ്വഭാവവിരുദ്ധമല്ലേ? രണ്ടാമതു തുമ്പില്ലാതെ
ധനവ്യയവും മറ്റും ചെയ്യുന്നതിന്നു് ഇപ്പോഴുള്ള പ്രതിബ
ന്ധങ്ങളൊന്നുമില്ലാതെയാകും. തങ്ങൾക്കും തങ്ങളുടെ സ

ന്നു ജനങ്ങൾക്കും ഒരിക്കലും പട്ടിണിവരരുതെന്നുള്ള വിചാരം കൊണ്ടും മറ്റുമാണു് ഇപ്പോൾ സാധാരണ ജനങ്ങൾ സമ്പാദിപ്പാൻ ശക്തിയുള്ള കാലങ്ങളിൽ മിതവ്യയികളായും മറ്റും ഇരുന്നു മേലിലേക്കു കരുതിവയ്ക്കുന്നതിനുള്ള ആലോചന അവലംബിക്കുന്നതു്. എന്നാൽ എങ്ങനെയായാലും ചിലവിനു മുട്ടു വരികയില്ലെന്നു വരുമ്പോൾ ഈവക ദീർഘാലോചനകളുണ്ടാവാൻ സംഗതിയില്ലല്ലോ. ജനങ്ങളെല്ലാവരും അവരവരെപ്പോലെതന്നെ മറ്റെല്ലാവരെയും വിചാരിക്കുന്നതായ കാലത്തിലെ ഇതു സാദ്ധ്യമാകയുള്ളു. അതുകൊണ്ടു സമുദായസ്വാതന്ത്ര്യവാദം ഫലിക്കുന്നതായാൽ നാട്ടിലെ ധനം ക്ഷയിക്കുന്നതിനു് ഒരു മാർഗ്ഗമുണ്ടെന്നു സ്പഷ്ടമാണല്ലോ.

എങ്കിലും എല്ലാ രാജ്യങ്ങളിലും അതിധനികത്വത്തെയും അതിനിർദ്ധനത്വത്തെയും അടുത്തടുത്തു കാണുമ്പോൾ സമജീവികളിൽ സ്നേഹമുള്ള സജ്ജനങ്ങൾ സമുദായസമത്വവാദികളാകുന്നതു അത്ഭുതമല്ല. അതുകൊണ്ടു ജനങ്ങളിൽ ധനത്തെ സംബന്ധിച്ചിടത്തോളം ഉള്ള ഈ അസാമ്യം കഴിയുന്നതും കുറയ്ക്കുന്നതിനുവേണ്ടി മേല്പറഞ്ഞ ന്യൂനതകളൊന്നുമില്ലാത്ത ഒരു ഉപായം കണ്ടുപിടിക്കുന്നതിനു മഹാന്മാരായിട്ടുള്ളവർ ഉത്സാഹിക്കേണ്ടതാണു്.

---

൩. നാണയം

നാണയം എന്നുവച്ചാൽ വിശ്വാസ്യതയാകുന്നു. ഒരു കച്ചവടക്കാരനോ മറ്റു വല്ല മുതലാളനോ അശേഷം നാണയക്കുറവില്ലാത്തവനാണെന്നു പറയുമ്പോൾ നാം മനസ്സിലാക്കുന്നതു് അയാൾക്കു കടംവാങ്ങിയാൽ തിരികെ കൊ

ടപ്പുന്നുള്ള ശക്തിയും സത്യവും ഉണ്ടെന്നാകുന്നു. നല്ല ബാ
ങ്കുകളിലെല്ലാം നല്ല കച്ചവടക്കാരിലും മുതലിന്നുപലിശയ്ക്കു
എത്രയെങ്കിലും ഉറുപ്പിക കൊടുപ്പാൻ ജനങ്ങൾ തയാറാ
ണ്. അത് അവരുടെ നാണയം നല്ലതാകകൊണ്ടാകുന്നു.
നാണയത്തിന് അല്പം കുറവുണ്ടെങ്കിൽ ജനങ്ങൾ അധിക
പ്പലിശ ആവശ്യപ്പെടും. നാണയം അശേഷം നന്നല്ലെ
ങ്കിൽ കടം കൊടുക്കതന്നെ ചെയ്യുന്നില്ല. ഇതുപോലെ
തന്നെ ഓരോ ഗവർമ്മെണ്ടുകാരുടെ നാണയത്തിനും ഏററ
ക്കുറച്ചിലുണ്ട്. ഇംഗ്ലീഷുഗവർമ്മെണ്ടിലെ സത്യത്തിലും സ
മൃദ്ധിയിലും ജനങ്ങൾക്ക പൂർണ്ണവിശ്വാസമുള്ളതുകൊണ്ട്
അവരിൽ നൂററിനു മൂന്നുവീതം പലിശക്ക് ഉറുപ്പിക കൊടു
പ്പാൻ ആളുകൾ ധാരാളം. എന്നാൽ തുർക്കി മുതലായ ചി
ല ഗവർമ്മെണ്ടുകളുടെ ദാരിദ്ര്യവും ദുർവ്യവസ്ഥയും ഹേതുവായി
ട്ട് അവർക്ക പന്ത്രണ്ടുവീതം പലിശക്കുകൂടി കടം കിട്ടുവാൻ
പ്രയാസം. ഒരു നാട്ടിലുള്ള കച്ചവടക്കാരുടെയും മുതലാളി
മാരുടെയും വിശ്വാസ്യത വർദ്ധിക്കുംതോറും ധനോല്പാദന
ത്തിന് ഉപയോഗപ്പെടുത്താവുന്ന മൂലധനവും ആ രാജ്യ
ത്തിൽ വർദ്ധിച്ചുവരും. ഒരാൾക്ക മാസംതോറും മുന്നൂറുറുപ്പി
ക ശമ്പളമോ മററുവല്ലവിധത്തിലുള്ള ആദായമോ ഉണ്ടെ
ന്നും അയാൾക്ക ചെലവു നൂററമ്പത് ഉറുപ്പികയേ ഉ
ള്ളൂ എന്നും ഇരിക്കട്ടെ. ബാക്കി ഉറുപ്പിക ധനോല്പാദനത്തി
നായി അയാൾക്കതന്നെ ഉപയോഗിക്കുന്നതിനു സൌകര്യ
മുണ്ടായിരിക്കയില്ല എന്നാൽ ആ നാട്ടിൽ നല്ല വിശ്വസ്ത
ന്മാരായ ബാങ്കുകാരോ കച്ചവടക്കാരോ ഉണ്ടെങ്കിൽ ചെ
ലവുകഴിച്ചു ബാക്കിയുള്ള സംഖ്യ ആവശ്യമുള്ളപ്പോൾ ഒ
ന്നായമോ മുഴുവനുമോ തരത്തക്കവണ്ണം വച്ച് അവർക്ക ചുരു
ങ്ങിയ പലിശക്ക കൊടുക്കാം. അവർ ആ സംഖ്യ ഉറപ്പു
വാങ്ങി കച്ചവടത്തിലോ കൃഷിപ്പണിയിലോ മററോ ഏ
ർപ്പെട്ടിട്ടുള്ളവർക്ക കുറെ ജാസ്തി പലിശക്ക കൊടുക്കും. അ

ങ്ങനെയാകുമ്പോൾ ആ സംഖ്യ ധനോല്പാദനത്തിന് ഉപ
യോഗപ്പെടുകയും എല്ലാകക്ഷികൾക്കും ഉപകാരമാകയും
ചെയ്യുന്നു. നാണയം അല്ലെങ്കിൽ വിശ്വാസ്യത കൊണ്ടു
ണ്ടാകുന്ന ഉപകാരങ്ങളിൽ ഇതാകുന്നു പ്രധാനമായിട്ടുള്ളതു്.

നാണയംകൊണ്ടു മറ്റൊരു ഗുണമെന്തെന്നാൽ, അതു
കൊണ്ടു കൂട്ടുമുതൽക്കമ്പനികളെ സ്ഥാപിപ്പാൻ കഴിയുന്നു.
ഒരു നാട്ടിൽ പുകവണ്ടി നടപ്പാക്കുന്നതിന് ആയ്മ്പതുല
ക്ഷം ഉറുപ്പിക വേണ്ടിവരുമെന്നിരിക്കട്ടെ. ഈ സംഖ്യ മുഴു
വൻ ചെലവുചെയ്യുന്നതിനു ശക്തന്മാരായിട്ടുള്ളവരില്ലെന്നു
തന്നെ പറയാം. എന്നാൽ അതിന്റെ പ്രമാണികളായി പു
റപ്പെടുന്നവർ നല്ല വിശ്വാസയോഗ്യന്മാരായ മുതലാളന്മാ
രായിരുന്നാൽ അതിൽ പണം ഇറക്കുന്നതിനു വളരെ ആ
ളുകൾ തയ്യാറായിരിക്കും. ഓഹരി ഒന്നുക്ക് ൧൦൦-ഉറുപ്പികവീ
തം ആയ്മ്പതിനായിരം ഓഹരിയായി പണം പിരിച്ചാൽ
ഓഹരികൾ മുഴുവനും എടുപ്പാൻ ആളുകൾ ഉണ്ടാവാനിടയു
ള്ളതാണ്. അങ്ങനെയാകുമ്പോൾ ആദായത്തിന് ഉപ
യോഗപ്പെടുത്തുവാൻ തരമില്ലാതെ അല്പസംഖ്യകൾ കൈ
വശം വച്ചുകൊണ്ടിരിക്കുന്നവർക്ക് ആദായത്തിന് ഒരു വഴി
യുണ്ടാകയും ബഹുജനങ്ങളുടെ ഉപകാരത്തിനും നാട്ടിലെ ധ
നവൃദ്ധിക്കും കൊള്ളുന്നതായ ഒരു വലിയ ഉദ്യമം സാദ്ധ്യമാ
കയും ചെയ്യുന്നു. നാണയത്തിന്റെ ഗുണംകൊണ്ടാകുന്നു,
നോട്ടുകൾ ഉപയോഗിപ്പാൻ സാദ്ധ്യമാകുന്നതു്. നോട്ടെന്നു
പറയുന്നതു് അതു കൊണ്ടുവരുന്ന ആൾക്ക് ഇത്ര ഉറുപ്പി
ക കൊടുത്തുകൊള്ളാമെന്ന് ഒരു ബേങ്കിൽനിന്ന് എഴുതി
ക്കൊടുക്കുന്ന ഒരു ഉടമ്പടിപ്പത്രമാകുന്നു. എങ്കിലും അ
തു് ആ ബാങ്കിൽ കൊണ്ടുകൊടുത്താൽ ഉടനെ ഉറുപ്പിക
കിട്ടുമെന്നുള്ള പൂർണ്ണവിശ്വാസം ജനങ്ങൾക്കുള്ളതിനാൽ
നോട്ടുകളെ ജനങ്ങൾ നാണ്യങ്ങളെപ്പോലെതന്നെ ശങ്ക
കൂടാതെ കൈമാറ്റംചെയ്യുന്നു. ഒരു ബേങ്കിൽനിന്നു മുപ്പതു

ലക്ഷം ഉറുപ്പികക്കു നോട്ടുണ്ടാക്കിയാൽ ആവശ്യക്കാൎക്കു് ഉ
റുപ്പികതന്നെ കൊടുക്കുന്നതിന്നു പത്തുലക്ഷം ഉറുപ്പിക മു
ടക്കിവെച്ചാൽ മതിയെന്നു് അനുഭവസിദ്ധമാണു്. അതുകൊ
ണ്ടു് ആ നാട്ടിൽ മുമ്പുള്ളതിൽ ഇരുപതുലക്ഷം ഉറുപ്പിക
കൂടി വ്യാപാരത്തിന്നു് ഉപയോഗപ്പെടുന്നു. നാണയഗുണം
കൊണ്ടു മേല്പറഞ്ഞ ഗുണങ്ങൾ സിദ്ധിക്കുന്നതാണു്. ഈ നാ
ട്ടിൽ വ്യാപാരികളുടെയും മററും ധാരണയിൽ ഈ ഗുണം മ
തിയാകാത്തതുകൊണ്ടു് ഈ വകയൊന്നും ഇത്ര സാദ്ധ്യമാ
കുന്നില്ല. നമ്മുടെ ഉണ്ടിയക്കച്ചവടക്കാർ നോട്ടുണ്ടാക്കി
യാൽ അതു നാണ്യങ്ങളെപ്പോലെ കൈമാററം ചെയ്യുന്ന
തക്കവണ്ണം ജനങ്ങൾക്കു് അവരിൽ വിശ്വാസമുണ്ടാകയില്ലെ
ന്നു നിശ്ചയംതന്നെ. അതുപോലെതന്നെ നാലഞ്ചാളു
കൾ കൂടി ഒരു കൂട്ടുമുതൽക്കമ്പനി ഏൎപ്പെടുത്തുവാൻ ഉത്സാ
ഹിച്ചാൽ അതിലേക്കുള്ള സംഖ്യ വളരെ വലിയതാണെങ്കിൽ
ഓഹരിയെടുപ്പാൻ അധികം ആളുകൾ ഉണ്ടാകുമെന്നു തോ
ന്നുന്നില്ല. ഇതിന്നു് ഒരു കാരണം സാധാരണ ജനങ്ങൾക്കു
വ്യവസായസംബന്ധമായ ജ്ഞാനവും ധൈൎയ്യവും കുറവാ
ണെന്നുള്ള സംഗതിതന്നെയായിരിക്കാം. എന്നാൽ അതി
ന്റെ പ്രധാനകാരണം നമ്മുടെ വ്യാപാരികളുടെ നാണയ
ക്കുറവുതന്നെയാണെന്നാകുന്നു ഞങ്ങളുടെ അഭിപ്രായം. നാ
ണയസംബന്ധമായി വളരെ സംഗതികൾ പറവാനുണ്ടു്.
എന്നാൽ അതുകൾ കുറെ കാഠിന്യമുള്ള വിഷയങ്ങളാക
കൊണ്ടു ധനശാസ്ത്രത്തെക്കുറിച്ചുള്ള ഒരു പ്രാഥമികഗ്രന്ഥ
ത്തിൽ അതുകളെപ്പററി പ്രസ്താവിക്കുന്നതു് ആവശ്യമാകു
മെന്നു തോന്നുന്നില്ലാത്തതിനാൽ അതു് ഇവിടെ നിറുത്തി
വെച്ചിരിക്കുന്നു.

൪. സംഗീതം

സരിഗമപധനികരം മീട്ടി സ്വരസംഗീതാമൃതികശരീക്കുട്ടി
സരസിജഭവകൃതി പാടും സരസ്വതീദേവി മമ തുണയ്ക്കട്ടേ.

'സംഗീതമപി സാഹിത്യം സരസ്വത്യാഃ സ്തനദ്വയം'

എന്നിങ്ങനെ കാവ്യസഹൃദയന്മാർ വാഴ്ത്തിവരുന്നതിൽ ഒന്നാമത്തേതായിട്ടുള്ള സംഗീതത്തെക്കുറിച്ചു സഹൃദയന്മാരെ രസിപ്പിക്കുന്നവിധത്തിൽ ഒരു പ്രസംഗം ചെയ്യുന്നതിന്നു ഞാനൊരുവൻ പുറപ്പെടുന്നതിൽ "പാദരക്ഷകളിലുള്ളതായ ഗുണദോഷജ്ഞാനമില്ലാത്തവരെക്കുറിച്ചെത്തിൽ ചെട്ടിച്ചിയും സമീരണങ്ങളോടുകൂടിയ അവസ്ഥ" എന്നിങ്ങനെ സ്വാനുഭവത്തെ ഒരു വിഷയത്തിൽ ഉൽഘോഷിച്ചിട്ടുള്ള നിരസികൻ തയ്യാറാവുന്നതും, ജന്മനാ തന്നെ കണ്ണുകാണാത്ത ഒരു മനുഷ്യൻ കറുപ്പു, വെളുപ്പു, ചുവപ്പു മുതലായ നിറങ്ങളെപ്പറ്റി പറവാനാരംഭിക്കുന്നതും തമ്മിൽ അധികം ഭേദമില്ലെന്നുള്ളതു ഞാൻ ഒട്ടും ഓർക്കാതില്ല. എന്നാൽ എന്നിൽ ഈ ഭാരമേല്പിച്ചാൽ നന്നായിരിക്കുമെന്നു നിശ്ചയിച്ചു മഹാന്മാരുടെ അഭിപ്രായത്തെ എങ്ങനെ എങ്കിലും സഫലമാക്കുന്നതിനുള്ള അത്യാഗ്രഹമാണു് എന്നെ ഇങ്ങനെ ഉദ്യമിക്കുന്നതിലേക്കു പ്രേരിപ്പിച്ചതു് എന്നുള്ളതു മുൻകൂട്ടി തന്നെ അറിയിച്ചുകൊള്ളുന്നു.

അക്ഷരാത്മികയായ സരസ്വതീദേവിയുടെ സ്തനങ്ങളിൽ ഒന്നായിട്ടുള്ള ഗാന്ധർവ്വവേദം (അല്ലെങ്കിൽ സംഗീതശാസ്ത്രം) സാമവേദത്തിന്റെ ഒരു ഉപവേദമാകുന്നു എന്നു പറയുന്നതുകൊണ്ടു തന്നെ അതിന്റെ മാഹാത്മ്യം അനിർവചനീയമാണെന്നു സിദ്ധിക്കുന്നു.

അങ്ങനെയുള്ള സംഗീതത്തിന്റെ മൂലം സപ്തസ്വരങ്ങളാകയാൽ അവയുടെ സ്വഭാവത്തെയാണു് ആദ്യമായി

ലോചിക്കേണ്ടത്. വാണീഭേദിയുടെ മററ കൃതമെന്നത
ന്നെ പറഞ്ഞുവരുന്ന സാഹിത്യത്തിനു സപ്തവിഭക്തികളും
എങ്ങനെയോ അതുപോലെയാണിവിടെ സപ്തസ്വരങ്ങളും
എന്നും, സ്വരങ്ങൾപോലെയാണവിടെ വിഭക്തികളും എ
ന്നും പരസ്പരം ഇതുകളെ മാത്രമേ ദൃഷ്ടാന്തങ്ങളാക്കി പറയു
ന്നതിനു കാണുന്നുള്ളു.

സംഗീതത്തിന്റെയും, സാഹിത്യത്തിന്റെയും മൂലം
അറിഞ്ഞുകൂടാത്ത മൂഢമനുഷ്യനെ 'സാ' എന്നും 'സ' എ
ന്നും അറിഞ്ഞുകൂടാത്ത പശു എന്ന് ഇന്നും പറഞ്ഞുവരു
ന്നതിന്റെ സാരം ആലോചിച്ചാൽ സാധാരണജനങ്ങൾ
ക്കും ഇതുകളുടെ മാഹാത്മ്യം അറിയാവുന്നതാണല്ലൊ.

ഇനി ഈ ഏഴു സ്വരങ്ങളുടെയും പേര പറയുന്നതി
നു മുമ്പിൽ ഈ പേരുകളുടെ ആദ്യാക്ഷരങ്ങളെ ആ
ണ് സ, രി, ഗ, മ, പ, ധ, നി എന്നിങ്ങിനെ സംഗീതശാസ്ത്ര
ത്തിൽ ഉപയോഗിച്ചുവരുന്നതെന്നും ഓർമ്മിപ്പിച്ചുകൊണ്ട്
ഇതുകളുടെ നാമങ്ങളെ പറ്റി പൂർവ്വന്മാർ തന്നെ ഉണ്ടാ
ക്കിട്ടുള്ളതു വായിച്ചുകൊള്ളുന്നു.

'സാ'യെന്നുള്ളതു ഷഡ്ജമാമൃഷഭമാം
'രീ'യെന്നു, ഗാന്ധാരമാം
'ഗാ'യെന്നുള്ളതു, മദ്ധ്യമസ്വരമതാം
'മാ'എന്നു പാടുന്നതും
'പാ'യെന്നുള്ളതു പഞ്ചമം, പരമഹോ
'ധാ'എന്നതോ ധൈവതം
'നീ'യെന്നുള്ളതു താൻ നിഷാദ, മിവ നൽ
സ്വത്തായ സപ്തസ്വരം.

എന്നാൽ ഇങ്ങനെയുള്ള സപ്തസ്വരങ്ങളുടെ ഉച്ചാരണം
മനുഷ്യരുടെ ഇടയിൽ മാത്രമല്ല ജന്തുക്കളുംകൂടി ജനനം മു
തൽക്കെ അഭ്യസിച്ചുവരുന്നുണ്ടെന്നുള്ളതു വെളിപ്പെടുത്തുന്ന

ന്നായും അവയുടെ ഛായയെ കാണിക്കുന്നതായും വേറെ ഒരു ശ്ലോകവുംകൂടി ഇവിടെ ചൊല്ലുന്നു.

ഷഡ്ജത്തിൽക്രേകമല്ലോമയിൽ, പശുവൃഷഭ-
ത്തിൽക്കരഞ്ഞീടു, മാടോ,
ഗജ്ജികനെല്ലഗാന്ധാരമതിൽ, മുറയിട്ടും
ക്രൌഞ്ചോഘമാമദ്ധ്യമത്തിൽ
തെല്ലുത്തിൽപഞ്ചമത്തിൽകുയിൽമധുസമയേ
പാടിടും, ധൈവതത്താ-
ലശ്വംശബ്ദിക്കുമെന്നും, കരിമുതലുവതേ-
വന്നിഷാദത്തിലത്രെ.

സാഹിത്യത്തിൽ ഏഴു വിഭക്തികളോടുകൂടി പലപല പദങ്ങളും അവസാനമില്ലാത്തവിധത്തിൽ നടപ്പുള്ളതുപോലെ സംഗീതത്തിൽ ഏഴു സ്വരങ്ങളോടുകൂടി പലവിധത്തിലും അനവധി രാഗങ്ങളെ ഉപയോഗിച്ചുവരാറുണ്ടെന്നുള്ളതു പറയേണ്ടതില്ലല്ലൊ.

സാഹിത്യത്തിൽ പദങ്ങൾക്കുള്ളതുപോലെ ഇവിടെ രാഗങ്ങൾക്കും ലിംഗഭേദങ്ങൾ ഉണ്ടു്. 'മാളവ'പ്രഭൃതികളായ രാഗങ്ങൾ പുരുഷന്മാരും 'കല്യാണി' 'കാമോദരി' മുതലായവ സ്ത്രീരാഗങ്ങളും, 'മോഹനം' തുടങ്ങിയവ നപുംസകങ്ങളുമാണെന്നു മാത്രം ചുരുക്കിപ്പറയുന്നതല്ലാതെ വിസ്തരിക്കുന്നതായാൽ പദങ്ങളുടെ ലിംഗഭേദവ്യവസ്ഥയ്ക്കു നിബന്ധനകളുള്ളതുപോലെ ഇവിടെയും ഒന്നു വേണ്ടിവരും. അതുകൊണ്ടു ഞാൻ ആ വിഷയത്തിൽനിന്നും പിൻവലിച്ചുകൊള്ളുന്നു.

സാഹിത്യത്തിൽ ഏഴു വിഭക്തികൾക്കും മൂന്നു വചനങ്ങൾ ഉള്ളതുപോലെ ഇവിടെ ഏഴു സ്വരങ്ങൾക്കും 'നീചം' 'മദ്ധ്യമം' 'ഉച്ചം' എന്നു മൂന്നു സ്ഥാനങ്ങൾ ഉണ്ടു്. പിന്നെ ഷഡ്ജഗ്രാമം, മദ്ധ്യമഗ്രാമം, ഗാന്ധാരഗ്രാമം എന്നു മൂ

ന്ന ഗ്രാമങ്ങൾ ഉണ്ട്. ഈ മൂന്നു ഗ്രാമങ്ങൾക്കും ആരോഹാവരോഹങ്ങളോടുംകൂടിയ മൂർഛനകളുമുണ്ട്, എന്നു മാത്രം പറയുന്നതല്ലാതെ അവകളെ വിസ്തരിക്കുന്നതായാൽ ഈ പ്രസംഗം അധികം ദീർഘമായിപ്പോകുമെന്നു ഭയപ്പെടുന്നു.

സാഹിത്യത്തിന് വലിയ സഹായികളായി 'വസന്തതിലകം' 'മാലിനി' മുതലായി പലമാതിരി വൃത്തങ്ങൾ അസംഖ്യമുള്ളതുപോലെ സംഗീതത്തിന്ന് 'ഏകതാളം' 'ത്ര്യംപ്' തുടങ്ങി അനവധി താളങ്ങളും ഉണ്ട്. ഇവയെ പലമാതിരിയാക്കിത്തീർക്കുന്നതു മാത്രകളാണ്. സമുദ്രത്തിലെ തിരമാലകളുടെ കണക്കെടുക്കുന്നതിന്ന് ഒരു സമയം വല്ല സമർത്ഥന്മാരും ഉണ്ടായേക്കാം. എന്നാലും ഇവയുടെ സംഖ്യ നിർണ്ണയപ്പെടുത്തുവാൻ കഴിയുമെന്നു വിചാരിപ്പാൻപോലും ഒരാളും ഉണ്ടാകുമെന്ന് എനിക്കു തോന്നുന്നില്ല. 'വൃത്തരത്നാകരം' മുതലായ ഛന്ദശ്ശാസ്ത്രങ്ങളിൽ വൃത്തങ്ങളെ വിസ്തരിച്ചു വർണ്ണിപ്പിപ്പാനപേക്ഷിച്ചിട്ടുള്ളതുപോലെ താളങ്ങളെ വിസ്തരിച്ചു യഥേഷ്ടം വർണ്ണിപ്പിക്കുന്നതിന്നു പല സംഗീതശാസ്ത്രഗ്രന്ഥങ്ങളും കൌശലം വിശദീകരിച്ചിട്ടുണ്ട്. ഭാരതിയുടെ സ്തനങ്ങളായ ഈ സംഗീതസാഹിത്യങ്ങൾക്ക മുൻകാണിച്ചമട്ടിൽ പല സാദൃശ്യങ്ങളുമുണ്ടാകുന്നതത്ഭുതമല്ലല്ലോ.

ഇനി സാഹിത്യത്തിൽ നിന്നും അധികമായി ചില മാഹാത്മ്യങ്ങൾ സംഗീതത്തിനുള്ളതിൽ ചിലതെനിക്കോർമ്മയുള്ളതുകൂടി ഇവിടെ കാണിച്ചുകൊള്ളുന്നു.

ഇതു രണ്ടിനും കണ്ഠത്തിൽ നിന്നാണുത്ഭവമെങ്കിലും സംഗീതം പലമാതിരി യന്ത്രങ്ങളെക്കൊണ്ടും സാധിക്കാവുന്നവിധത്തിൽ പണ്ടുപണ്ടെയുള്ള പണ്ഡിതന്മാർ പരിഷ്കരിച്ചു പരക്കെ നടപ്പാക്കിവച്ചിട്ടുണ്ട്. എന്നാൽ കണ്ഠവും, യന്ത്രവും കൂടി യോജിച്ചിട്ടുള്ള സംഗീതം അധികം മനോഹരമായിത്തീരുന്നതാകുന്നു. യന്ത്രങ്ങൾ ഓരോ ദേശങ്ങളിൽ ഓരോ കാലത്ത് ഓരോ മാതിരിയിൽ പരിഷ്കരിച്ചു വന്ന

കൊണ്ടിരിക്കുന്നതാണ്. അവകളെ ഒക്കെ പറയുന്നതും അസാദ്ധ്യംതന്നെ; എന്നാൽ ചില വിശിഷ്ടയന്ത്രങ്ങളെയെങ്കിലും പറയാതിരിക്കുന്നതും ഉചിതമാകുമെന്നു തോന്നുന്നില്ലാ.

വീണ, ഫിഡിൽ, കുഴൽ, ഇടയ്ക്ക, കപാലഹസ്തം, സംഗീതപ്പെട്ടി എന്നു തുടങ്ങി പല യന്ത്രങ്ങളും ഉള്ളതിൽ ഒന്നാമതായി ഗണിക്കാവുന്നതു വീണയാകുന്നു. സരസ്വതി, നാരദൻ, തുംബുരു മുതലായ പല സംഗീതപണ്ഡിതന്മാർ ദിവ്യലോകങ്ങളിലും ഈ യന്ത്രത്തെത്തന്നെയാണല്ലൊ അധികം ആദരിച്ചുവരുന്നതു്. ഈ ലോകത്തിലും ഈ യന്ത്രത്തിൽ പാടവം കാണിച്ചിട്ടുള്ളവർ പലരുമുണ്ടായിരുന്നു. എന്നാൽ ഇയ്യിടെയുള്ളവരിൽ, 'സരസ്വതിയുടെയും നാരദന്റെയും അംശങ്ങളെക്കൂട്ടി ചേർത്തു ഒരു ലോകപാവനനായി ബ്രഹ്മാവു സൃഷ്ടിച്ചിട്ടുള്ള മൂർത്തിയാണു' ഇദ്ദേഹ'മെന്നു ഒരു മഹാനുഭാവൻ അഭിപ്രായപ്പെട്ടിട്ടുള്ള സാക്ഷാൽ കല്യാണകൃഷ്ണൻ എന്നു പ്രസിദ്ധനായ മഹാനായിരുന്നു വീണാവാദനവിദ്യയിൽ പാണ്ഡിത്യത്തിന്റെ പരമകാഷ്ഠയെ പ്രാപിച്ച യോഗ്യപുരുഷൻ എന്നുള്ളതു സർവ്വസമ്മതമായ ഒരു കാര്യമാണല്ലൊ. ആ മഹാനുഭാവന്റെ വീണയിലുള്ള വിരുതു കാണുന്നതിലേക്കായി തിരികെ വരാത്ത വിധത്തിൽ സത്യലോകത്തിലേയ്ക്കു ബ്രഹ്മാവുതന്നെ അദ്ദേഹത്തെ കൊണ്ടുപോയതു നമ്മുടെ ഒക്കെ കർമ്മങ്ങളുടെ ദൌർഭാഗ്യമായെന്നു സങ്കടത്തോടുകൂടി പറയാമെന്നല്ലാതെ മറ്റൊന്നും നമുക്കു വിചാരിച്ചാൽ കഴിവില്ലല്ലൊ. പിന്നെ കേരളവർമ്മ വലിയകോയിത്തമ്പുരാൻ മുതലായി പല വൈണികന്മാർ ഇന്നും ജീവിച്ചിരിക്കുന്നുണ്ടു്.

ഫിഡിൽ എന്നുള്ളതു് ഒരു നവീനയന്ത്രമാകയാൽ ഇതിൽ പണ്ടുള്ള പണ്ഡിതന്മാർക്കു പരിചയമുണ്ടാകുവാനിടയില്ല. ഇദാനീന്തനന്മാർ പലരും ഈ വിഷയത്തിൽ വി

ഗോട്ടുവാദ്യത്തിൽ ഈ ദിക്കുകാരിൽ മഹാദേവനെന്ന മഹാനുഭാവനാണു പ്രഥമഗണനീയനായിട്ടുള്ളതെന്നു പല സംഗീതരസജ്ഞന്മാരും പറഞ്ഞുകേട്ടിട്ടുണ്ട്. എന്നാൽ സർവ്വമോഹനമായ സംഗീതമധുവിന്റെ ലഹരികൊണ്ടോ മറ്റോ എല്ലായ്പോഴും മത്തനായ ഒരു ദരിദ്രബ്രാഹ്മണൻ തന്റെ ഭിക്ഷാടനത്തിൽ ചില വഴിയമ്പലങ്ങളിലും ഊട്ടുപുരകളിലുമിരുന്ന് ഈ യന്ത്രത്തിൽ ചില കൈപ്പെരുമാറ്റം ചെയ്തിരുന്നതു കേൾക്കാനിടയായിട്ടുള്ളവരുടെ പക്ഷത്തിൽ മാത്രമേ മഹാദേവന് ഒന്നാംക്ലാസ്സിൽ സ്ഥലം കിട്ടുകയുള്ളുവെന്നുകൂടി പറവാൻ എനിക്കു സംഗതിവന്നിട്ടുണ്ട്.

കുഴൽ; ഈ യന്ത്രം മേൽകാണിച്ച രണ്ടു യന്ത്രങ്ങളിൽനിന്നും കുറച്ചു ഭേദപ്പെട്ടിട്ടുള്ളതാകുന്നു. ഇതു കണ്ഠത്തിന്റെ സഹായത്തോടുകൂടി സാമർത്ഥ്യം കാണിക്കുന്നതാണ്. ഇതു നെടുംകുഴൽ (നാഗസ്വരം) എന്നും കുറുംകുഴൽ എന്നും ഓടക്കുഴൽ എന്നും മൂന്നുമാതിരിയിൽ കാണുന്നുണ്ട്. അവയിൽ നാഗസ്വരമാണ് മുഖ്യമായിട്ടുള്ളത്. ഇതിന്റെ പ്രചാരം ചോളമണ്ഡലം മുതലായ സ്ഥലങ്ങളിൽ അധികമായി കാണുന്നുണ്ട്. കൊല്ലംകോട്ടു സുബ്രഹ്മണ്യൻ മുതലായ ചില മഹാന്മാർ മലയാളത്തിലും ഇതുകൊണ്ടു പേരുകേട്ടവരില്ലെന്നില്ല. നമ്മുടെ ചില ക്ഷേത്രങ്ങളിൽ മൂന്നു സന്ധ്യയ്ക്കും ദൈവങ്ങൾക്കും തൊഴുവാൻ വരുന്ന ജനങ്ങൾക്കും കർണ്ണശൂലമായിത്തീരുന്നതും, സംസർഗ്ഗദോഷംകൊണ്ടു കഷ്ടപ്പെട്ട് അപസ്വരക്കുട്ടികളെ പ്രസവിക്കുന്നതും ഈ നാഗസ്വരംതന്നെയാണെന്നുകൂടി വ്യസനപൂർവ്വം പറയേണ്ടിവന്നിരിക്കുന്നു. കുറുംകുഴൽ മേളങ്ങൾക്കിടയിൽ ചെണ്ടകളുടെ കൂട്ടത്തിൽ പ്രയോഗിക്കുന്നതിനു പുറമെ കുഴൽപറ്റുകളിലും ഉപയോഗിച്ചുവരുന്നുണ്ട്. എങ്കിലും അപൂർവ്വമേയുള്ളു. തിരുവില്വാമല ശങ്കരപ്പണിക്കർ തുടങ്ങി ചില യോഗ്യന്മാർ ഇതിലും പേരുകേട്ടവർ ഈ ദിക്കിലുണ്ട്. ഓട

ക്കുഴൽ ഊതുന്നവരായിട്ടു നമ്മുടെ ഗൃഹങ്ങൾതോറും പ
ല കുട്ടികളെയും കാണ്മാനിടയുണ്ടു്. പക്ഷെ ഇതു വളരെ
പ്രചാരമുണ്ടെങ്കിലും ഈ യന്ത്രത്തിൽ അത്ര വിശേഷന്മാരാ
യ സംഗീതരസികന്മാർ എന്റെ അറിവിലിപ്പോൾ അധി
കമുണ്ടോ എന്നു സംശയമാണു്.

'ഇടയ്ക്ക' എന്നുള്ളതു മലയാളത്തിൽ എല്ലാക്ഷേത്രം
തോറും പതിവായി ഉപയോഗിച്ചുവരാറുണ്ടെങ്കിലും ഇ
തുകൊണ്ടു് ഉപയോഗിക്കുന്നവർ ഇതു നിത്യകർമ്മത്തിനുള്ള
തല്ലാതെ സംഗീതത്തിനുള്ളതാണെന്നുപോലും ധരിച്ചിട്ടു
ണ്ടോ എന്നു സംശയമാണെന്നുപറഞ്ഞാലും അവർക്കു മുഷി
ച്ചിലുണ്ടാകേണ്ട കാലം കഴിഞ്ഞുപോയി എന്നതരത്തിലുള്ള
നിലയിലായിത്തീർന്നിരിക്കുന്നു.

'കപാലഹസ്തം' എന്നുള്ളതു വളരെ നടപ്പുള്ള യ
ന്ത്രമല്ല. ഇതിൽ പാണ്ഡിത്യമുള്ളവരിൽ പ്രസിദ്ധന്മാരായി
ട്ടാരെയും എനിക്കു് അറിവില്ല. ഒരിക്കൽ ഒരു സരസൻ വാ
യിക്കുന്നതു കേട്ടിട്ടുണ്ടു്.

'സംഗീതപ്പെട്ടി'. ഈ യന്ത്രം വളരെ വിശേഷപ്പെ
ട്ടിട്ടുള്ള ഒരെണ്ണമാണു്. സംഗീതത്തിൽ ഒട്ടും ശീലമില്ലാ
ത്തവരായ എന്നെപ്പോലെയുള്ളവർക്കും താക്കോൽ കൊടു
ക്കാൻ മാത്രം പഠിച്ചാൽ ഇതുകൊണ്ടു സംഗീതം പ്രയോ
ഗിക്കാം.

ഇനി വേറെ ചിലമാതിരി യന്ത്രങ്ങളുണ്ടു്. അവകൾ
ശ്രുതി ശരിയാക്കുവാൻ മാത്രം ഉപയോഗിക്കുന്നവയാണു്.
കഴിഞ്ഞാലും 'തംബുരു' 'തിത്തി' മുതലായി ഇവയും പല
വിധത്തിൽ കണ്ടുവരുന്നുണ്ടു്. താളം പിടിക്കുന്നതിനുള്ള
അനേകവിധവാദ്യങ്ങളും ഈ കൂട്ടത്തിൽ ഗണിക്കേണ്ടവ
യാണു്. പക്ഷെ അവ അസംഖ്യമുള്ളതിനാൽ നേരം അ
തിക്രമിക്കുമെന്നു വിചാരിച്ചു തല്ക്കാലം വിസ്തരിക്കുന്നില്ല.

ഇനി സംഗീതത്തിനു വേറെ ഒരു ഗുണമുണ്ടു്. ശ്രു

തി യോജിപ്പിച്ചു രണ്ടോ മൂന്നോ കണ്ഠങ്ങളുമാകട്ടെ യന്ത്രങ്ങ
ളാകട്ടെ കൂട്ടി ഇണക്കി പാടുന്നതായാൽ ഒററയ്ക്കുള്ളതിനെ
ക്കാൾ അധികം രസം പിടിക്കുന്നതാകുന്നു.

ഈ സംഗീതത്തിന്റെ മാഹാത്മ്യത്തെ വെളിപ്പെടു
ത്തുന്നതായ ഒരു ചെറിയ കഥകൂടി ഇപ്പോൾ ഇവിടെ പ്ര
സംഗിക്കുന്നതു മുട്ടം രസഭംഗമായി തീരുകയില്ലെന്നുവെച്ചു്,
ഇനി ഞാൻ അതിലേക്കായി ഒരുങ്ങിക്കൊള്ളുന്നു.

പണ്ടു അതിയോഗ്യനായ ഒരു ബ്രാഹ്മണൻ സംഗീത
വിദ്യകൊണ്ടു വിഷ്ണുഭഗവാനെ ഭജിച്ചു വളരെക്കാലം ഇഹ
ലോകസുഖം അനുഭവിച്ചും, അനവധി ജനങ്ങളെ ഈ
സുഖം അനുഭവിപ്പിച്ചും ജീവകാലാവസാനത്തിൽ ദിവ്യദേ
ഹത്തോടുകൂടി വൈകുണ്ഠലോകത്തിലെത്തി. അദ്ദേഹത്തി
ന്റെ അനുയാത്രികന്മാരായി ബ്രഹ്മാദി സകല ദേവകളും,
തുംബുരു, നാരദൻ, ചിത്രരഥൻ മുതലായ സകല ദിവ്യഗായ
കന്മാരുംകൂടി ഉണ്ടായിരുന്നു. ആ മഹാബ്രാഹ്മണന്റെ
വൈകുണ്ഠപ്രവേശമഹോത്സവത്തിൽ വിഷ്ണുഭഗവാൻ അവി
ടെ ഒരു വലിയ സംഗീതപ്രയോഗം നിശ്ചയിച്ചു. ആ സം
ഗീതസദസ്സിൽ പ്രധാനഗായകൻ ആ ഉൽകൃഷ്ടബ്രാഹ്മണൻ
തന്നെ അല്ലാതെ മററാരുമായിരുന്നില്ല. വളരെ ദിവ്യ
ഗായകന്മാർ നിറഞ്ഞിട്ടുള്ള ആ സദസ്സിൽ സാക്ഷാൽ ല
ക്ഷ്മീഭഗവതിയും എഴുന്നള്ളി. ആ എഴുന്നള്ളത്തിൽ അ
കമ്പടിക്കാരായ ഹരിക്കാരന്മാർ മുതലായ തിരുവുള്ളകപുരു
ഷന്മാർ ബ്രഹ്മാദിദേവകളിലും, തുംബുരു നാരദാദികളായ
പഴയ ദിവ്യഗായകന്മാരിലും, ആളെ മാററവൻ അവൎക്കു
ള്ള അധികാരം നിസ്സംശയമായി കാണിച്ചുവെങ്കിലും ആയ
തു് ഏററവും ഉചിതമാകയാൽ ആൎക്കും അതു വൈമനസ്യ
മുണ്ടായില്ല. പിന്നെ ശ്രീഭഗവതിയുടെ കല്പനപ്രകാരം
ദിവ്യഗായകന്മാരിൽവെച്ചു തുംബുരുവിനെ മാത്രം അകത്തേ
ക്കു കൊണ്ടുപോയതു ഭക്തനാരദന്നു, വീണ എടുത്തവ

തിൽ ഒന്നാമനാകെന്നതും, തുംബുരുവിനെക്കാൾ അധികം
സംഗീതവിദഗ്ദ്ധനാകെന്നതും മററും അഭിമാനമുള്ള നാരദ
ന് ഒട്ടും സമാധാനമില്ലെന്നല്ലാ, കോപംവൎദ്ധിച്ചമൂലം മതിമ
റന്നിട്ടു, ഇങ്ങനെ പറയുന്നതിൽ പക്ഷപാതം കാണിച്ചതി
നാൽ 'ശ്രീദേവി രാക്ഷസിയായി ജനിക്കട്ടെ' എന്നു ശപി
ക്കാൻപോലും ഏതു നാരദൻ ഒട്ടും മടിച്ചില്ല. ആ ശ്ശാപം
കൊണ്ടു് രാക്ഷസിമാരുടെ വംശത്തിൽ മണ്ഡോദരിയുടെ ഗ
ൎഭത്തിലുണ്ടായ ലക്ഷ്മീദേവിയാണു് സീതാദേവി എന്നുള്ള
കഥ ഇവിടെ ചുരുക്കുന്നു.

പിന്നെ വിഷ്ണുഭഗവാൻ തന്നെ എഴുന്നള്ളി നാരദനെ
നല്ല നല്ല യുക്തികൾ പറഞ്ഞു സമാധാനപ്പെടുത്തിയകൂട്ട
ത്തിൽ "താനെപ്പോഴും അഭ്യാസവും കേൾവിയും തുംബുരുവി
നോളമില്ല. ശ്വേതദ്വീപത്തിന്റെ ഉത്തരത്തിൽ സംഗീതസ
ൎവ്വജ്ഞനായ ഒരു ഉലൂകനിരിപ്പുണ്ടു്. അദ്ദേഹത്തിന്റെ അ
ടുക്കൽ ചെന്നു നല്ലവണ്ണം അഭ്യസിക്കൂ. എന്നാൽപിന്നെ
തുംബുരുവിനോടു തുല്യനാകും" എന്നു ഉപദേശിച്ചുകൊ
ടുത്തു.

നാരദനും അങ്ങിനെതന്നെ ആ ഉലൂകന്റെ അടുക്കൽ
ചെന്നു യഥാവിധി വളരെക്കാലമഭ്യസിച്ചു കൃതാൎത്ഥഭാവ
ത്തോടുകൂടി മത്സരം സഫലീകരിപ്പാൻ തുംബുരുവിന്റെ
ആശ്രമത്തിൽ ചെന്നു. അപ്പോൾ ആ ആശ്രമപ്രദേശത്തിൽ
കണ്ണില്ലാത്തവരെയും, കാതില്ലാത്തവരെയും കയ്യൊടിഞ്ഞവരും, കാലൊ
ടിഞ്ഞവരും എന്നുവേണ്ട പലമാതിരി അംഗവൈകല്യമുള്ള
സ്ത്രീകളെയും, പുരുഷന്മാരെയും ഷണ്ഡന്മാരെയും കണ്ടിട്ടു
'നിങ്ങളാരാണു്? എന്താണിവിടെ നില്ക്കുന്നതു്?' എന്നു ചോ
ദിച്ചു. 'ഞങ്ങൾ രാഗപുരുഷന്മാരും, രാഗസ്ത്രീകളും രാഗന
പുംസകങ്ങളുമാണു്. അങ്ങു പാട്ടുമ്പോൾ പതിവായി ഇ
ങ്ങനെ ഞങ്ങൾക്കു അംഗവൈകല്യം വരികയും, തുംബുരു
പാടി ഞങ്ങളെ തീൎക്കുകയും പതിവാണു്. അതുകൊണ്ടു് അ

ദ്രോഹത്തിന്റെ അവസരം കാത്തുനില്ക്കുകയാണ്" എന്ന്
അവരുടെ മറുപടികേട്ടു ലജ്ജിച്ചു മത്സരംവിട്ടു തുംബുരുവി
നെ കാണാതെതന്നെ വിഷ്ണുവിന്റെ അടുക്കൽ പോയി
ഈ വിവരം അറിയിച്ചു.

ശ്രീനാരായണനാകട്ടെ, "ഇതുകൊണ്ടുമായില്ല. താ
ങ്ങ് ഇനിയും കുറച്ചുകാലം അഭ്യസിക്കണം— ഞാൻതന്നെ
അഭ്യസിപ്പിക്കാം; പക്ഷെ അതിനുള്ള യോഗ്യത ഇപ്പോ
ഴും വന്നുകഴിഞ്ഞിട്ടില്ല. അതുകൊണ്ടു പല പല ദിവ്യ
ഗായകന്മാരുടെയും കൂടെ നടന്നു കേൾവിജ്ഞാനം സമ്പാ
ദിക്കൂ— അങ്ങനെ കുറെ കഴിയട്ടെ; പിന്നെ ഞാൻ ഒരുകാ
ലത്തിൽ ശ്രീകൃഷ്ണനായിട്ട് അവതരിച്ചു ഭൂഭാരം തീർത്തു ദ്വാര
കയിൽ വിശ്രമിക്കുന്ന കാലത്ത് എന്റെ അടുക്കൽ വന്ന്
ഈ കഥ ഓർമ്മപ്പെടുത്തൂ. ഞാൻ അഭ്യസിപ്പിക്കാം" എ
ന്നു പറഞ്ഞയച്ചു. പിന്നെയും നാരദൻ ദിവ്യലോകങ്ങളിൽ
സഞ്ചരിച്ചു സാമാന്യം കേൾവി സമ്പാദിച്ചു എന്നുള്ള ദ്വാ
പരത്തോടുകൂടി ഭാരതയുദ്ധാദി കോലാഹലം കഴിഞ്ഞതി
ന്റെശേഷം ശ്രീകൃഷ്ണന്റെ സമീപത്തു ചെന്ന് ഇക്കാര്യം
ഓർമ്മപ്പെടുത്തി. അപ്പോൾ ഭഗവാൻ ജാംബവതിയുടെ
അടുക്കൽ ഒരു വർഷം അഭ്യസിച്ചു വരുവാൻ കല്പിച്ചു. അ
ങ്ങനെ ഒരു വത്സരം കഴിഞ്ഞു. പിന്നെപ്പിന്നെ, 'ഇനിയൊരു
കൊല്ലം സത്യഭാമ അഭ്യസിപ്പിക്കും' എന്നായി. അതുക
ഴിച്ചു പിന്നെപ്പിന്നെ രുഗ്മിണിയുടെ അടുക്കലേക്കു വിട്ടു. അ
വിടെ പിന്നെപ്പിന്നെ പാടുന്ന സമയങ്ങളിൽ, 'നാരദ! താ
ളം തെറ്റിയല്ലോ', 'അല്ലാ മഹർഷിക്ക് രാഗം ശുദ്ധിയില്ല
ല്ലൊ!' എന്നും മറ്റും രുഗ്മിണിയുടെ ശിഷ്യത്തികളുടെ
പരിഹാസം കേൾക്കാറായി. എന്നിട്ട് രണ്ടുകൊല്ലം അ
വിടെ അഭ്യസിച്ചു. പിന്നെ ദ്വാരകയിൽതന്നെ ഓടക്കുഴ
ലിൽ പ്രയോഗത്തിലുള്ള സംഗീതസാരസർവ്വജ്ഞനായ വാസു
ദേവസ്വാമിയുടെ അടുക്കലും രണ്ട് ആണ്ട് അഭ്യസിച്ചു. അ

ഇപ്രകാരം കാമ, ക്രോധ, ലോഭ, മോഹ, മദ,മാത്സര്യാദി സകല ദോഷങ്ങളും നീങ്ങി സംഗീതസാമ്രാജ്യം നാരദനിൽ വിളങ്ങി തുംബുരുവിനോടുള്ള മാത്സര്യമശേഷം അടങ്ങി അർജ്ജുനൻ മുതലായവർ ഈ മഹർഷിയുടെ പാട്ടുകേട്ടു കൊണ്ടാടിത്തുടങ്ങി. നാരദൻ പിന്നെ ബ്രഹ്മാനന്ദം അനുഭവിച്ചു പണ്ടത്തെ മട്ടൊക്കെ വിട്ടു ജീവന്മുക്തനായി നടന്നുതുടങ്ങി.

ഇങ്ങനെ അപാരമായിട്ടുള്ള സംഗീതശാസ്ത്രസമുദ്രത്തിന്റെ മറുകര കണ്ടവർ ദിവ്യലോകത്തുതന്നെ ഒന്നോ രണ്ടോ യോഗ്യരേ ഉള്ളൂ. ഇനി ഭൂലോകത്തിലെ കഥ പറവാനുണ്ടോ? എന്നാലും ഇപ്പോഴും. ഇറ്റലി, ജർമ്മനി, ഇംഗ്ലണ്ടു മുതലായ പാശ്ചാത്യരാജ്യങ്ങളിൽ കാലാവസ്ഥാനുരൂപം ഈ വിദ്യയ്ക്കു പ്രചാരമുണ്ടു്. നമ്മുടെ ഭാരതഖണ്ഡത്തിലും ഉത്തരദേശത്തും നല്ല നടപ്പുണ്ടു്. മഹമ്മദീയന്മാരിൽ നല്ല സംഗീതസമർത്ഥന്മാർ ഡില്ലിയിലുണ്ടെന്നു കേട്ടിട്ടുണ്ടു്. ദക്ഷിണദേശത്തും 'തഞ്ചാവൂർ ശരഭോജി' രാജാവിന്റെ സംഗീതവിദ്യാപ്രചാരം കൊണ്ടു ഇന്നും സ്ത്രീകളിലും പുരുഷന്മാരിലും പ്രസിദ്ധന്മാരെ കാണുന്നു. മലയാളത്തിൽ പണ്ടു ഭാഗവതന്മാരായിരുന്നതാണു് അധികം ഈ വിഷയത്തിൽ പരിജ്ഞാനമുള്ളതു്.

൧൦൧൬-ാമാണ്ടു നാടുനീങ്ങിയ മഹാരാജാവിന്റെ സംഗീതപ്രിയത്വമാണു് ഇതിനെ ഇങ്ങനെ രക്ഷിച്ചതെന്നു നിസ്സംശയം പറയാവുന്നതാണു്.

ഇനി കൊച്ചിസ്സീമയിലെ സ്ഥിതി ആലോചിക്കുന്നതായാൽ തൃശ്ശിവപേരൂരാണു് ഉള്ളതിൽവെച്ചു ഭേദം. ഇവിടെ പിഷാരൊടികളാണു് ഈ വിദ്യയിൽ പേരുനേടിയവരായുള്ളതു്, എന്നാലും ശാസ്ത്രവും കണ്ഠവും യോജിപ്പിച്ചു പാടി, കേൾക്കുന്നവരെ മോഹിപ്പിക്കുവാൻ ഇവർക്കു പ്രയാസമില്ലെന്നു പലർക്കും അനുഭവമായിട്ടുള്ളതാണല്ലോ.

മലയാളത്തിൽ ഈ സംഗീതം 'നാടൻ' എന്നും 'ദേശിക' എന്നും രണ്ടു മാതിരി നടപ്പുണ്ട്. അതിൽ 'നാടൻ' ആട്ടക്കഥയിലും, തിരുവാതിരക്കളികളിലും മറ്റുമാണ് നടപ്പുള്ളത്.

ഓരോ രസങ്ങൾക്ക് ഓരോജാതി രാഗങ്ങൾ യോജിക്കും. ശൃംഗാരത്തിനു തോടി, കാമോദരി മുതലായതും, വീരത്തിനു ഭൈരവി തുടങ്ങിയതും, കരുണത്തിന് ആനന്ദഭൈരവിപ്രഭൃതിയും, അത്ഭുതത്തിനു നവരസം മുതലായതും, ഹാസ്യത്തിനു പന്തുവരാളി തുടങ്ങിയതും, ഭയാനകത്തിനു നാഥനാമക്രിയാദിയും, ബീഭത്സത്തിന് അഠാണപ്രഭൃതിയും, രൗദ്രത്തിന് ആഹരി തുടങ്ങിയതും, ശാന്തത്തിനു മോഹനം മുതലായതും അധികം അനുരൂപങ്ങളാണെന്ന് അനുഭവരസികന്മാർക്ക് അറിയാവുന്നതാണല്ലോ.

നാടൻമാതിരിയെക്കാൾ 'ദേശിക' മാതിരിയാണ് അധികം രസം കൊടുക്കുന്നത്. അതുകൊണ്ടു നാടകാദികളിൽ ദേശികവഴിക്ക് അതതു രസങ്ങൾക്ക് അനുരൂപങ്ങളായ രാഗങ്ങളെ ഉപയോഗിക്കുന്നതായാൽ പിന്നത്തെക്കഥ പറയേണ്ടതില്ലല്ലോ.

വിസ്താരഭയംകൊണ്ട് എല്ലാം ചുരുക്കിപ്പിടിച്ചിട്ടുള്ള ഈ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

വാണീനാമമുഖസ്വര
വീണക്കാർകളുടെ ഗാനാംഗത്തിൽ
ചേണാർന്ന നൃത്തനടനം
കാണാം കല്യാണി ഗൗരി തുണക്കട്ടെ.

൩. രാജ്യഭരണം

രാജ്യഭരണത്തെക്കുറിച്ചു പല സംഗതികളും ആലോചിപ്പാനുണ്ടു്. എന്തൊരാവശ്യത്തിനായിട്ടാണു രാജ്യഭരണം എന്നൊന്നേർപ്പെടുത്തു മനുഷ്യർ നിശ്ചയിച്ചിരിക്കുന്നതു്? ആ ഉദ്ദേശത്തെ നിർവ്വഹിക്കുന്നതിനു പല രാജ്യങ്ങളിലും പല കാലങ്ങളിലുമായിട്ടു് എന്തെല്ലാം വിധത്തിലുള്ള ഏർപ്പാടുകളാണു ചെയ്യപ്പെട്ടിട്ടുള്ളതു്? ഓരോ ഏർപ്പാടു് ആ ഉദ്ദേശത്തെ എത്രത്തോളം നിർവ്വഹിക്കുന്നുണ്ടു്? അതിൽ എന്തെല്ലാം ന്യൂനതകളാണുള്ളതു്? രാജ്യഭരണത്തിൽ ഏതുവിധത്തിലുള്ള ഏർപ്പാടുകൾകൊണ്ടാണു ന്യൂനതകൾ കഴിയുന്നേടത്തോളം കുറഞ്ഞുപോകുന്നതു്? എന്നും മറ്റുമുള്ള സംഗതികളെയാണു നമുക്കു പ്രധാനമായി ആലോചിപ്പാനുള്ളതു്. ഈ ആലോചനയിൽ ഇംഗ്ലീഷു പുസ്തകങ്ങളിലും, നമ്മുടെ സ്മൃതിപുരാണാദികളിലും ഈ വിഷയത്തെപ്പററി പറഞ്ഞിരിക്കുന്നതിന്റെ ഗൌരവലാഘവങ്ങളെല്ലാം ഉൾപ്പെടുന്നതാകുന്നു.

എന്തെങ്കിലും ഒരു ക്രിയയുടെയോ ഏർപ്പാടിന്റെയോ സ്വഭാവത്തെയും ഗുണദോഷങ്ങളെയും കുറിച്ചു് ആലോചിക്കുന്നതിനു മുമ്പിൽ അതിന്റെ ഉദ്ദേശം എന്താണെന്നു് ആലോചിക്കുന്നതു പ്രത്യേകം ആവശ്യമാണു്. ആ ഉദ്ദേശം എല്ലായ്പോഴും വിശദമായി നമ്മുടെ മനസ്സിലില്ലെങ്കിൽ നാം പറയുന്നതു ചിലപ്പോൾ കുറെ അപ്രസ്തുതമായിവന്നേക്കാം. അതുകൊണ്ടു രാജ്യഭരണത്തിന്റെ ഉദ്ദേശം എന്താണെന്നാകുന്നു നാം ആദ്യമായി ആലോചിപ്പാനുള്ളതു്. എന്തൊരാവശ്യത്തിനായിട്ടാണു് ഈശ്വരനോ മനുഷ്യരോ രാജ്യഭരണം എന്നൊന്നേർപ്പെടുത്തു ചെയ്തിരിക്കുന്നതു? എന്ന ചോദ്യത്തിന്റെ യഥാർത്ഥമായ ഉത്തരമാകുന്നു രാജ്യഭരണത്തിന്റെ യഥാർത്ഥമായ ഉദ്ദേശം.

ഈ ചോദ്യത്തിന്ന പലരും പലവിധമായ ഉത്തരം പറഞ്ഞിട്ടുണ്ട്. ചിലർ രാജ്യഭരണം പ്രജാപരിപാലനത്തിനാണെന്നും, മറ്റുചിലർ ദുഷ്ടശിക്ഷണശിഷ്ടപരിപാലനത്തിനാണെന്നും, ചിലർ സ്വത്തിനെയും സ്വാതന്ത്ര്യത്തെയും രക്ഷിക്കുന്നതിനാണെന്നും, മറ്റുചിലർ ഭൂരിപക്ഷം ജനങ്ങളുടെ ഭൂരിസുഖത്തിനാണെന്നും, പിന്നെ ചിലർ പ്രജകളെ ഉൽക്കർഷീകരിക്കുന്നതിനാണെന്നും മറ്റും അഭിപ്രായപ്പെട്ടിട്ടുണ്ട്. ഈ അഭിപ്രായങ്ങൾതമ്മിൽ സൂക്ഷ്മത്തിൽ വ്യത്യാസമൊന്നുമില്ലെന്ന സാധിക്കാവുന്നതാണെങ്കിലും ഓരോ അഭിപ്രായം ഓരോ വഴിക്ക പോകുന്നതാകകൊണ്ട് അവയിൽ ഓരോന്നിന്റെ സ്വഭാവത്തെ പ്രത്യേകമായി ആലോചിച്ച നമ്മുടെ വ്യവഹാരത്തിന്റെ അടിസ്ഥാനമായി ഒന്നിനെ സ്വീകരിക്കേണ്ടതാണല്ലോ.

ഇതിൽ പ്രജാപരിപാലനമെന്നും ദുഷ്ടശിക്ഷണശിഷ്ടപരിപാലനമെന്നും പറയുന്നത് ഒന്നുതന്നെയാണ്. നമ്മുടെ ഇടയിൽ രാജ്യഭരണോദ്ദേശമായി പറഞ്ഞുവരുന്നത് ഇതാണ്. എന്നാൽ ഇതിന്ന വലിയൊരു ന്യൂനതയുണ്ട്. ഉദ്ദേശമെന്നതു ശാസ്ത്രാർത്ഥമായി വിചാരിക്കുമ്പോൾ മൂലതത്വത്തെ പറയുന്നതായിരിക്കണം. അക്കാര്യത്തിന്റെ ഉദ്ദേശം ഇന്നതാകുന്നു എന്ന പറയുമ്പോൾ ആ ഉദ്ദേശത്തിന്റെ ഉദ്ദേശം എന്താണെന്നുള്ള ചോദ്യത്തിന് ഇടയാകരുത്. വൈദ്യശാസ്ത്രമുണ്ടാക്കിയിരിക്കുന്നതു രോഗികളെ ചികിത്സിക്കുന്നതിനാണെന്ന പറയുന്നതു ശരിയാണെങ്കിലും ശാസ്ത്രാർത്ഥമായിട്ടില്ല. ചികിത്സിക്കുന്നതുകൊണ്ട വേറെ ഒരു ഫലം സിദ്ധിക്കുന്നതിനാൽ വൈദ്യശാസ്ത്രം രോഗോപശാന്തിക്കും രോഗനിവാരണത്തിന്നുമാകുന്നെന്നാകുന്നു പറയേണ്ടത്. ഇതുപോലെയാണ ദുഷ്ടശിക്ഷണശിഷ്ടപരിപാലനമെന്ന പറയുന്നതു. ഈ പ്രവൃത്തിക്ക തന്നെ വേറെ ഒരു സാദ്ധ്യമുണ്ടായിരിക്കുമ്പോൾ അതുതന്നെയാണ രാ

ജ്യഭരണോദ്ദേശമെന്നു പറയുന്നതു തൃപ്തികരമല്ല. ആ സ്വാസ്ഥ്യമെന്തെന്നു വഴിയെ പറയാം.

വെള്ളക്കാരുടെ ഇടയിൽ സാധാരണയായി പറഞ്ഞുവരുന്നതു രാജ്യഭരണം സത്വത്തെയും സ്വത്വത്തെയും രക്ഷിപ്പാനാണെന്നാകുന്നു. ഇതിന്റെ താൽപര്യം മനുഷ്യർ അന്യോന്യം ദേഹപീഡ ചെയ്യാതെയും മുതൽ അപഹരിക്കാതെയും രാജാവു നോക്കണമെന്നാകുന്നു. മേൽപ്പറഞ്ഞ ന്യൂനത ഈ മതത്തിനുമുണ്ട്. സത്വത്തെയും സ്വത്വത്തെയും രക്ഷിക്കുന്നതുകൊണ്ടുതന്നെ വേറെ ഒരു സ്വാസ്ഥ്യമുണ്ട്. അതുകൊണ്ട് ആ സ്വാസ്ഥ്യത്തെയാണു രാജ്യഭരണത്തിന്റെ ഉദ്ദേശമെന്നു പറയേണ്ടതു്.

ഇനിയൊരു മതമുള്ളതു രാജ്യഭരണം ഭൂരിപക്ഷം ജനങ്ങളുടെ ഭൂരിസുഖത്തിനാണെന്നാകുന്നു. ദുഷ്ടശിക്ഷണവും ശിഷ്ടപരിപാലനവും സത്വസ്വത്വരക്ഷണവും സൂക്ഷ്മത്തിൽ ഭൂരിപക്ഷഭൂരിസുഖത്തിനാണ്. രാജാവു ശിഷ്ടന്മാരെ രക്ഷിക്കയും ദുഷ്ടന്മാരെ ശിക്ഷിക്കയും ചെയ്യുന്നതും, മനുഷ്യർ അന്യോന്യം ദേഹപീഡ ചെയ്യാതെയും, മുതൽ അപഹരിക്കാതെയും നോക്കുന്നതും ജനങ്ങൾ സുഖമായിരിക്കണമെന്നതിനല്ലാതെ മറെറാരു കാര്യത്തിനാണെന്നു പറവാൻ പാടില്ല. അതുകൊണ്ടു ഭൂരിപക്ഷഭൂരിസുഖം മററു് ഉപദേശങ്ങളെക്കാൾ അധികം മൂലത്തോട്ട് അടുത്തതാണെന്നു സാധിക്കുന്നു.

ഇതിനേക്കാൾ അടുത്തതായി വേറെ വല്ല ഉദ്ദേശവുമുണ്ടോ? എന്തിനാണു ഭൂരിപക്ഷം ജനങ്ങൾക്കു ഭൂരിസുഖമുണ്ടാകുന്നതു് എന്നു ചോദിപ്പാൻ അവകാശമുണ്ടെന്നു തോന്നുന്നില്ല. മനുഷ്യരുടെ സകലപ്രവൃത്തികളും സുഖപ്രാപ്തിക്കോ ദുഃഖനിവൃത്തിക്കോ വേണ്ടിയാണു ചെയ്യപ്പെടുന്നതു്. ഈ രണ്ടിലൊരുദ്ദേശത്തോടുകൂടിയല്ലാതെ യാതൊരു പ്രവൃത്തിയുമില്ല. താല്ക്കാലിക സുഖമനുഭവിച്ചു പിന്നീടു ദുഃ

ത്തിൽ അകപ്പെടുന്നതും ഉത്തരകാലസുഖത്തിനുവേണ്ടി ത്യാഗാദികളാൽ ഖേദമനുഭവിക്കുന്നതും അസാധാരണമല്ല. ഈ പ്രവൃത്തികളിൽ ബുദ്ധിക്കുറവുകൊണ്ടു മനുഷ്യർ പല തെറ്റുകളും ചെയ്കയും വിചാരിച്ചതിനു വിപരീതമായ ഫലം സിദ്ധിക്കയും ചെയ്യുക്കാം. എങ്കിലും ഏതു പ്രവൃത്തി ചെയ്യുമ്പോഴും എല്ലാവരും സുഖപ്രാപ്തിയെയോ ദുഃഖനിവൃത്തിയെയോ ഉദ്ദേശിച്ചിട്ടല്ലാതിരിക്കയില്ല. അതിനെന്താണു കാരണമെന്നു ചോദിച്ചാൽ മനുഷ്യസ്വഭാവമെന്നല്ലാതെ ഈ സന്ദർഭത്തിൽ മറ്റൊന്നും പറയേണ്ട ആവശ്യം കാണുന്നില്ല. ഈ സ്വഭാവം കാരണമായിട്ടാണു രാജ്യഭരണം തന്നെ വേണ്ടിവന്നതു്. അതുകൊണ്ടു രാജ്യഭരണത്തിന്റെ ഉദ്ദേശം ഭൂരിപക്ഷം ജനങ്ങളുടെ ഭൂരിസുഖമാണെന്നു പറയുന്നതു ശാസ്ത്രാനുസാരമായിരിക്കുന്നതാണു്.

ഭൂരിപക്ഷഭൂരിസുഖമെന്നു വെച്ചാലെന്താണെന്നാകുന്നു ഇനി ആലോചിപ്പാനുള്ളതു്. മനുഷ്യർ ചെയ്യുന്ന യാതൊരേർപ്പാടും എല്ലാവർക്കും ഒരുപോലെ സുഖപ്രദമാവാൻ പാടില്ലെന്നു തന്നെയല്ല ചിലർക്കു് അതു നിശ്ചയമായും ദുഃഖകരം തന്നെയായിരിക്കും. കുറ്റം ചെയ്യുന്നവരെ ശിക്ഷിക്കണമെന്നുള്ള ഏർപ്പാടു പരക്കെ ജനങ്ങൾക്കു സുഖകരമാണെങ്കിലും കുറ്റം ചെയ്യാതെ കഴികയില്ലെന്നുള്ള അപൂർവ്വം ചില ദുസ്സ്വഭാവികൾക്കു് അതു ദുഃഖകരമായിരിക്കുമല്ലോ. അതുകൊണ്ടാണു് എല്ലാവർക്കും എന്നു പറയാതെ ഭൂരിപക്ഷം ജനങ്ങൾക്കു് എന്നു പറഞ്ഞതു്. ഇതുപോലെ തന്നെ പരമാനന്ദമെന്ന അവസ്ഥ മനുഷ്യർക്കു് അലഭ്യമായിട്ടുള്ളതാണു്. അതുകൊണ്ടു് ഉണ്ടാവുന്നേടത്തോളം സുഖം ഏതുവിധത്തിലാണു സമ്പാദിപ്പാൻ തരമെന്നു നോക്കുവാൻ തരമുള്ളൂ. ഈ തത്വത്തെ വിചാരിച്ചിട്ടാണു പരമസുഖം എന്നു പറയാതെ ഭൂരിസുഖമെന്നു പറഞ്ഞതു്. സകലജനങ്ങളുടേയും പരമസുഖം തീരെ അപ്രാപ്യം ഭൂരി

പക്ഷം ജനങ്ങളുടെ ഭൂരിസുഖം സാധിപ്പാൻ നോക്കേണ്ടതും ആകകൊണ്ടു രാജ്യഭരണത്തിന്റെ ഉദ്ദേശം ഈ ഒടുവിൽ പറഞ്ഞതുതന്നെയാകുന്നു എന്നാണു വിചാരിക്കേണ്ടതു്.

ഇനി ഒരു മതം കൂടിയുണ്ടല്ലോ. രാജ്യഭരണം മനുഷ്യവർഗ്ഗത്തെ ഉല്ക്കർഷിപ്പിക്കുന്നതിനാണെന്നാകുന്നു ചിലർ പറയുന്നതു്. ആകൃതികൊണ്ടും, ബുദ്ധികൊണ്ടും, അറിവുകൊണ്ടും ഒരു ബ്രാഹ്മണനും ചെറുമനും തമ്മിലുള്ള അന്തരം മഹത്തായതാണല്ലോ. എന്നാൽ മനുഷ്യപ്രയത്നത്താൽതന്നെ അനേകകാലംകൊണ്ടെങ്കിലും ചെറുമക്കളെ ബ്രാഹ്മണരെപ്പോലെ ആക്കാവുന്നതാണു്. എന്നുതന്നെയല്ല, ബ്രാഹ്മണരെയും വെള്ളക്കാരെയും മററും എല്ലാ അവസ്ഥകൊണ്ടും ഇപ്പോഴത്തേക്കാൾ ഉപര്യുപരി യോഗ്യരാക്കിത്തീർക്കാവുന്നതാണു്. സ്വപ്രയത്നംകൊണ്ടു മനുഷ്യവർഗ്ഗത്തിനു് എത്രത്തോളം വലിപ്പം വരാമെന്നു നമുക്കു് ഊഹിപ്പാൻ തന്നെ പാടില്ല. ഇങ്ങനെ മനുഷ്യരെ സാദ്ധ്യമാകുന്നിടത്തോളം ഉൽകൃഷ്ടന്മാരാക്കുന്നതിനാണത്രേ രാജ്യഭരണം.

എന്നാൽ സൂക്ഷ്മത്തിൽ ഇതും ഭൂരിപക്ഷഭൂരിസുഖത്തിൽ അടങ്ങീട്ടുണ്ടു്.* ശാകുന്തളം വായിക്കുമ്പോളുണ്ടാകുന്ന അസാദൃശ്യമായ സുഖം ഒരു ചെറുമനു് അനുഭവിപ്പാൻ തരമില്ല. ഭൂരിസുഖമെന്നു പറഞ്ഞതുകൊണ്ടു് ഇതുപോലെയുള്ള വലിയ സുഖങ്ങളെ അനുഭവിപ്പാനുള്ള യോഗ്യത അവനും ഉണ്ടാക്കിക്കൊടുക്കണമെന്നു വരുന്നതാണു്. മനുഷ്യർക്കു യോഗ്യത കൂടുംതോറും ആസ്വാദ്യത അധികമുള്ള സുഖവും കൂടുന്നതാകകൊണ്ടു ഭൂരിസുഖത്തെ ഉണ്ടാക്കുന്ന കൂട്ടത്തിൽ മനുഷ്യവർഗ്ഗത്തെ ഉൽകർഷിപ്പിക്കുക എന്നുള്ളതും അടങ്ങുന്നതാണു്.

ഭൂരിപക്ഷം ജനങ്ങൾക്കു ഭൂരിസുഖം ഉണ്ടാക്കുന്നതിനു രാജാവു് എന്തെല്ലാമാണു ചെയ്യേണ്ടതെന്നും രാജ്യഭരണത്തിന്റെ സമ്പ്രദായം എങ്ങിനെ ആയിരിക്കണമെന്നുമാകു

ന്ന ഇനി ആലോചിപ്പാനുള്ളതു്. രാജകൃത്യങ്ങളെ ഒന്നൊ
ന്നായി വിവരിക്കുന്നതിന് ഇവിടെ സ്ഥലവും ആവശ്യവു
മില്ല. കൃത്യങ്ങളുടെ സ്വഭാവത്തെ ആകപ്പാടെ ഒന്നു പ
റയുന്നതിനുമാത്രമെ ഭാവിക്കുന്നുള്ളു. രാജകൃത്യങ്ങളെമാ
ത്രം സംബന്ധിച്ചേടത്തോളം വളരെ അഭിപ്രായഭേദങ്ങളി
ല്ല. എല്ലാ രാജ്യക്കാരുടെയും മതം ഏകദേശം യോജിച്ചു
തന്നെയിരിക്കും.

രാജാവു പ്രധാനമായി മനസ്സിവെക്കേണ്ടതായ സംഗ
തി രാജ്യഭരണം തന്റെ സ്വന്താഡംബരത്തേയും സിദ്ധാ
ന്തങ്ങളേയും നിവ്വഹിക്കുന്നതിനല്ലെന്നാകുന്നു. രാജ്യഭരണ
ത്തിന്റെ ഉദ്ദേശം പ്രജകളുടെ ക്ഷേമമൊന്നുമാത്രമാകകൊ
ണ്ടു് അവരുടെ ആവശ്യത്തിനായി രാജാവിനെ ഉണ്ടാക്കി
യിരിക്കയാണെന്നും, രാജാവിന്റെ ആവശ്യത്തിനു പ്രജക
ളെ ഉണ്ടാക്കിയിരിക്കുകയല്ലെന്നും സ്പഷ്ടമാകുന്നുണ്ടു്. ജന
ങ്ങളുടെ കാൎയ്യങ്ങളെ അന്വേഷിക്കുന്നതിനായും അവർ അ
ന്യോന്യം ഉപദ്രവിക്കാതെ നോക്കുന്നതിനായും അവർ ത
ന്നെ അധികാരപ്പെടുത്തി ആക്കിയിരിക്കുന്ന ഒരാളാണെന്നു
മാത്രമെ രാജാവിനെ വിചാരിപ്പാൻ പാടുള്ളു എന്നാകുന്നു
ഇംഗ്ലീഷുകാരുടെയും മററും അഭിപ്രായം. ഈ അഭിപ്രാ
യത്തെ അവർ പല പുസ്തകങ്ങളിലും ഘോഷിച്ചിട്ടുള്ളതി
നുപുറമെ പല രാജ്യഭരണവ്യവസ്ഥാപന രേഖകളിലും അ
വർ വെളിപ്പെടുത്തീട്ടുമുണ്ടു്. നമ്മുടെ ഗ്രന്ഥങ്ങളും ഈ അ
ഭിപ്രായത്തെ അത്ര സ്പഷ്ടമായി ഘോഷിക്കുന്നില്ലെങ്കിലും പ്ര
ജകളുടെ ക്ഷേമത്തെ വൎദ്ധിപ്പിക്കുക മാത്രമാണു രാജാവി
ന്റെ കൃത്യമെന്നു സ്പഷ്ടമായി പറയുന്നുണ്ടു്. എങ്കിലും ഈ
അഭിപ്രായങ്ങൾ തമ്മിൽ ഒരു വലിയ വ്യത്യാസമുണ്ടു്. പ്ര
ജകളുടെ കാൎയ്യങ്ങളെ അന്വേഷിപ്പാൻ രാജാവിനെ അ
വർതന്നെ അധികാരപ്പെടുത്തി എന്നാണു് ഇംഗ്ലീഷുകാർ
വ്യവഹരിക്കുന്നതു്. നമ്മുടെ പ്രമാണപ്രകാരം രാജാവിനു്

ഈ അധികാരം കിട്ടിയതു് ഈശ്വരങ്കൽനിന്നാണെന്നാകുന്നു. 'രക്ഷാർത്ഥമസ്യ സർവ്വസ്യ രാജാനമസൃജൽ പ്രഭുഃ' എന്നും 'മഹതീ ദേവതാ ഹ്യേഷാ നരരൂപേണ തിഷ്ഠതി', എന്നും മററും മനു പറഞ്ഞിരിക്കുന്നതു നോക്കുമ്പോൾ നമ്മുടെ പ്രമാണപ്രകാരം രാജാവിനെ ഒരു ദിവ്യപുരുഷനായി വിചാരിക്കേണമെന്നു സ്പഷ്ടമാകുന്നു. ഈ വിശ്വാസം ജനങ്ങൾക്കും രാജാവിനും ഉണ്ടാകുന്നതുകൊണ്ടു് ഇംഗ്ലീഷുകാരുടെ പ്രമാണപ്രകാരമുള്ള രാജ്യഭരണത്തിൽനിന്നു വല്ല ന്യൂനതവരുന്നതാണോ എന്നു മേലിൽ ആലോചിച്ചുകൊള്ളാം. എല്ലാജനങ്ങളുടെയും രക്ഷയ്ക്കു വേണ്ടിമാത്രം ബ്രഹ്മാവു രാജാവിനെ സൃഷ്ടിച്ചു എന്നു മനു പറഞ്ഞിരിക്കുന്നതിനാൽ രാജകൃത്യം ഇന്നതാണെന്നുള്ള സംഗതിയെപ്പററി ഇംഗ്ലീഷുകാരും നമ്മളും തമ്മിൽ വളരെ അഭിപ്രായഭേദമില്ല.

ശിക്ഷാശാസ്ത്രത്തിൽ ഇനി പ്രധാനമായിട്ടൊന്നു വേണ്ടതു നിയമങ്ങൾക്കു സർവ്വസാധാരണത്വമുണ്ടായിരിക്കുകയാകുന്നു. എല്ലാ നിയമങ്ങളും പ്രജകളിൽ എല്ലാവരേയും ഒരുപോലെ സംബന്ധിക്കുന്നതായിരിക്കണം. ഇപ്പോൾ ഇന്ത്യാരാജ്യത്തു നടപ്പായിരിക്കുന്ന ശിക്ഷാനിയമപ്രകാരം ഒരു കുററത്തിനു് ഒരു ജാതിക്കാൎക്കു ഒരു ശിക്ഷയെന്നും മറെറാരു ജാതിക്കാൎക്കു മറെറാരു ശിക്ഷയെന്നുമല്ല വ്യവസ്ഥിതമായിരിക്കുന്നതു്. ആ കുററം ചെയ്താൽ ശിക്ഷ എല്ലാവൎക്കും ഒന്നുപോലെയാണു്. എന്നാൽ നമ്മുടെ പഴയനിയമങ്ങൾക്കു ഈ അപക്ഷപാതിത്വമില്ല. സ്മൃതികൾ ജാതികളുടെ ഭേദംപോലെ ശിക്ഷയ്ക്കും ഭേദം കല്പിച്ചിട്ടുണ്ടു്. ഒരു ശൂദ്രൻ ബ്രാഹ്മണനെ അധിക്ഷേപിച്ചു പറഞ്ഞാൽ അവന്റെ നാവു് അറുത്തുകളയണമെന്നും, ബ്രാഹ്മണൻ ശൂദ്രനെയാണു് അധിക്ഷേപിച്ചതെങ്കിൽ ആ ബ്രാഹ്മണനു സ്വല്പമായ ഒരു പിഴ കല്പിക്കണമെന്നുമാകുന്നു മനുസ്മൃതിയിൽ വിധിക്കപ്പെട്ടിരിക്കുന്നതു്. ഇതു് ഒരു

ഉദാഹരണമായി പറഞ്ഞു എന്നേയുള്ളു. എല്ലാ ശിക്ഷക
ൾക്കും ഈപ്രകാരംതന്നെ ജാതിഭേദപ്രകാരം ശിക്ഷാഭേദ
ത്തെയും കല്പിച്ചിട്ടുണ്ട്. ഈ പക്ഷപാതിത്വം ഭൂരിപക്ഷ
ഭൂരിസുഖത്തിനു വളരെ ബാധകമായിട്ടുള്ളതാകുന്നു. അ
വരവരുടെ ബുദ്ധിയുടെ വൈഭവംപോലെയും, ഗുണംപോ
ലെയും, അവരവർക്കു ഐശ്വര്യവും യോഗ്യതയും സിദ്ധി
ക്കുന്നതിനു യാതൊരു പ്രതിബന്ധവും ഉണ്ടാകാത്തവിധ
ത്തിലായിരിക്കണം രാജനിയമം. ഓരോരുത്തർക്ക് ഓരോ
നിയമമാകുമ്പോൾ ചിലർക്കു സ്വാതന്ത്ര്യം അധികമായും
ചിലർക്കു കുറവായും മററു ചിലർക്ക് ഇല്ലാതായും വരുന്നതാക
കൊണ്ടു അങ്ങനെയുള്ള നിയമം ഈ പ്രതിബന്ധത്തെ
ചെയ്യുന്നതാകുന്നു. അവരവർക്കു സമ്പാദിക്കുന്നതിനു സാ
ദ്ധ്യമായ അവസ്ഥയെ സമ്പാദിക്കുന്നതു മനഃപൂർവ്വമായി അ
സാദ്ധ്യമാക്കിത്തീർത്താൽ ഭൂരിപക്ഷം ജനങ്ങൾക്കു ഭൂരിസുഖ
മുണ്ടാകുന്നതു് എങ്ങനെ? ഇംഗ്ലീഷുകാരുടെ സകല നിയമ
ങ്ങളും ഏർപ്പാടുകളും ഗുണത്തിനാകട്ടെ ദോഷത്തിനാകട്ടെ
എല്ലാവരെയും ഒരുപോലെ സംബന്ധിക്കുന്നതാകുന്നു. രാ
ജനിയമങ്ങൾക്ക് ആൾഭേദമില്ലെന്നാകുന്നു നിയമനിർമ്മാ
ണകാര്യത്തിൽ അവർ മുഖ്യമായി അംഗീകരിച്ചിട്ടുള്ള
പ്രമാണം.

രാജ്യഭരണത്തിൻെറ പ്രധാനോദ്ദേശ്യം ഭൂരിപക്ഷഭൂ
രിസുഖമാണെന്നും ആ ഉദ്ദേശ്യത്തെ നിർവ്വഹിക്കുന്നതിനു
ള്ള ഏർപ്പാടുകളുടെ അവസ്ഥപോലെയിരിക്കും രാജ്യഭരണ
ത്തിൻെറ ഗുണദോഷങ്ങളെന്നും ഇതിനു മുമ്പിൽ പറ
ഞ്ഞിട്ടുണ്ടല്ലോ. ഭൂമിയിൽ പല കാലത്തിലായിട്ടു പല രാജ്യ
ക്കാരും ഈ ഉദ്ദേശ്യത്തെ സാധിപ്പിക്കുന്നതിനു പല രാജ്യ
ഭരണരീതികളെയും അംഗീകരിച്ചിട്ടുണ്ട്. അവയിൽ പ്ര
ധാനമായ ചില രീതികളുടെ ഗുണലാഘവങ്ങളെ നമുക്ക്
ആലോചിച്ചുനോക്കുക.

പൂർവ്വകാലങ്ങളിൽ എല്ലാരാജ്യങ്ങളിലും, ഇപ്പോൾ പ

ഖണ്ഡങ്ങളിലും നടന്നുവരുന്നതു് അനിയന്ത്രിതരാജ്യഭരണ
മാകുന്നു. പ്രജകളുടെ ഗുണത്തിനാകട്ടെ ദോഷത്തിനാകു
കട്ടെ സ്വേച്ഛപോലെ പ്രവൎത്തിപ്പാൻ രാജാക്കന്മാൎക്കു സ്വാ
തന്ത്ര്യമുള്ള രാജ്യഭരണത്തെയാകുന്നു അനിയന്ത്രിതരാജ്യ
ഭരണമെന്നു പറയുന്നതു്. മനുഷ്യബുദ്ധി അപരിമിതമല്ലാ
ത്തതാകകൊണ്ടു പ്രജകളുടെ ക്ഷേമത്തിനാണെന്നുള്ള ഉ
ത്തമവിശ്വാസത്തോടുകൂടി ചെയ്യുന്ന ചില പ്രവൃത്തികൾ
ചിലപ്പോൾ ഫലത്തിൽ ദോഷകരങ്ങളായി വരുന്നതാം. അ
തുകൊണ്ടു രാജ്യഭരണം അനിയന്ത്രിതമാകുന്നതല്ല. അതു
പോലെ തന്നെ രാജാക്കന്മാർ ജനങ്ങളെ അധികമായി ഉ
പദ്രവിപ്പാൻ തുടങ്ങിയാൽ ആ പ്രജകൾക്കു് ചെറുകമത്യങ്ങ
ളുണ്ടെങ്കിൽ രാജാക്കന്മാരുടെ നേരെ വെറുത്തു അവരെ രാ
ജ്യഭ്രഷ്ടന്മാരാക്കുന്നതിനു സാധിച്ചേക്കുമെന്നതാകകൊണ്ടു
രാജ്യഭരണം അനിയന്ത്രിതമല്ലാതാകുന്നതുമല്ല. രാജാക്കന്മാ
ൎക്കു മനഃപൂൎവ്വമായി പ്രജകളെ ഉപദ്രവിപ്പാൻ സ്വാതന്ത്ര്യ
മുണ്ടായിരിക്കുകയും, അങ്ങനെ ഉപദ്രവിക്കുന്നതിനെ ന്യാ
യമായി വിരോധിപ്പാൻ ആ രാജ്യത്തെ നിയമപ്രകാരം അ
വകാശമുള്ളവരായിട്ടു് ആരും ഇല്ലാതിരിക്കുകയും ചെ
യ്യുമ്പോളാണു രാജ്യഭരണം അനിയന്ത്രിതമാണെന്നു പറയ
പ്പെടുന്നതു്.

ഭാരതഖണ്ഡത്തിൽ എല്ലാകാലങ്ങളിലും രാജ്യം ഭരി
ച്ചുവന്നിരുന്നതു് ഈ രീതിയിലാണെന്നു മാത്രമല്ല സ്മൃതിക
ളാൽ വിധിക്കപ്പെട്ടിരിക്കുന്നതും ഈ രീതിയിലാണു്. രാ
ജാക്കന്മാരെ കേവലം മനുഷ്യരുടെ കൂട്ടത്തിൽ ഗണിച്ചുകൂടാ
ത്തവരാണെന്നും, അവരെ അഷ്ടദിക്പാലന്മാർ മുതലായ
ദേവന്മാരുടെ അംശങ്ങളെക്കൊണ്ടു സൃഷ്ടിച്ചതാണെന്നും,
അവർ എന്തുതന്നെ ചെയ്താലും ജനങ്ങൾ അവരോടു വെ
റുക്കുന്നതു മഹാപാതകങ്ങളിലൊന്നാണെന്നും യാതൊരു
കാൎയ്യത്തിലും അവരെ അസ്വതന്ത്രന്മാരായി വിചാരിപ്പാൻ
പാടില്ലെന്നുമാകുന്നു സ്മൃതിസിദ്ധാന്തം. രാജാക്കന്മാർ ദൈ

വംശസംഭവന്മാരാണെന്നുള്ള അഭിപ്രായം ഒരു കാലത്തു വെള്ളക്കാരുടെ ഇടയിലും നടപ്പായിരുന്നു. എന്നാൽ ഇപ്പോൾ ആ അഭിപ്രായത്തെ പ്രാചീനന്മാൎക്കുണ്ടായിരുന്ന പല മൌഢ്യങ്ങളിൽ ഒന്നായിട്ടല്ലാതെ ആരും ഗണിക്കുന്നില്ല. രാജാക്കന്മാർ അതിമാനുഷന്മാരാണെന്നു വിചാരിപ്പാൻ യാതൊരു മാൎഗ്ഗവും കാണുന്നില്ലെന്നാണ് അവർ പറയുന്നത്. ഈശ്വരകല്പന അങ്ങിനെ വിചാരിക്കണമെന്നായിരുന്നു എങ്കിൽ അവരുടെ സൃഷ്ടിയിൽ വിശേഷം വല്ലതും ഉണ്ടാവാൻ ഇടയുണ്ടായിരുന്നുവല്ലൊ. അവരെല്ലാവരും ബുദ്ധികൊണ്ടും മനോഗുണംകൊണ്ടും, മറ്റ് അവസ്ഥകൾകൊണ്ടും മറെറല്ലാമനുഷ്യരേയും അതിശയിച്ചിരിക്കേണ്ടതായിരുന്നു. അങ്ങിനെ യാതൊരു വിശേഷവും കാണാത്തതുകൊണ്ടു രാജാക്കന്മാരെ അമാനുഷന്മാരെന്നു വിചാരിപ്പാൻ പാടില്ലെന്നാണു വെള്ളക്കാരുടെ സിദ്ധാന്തം.

ഇതുകൊണ്ടു രാജാക്കന്മാരെ ബഹുമാനിക്കേണ്ടാ എന്നോ, അവരോടു വെറുക്കേണമെന്നോ, രാജദ്രോഹം അവിഹിതമല്ലെന്നോ അവൎക്കു അഭിപ്രായമുണ്ടെന്ന് ആരും ശങ്കിക്കേണ്ട. രാജദ്രോഹത്തെപ്പോലെ ഗൌരവമുള്ളതായിട്ടു വേറെ യാതൊരു അപരാധവുമില്ലെന്നാണ് അവരുടെ അഭിപ്രായവും നിയമവും. എന്നാൽ രാജാക്കന്മാർ ദിവ്യന്മാരാണെന്നു വിചാരിപ്പാൻ പാടില്ലെന്നുതന്നെയല്ല അവർ മററു മനുഷ്യരെപ്പോലെതന്നെയുള്ളവരാണെന്നാകുന്നു ദൈവകല്പനയെന്നു വിചാരിപ്പാൻകൂടി കാരണം കാണുന്നുണ്ടെന്നു മാത്രമാകുന്നു അവരുടെ വാദത്തിന്റെ താല്പൎയ്യം.

സ്മൃതികളിൽ പ്രജകളുടെ ക്ഷേമത്തിനുവേണ്ടി രാജാക്കന്മാർ ചെയ്യേണ്ട കൎമ്മങ്ങളെ വിസ്താരമായി പറഞ്ഞിട്ടുണ്ട്. അതിൽ ചില സംഗതികളെക്കുറിച്ച് അഭിപ്രായഭേദമുണ്ടാവാൻ ഇടയുണ്ടെങ്കിലും എല്ലാംകൂടി നോക്കിയാൽ

രാജാക്കന്മാർ അതിൽ പറഞ്ഞിരിക്കുന്നമാതിരി അനുഷ്ഠിച്ചാൽ പ്രജകൾക്ക ക്ഷേമകരമായിരിക്കുമെന്ന നിസ്സംശയം തന്നെ. എന്നാൽ അതുപോലെ അവർ അനുഷ്ഠിക്കുമെന്നുള്ളതിന് എന്തു് ഏർപ്പാടാണുള്ളതു്? യാതൊരേർപ്പാടും ഉണ്ടായിരുന്നില്ല. അങ്ങിനെ ചെയ്യുന്നവർക്ക് അവരുടെ ദുഷ്കൃത്യത്തിന്റെ ഗുരുലഘുത്വം പോലെ പരലോകത്തിൽ ശിക്ഷയുണ്ടാകുമെന്ന പറയുന്നുണ്ട്. അതുകൊണ്ടുമാത്രം സ്മൃതിയിൽ പറഞ്ഞിരിക്കുന്നപോലെ എല്ലാരാജാക്കന്മാരും എല്ലായ്പോഴും നടക്കുമോ എന്നാണ് ഇതിന് ഒരാക്ഷേപമുള്ളതു്. ഒരുവന തന്റെ സഹജീവികളുടെ മേൽ എന്തെങ്കിലും സ്വേച്ഛപോലെ ചെയ്യുന്നതിന് അധികാരമുണ്ടായാൽ അതു ഭൂരിപക്ഷത്തിന്റെ സുഖത്തിന ഹാനികരമായിത്തീരുമെന്നും, അതുകൊണ്ട് ആ അധികാരത്തിന് അതിരിടേണ്ടതാണെന്നും ഇതിനമുമ്പിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഇതിന പല രാജ്യങ്ങളിൽ പലകാലങ്ങളിലായി പല ഏർപ്പാടുകൾ ചെയ്തുവന്നിട്ടുണ്ട്. അവയിൽ ചിലതിനെ താഴെ പ്രസ്താവിക്കാം.

ഒന്നാമതായി പറയേണ്ടുന്നതു പ്രഭുസമുദായരാജ്യഭാരമാകുന്നു. ഇതു കുലംകൊണ്ടും, ധനംകൊണ്ടും വലിപ്പമുള്ള ഏതാനും ചില പ്രഭുക്കന്മാർതന്നെ യോഗം കൂടിയോ, അവരുടെ അഭിപ്രായത്തോടുകൂടി രാജാവുതന്നെയോ രാജ്യാധികാരങ്ങൾ നടത്തുന്ന സമ്പ്രദായമാണു്. ഈ രീതിയിലുള്ള രാജ്യഭരണം ഇപ്പോഴെങ്ങും നടപ്പില്ലെന്നാലും ഒരു കാലത്തു യൂറോപ്പിൽ പല രാജ്യങ്ങളിലും നടന്നു വന്നിരുന്നു. ഇതു് ഒരു മാതിരി ക്രമത്തിൽ നടന്നുവരുന്നകാലത്തോളം പ്രജകൾക്ക് അനിയന്ത്രിതരാജ്യഭരണത്തെക്കാളധികം ക്ഷേമകരമായിരിക്കുമെന്നു നിശ്ചയമാണു്. ഒരുവന്റെ സ്വേച്ഛപോലെ കാര്യങ്ങൾ നടത്തുവാൻ പാടില്ലെന്നു വരുമ്പോൾതന്നെ രാജ്യകാര്യങ്ങളിൽ സിദ്ധാന്തവും പ്രജകൾ

ക്ക് ഉപദ്രവവും കുറവായി വരുന്നതാണ്. എന്നു തന്നെയു
ല്ല, വലിയ കാൎയ്യങ്ങൾ ഒരുവൻതന്നെ ആലോചിച്ചു ചെ
യ്യുന്നതിനെക്കാൾ പലർകൂടി ആലോചിച്ചു ചെയ്യുന്നതിൽ
നിൎദ്ദോഷത അധികമുണ്ടാവാനാണു സംഗതി. ദുർബുദ്ധി
കളും സ്വാൎത്ഥപരന്മാരും ഇവരുടെ കൂട്ടത്തിലും ധാരാളമു
ണ്ടാവാം, എങ്കിലും പത്തുനൂറാളുകൾ കൂടുമ്പോൾ
അതിൽ ചില ഗുണവാന്മാരുണ്ടാകാതിരിക്കയില്ലെന്നു ത
ന്നെയല്ല ദുഷ്ടന്മാൎക്ക് അവരുടെ ദുർബുദ്ധിയെ പ്രകടിപ്പിക്കു
ന്നതിനു കുറെ ജാള്യംകൂടിയുണ്ടാവാൻ സംഗതിയുള്ളതാ
ണല്ലൊ.

ഈ സമ്പ്രദായത്തിലുള്ള രാജ്യാധികാരം പാരമ്പൎയ്യവ
ഴിക്കു സിദ്ധിക്കുന്നതാണ്. രാജ്യഭരണത്തിനു പ്രാപ്തിയുള്ള
പൌരന്മാരാളുകളെ തിരഞ്ഞെടുക്കുകയല്ല ചെയ്യു
ന്നതു്. ഈ അധികാരം പരമ്പരയാ കുടുംബങ്ങൾക്കു
ള്ളതാണ്. ഇങ്ങിനെയാകുമ്പോൾ ചിലപ്പോൾ ചില മ
ഹാമോശന്മാൎക്കുകൂടി അധികാരം സിദ്ധിപ്പാൻ വഴിയുണ്ടെ
ങ്കിലും ഇതിന് ഒരു ഗുണംകൂടിയുണ്ട്. രാജ്യാധികാരം നട
ത്തുന്നതു വംശപാരമ്പൎയ്യമാകുമ്പോൾ ആ കുടുംബങ്ങളിലു
ള്ളവൎക്കു ചെറുപ്പകാലം മുതൽക്കുതന്നെ അതിനു വേണ്ട
ജ്ഞാനം തന്നെത്താൻ ഉണ്ടായിവരുന്നതിനു പുറമെ ആ
ജ്ഞാനം സമ്പാദിപ്പാനുള്ള ആഗ്രഹവും ഉത്സാഹവുംകൂടി ഒരു
പോലെതന്നെ ഉണ്ടാവാൻ ഇടയുണ്ട്. ബുദ്ധിയും വിദ്യയു
മുള്ളവരിൽ ശിക്ഷവൎത്തം രാജ്യകാൎയ്യങ്ങളിൽ നിപുണന്മാരായി
വരാവുന്നവരാണെങ്കിലും രാജ്യാധികാരം നടത്തുന്നവരുടെ
ഇടയിൽ വളൎന്നുവന്നിട്ടുള്ളവൎക്ക് അതിനുള്ള സാമൎത്ഥ്യവും
സൌകൎയ്യവും വേറെതന്നെയാണ്. ബുദ്ധിയും വിദ്യയുമുള്ള
വരിൽ ചിലർ രാജ്യാധികാരം നടത്തുന്നതിൽ വളരെ മോ
ശമായും ഈ ഗുണം അല്പം കുറവായിട്ടുള്ളവരിൽ ചിലർ വാ
സനകൊണ്ടും, ശീലംകൊണ്ടും, പരിചയംകൊണ്ടും ഇതിൽ

വളരെ നൈപുണ്യമുണ്ടായിട്ടും നാമെല്ലാവരും കണ്ടു വരുന്നുണ്ടല്ലൊ. ഈ അവസ്ഥ ജനസമുദായരാജ്യഭരണത്തോട് ഉപമിക്കുമ്പോൾ പ്രഭുസമുദായ രാജ്യഭരണത്തിന്റെ പ്രധാനഗുണങ്ങളിലും ദോഷങ്ങളിലും ഒന്നാകുന്നു. അധികം പാരമ്പര്യാവകാശമാകുമ്പോൾ ഭോഷന്മാർ അധികാരികളായി വന്നേക്കാം. അതുപോലെതന്നെ അധികാരികൾക്ക് അവരുടെ തൊഴിലിനു പ്രത്യേകനൈപുണ്യം ഉണ്ടാകുവാനും ഇടയുണ്ട്.

ഈ സമ്പ്രദായത്തിലുള്ള രാജ്യഭരണത്തിനു പ്രധാനമായി രണ്ടു ദോഷങ്ങളുണ്ട്. ഒന്നു മനുഷ്യരുടെ സ്വാർത്ഥപരതകൊണ്ട് അനിയന്ത്രിതരാജ്യഭരണത്തിലുള്ളതുതന്നെയാണ്. പ്രഭുക്കന്മാർ ചെയ്യുന്ന ഏർപ്പാടുകളെല്ലാം ആ വർഗ്ഗത്തിന്റെ നന്മയെ ഉദ്ദേശിച്ചിരിക്കുന്നതാണ്. നിർധനന്മാരും മററുസാധുക്കളും നിരാശ്രയന്മാരായിത്തീരുകയും, ധനവാന്മാരായ അധികാരികൾ അവരെ ഉപദ്രവിക്കുന്നതിനെക്കുറിച്ചു ചോദ്യമില്ലാതെവരികയും ചെയ്യാവുന്നതാണ്. നിയമങ്ങൾ മിക്കതുംതന്നെ ഈ അവസ്ഥയ്ക്കു അനുകൂലമായി വന്നേക്കാമെന്നുള്ളതിനുപുറമെ അധികാരികൾ നിയമവിരോധമായി പ്രവർത്തിക്കുന്നതിനെക്കുറിച്ച് അവരുടെ കൂട്ടുകാർ അത്ര കലശൽ കൂട്ടുന്നതല്ല. ഈയവസ്ഥ സ്വാഭാവികമായിട്ടുള്ളതും ഇതിനു നമ്മുടെ ചില പുരാതനനിയമങ്ങൾ ദൃഷ്ടാന്തങ്ങളുമാണ്. പണ്ടു വിദ്യയുടെ ഏകാസ്പദം ബ്രാഹ്മണരായിരുന്ന കാലത്തു രാജാക്കന്മാരുടെ ഉപദേഷ്ടാക്കളും അധികാരികളും അവരായിരുന്നു. ആ കാലങ്ങളിലുണ്ടാക്കീട്ടുള്ള നിയമങ്ങൾ മിക്കതും നിയമകർത്താക്കന്മാരുടെ ഗോത്രനന്മയെയാണ് പ്രധാനമായി ഉദ്ദേശിക്കുന്നതെന്ന് ആർക്കും എളുപ്പത്തിൽ അറിയാവുന്നതാണ്. ആ ഗോത്രത്തിൽ ആരെങ്കിലും മററു വർഗ്ഗത്തിലുള്ള വല്ലവരുടേയും മേൽ വല്ല കററവും ചെയ്താൽ ഉപായത്തിൽ വല്ല

പിഴയോ മറേറാ ചെയ്യുന്നതു ധാരാളമായിരിക്കുമെന്നും, മറെറുള്ളവർ ആ ഗോത്രത്തിലുള്ളവരുടെ മേൽ ആ കുററം തന്നെ ചെയ്താൽ അതികഠിനമായ ശിക്ഷ അനുഭവിക്കേണ്ടിവരുമെന്നും മററുമാണു നിയമം. ഇതുതന്നെയാണു പ്രഭുസമുദായ രാജ്യഭരണത്തിൻെറ പ്രധാനദോഷങ്ങളിൽ ഒന്നാമതായിട്ടുള്ളതു്.

രണ്ടാമത്തെ ദോഷം രാജ്യഭരണത്തിൻെറ അസ്ഥിരത്വം തന്നെ. അതിൻെറ കാരണമെന്താണെന്നുള്ളതിനെക്കുറിച്ചു പല അഭിപ്രായങ്ങളുണ്ടായേക്കാം. എന്നാൽ ഈ ദോഷമുണ്ടെന്നുള്ളതു് അനിഷേധ്യമായിട്ടുള്ളതാണു്. യൂറോപ്പിൽ ഒരു കാലത്തു പല രാജ്യങ്ങളിലും ഈ രീതിയിലുള്ള കോയ്മ നടന്നുവന്നിരുന്നു. എന്നാൽ അതു് ഒരേടത്തെങ്കിലും രണ്ടു നൂററാണ്ടുപോലും നിലനില്ക്കുകയുണ്ടായിട്ടില്ല. രാജാവു കൂടാതെ പ്രഭുക്കന്മാർതന്നെ രാജ്യഭരണം നടത്തുന്നേടത്തു് ഇങ്ങനെ വരുന്നതു മുഖ്യമായും അധികാരികളുടെ സ്വാർത്ഥംകൊണ്ടാണു്. തുല്യാധികാരത്തോടുകൂടി പലരും ഉണ്ടാകയും അവർക്കു മേലധികാരിയായി ആരും ഇല്ലാതെയിരിക്കുകയും ചെയ്യുമ്പോൾ അസൂയയും സ്വാർത്ഥവും വലിയ തമ്മിൽതല്ലും ഉണ്ടാകുന്നതു സ്വഭാവികമാണു്. അങ്ങനെ ലഹളയാകുമ്പോൾ രാജ്യാധികാരം മുഴുവൻ അവരുടെ കൂട്ടത്തിൽ രാജ്യതന്ത്രത്തിലും യുദ്ധവൈദഗ്ദ്ധ്യത്തിലും മറെറല്ലാവരേക്കാൾ കേമനായിട്ടുള്ളവൻെറ കയ്യിലാകുന്നതിനാണു സംഗതി. അല്ലെങ്കിൽ രാജ്യം ബഹുനായകത്വംകൊണ്ടു ക്ഷീണിച്ചിരിക്കുന്നതിനാൽ എളുപ്പത്തിൽ മററുള്ള വല്ല രാജാക്കന്മാരുടെ കയ്യിലും അകപ്പെട്ടേക്കാം. രാജാവോടുകൂടി പ്രഭുക്കന്മാർ രാജ്യാധികാരം നടത്തുന്നേടത്തും ഇതുതന്നെയാണു് അവസാനം. എന്നാൽ ഈ അവസാനം രണ്ടുവഴിക്കായി വന്നുകണ്ടിട്ടുണ്ടു്. രാജാവു തൻെറ അധികാരത്തിനു കൂടുതൽ വരുത്തുവാനും പ്രഭുക്കന്മാർ അതു കുറ

ശ്യവാന്നും ഉദ്യമിക്കും. ഈ മത്സരം യുദ്ധത്തിൽ പര്യവസാ
നിക്കുകയും അതിന്റെ ഗതിപോലെ രാജാവു രാജ്യഭ്രഷ്ട
നായൊ ഏകാധിപതിയായൊ തീരുകയും ചെയ്യുന്നതാണ്.
രാജാവു രാജ്യഭ്രഷ്ടനാകുന്നപക്ഷം മുൻപറഞ്ഞതുപോലെ കാ
ലക്രമംകൊണ്ടു പ്രഭുക്കന്മാർ തമ്മിൽ തല്ലി അതിലൊരുവ
നൊ മറ്റു വല്ല രാജാവൊ ഏകാധിപതിയായി വരാവുന്ന
താകുന്നു. യുദ്ധത്തിൽ രാജാവു ജയിക്കുന്നപക്ഷം അനിയ
ന്ത്രിതരാജ്യഭരണമായി തീരുന്നതുമാണ്. അസ്ഥിരത എ
ന്ന ദോഷം പ്രഭുസമുദായരാജ്യഭരണത്തിനുള്ളതുപോലെ
മറെറാരു സമ്പ്രദായത്തിലുള്ള കോയ്മയ്ക്കുമില്ല. അതുകൊ
ണ്ടാണ് ഓരോ കാലങ്ങളിൽ ഇതു പല രാജ്യങ്ങളിലും ഉ
ണ്ടായിരുന്നു എങ്കിലും ഇപ്പോൾ ഒരേടത്തും ഇല്ലാതെയാ
യിപ്പോയതു്. എല്ലാംകൂടി നോക്കിയാൽ ഈ സമ്പ്രദായ
ത്തിലുള്ള രാജ്യഭരണം അനിയന്ത്രിതരാജ്യഭരണത്തെക്കാൾ
മേലെയാണെന്നു പറവാൻ പാടില്ലെന്നാണ് വെള്ളക്കാ
രിൽ മിക്കവരുടെയും അഭിപ്രായം. സ്വൈര്യം മററുംകൂ
ടാതെ നടക്കുന്ന കാലത്തു് ഇതു അനിയന്ത്രിതരാജ്യഭരണ
ത്തെക്കാൾ വളരെ നന്നായിരിക്കുമെങ്കിലും രാജ്യഭരണത്തി
നു മുഖ്യമായി വേണ്ടതായ സ്ഥിരത ഇതിനില്ലാത്തതിനാൽ
ഇതിനെ അത്ര പ്രധാനമായി ഗണിക്കുവാൻ പാടുള്ളതല്ല.

പ്രഭുസമുദായരാജ്യഭരണം വേറെ ഒരുവിധത്തിൽ കൂടി
യുണ്ടു്. അതിന്നു മേല്പറഞ്ഞ രീതിയുടെ ചലമായ അംശ
മില്ല. ഒരുകാലത്തു യൂറോപ്പിൽ മിക്ക രാജ്യങ്ങളിലും ഇ
തായിരുന്നു നടപ്പു്. പണ്ടു കൊച്ചിയിലും ഏകദേശം ഈ
സമ്പ്രദായം നടന്നുവന്നിരുന്നതിനാൽ അതിന്റെ സ്വഭാവ
ത്തെ പറഞ്ഞാൽ മററതെല്ലാം സ്പഷ്ടമാകുന്നതാണ്.
കൊച്ചിരാജാവിന്റെ കീഴിൽ പാലിയത്തച്ചൻ, മനക്കോട്ട
ച്ചൻ എന്നു രണ്ടു പ്രധാന നാടുവാഴികളുണ്ടായിരുന്നു. അ
വരിൽ ഒരാൾക്കു വടക്കേഭാഗത്തിന്റെയും മറേറ ആൾക്കു

തെക്കഭാഗത്തിന്റെയും മേൽകോയ്മയായിരുന്നു. അവരിൽ ഓരോരുത്തരുടെ കീഴിൽ ഇരുപത്തിനാലു കാൎയ്യക്കാരന്മാരുണ്ടായിരുന്നു. ഇവർ ചില്ലറ നാട്ടുവാഴികളായിരുന്നു. ഇവർ കരം പിരിച്ച് അതിൽ ഒരോഹരി മേൽകോയ്മയ്ക്കു കൊടുക്കുകയും യുദ്ധകാലത്ത് ഇത്ര ഭടന്മാരെ ഹാജരാക്കുകയും ചെയ്യുന്നതെന്നാണ നിയമം. ഇങ്ങനെയുള്ള രാജ്യഭാരത്തിന്റെ ദോഷം സ്പഷ്ടമാണല്ലോ. പ്രഭുക്കന്മാരെക്കൊണ്ടുള്ള ശല്യത്തിനു കുറവുണ്ടാകയില്ലെന്നു തന്നെയല്ല പലർകൂടി ആലോചിച്ചുചെയ്യുന്നതുകൊണ്ടുള്ള ഗുണവും സിദ്ധിക്കയില്ല. അവരുടെ അധികാരത്തിൻകീഴിലുള്ള ദേശങ്ങളിൽ അവർക്കു ബോധിച്ചതുപോലെ ചെയ്യാം.

൰. ഭൂമിയുടെ ഉൾഭാഗം.

ഭൂമിയുടെ മേൽത്തട്ടിനെയും അവിടെ ഉണ്ടാകുന്ന ചില സംഗതികളെയും കുറിച്ചു നാം പഠിച്ചുവല്ലോ. ഇനി നമുക്ക് അതിന്റെ ഉൾഭാഗത്തെയും അവിടെയുണ്ടാകുന്ന മാററങ്ങളെയും കുറിച്ചു പഠിക്കാം. ഭൂമിയുടെ ഉൾഭാഗത്തെപ്പററി മനുഷ്യനെന്തെങ്കിലും അറിവാൻ കഴിയുന്നതു വളരെ പ്രയാസമുള്ളതായി നമുക്ക് ആദ്യം തോന്നുമായിരിക്കാം. ഭൂമി എത്രയോ വലുതായ ഒരു ഗോളം; നാം അതിൽ, ഒരു വലിയ കുന്നിന്മേൽ നടക്കുന്ന ഉറുമ്പുകൾ എങ്ങിനെയോ, അങ്ങിനെയാകുന്നു. ഉയൎന്ന പൎവ്വതശൃംഗങ്ങൾമുതൽ ഏററവും ആഴമുള്ള ലോഹക്കുഴികൾവരെ, നമുക്കു കാണാവുന്ന ഭാഗങ്ങളും ഭൂഗോളത്തിൽ നമുക്കു കാണുവാൻ വഹിയാത്ത ഭാഗങ്ങളും അജഗജങ്ങൾ

പോലെയാകുന്നു. എങ്കിലും ഭൂമിയുടെ ഉൾഭാഗത്തു നടക്കുന്ന പല സംഗതികളെയും നമുക്ക് അറിവാൻ തരമുണ്ട്. ഭൂമിയിൽ അങ്ങുമിങ്ങും അതിന്റെ അകത്തുനിന്നു പുറത്തേക്കു വഴികളുണ്ട്. മുൻപറഞ്ഞ സംഗതികളെ കുറിച്ചുള്ള നമ്മുടെ മിക്ക അറിവും അങ്ങിനെയുള്ള ദിക്കുകളിൽനിന്നാകുന്നു നമുക്കു കിട്ടുന്നതു്. ആ വക വഴികളിൽ മുഖ്യമായവ അഗ്നിപർവ്വതങ്ങളാകുന്നു.

അഗ്നിപർവ്വതങ്ങളിൽ ചിലപ്പോൾ ഒരു പൊട്ടലുണ്ടാകും. ഇങ്ങിനെയൊരു പൊട്ടലുണ്ടാകുന്നതിനു മുമ്പു, നമുക്ക് അങ്ങിനെ ഒരു പർവ്വതത്തിനെ കാണ്മാൻ പോക. ദൂരത്തിൽ നിന്നു നോക്കുമ്പോൾ, അതു തല അല്പം പോയ ഒരു സ്തൂപസ്തംഭംപോലെ ഇരിക്കും. അതിന്റെ മുകളിൽ നിന്നു, വെളുത്ത മേഘംപോലെ ഒരു വസ്തു പോയിക്കൊണ്ടിരിക്കും. പർവ്വതത്തിന്റെ മുകളിലേക്കു കയറുംതോറും, അതിന്റെ ചരിവുകളിൽ കല്ലുകളും ചാരവും ഇരുമ്പിൻകീടത്തിന്റെ മാതിരിയിലുള്ള പാറപ്പലകകളും കിടക്കുന്നതു കാണാം. അതിന്റെ മേൽഭാഗത്തു് എത്തുംതോറും, നിലത്തിനു ചൂടുള്ളതായും അങ്ങുമിങ്ങും നിന്നു വീർപ്പുമുട്ടിക്കുന്ന ആവി പുറപ്പെടുന്നതായും ഇരിക്കും. മലയുടെ മുകളിൽ ചെന്നാൽ, പരന്നതായി കണ്ട ശിഖരം മലയിലുള്ള വലുതായ ഒരു കുഴിയുടെ വായയാണെന്നു നമുക്ക് അറിയാറാവും. വീഴാതെയും പുകകൊണ്ടു ശ്വാസംമുട്ടാതെയും സൂക്ഷിച്ചു നമുക്ക് ആ കുഴിയിലേക്കു നോക്കുക. അപ്പോൾ ചുവന്നും മഞ്ഞച്ചും ഇരിക്കുന്ന പാറകൾ ചുറ്റുമുള്ള ആ കുഴിയുടെ അടിയിൽ, ജ്വലിച്ചുകൊണ്ടിരിക്കുന്ന ഒരു ദ്രാവകം കാണാം. ഇതിൽ മിക്ക ഭാഗത്തും ഇരുമ്പിൻകീടത്തിന്റെ മാതിരിയുള്ള ഒരു പാടപൊന്തിക്കിടക്കുന്നുണ്ടാകും. അഗ്നിമയമായ ഈ കുഴിയിൽനിന്നു തീ പോലെ ഇരിക്കുന്ന ദ്രാവകം ഇടക്കിടക്കു പുറത്തേക്കു തെറിക്കുകയും അതു് അവിടവിടെ വീണു

കല്ലുപോലെ കട്ടിയാകുകയും ചെയ്യുന്നു. കുഴിയിൽനിന്നു കല്ലും പൊടിയും ഉഗ്രതയോടെ പുറപ്പെട്ടു തിരിയെ അതിൽ തന്നെയോ, അല്ലെങ്കിൽ പൎവ്വതപാൎശ്വങ്ങളിലോ, വീഴുകയും ചെയ്യുന്നു.

പൎവ്വതത്തിലുള്ള കുഴിക്ക് അഗ്നിമുഖം എന്നു പേർ പറയുന്നു. കുഴിയിൽ തിളച്ചു ജ്വലിച്ചു കിടക്കുന്ന ദ്രാവകം പാറ ഉരുകിയതാകുന്നു. ഇതിന് ആഗ്നേയാംഗാരമെന്നു പേരാകുന്നു. ഉഗ്രതയോടെ പൊട്ടിത്തെറിക്കുന്ന പാറ, ചാരം മുതലായവ കുഴിയുടെ നാലു ഭാഗങ്ങളിൽ നിന്നോ ദ്രാവകത്തിൽ നിന്നോ പുറപ്പെടുന്നവയാകുന്നു. ദ്രാവകത്തിൽ നിന്ന് ആവിയും വായുക്കളും പുറത്തുവരുന്ന ഉഗ്രത കൊണ്ടാകുന്നു അവ ഇങ്ങനെ പൊട്ടിത്തെറിക്കുന്നതു്.

കുഴിയുടെ അടിയിൽ അഗ്നിമയമായ ദ്രാവകവും ചൂടുള്ള ആവിയും നിറവുള്ളതിനാൽ, ഭൂമിയുടെ ഉള്ളിൽ അധികമായ ഉഷ്ണമുണ്ടാകുന്നതിന് എന്തോ ഒരു കാരണമുണ്ടെന്നു നമുക്കറിയാം. ഈ ചൂട് അനേകം സംവത്സരങ്ങളായി വന്നുകൊണ്ടിരിക്കുന്നതിനാൽ, അതു് അവിടെ ധാരാളമായി ഉണ്ടെന്നും നമുക്ക് ഊഹിക്കാം.

പൊട്ടലുണ്ടാകുന്ന സമയത്താകുന്നു സാധാരണയായി ഭൂമിയുടെ ഉള്ളിൽ ഉള്ള ചൂടിൻെറ ഉഗ്രത നല്ലവണ്ണം വെളിപ്പെടുന്നതു്. പൊട്ടലുണ്ടാകുന്നതിനു ഒന്നോ രണ്ടോ ദിവസങ്ങൾക്കു മുമ്പിൽ, അഗ്നിപൎവ്വതത്തിൻെറ ചുറ്റുമുള്ള ഭൂമിക്ക് ഇളക്കമുണ്ടാകുന്നു. ഒടുക്കം, ഉഗ്രക്കാറ്റുകൂടി തുടരെത്തുടരെ പൊട്ടലുകൾ ഉണ്ടാവുകയും അപ്പോൾ പൎവ്വതത്തിൻെറ ഉള്ളു പൊട്ടിത്തുറക്കുകയും അതിൻെറ മേൽഭാഗം പൊട്ടിത്തെറിച്ചു് ആവിയും പൊടിയും അഗ്നിമയമായ കല്ലുകളും കൂടി ആകാശത്തേക്കു പോകുകയും ചെയ്യുന്നു. കനമുള്ള കല്ലുകൾ വേഗത്തിൽ കുഴിയിൽതന്നെയോ അതോ പൎവ്വതത്തിൻെറ ചരിവുകളിലോ തിരിയെ വീഴും.

എന്നാൽ പൊടിപൊടിയായി പുറപ്പെടുന്ന വെസ്സൂവിയ്സ് അനേകം നാഴിക ദൂരം ആകാശത്തെ കറുപ്പിക്കുകയും പിന്നീട് ഭൂമിയിൽ വീണു ചുറ്റുമുള്ള നിലത്തെ മൂടുകയും ചെയ്യുന്നു. ഉരുകി അഗ്നിമയമായി കഴിഞ്ഞ് കണ്ട ദ്രാവകം പർവ്വതത്തിന്റെ ചുറ്റും ചെന്ന് അതിന്റെ അടിവാരത്തുള്ള വീടുകളെയും തോട്ടങ്ങളെയും നശിപ്പിക്കുന്നു. അഗ്നിപർവ്വതത്തിന്റെ ശക്തി ക്ഷയിക്കുന്നതുവരെ ഇങ്ങനെ ഇരിക്കും. അതിന്റെ ശേഷം. പർവ്വതമുഖത്തിൽ നിന്ന് ആവിയും ചൂടുള്ള വായുക്കളും മാത്രമേ വന്നുകൊണ്ടിരിക്കൂ.

ഏകദേശം ൧൯൦൦ വർഷത്തിനു മുമ്പു, നേപ്പിൾസ് എന്ന പട്ടണത്തിനു സമീപം, ആകൃതിയിൽ അഗ്നിപർവ്വതത്തിന്റെ മാതിരി ഒരു പർവ്വതമുണ്ടായിരുന്നു. പക്ഷെ, ഇതിൽ നിന്ന് ആവിയോ ചാരമോ ഒന്നും വന്നിരുന്നില്ല എന്നുതന്നെയല്ല, ഇതു കാറിക്കാട്ടിനാൽ മൂടപ്പെട്ടും ഇരുന്നു. അതുകാരണം, ഇതിനെ അഗ്നിപർവ്വതമാണെന്ന് ആരും കരുതിയിരുന്നില്ല. ഇതിന്റെ ഭംഗിയും അടുക്കൽ താമസിപ്പാനുള്ള സുഖവും കണ്ട് ഇതിന്റെ ചുവട്ടിൽ അനേകം മനോഹരങ്ങളായ ആരാമങ്ങളും മാളികകളും റോമാക്കാർ ഉണ്ടാക്കി. എന്നാൽ ഒരിക്കൽ ഈ പർവ്വതത്തിനു പെട്ടെന്നു ഒരു പൊട്ടലുണ്ടായി. ചാരവും പൊടിയുംകൊണ്ട് അടുത്തുള്ളവയൊക്കെ അർദ്ധരാത്രിയിലുള്ള ഇരുട്ടെന്നപോലെ മൂടപ്പെട്ടു. വളരെപ്പേർ മരിച്ചു. ദൂരദേശങ്ങളിൽ നിന്നുകൂടി ജനങ്ങളെ ആകർഷിച്ചിരുന്ന ആ പ്രദേശം കല്ലും പൊടിയും നിറഞ്ഞ ഒരു മരുഭൂമിയായി തീർന്നു.

അഗ്നിപർവ്വതങ്ങളെന്നവച്ചാൽ ഭൂമിയുടെ ഉൾഭാഗങ്ങളിൽ ഉരുകിക്കിടക്കുന്ന സാധനങ്ങൾക്കു പുറത്തേക്കു പോകുവാനുള്ള വഴികളാകുന്നുവെന്നു നാം ഇപ്പോൾ കണ്ടുവല്ലോ. അവ ഭൂഗോളത്തിന്റെ പല ഭാഗങ്ങളിലും ഉണ്ട്.

ഭൂമിയിൽ ഈ വക വഴികൾ വളരെയുള്ളതിനാൽ, അതിന്റെ ഉള്ളിലുള്ള ചൂട കലശലാകുന്നുവെന്നു നമുക്കൂഹിക്കാം. ഈചൂടിനെ വെളിപ്പെടുത്തുന്നതായ വേറെ തെളിവുകളും ഉണ്ട്. തിളച്ചുകിടക്കുന്ന വെള്ളം വളരെ ദിക്കുകളിൽ ഭൂമിയുടെ നിരപ്പിലേക്കു പൊങ്ങിവരുന്നുണ്ട്. അഗ്നിപൎവ്വതങ്ങളുള്ള പ്രദേശങ്ങളിൽ, വെള്ളവും ആവിയും ഭൂമിയിൽനിന്ന് ഇടക്കിടക്കു വളരെ പൊക്കത്തിൽ പോയി താഴെ വീഴുന്നു. ബ്രാത്തിയുടെ സമീപത്തെങ്ങും അഗ്നിപൎവ്വതമില്ലെങ്കിലും അവിടെ ബാത്ത് എന്ന സ്ഥലത്തിലെ ഉറവുകളിലെ വെള്ളം വളരെ ചൂടുള്ളതാകുന്നു. ഭൂമിയുടെ അടിയിലേക്കു പോകുംതോറും, ചൂട വൎദ്ധിച്ചുവരുന്നു എന്നു ലോഹക്കുഴിയിൽ പണി എടുക്കുന്നവൎക്കു പ്രയാസംകൂടാതെ അറിയാം. ഇങ്ങിനെ ചൂട ക്രമേണ വൎദ്ധിച്ചുവരുന്നതായാൽ, കുറെഞ്ഞൊന്നു ദൂരത്തിലായിട്ട് അടിയിലുള്ള പാറകൾ ചൂടുകൊണ്ടു പഴുത്തിരിക്കേണം. ഭൂഗോളത്തിന്റെ തണുത്തു ഉറച്ചു പുറംഭാഗം വളരെ കുറച്ചും ചൂടുകൊണ്ടു പഴുത്തിരിക്കുന്ന ഭാഗം വളരെ അധികവുമാകുന്നു എന്നു മേൽപറഞ്ഞതിൽ നിന്നു നമുക്ക് അനുമാനിക്കാം.

അഗ്നിപൎവ്വതത്തിലുണ്ടാകുന്ന പൊട്ടൽ ചില സമയം ഭൂമിക്കു ഘോരമായ ഇളക്കം ഉണ്ടാക്കിത്തീൎക്കുന്നു. ഭൂമിക്കു അഗ്നിപൎവ്വതങ്ങളിൽനിന്നുണ്ടാകുന്നവയല്ലാത്ത ഇളക്കങ്ങളും ഉണ്ടാകുന്നുണ്ട്. കാഴ്ചയിൽ ഭൂമി ഉറച്ചു നില്ക്കുന്നു എന്നുവരികിലും അതു് ഇടവിടാതെ വിറയ്ക്കുന്നുണ്ടെന്നു വിദ്വാന്മാർ ചില യന്ത്രങ്ങളെക്കൊണ്ടു കണ്ടുപിടിച്ചിട്ടുണ്ട്. ഈ വിറയൽ ശക്തിയോടുകൂടിയാകുമ്പോൾ, അതിനെ ഭൂകമ്പമെന്നു പറയുന്നു. ഭൂകമ്പം ചിലസമയം വൃക്ഷങ്ങൾക്കും വീടുകൾക്കും ജനങ്ങൾക്കും നാശം വരുത്തുന്നു. ഭൂകമ്പം അധികമായി ഉണ്ടാകുന്നതു സാധാരണയായി അഗ്നിപൎവ്വതങ്ങൾക്കു സമീപമുള്ള സ്ഥലങ്ങളിലാകുന്നു.

ജനങ്ങൾക്കും മുതലിനും ഭൂകമ്പംകൊണ്ടു വളരെ നാശം പറ്റുന്നുണ്ടു്. എന്നാൽ മറെറാരു പ്രകാരം ഭൂമിക്കുണ്ടാകുന്ന ഭേദത്തെ ഇതു ചെയ്യുന്നില്ല. അതെന്തെന്നു പറയാം. ഭൂമിയുടെ ചിലഭാഗങ്ങൾ ക്രമേണ മേലോട്ടു പൊങ്ങുകയും മററു ചില സ്ഥലങ്ങൾ ക്രമേണ കീഴോട്ടു താഴുകയും ചെയ്യുന്നു. ഈ മാററങ്ങളും ഭൂമിയുടെ ഉള്ളിലുള്ള ചൂടുകൊണ്ടു സംഭവിക്കുന്നവയാണു്.

ഉഷ്ണത്താലുണ്ടാകുന്ന ഈ മാററങ്ങൾ കരയ്ക്കുണ്ടാകുന്ന വലുതായ ഭേദങ്ങളിൽനിന്നുണ്ടാകുന്ന ദോഷങ്ങളെ ഇല്ലായ്മ ചെയ്യുന്നു. മഴയും മഞ്ഞും കാററും പുഴകളും കരയെ എപ്പോഴും അല്പാല്പമായി തകർത്തുപൊടിച്ചു് നശിപ്പിച്ചുകൊണ്ടുപോകുന്നു എന്നു മുമ്പു നാം കണ്ടുവല്ലൊ. ഇങ്ങനെ കുറെക്കാലം കഴിയുമ്പോൾ, കര തീരെയില്ലാതെയാകുന്നതാണു്. പക്ഷെ, മേൽപ്രകാരം ഭൂമിക്കു മാററങ്ങൾ ഉണ്ടാകുന്നതിനാൽ, കടലുകൾ പൊങ്ങി മൂടുകയും പുതിയ കരകൾ ഉണ്ടാകുകയും ചെയ്യുന്നു.

മേൽകാണിച്ച വിധമുള്ള ചലനം ഭൂമിയുടെ എല്ലാഭാഗത്തും പല പ്രാവശ്യവും ഉണ്ടായിട്ടുണ്ടു്. ഇപ്പോൾ കാണുന്ന കുന്നുകളും താഴ്വരകളും ഒരു കാലത്തു വെള്ളത്തിനടിയിലായിരുന്നവെന്നും അവിടെനിന്നു് അവ ക്രമേണ പൊങ്ങിവന്നവയാണെന്നും ഇതിനുമുമ്പിൽ പറഞ്ഞുവല്ലൊ. ഭൂമിയുടെ ഒരോഭാഗം പൊങ്ങുകയും താഴുകയും ചെയ്യുന്നുണ്ടെന്നുള്ള വാദത്തെ സ്ഥാപിപ്പെടുത്തുവാൻ വേണ്ട ലക്ഷ്യങ്ങൾ എല്ലാ രാജ്യങ്ങളിലും കാണാകുന്നതാകുന്നു.

മലയാളത്തിലെ

൧. ചരിത്രസാമഗ്രികൾ.

ഹിന്തുക്കൾക്കു ചരിത്രമെഴുതുന്നതിനുള്ള വാസന വളരെ കുറവാണെന്ന സംഗതിയെപ്പററി "ഇന്ത്യാചരിത്രം" എന്ന ലേഖനത്തിൽ മുമ്പു പറഞ്ഞിട്ടുള്ളതു വായനക്കാർ ഓർമ്മിക്കുന്നവരായിരിക്കുമല്ലൊ. മലയാളികളെ സംബന്ധിച്ചു ഈ തത്വം കുറെക്കൂടി സ്പഷ്ടമായി കാണുന്നുണ്ട്. ഇതിനു ദൃഷ്ടാന്തമായി ഒരു സംഗതി ഇവിടെ പറയാം. സി. അച്യുതമേനോൻ ബി. എ. അവർകൾ ഒരിക്കൽ ഒരു പ്രത്യേകാവശ്യത്തിന്നായിട്ടു തിരുവിലാമലക്ഷേത്രത്തിലെ ഗ്രന്ഥവരി പരിശോധിക്കുകയുണ്ടായി. അതിൽ ക്ഷേത്രസംബന്ധമായി കലിയുഗാരംഭകാലത്തിൽ നടന്ന ഓരോ സംഗതികളെപ്പററി പറഞ്ഞിട്ടു പിന്നെ "അതിന്റെ ശേഷം" എന്നു തുടങ്ങി തൊണ്ണൂറു സംവത്സരം മുമ്പു നടന്ന കഥകളെപ്പററിയാണ് പറഞ്ഞിരിക്കുന്നതത്രെ. "അതിന്റെ ശേഷം" എന്ന പദങ്ങളെക്കൊണ്ടു ഏകദേശം അയ്യായിരം സംവത്സരങ്ങൾക്കിടയിൽ നടന്ന കഥകളെ ഒരൊററ തള്ളുകൊടുത്തു! ചരിത്രമെഴുതുവാനുള്ള വാസനയില്ലായ്മക്ക് ഇതൊരു നല്ല ദൃഷ്ടാന്തം തന്നെയാകുന്നു. പരമാവധി "മുത്തച്ഛൻ പറഞ്ഞിട്ടുള്ളതായി അച്ഛൻ പറഞ്ഞു കേട്ടിട്ടുണ്ട്" എന്നല്ലാതെ അവിടുന്നപ്പുറത്തുള്ള കഥ തീരെ നാസ്തി. ഇങ്ങനെയാണു നമ്മുടെ ഇടയിൽ കഴിഞ്ഞുപോരുന്നതു്. എന്നാൽ എല്ലാ രാജ്യക്കാർക്കും ചരിത്രജ്ഞാനം — പ്രത്യേകിച്ച് അവരവരുടെ പൂർവ്വചരിത്രത്തെപ്പററിയ ജ്ഞാനം — ഉണ്ടായിരിക്കേണ്ടതു് ഏററവും ആവശ്യമാണെന്ന് ഇതിനുമുമ്പു ചേർത്തിട്ടുള്ള 'ചരിത്രം' എന്നും, 'ഇന്ത്യാചരിത്രം' എന്നും, തലവാചകം വെച്ചുകൊണ്ട് എഴുതീട്ടുള്ള

ണ്ടു ലേഖനങ്ങളിൽനിന്നു സിദ്ധമാകുന്നതിനാൽ അതിനെ വീണ്ടും സാധിക്കുവാൻ ഇവിടെ ശ്രമിക്കുന്നില്ല. മലയാളരാജ്യത്തിന്റേയും തന്നിവാസികളുടെയും ശരിയായിട്ടുള്ള ഒരു പൂർണ്ണചരിത്രം നാം അവശ്യം അറിഞ്ഞിരിക്കേണ്ടതാണെന്നു സിദ്ധമായ സംഗതി മുതൽക്കാരംഭിച്ചാൽ തൽക്കാലം മതിയാകുന്നതാണു. മലയാളത്തിലെ ചരിത്രത്തിന്നു വേണ്ട സാമഗ്രികൾ എന്തെല്ലാമാകുന്നു? അവയിൽ നമ്മുടെ സ്വാധീനത്തിലുള്ളവ എന്തെല്ലാമാണു? അന്യദേശിയരുടെ അടുക്കൽനിന്നു സമ്പാദിക്കേണ്ടുന്നവയിൽ അവശ്യമെല്ലാം? അവയെയെല്ലാം സമ്പാദിക്കേണ്ട മാർഗ്ഗങ്ങളെന്തെല്ലാമാണു? എന്നിങ്ങനെയുള്ള സംഗതികളെയാണു ഈ ലേഖനത്തിൽ പ്രധാനമായി പ്രതിപാദിക്കുവാൻ വിചാരിക്കുന്നതു.

കേരളചരിത്രത്തിനു വേണ്ടുന്ന സാമഗ്രികളെ അകത്തുള്ളവ എന്നും, പുറത്തുള്ളവ എന്നും സാമാന്യേന രണ്ടായി വിഭജിക്കാം. മലയാളത്തിൽനിന്നു ലഭിക്കുന്നവയെല്ലാം അകത്തുള്ള സാമഗ്രികളാകുന്നു. പാണ്ഡ്യരാജ്യം, ചോളരാജ്യം, കൊങ്ങരാജ്യം എന്നീ സമീപരാജ്യങ്ങൾ പണ്ടു മലയാളരാജ്യവുമായി വളരെ സംബന്ധപ്പെട്ടിരുന്നിരുന്നതിനാൽ ആ വക രാജ്യങ്ങളിൽനിന്നു കിട്ടാവുന്നവയേയും അകത്തുള്ള സാമഗ്രികളുടെകൂട്ടത്തിൽ ഗണിക്കാവുന്നതാണു. പുരാതനകാലം മുതല്ക്കു പല പലകാലങ്ങളിൽ മലയാളത്തിലേക്കു കച്ചവടത്തിനും മറ്റുമായി വന്നിരുന്ന പല പരദേശികന്മാരിൽ ചിലർ മലയാളരാജ്യത്തെപ്പറ്റിയും മലയാളികളെപ്പറ്റിയും എഴുതിവെച്ചിട്ടുള്ള ഗ്രന്ഥങ്ങളും മറ്റും പുറത്തുള്ള സാമഗ്രികളായിട്ടെടുക്കാം. ആ വക ഗ്രന്ഥങ്ങളെ ഇംഗ്ലീഷുകാർ സ്വഭാഷയിലേക്കു തർജ്ജമചെയ്തുവരുന്നതിനാൽ വളരെ ശ്രമംകൂടാതെ തന്നെ അവയെ നമുക്കു കിട്ടുവാൻ തരം വന്നുതുടങ്ങീട്ടുണ്ടു. ആ വക റിക്കാർട്ടു

ങ്ങൾ ഈ പ്രകാരത്തിൽ വളരെ വിലപിടിച്ചവയാകുന്നതാകു
ന്നു; എങ്കിലും അവയിൽ പറഞ്ഞിരിക്കുന്ന സംഗതികളെ
മുഴുവൻ പ്രമാണമായിട്ടു സ്വീകരിക്കുവാൻ സൂക്ഷിച്ചിട്ടുവേ
ണ്ടതാകുന്നു. തൊട്ടുവലിക്കുന്ന വാദന്മാരുടെ പാട്ടുകേട്ടി
ട്ടു സൂക്ഷ്മഗ്രാഹിയായ ഒരു സായ്പ് ഇപ്രകാരമാണ് ഹിന്തുക്ക
ളുടെ സംഗീതമെന്നു ധരിച്ചു നോട്ടു കുറിച്ചുവെച്ചുവത്രെ.
അന്യരാജ്യക്കാർ നമ്മളെ കാണുന്നതു് എപ്പോഴും ഈ മാ
തിരിയായിരിക്കുവാൻ എളുപ്പമാകുന്നു. അതിനാൽ വള
രെ മനസ്സിരുത്തി പരിശോധിച്ചതിന്റെ ശേഷമേ അവർ
പറഞ്ഞിട്ടുള്ളതിനെ പ്രമാണമായിട്ടു സ്വീകരിപ്പാൻ പാടു
ള്ളൂ. എന്നാൽ പരദേശികളായ ആധുനിക ഗ്രന്ഥകാ
രന്മാർ മലയാളത്തെപ്പറ്റി ഇപ്പോൾ എഴുതുന്ന ഗ്രന്ഥങ്ങൾ
പിശകുകൂടാതെ കഴിയുന്നതും ശുദ്ധമായിരിക്കണമെന്ന കാര്യ
ത്തിൽ നല്ലവണ്ണം നിഷ്കർഷിക്കുന്നുണ്ടു് എന്ന വാസ്തവവും
ഇവിടെ എടുത്തു പറയേണ്ടിയിരിക്കുന്നു. ഈ വിഷയ
ത്തിൽ മലയാളികളായ നമ്മുടെ ശ്രമം വളരെ കുറവാ
കുന്നുവെന്നു [illegible] കൂടി സമ്മതിക്കയല്ലാതെ അതി
നെതിരായി പറയുവാൻ ഒട്ടും കഴിയുന്നതല്ല. ഇംഗ്ലീ
ഷുമാസികകളിലും മലയാളമാസികകളിലും മലയാളചരി
ത്രസംബന്ധമായി ലേഖനങ്ങളെഴുതുന്ന നമ്മളിൽ അ
പൂർവ്വം ചില കൂട്ടുകാർതന്നെ പ്ലിനി അങ്ങനെ പറയു
ന്നു, ടോളമി ഇങ്ങനെ പറയുന്നു എന്നും മറ്റും പറഞ്ഞു
കലാശിക്കുന്നതല്ലാതെ നമ്മുടെ സ്വാധീനത്തിലുള്ളവയും
അനേകം ചരിത്രവിഷയങ്ങൾ അടങ്ങിയിരിക്കുന്നവയും, പു
റമെയുള്ളവയാണെങ്കിലും നമ്മുടെ അശ്രദ്ധനിമിത്തം ക്ര
മേണ മാഞ്ഞുപോയിക്കൊണ്ടിരിക്കുന്നവയുമായ അകത്തു
ള്ള സാമഗ്രികളെ ഒന്നിനെയെങ്കിലും എടുത്തു പ്രയോഗി
ക്കുന്നില്ല. അവയെ സുലഭമായി സമ്പാദിക്കുന്നതിനും അവ
യുടെ അർത്ഥം ശരിയായിട്ടു മനസ്സിലാക്കുന്നതിനും കാലത്തു

അനുസരിച്ച് അവയെ വേണ്ടപോലെ ക്രമപ്പെടുത്തുന്നതിനും മലയാളികളായ നമുക്കല്ലാതെ ഇതരദേശീയന്മാരായ ചരിത്രകാരന്മാൎക്കു ഒരിക്കലും സാധിക്കുന്നതല്ല. അതിനാൽ ആ ഭാരം നാംതന്നെ ഏറ്റെടുക്കേണ്ടതാകുന്നു. ആവക സാമഗ്രികൾ ഏതെല്ലാമാണെന്നു താഴെ വിവരിക്കാം.

"ഇന്ത്യാചരിത്രസാമഗ്രികൾ" എന്ന ലേഖനത്തിൽ വിഷയവിഭാഗം ചെയ്തിട്ടുള്ളതിനെ അനുസരിച്ചുതന്നെയാണ് ഇവിടെയും വിഷയങ്ങളെ വിഭജിച്ചിട്ടുള്ളതു്. എങ്കിലും ദേശഭേദത്തെ അനുസരിച്ചു വേണ്ടതായ ചില ഭേദഗതികൾ വരുത്തിട്ടുണ്ട്.

I ലിഖിതങ്ങൾ—

(1) ശില: ക്ഷേത്രങ്ങൾ, ജയസൂചകമായിട്ടോ മറ്റോ സ്ഥാപിക്കപ്പെട്ടിട്ടുള്ള സ്തംഭങ്ങൾ, അപൂൎവ്വം ചില പഴയ ക്രിസ്ത്യാനിപ്പള്ളികളിലുള്ള കുരിശുകൾ, പീഠങ്ങൾ മുതലായവ, മുസൽമാൻ പള്ളികൾ എന്നിവയിന്മേൽ കൊത്തീട്ടുള്ള എഴുത്തുകൾ, പാറ കഴിച്ചുണ്ടാക്കപ്പെട്ടിട്ടുള്ള ഗുഹകളും ക്ഷേത്രങ്ങളും, അവയിൽ കാണപ്പെടുന്ന ചില വിഗ്രഹങ്ങൾ; മുനിയറകൾ. (2) ചെമ്പു മുതലായ ലോഹത്തകിടുകളിൽ കൊത്തീട്ടുള്ള എഴുത്തുകൾ. (3) രാജാക്കന്മാരുടെയും പ്രഭുകുടുംബക്കാരുടെയും ആഢ്യന്മാരായ നമ്പൂരിമാരുടെയും വംശാവലികൾ; അവരുടെ കൈവശമുള്ള ഗ്രന്ഥവരികൾ, ക്ഷേത്രങ്ങളിലുള്ള ഗ്രന്ഥവരികൾ, ക്രിസ്ത്യാനികൾ മുതലായ ഇതരമതസ്ഥന്മാരുടെ ചില കുടുംബങ്ങളിലും അവരുടെ പള്ളികളിലും സൂക്ഷിക്കപ്പെട്ടിട്ടുള്ള ഗ്രന്ഥവരി മുതലായ റിക്കാൎഡുകൾ; സന്യാസിമഠങ്ങളിലുള്ള പട്ടാവലികളും ഗ്രന്ഥവരികളും—ഇവയെല്ലാം ഈ വിഭാഗത്തിൽ ഉൾപ്പെടുത്താവുന്നതാണ്. മലയാളത്തിൽ പ്രധാനമായിട്ടുള്ള ഗ്രാമക്ഷേത്രങ്ങളിലും പ്രാധാന്യം ഒട്ടും കുറയാത്ത ചില ഉപഗ്രാമക്ഷേത്ര

ങ്ങളിലും ചില ദേവക്ഷേത്രങ്ങളിലുമുള്ള ശ്രീകോവിലുകളിന്മേലും മണ്ഡപത്തറകളിന്മേലും വലിയ ബലിക്കല്ലുകളിന്മേലും പീഠങ്ങളിന്മേലും, മറ്റുമായി എഴുത്തുകൾ ധാരാളം കാണുന്നുണ്ട്. വട്ടെഴുത്തു കോലെഴുത്തു, തമിഴ്, നാനംമോനം എന്നീവക എഴുത്തു, മലയാളം, അപൂർവ്വമായിട്ടു നാഗരം എന്നീ അക്ഷരങ്ങളെയാണ് ആ വക എഴുത്തുകളിൽ ഉപയോഗിച്ചിട്ടുള്ളത്; അവയിൽ തമിഴും നാനംമോനം എന്ന അക്ഷരവും അധികം തെക്കൻതിരുവിതാംകൂറിലാണു കാണുക. ബാക്കിയുള്ള മലയാളത്തിൽ എല്ലാടത്തിലും കാണുന്നതാണ്. ഇപ്പോഴത്തെ മലയാള അക്ഷരത്തിൽ ഉള്ളവ ഒട്ടേറെ ആധുനികങ്ങളാകുന്നു. വട്ടെഴുത്തിൽ കാണപ്പെടുന്നവയാണ് എല്ലാററിലുമധികം പഴക്കമുള്ളത്. ഇവയ്ക്കുംപുറമേ ഇന്നക്ഷരമാണെന്നു നിശ്ചയപ്പെടാതെകണ്ടുള്ള ശിലാലിഖിതങ്ങളും മലയാളത്തിൽ പലേടങ്ങളിലുമുള്ളതായി മിസ്റ്റർ സ്യൂവൽ എന്ന സായ്‌വിന്റെ പുസ്തകത്തിൽ നിന്നറിയുന്നുണ്ട്. *

മേൽപറഞ്ഞ ലിഖിതങ്ങളിൽ ചിലതിനെ പകർത്തി എടുത്തു "ഇന്ത്യൻ ആന്റിക്വറി", "എപ്പിഗ്രാഫിക ഇന്റിക" മുതലായ മാസികകളിൽ അച്ചടിച്ചു പ്രസിദ്ധം ചെയ്തിട്ടുണ്ട്. തിരുവിതാംകൂറിൽ വിശാഖം തിരുനാൾ മഹാരാജാവിന്റെ കാലത്തു മിസ്റ്റർ സുന്ദരംപിള്ള എന്ന

* ദക്ഷിണേന്ത്യയിൽ പല ദിക്കുകളിലുമുള്ള ക്ഷേത്രങ്ങൾ, പള്ളികൾ, പാറകളിലും കൊത്തപ്പെട്ട ചില ഗുഹകൾ, മററിടങ്ങളിൽ കാണപ്പെടുന്ന ശിലാലിഖിതങ്ങൾ, മുദ്രകൾ, ചെപ്പേടുകൾ, നാണയങ്ങൾ എന്നിങ്ങനെ ചരിത്രത്തിനു വിഷയമായിട്ടുള്ള സകല പദാർത്ഥങ്ങളുടേയും ഒരു ലിസ്റ്റ് മദ്രാസ് ഗവർമ്മെണ്ടു കല്പനപ്രകാരം മിസ്റ്റർ സ്യൂവൽ എന്ന സായ്‌വിന്റെ ശ്രമത്തിന്മേൽ എടുത്തു വലിയ രണ്ടു പുസ്തകങ്ങളായി അച്ചടിച്ചു പ്രസിദ്ധം ചെയ്തിട്ടുണ്ട്. അതിൽ മലയാളത്തിലുള്ളവയെ കാണിക്കുന്ന ഭാഗവും കാണുന്നുണ്ട്. ചരിത്രങ്ങളെ അന്വേഷിച്ചറിവാൻ താല്പര്യമുള്ളവർക്ക് ആ പുസ്തകങ്ങൾ വളരെ സഹായമായി ഭവിക്കുന്നതാണ്.

മഹാൻ തെക്കൻ തിരുവിതാംകൂറിലുള്ള ചില എഴുത്തുകളെ യെല്ലാം പകൎത്തി എടുത്തു വായിക്കുകയുണ്ടായി. അനേകം ചരിത്രകാൎയ്യങ്ങൾ ആ വക എഴുത്തുകളിൽനിന്നറിയുവാനുണ്ട് എന്നു അദ്ദേഹം ഗവൎമ്മെണ്ടിനും ജനങ്ങൾക്കും മനസ്സിലാക്കിക്കൊടുക്കുകയും ചെയ്തു. എന്നാൽ സുന്ദരം പിള്ളയുടെ കാലം കഴിഞ്ഞതിന്റെശേഷം ആ വിഷയത്തിൽ ഉത്സാഹം അത്രതന്നെ ഉണ്ടായിരുന്നില്ല. എങ്കിലും ഇയ്യിടെ കുറച്ചുകാലത്തിനുമുമ്പ് അതിന്റെ വിലയുള്ളവണ്ണം അറിഞ്ഞതിനാൽ തിരുവിതാംകൂർ ഗവൎമ്മെണ്ട് അതിലേക്കായി പ്രത്യേകം ഒരു ഡിപ്പാൎട്ടുമെണ്ടുതന്നെ സ്ഥാപിച്ചു. മിസ്റ്റർ ഗോപിനാഥറാവു എന്ന മഹാനാണ് ഇപ്പോൾ അതിലെ തലവൻ. അദ്ദേഹം അനേകം ലിഖിതങ്ങളെ പകൎത്തിവായിക്കുകയും അവയെ തമിഴക്ഷരത്തിൽ ചേൎത്തു് അതാതിന്റെ കൂടെ ഇംഗ്ലീഷുതൎജ്ജമയും കൊടുത്തു പുസ്തകങ്ങളായി അച്ചടിക്കുകയും ചെയ്തിട്ടുണ്ട്. ഇങ്ങിനെ കുറെകാലം തിരുവിതാംകൂർ ഗവൎമ്മെണ്ടു വേല ചെയ്യുന്നതായാൽ നഷ്ടപ്രായങ്ങളായിരിക്കുന്ന അനേകം ചരിത്രവിഷയങ്ങൾ പുറത്തു വരുവാനിടയാകുന്നതാണ്. കൊച്ചി ഗവൎമ്മെണ്ട് ഇക്കാൎയ്യത്തിൽ ഇതുവരെ യാതൊരുദ്യമവും ചെയ്തിട്ടില്ലാത്തതു കഷ്ടം തന്നെ. ഈ സന്ദൎഭത്തിൽ ഒരു സംഗതി ചൂണ്ടിക്കാണിക്കുവാനുണ്ട്. ചരിത്രവിഷയത്തിൽ വാസനയുള്ള മലയാളികളായ നമ്മളിൽ ചിലർ ശ്രമിച്ചല്ലാതെ ആ വക എഴുത്തുകളെ ശരിയായിട്ടു വായിച്ച് അൎത്ഥം മനസ്സിലാക്കുന്നതിനോ അവിടവിടെ മൂക്കിലും മൂലയിലുമായി കിടക്കുന്ന എല്ലാ എഴുത്തുകളെയും പുറത്തു വരുത്തുന്നതിനോ അന്യന്മാരെക്കൊണ്ടു മുഴുവൻ സാധിക്കുന്നതല്ല. അതിലേക്കു സ്വദേശാഭിമാനികളായ ചിലർ ഇറങ്ങി ആ വക എഴുത്തുകളെ പകൎത്തിയെടുത്തു വായിപ്പാൻ പഠിച്ചു വേണ്ടുന്ന ശ്രമങ്ങൾ ചെയ്യുമാറാകേണമെന്നു

ന്നുള്ള കാലം അതിക്രമിച്ചിരിക്കുന്ന സബ്ജഡ്ജി ഉദ്യോഗം ഭരിച്ചിരുന്ന മിസ്റ്റർ കുക്കയിൽ കേളുനമ്പ്യാർ എന്നൊരു വിദ്വാൻ ഈ വിഷയത്തിൽ കുറെ ശ്രമം ചെയ്തിട്ടുള്ള ഒരാളായിരുന്നു. മാവേലിക്കര ഉദയവർമ്മ തമ്പുരാൻ തിരുമനസ്സുകൊണ്ട് ഇതിൽ ചില പരിശ്രമങ്ങളെല്ലാം ചെയ്യുകയും അവയെല്ലാം ഫലിക്കയും ചെയ്തിട്ടുള്ളതായിട്ടറിവുണ്ട്. ആ മഹാന്മാരെപ്പോലെ ഇരുപതോ മുപ്പതോ പേർ മൂന്നു സംസ്ഥാനങ്ങളിൽവാസമിറങ്ങി ഒത്തൊരുമിച്ചു വേലചെയ്താൽമാത്രമേ കാര്യം വേണ്ടപോലെ ഫലിക്കയുള്ളൂ. മിസ്റ്റർ സ്യൂവൽ എന്ന സായ്പിന്റെ ലിസ്റ്റ് ഒന്നോടിച്ചുവായിച്ചു നോക്കിയാൽതന്നെ ചിറക്കൽ താലൂക്കു മുതൽ കന്യാകുമാരിവരെയുള്ള മലയാളരാജ്യത്ത് ഓരോ ദിക്കിലായി ചരിത്രത്തിന്നു വിഷയമായിട്ടുള്ള സാധനങ്ങൾ എത്ര അനവധിയാണുള്ളത് എന്നു ക്ഷണനേരത്തിൽ നമുക്കു ബോദ്ധ്യപ്പെടുന്നതാണ്. ആ ലിസ്റ്റ് ഒട്ടുംതന്നെ പൂർണ്ണമായിട്ടുള്ളതല്ല. എങ്കിലും ചരിത്രത്തിൽ വാസനയുള്ള ഒരുവൻ അതു വായിക്കുന്നുവെങ്കിൽ അവന് ആ വിഷയത്തിൽ നിശ്ചയമായി ജിജ്ഞാസ വർദ്ധിക്കുകയും അതിൽ പെടാതെകണ്ടുള്ള അനേക മാതിരി സാധനങ്ങളെ സ്വയമേവ കണ്ടുപിടിക്കുവാൻ കഴിയുന്നതും ശ്രമിക്കുകയും ചെയ്യുമെന്നതിന്നു വാദമില്ല. ഗ്രന്ഥകാരന്റെ ഉദ്ദേശ്യവും ഏറെക്കുറെ ഇതുതന്നെയാകുന്നു.

ശിലാലിഖിതങ്ങൾ:—മലയാളത്തിലെ പ്രധാനപ്പെട്ട മിക്ക ക്ഷേത്രങ്ങളിലും ശിലാലിഖിതങ്ങൾ കാണാവുന്നതാണ്. പണ്ടു കേരളത്തിൽ ബുദ്ധമതക്കാരും ജിനമതക്കാരുമായിട്ട് അസംഖ്യം ജനങ്ങളുണ്ടായിരുന്നുവെന്നും പിന്നീട് ആ രണ്ടു മതങ്ങൾക്കും ഈ രാജ്യത്തു പ്രചാരം ഇല്ലാതായതോടുകൂടി അനേകം ബൌദ്ധക്ഷേത്രങ്ങളും ജിനക്ഷേത്രങ്ങളും ഹിന്തുക്ഷേത്രങ്ങളായിട്ടു പരിണമിച്ചുവെന്നും മററുമുള്ള സംഗതികൾ പഴയ തമിഴ്ഗ്രന്ഥങ്ങളിൽനിന്നും പഴ

കഥകളിൽനിന്നും നമുക്കു അറിയുന്നുണ്ടു്. അതിനാൽ ക്ഷേത്രങ്ങളിലുള്ള ശിലാലിഖിതങ്ങളും വേറെ അനേകം സംഗതികൾക്കുപുറമെ ഈവക സംഗതികളെയുംകൂടി വെളിപ്പെടുത്തുന്നതിനു സഹായമായി ഭവിക്കുന്നതാം. ക്ഷേത്രങ്ങളിലുള്ള വിഗ്രഹങ്ങളുടെ അതിസൂക്ഷ്മമായ പരിശോധനകൊണ്ടും ചരിത്രസംബന്ധമായ പല വിഷയങ്ങളും നമുക്കു മനസ്സിലാക്കുവാനുണ്ടു്. പാറ കുഴിച്ചുണ്ടാക്കിയതായി കാണപ്പെടുന്ന ക്ഷേത്രങ്ങളിൽ പ്രത്യേകം മനസ്സുവക്കേണ്ടതാകുന്നു. അവയെല്ലാം മുൻപറഞ്ഞ രണ്ടു മതങ്ങൾക്കും തമ്മിൽ സംബന്ധമുണ്ടെന്നാണു ചില ചരിത്രകാരന്മാരുടെ അഭിപ്രായം. അതിനാൽ അവയെ പ്രത്യേകം പരിശോധിക്കേണ്ടതാണു്.

എഴുത്തു കൊത്തീട്ടുള്ള ചില സ്തംഭങ്ങൾ മലയാളത്തിൽ പലേടങ്ങളിലും കണ്ടെത്തുവാൻ വഴിയുണ്ടു്. പീരുമേട്ടുമലയിൽ അങ്ങനെയുള്ള ഒരു സ്തംഭത്തിന്മേൽനിന്നു 'മദ്രാസ് ഗവമ്മെന്റ് എപ്പിഗ്രാഫിസ്റ്റ്' എന്ന ഉദ്യോഗസ്ഥൻ പകർത്തിയെടുത്തതായ ഒരു രേഖ ഈ ലേഖകൻ കാണുകയുണ്ടായി. ഒരു പാണ്ഡ്യരാജു് അക്രമികളായ ചില മല്ലന്മാരെ ജയിച്ച കഥയാണു് അതിൽ മുഖ്യമായിട്ടുള്ളതു്. അന്വേഷിക്കുന്നതായാൽ നമുക്കു നേരിട്ടു് ഉപയോഗപ്പെടുന്നതായ കഥകളെ പറയുന്ന സ്തംഭലിഖിതങ്ങൾ നമ്മുടെ രാജ്യത്തു പലേടത്തും കണ്ടെത്തുന്നതാണു്. കോട്ടയത്തു് ഒരു പള്ളിയിൽ സൂക്ഷിക്കപ്പെട്ടിട്ടുള്ള ഒരു പാറക്കല്ലിന്മേലും ഒരു കുരിശിന്മേലും ചില അക്ഷരങ്ങൾ കാണുന്നുണ്ടു്. ആ അക്ഷരങ്ങൾ പല്ലവി (Palhavi) ഭാഷയിലും സുറിയാനിഭാഷയിലുമുള്ളവയാണത്രെ. ആ ലിഖിതങ്ങൾക്കു് ഏകദേശം 1,800 സംവത്സരത്തെ പഴക്കം കാണുമെന്നു ചില ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. ആ ശിലകൾ കൊടുങ്ങല്ലൂരിനിന്നു കൊണ്ടുപോയിട്ടുള്ളവ

യാണെന്നാണ് ഐതിഹ്യം. അവ മലയാളത്തിലുള്ള ക്രിസ്ത്യാനികളുടെ ചരിത്രം വെളിപ്പെടുന്നതിന്ന് ഒരു സഹായംതന്നെയാണ്. മാടായി എന്ന സ്ഥലത്തുള്ള മുഹമ്മദിയപ്പള്ളിയിൽ ഒരു ഓടത്തു് അറബി അക്ഷരത്തിൽ ചിലതെല്ലാം കൊത്തീട്ടുണ്ടത്രേ. ന്യൂവലിന്റെ ലിസ്റ്റിൽ അതു കാണുന്നുണ്ട്. ക്രിസ്ത്വബ്ദം 7-ാം നൂററാണ്ടിലോ മറേറാ ആ പള്ളി സ്ഥാപിച്ചിട്ടുള്ള വിവരമാണത്രെ അതിലെ വിഷയം.

മുനിയറ, കൊടക്കല്ല്—മുനിയറകളും കൊടക്കല്ലുകളും മലയാളത്തിലെല്ലാദിക്കിലും കാണ്മാനുണ്ട്. അവയിൽ മുനിയറകൾ സാമാന്യേന മലകളിലും മലയോരങ്ങളിലും കൊടക്കല്ലുകൾ അല്ലെങ്കിൽ തൊപ്പിക്കല്ലുകൾ നാട്ടുപുറങ്ങളിലുമായിട്ടാണ് കാണപ്പെടുന്നതു്. ഉദ്ദേശം പന്ത്രണ്ടുകോല്, ഒമ്പതുകോല്, ഏഴുകോല് ഇങ്ങനെ പലവിധമുള്ള ചുററളവിൽ കരിങ്കല്ലുകൊണ്ടുള്ള ഒററപ്പലകകളെക്കൊണ്ടു നാലുംകൂട്ടീട്ടുള്ളവയും മീതെ അതേമാതിരി ഒരു പലകകൊണ്ടു മൂടീട്ടുള്ളവയുമായ ഓരോ മുറികളാണ് മുനിയറകൾ. അവ മണ്ണിൽ കുഴിച്ചിട്ടിട്ടുള്ളവയായും പാറകളുടെ മേലെ കൂട്ടിവെച്ചിട്ടുള്ളവയായും കാണുന്നുണ്ട്. ഏകദേശം പന്ത്രണ്ടുകോലു ചുററിൽ മണ്ണിൽ കുഴിച്ചിട്ടിട്ടുള്ള ഒരു മുനിയറ ഈ എഴുത്തുകാരൻ കാണുകയുണ്ടായി. അതിന്റെ പള്ളച്ചരിഞ്ഞ ഭിത്തിയുടെ സ്ഥാനത്തുള്ള ഒററക്കരിങ്കല്ലുപലകയ്ക്കു മൂന്നരക്കോലു നീളവും മൂന്നുകോല് പൊക്കവുമുണ്ട്. തെററുവശത്തുള്ളതിന്ന് അത്രതന്നെ പൊക്കവും രണ്ടുകോലു നീളവുമുണ്ട്. അതിലേക്കു പ്രവേശിക്കുവാൻ തെററിഭാഗത്തുള്ള ഒരു പലകമേൽ ഒരു ദ്വാരം മാത്രമേ കണ്ടുള്ളു. ആ മുറിക്കകത്തു് ഒരാൾക്കു സുഖമായി വാസംചെയ്യാം; അതിനത്രത്തോളം ദീർഘവിസ്താരമുണ്ട്. അതിനകത്തുനിന്നു കറുത്തനിറത്തിൽ ഗ്ലേസ്സ് ഉള്ള ചില മൺ

പാത്രങ്ങളും മണ്ണുകൊണ്ടുള്ള നിലവിളക്കും ഇരുമ്പുകൊണ്ടു
ള്ള ശൂലവും ഒരു പവിഴമാലയും കിട്ടുകയുണ്ടായി. പവി
ഴമാലയുടെ ചരട് കാലംകൊണ്ടു ദ്രവിച്ചുപോയിരുന്നതി
നാൽ മാലയായിട്ടു കയ്യിൽകിട്ടുവാൻ തരമായില്ല. ബൌ
ദ്ധന്മാരുടെ ഒരു സംസ്കൃതഗ്രന്ഥത്തിൽ മഹാവ്രതം എന്നൊ
രു വ്രതത്തെപ്പററി വർണ്ണിച്ചുകണ്ടിട്ടുള്ളതിൽനിന്നും ടിബെ
ററുരാജ്യത്തു് ഇതേമാതിരിയിലുള്ള അറകളിൽ ബൌദ്ധമു
നികൾ ഇന്നും വാസംചെയ്തുവരുന്നതായി സാൻഫോർഡ്
എന്നു പേരായ ഒരു യൂറോപ്യദേശസഞ്ചാരി വർണ്ണിച്ചു
കണ്ടിട്ടുള്ളതിൽനിന്നും ഈ വക മുനിയറകൾ ബൌദ്ധമു
നികൾ വാസംചെയ്തുവന്നിരുന്ന യഥാർത്ഥമുനിയറകൾ ത
ന്നെയായിരുന്നുവെന്നൂഹിക്കാം. ഒരു കാലത്തിവിടെ ബൌ
ദ്ധമതത്തിന്നു വളരെ പ്രചാരമുണ്ടായിരുന്നുവെന്നതിലേക്കു്
അനേകതെളിവുകളുണ്ടു്. പക്ഷെ ചില ദിക്കിൽ അസം
ഖ്യം മുനിയറകളെ ഒന്നിച്ചുകാണുന്നതിനാൽ ഇത്രവളരെ മു
നികൾ ഉണ്ടായിരുന്നുവോ എന്നു ശങ്ക തോന്നുന്നു. അ
തിലേക്കും സമാധാനമില്ലെന്നില്ല. ഓരോരുത്തനും പ്രത്യേ
കം അറകൾ വേണമെന്നു നിർബന്ധമുണ്ടായിരുന്നിരിക്കാം.
അപ്പുറം വളരെ കാലംകൊണ്ടു് അസംഖ്യം അറകൾ ഉ
ണ്ടായിത്തീരുവാൻ വഴിയുണ്ടല്ലോ. ഉണ്ടായാലും അവയു
ടെ നിഷ്കൃഷ്ടതയോടുകൂടിയ പരിശോധനകൊണ്ടു് അനവധി
വിലപിടിച്ച ചരിത്രകാര്യങ്ങൾ വെളിപ്പെടുമെന്നതിന്നു
സംശയമില്ല. കൊടക്കല്ലു് എന്നതു് അന്തർജ്ജനങ്ങളുടെ
കുടയുടെ ആകൃതിയിൽ വെട്ടുകല്ലുകൊണ്ടു പണിചെയ്തിട്ടു
ള്ളതാകുന്നു. ഇംഗ്ലീഷിൽ 'കോൺ' എന്നു പറയുന്നതി
ന്റെ ആകൃതിയിൽ മൂന്നു വെട്ടുകല്ലുകൾകൂട്ടി ഒന്നായിച്ചേ
ൎത്തു് ഏകദേശം ഒന്നിച്ചിലപാനം കോലുയരത്തിൽ നിലത്തു
കഴിച്ചിട്ടിരിക്കുന്നു. മൂന്നുംകൂടിച്ചേരുമ്പോൾ അടികൊണ്ടു
വിരിഞ്ഞും മുകൾഭാഗംകൊണ്ടു കൂൎത്തുമുള്ള ഒരു ഉരുണ്ട ത

ടിയായിട്ടിരിക്കുന്നു. അടിയിൽ ഏകദേശം ഒന്നിൽചില്വാനംകോലു വട്ടവും മുകളിൽ കഷ്ടിച്ച് അറുവിരൽ മാത്രം വട്ടവുമുണ്ടാകും. വിസ്താരം വളരെ കുറഞ്ഞ അതിന്റെ ഇരുതലയ്ക്കൽ അപ്പംപോലെ വട്ടത്തിൽ ഒരു വലിയ വെട്ടുകല്ലു വെച്ചിട്ടുണ്ടായിരിക്കും. ഇതാണു കൊടക്കല്ല്. അര്യന്നൂർ എന്നൊരു ദേശത്തുവച്ച് ഈ ലേഖകൻ ഈവക അനവധി കണ്ടവയിൽ ഒന്നിന്റെ തൊപ്പിക്കല്ലിനു പതിമൂന്നുകോൽ വട്ടമുണ്ടായിരുന്നു. നടുഭാഗംകൊണ്ട് ഒന്നേകാൽ കോൽ കനവും വക്കിനു നാലുവിരൽ കനവുമുണ്ടായിരുന്നു. ഇത്രയും ഭാരിച്ച ഒരു വെട്ടുകല്ലു കേടുകൂടാതെ വെട്ടിയെടുത്തു മൂന്നു കല്ലുകൾ കുത്തിച്ചാരിവെച്ചിട്ടുള്ളതിന്റെ മുകളിൽ കയററി വയ്ക്കുന്നതിനു സാമർത്ഥ്യമുള്ള ശില്പികൾ നമ്മുടെ ഇടയിൽ ഇപ്പോൾ ഇല്ല, നിശ്ചയംതന്നെ. എന്തു സാധനത്തെ സൂചിപ്പിക്കുന്നതിനായിട്ടാണ് ഈ കല്ലുകൾ ഇങ്ങനെ പല ദിക്കിലും സ്ഥാപിച്ചിട്ടുള്ളത് എന്ന് ഊഹിക്കുവാൻ ഒരു മാർഗ്ഗവും കാണുന്നില്ല. മൂഢന്മാരായ കൃഷിക്കാർ ഈവക കല്ലുകളെ ക്രമേണ നശിപ്പിച്ചുകളയുന്നതായിട്ടറിയുന്നു. അവ ചരിത്രസാമഗ്രികളുടെ കൂട്ടത്തിൽ ഏററവും മുഖ്യമായ ഒരു ഇനമാകയാൽ ബാക്കിയുള്ളവയെ ഇനിയെങ്കിലും നശിപ്പിക്കാതെ നിർത്തി സൂക്ഷിക്കുന്നതിനു നാട്ടുകാർ ഓരോരുത്തരും പ്രത്യേകം ചുമതലപ്പെട്ടവരാകുന്നു.

ചെമ്പേട്ടിൽ എഴുതിവച്ചിട്ടുള്ള റിക്കാർട്ടുകൾ മലയാളത്തിൽ പലേടങ്ങളിലുമുണ്ട്. അവയിൽ കുറെ പ്രധാനമായിട്ടുള്ള മൂന്നു നാലെണ്ണം യൂറോപ്യന്മാരും ഇന്ത്യക്കാരുമായ ചരിത്രകാരന്മാർക്കു വാദത്തിനു വിഷയമായിത്തീർന്നിരിക്കുന്നു. തിരുവഞ്ചിക്കുളത്തു വാണിരുന്ന ശ്രീവീരരാഘവ ചക്രവത്തി എന്ന രാജാവു മഹാദേവർപട്ടണത്തു (തിരുവഞ്ചിക്കുളത്ത്) ഇരവികോത്തൻചെട്ടിയാർ എന്നൊ

ന്മാർക്കും അയാളുടെ സന്താനങ്ങൾക്കും കരമൊഴിവായിട്ടു മണിഗ്രാമം എന്ന ബിരുദവും പിന്നെ അനേകം സ്ഥാനമാനങ്ങളും കൊടുത്തിരിക്കുന്നതൊന്നും മററുമുള്ള സംഗതികളെ പ്രസ്താവിക്കുന്ന ഒരു രേഖ ആ കൂട്ടത്തിൽ ഒന്നാകുന്നു. തമിഴും മലയാളവും കൂടിച്ചേർന്ന ഒരു ഭാഷയിൽ വട്ടെഴുത്തക്ഷരത്തിലാണു് അതെഴുതീട്ടുള്ളതു്. അതിൽ സാക്ഷികളായിട്ടു് അനേകം രാജാക്കന്മാരുടെ പേരുകൾ കാണുന്ന കൂട്ടത്തിൽ പന്നിയൂർ ഗ്രാമക്കാരെയും ശുകപുരം ഗ്രാമക്കാരെയും കാണുന്നുണ്ടു്. അതിന്റെ കാലം ക്രൈസ്തവം 774-ാമതിലാണെന്നു് ഒരു വിദ്വാൻ അഭിപ്രായപ്പെടുന്നു; 1320-ലാണെന്നു വേറൊരു മഹാൻ; അല്ലാ ക്രൈസ്തവവർഷം 230-ാമതിലാണെന്നു മറെറാരു വിദ്വാൻ. തിരുവിതാംകൂർ ചരിത്രമെഴുതീട്ടുള്ള പി. ശങ്കുണ്ണിമേനോൻ ആ ചെമ്പുപട്ടയത്തിൽ കൊടുത്തിട്ടുള്ള തിഥിനക്ഷത്രമാസാദികളെ ജ്യോത്സ്യന്മാരെക്കൊണ്ടു ഗണിപ്പിച്ചുനോക്കിയപ്പോൾ ഒടുക്കം പറഞ്ഞ കാലമാണു് ഏകദേശം ശരിയെന്നു കണ്ടിരിക്കുന്നു. ക്രമയിൽ കേരളനായരും ആ കാലത്തെയാണു സ്വീകരിച്ചിരിക്കുന്നതു്. ആ പട്ടയത്തിന്റെ കാലം തിട്ടപ്പെടുത്തുന്ന കാര്യത്തിൽ ഭിന്നാഭിപ്രായക്കാർ പലരും ഉണ്ടായിട്ടുണ്ടു്. ചരിത്രവിഷയമായിരിക്കുന്ന ഒരു സംഭവത്തിന്റെ കാലം നിർണ്ണയിക്കുന്ന കാര്യത്തിൽ നമുക്കു് അനേകം സംഗതികളെപ്പററി വിചാരിപ്പാനുണ്ടു്. കോടതിയിൽ ഒരു കേസ്സു വിചാരണ ചെയ്യുന്നതുപോലെതന്നെ ഈ കാര്യത്തിലും അനേകം തെളിവുകൾ ആവശ്യമാകുന്നു. ആ വക തെളിവുകളെത്തന്നെ കൃത്രിമമായിട്ടുള്ളതോ വാസ്തവമായിട്ടുള്ളതോ എന്നു പരിശോധിക്കണം; പിന്നെ അവയെല്ലാം അന്യോന്യവിരോധംകൂടാതെ യോജിച്ചിരിക്കുന്നുണ്ടോ എന്നു നോക്കണം; അതിന്റെ ശേഷമേ ഒരു വിധി പറയുവാൻ പാടുള്ളൂ. ഇതിലേക്ക ദൃഷ്ടാന്തമായി

ഈ പ്രകരണത്തിൽ പറയുന്ന പട്ടയത്തിന്റെ കാലനി
ൎണ്ണയം എന്ന വിഷയത്തെത്തന്നെ എടുക്കുക. ആ പട്ടയ
ം കണ്ടെടുത്താൽ ആദ്യംതന്നെ അതിലെ അക്ഷരങ്ങളെ
ഓരോന്നായി പരിശോധിക്കണം. അക്ഷരലിപി പരിശോ
ധനയിൽ പാണ്ഡിത്യം സമ്പാദിച്ചിട്ടുള്ളവരുടെ പ്രവൃത്തിയാ
കുന്നു. ഇന്നിന്ന അക്ഷരങ്ങൾ ഇന്നിന്നാളികളിൽ നട
പ്പുണ്ടായ് വന്നവയാകുന്നു എന്നും അവ കാലക്രമംകൊണ്ടു
ഇന്നിന്ന ഭേദഗതിയെ പ്രാപിച്ചുവെന്നും മറ്റും അറി
യുവാനുള്ള സാമൎത്ഥ്യം അവൎക്കു നല്ലവണ്ണമുണ്ട്. ഇന്ന
കാലമെന്നു തിട്ടപ്പെടുത്തുന്നതിനു വേറെ എത്രതന്നെ തെ
ളിവുകൾകൊണ്ടുവന്നാലും ആ കാലത്തോടു യോജിക്കാത്ത
അതിൽ ഏതെങ്കിലും ഒരക്ഷരമുണ്ടെങ്കിൽ കേസ്സു മുഴുവൻ
തള്ളപ്പെട്ടതായിട്ടുവരുന്നു. അപ്രകാരംതന്നെ അതിലെ
ഭാഷ, കാലഗണനാസമ്പ്രദായം, പട്ടയം കൊടുത്തിട്ടുള്ള
ആളുടെ പേര്, വാങ്ങിയവന്റെ പേര്, സാക്ഷികളുടെ
പേര്, അവരുടെ അന്നത്തെ അവസ്ഥ, പട്ടയത്തിലുള്ള വി
വരങ്ങൾ, ആ പട്ടയം കൊടുക്കുക എന്ന സംഭവത്തിനു മു
മ്പും പിമ്പുമുള്ള അടുത്ത കാലങ്ങളിലെ മറ്റേ സംഭവ
ങ്ങൾ.— ഇങ്ങനെ അനേകം തെളിവുകളെപ്പറ്റി വിചാ
രിക്കുവാനുണ്ട്. അവയെല്ലാം യോജിച്ചുവന്നാലേ ഒരുവൻ
സ്ഥാപിക്കുന്ന കാലം സ്വീകാരയോഗ്യമാവുകയുള്ളു. ഈ
പ്രകരണത്തിൽ പറയുന്ന പട്ടയത്തിന്റെ കാലം തിട്ടപ്പെടു
ത്തുന്ന കാൎയ്യത്തിൽ ചരിത്രകാരന്മാർ ഓരോരുത്തരും മുമ്പ
റഞ്ഞ പ്രകാരം തെളിവുകളിൽ ഒന്നോ രണ്ടോ മാത്രം അ
ടിസ്ഥാനമാക്കിക്കൊണ്ടാണ് അവരവരുടെ പക്ഷം സ്ഥാ
പിച്ചിട്ടുള്ളത്. താഴെ പറയുന്ന സംഗതികളെക്കൊണ്ട്
ഇതു സ്പഷ്ടമാകും. ആ പട്ടയത്തിൽ പന്നിയൂർ ഗ്രാമ
ക്കാരെയും ശുകപുരം ഗ്രാമക്കാരെയും സാക്ഷികളായി ചേ
ൎത്തിട്ടുണ്ടെന്നു മുമ്പു പറഞ്ഞുവല്ലൊ. അപ്പോൾ ആ രണ്ടു

ഗ്രാമക്കാരും പുഷ്ടിയോടുകൂടിയിരുന്ന കാലത്തായിരിക്കണം അതുണ്ടായതു് എന്നുവരുന്നു. ക്രൈസ്തവം എട്ടാമത്തെയോ ഒമ്പതാമത്തെയോ നൂററാണ്ടിലാണു് ആ പട്ടയത്തിന്റെ കാലമെങ്കിൽ അതു കഴിഞ്ഞിട്ടായിരിക്കണം പന്നിയൂർ ഗ്രാമത്തിന്റെ നാശമെന്നും വരുന്നു. എന്നാൽ "ചിത്തചലനം" എന്ന കലിയാണു പന്നിയൂർ ഗ്രാമത്തിന്റെ നാശകാലമെന്നു മലയാളത്തിൽ ബലമായ ഐതിഹ്യമുണ്ടുതാനും. (ആ കലിയും വിശ്വാസയോഗ്യമാണെന്നു തീർച്ച പറയുന്നില്ല) അതിന്നും പുറമെ, പന്നിയൂർ ഗ്രാമം നശിച്ചതു് ഏകദേശം ക്രൈസ്തവം 10-ാം നൂററാണ്ടിലോ മറേറാ ആണെന്നു സ്ഥാപിക്കുന്ന പക്ഷം മലയാളത്തിൽ തന്നെ ഉണ്ടായിട്ടുള്ള അനേകം സംഭവങ്ങൾക്കു കാലം ലവലേശം ശരിയാകുന്നതല്ല. അതിനാൽ, മലയാളത്തിലുള്ള ഐതിഹ്യങ്ങളും, ആ സംഭവത്തിന്റെയും അതിനോടടുത്തുണ്ടായിട്ടുള്ള വേറെ സംഭവങ്ങളുടെയും സംബന്ധങ്ങളും മററും കാണാതെ പുറത്തുനിന്നു നോക്കിക്കാണുന്ന ഇതരദേശീയന്മാരുടെ ഏതദ്വിഷയകമായിട്ടുള്ള അഭിപ്രായങ്ങളെ സൂക്ഷിച്ചു വേണം പ്രമാണമായി സ്വീകരിക്കുവാൻ. എന്നാൽ, ഇതിന്നു വിരോധകക്ഷിക്കാർ ഇങ്ങനെ ഒരു പൂർവ്വപക്ഷം കൊണ്ടുവന്നേക്കാം: ആ പട്ടയത്തിൽ സാക്ഷികളായി വേണാട്ടു്, ഓണാട്ടു്, വള്ളുവനാട്ടു്, ഏറനാട്ടു് എന്നീ രാജാക്കന്മാരെ കാണുന്നുണ്ടല്ലൊ; പെരുമാക്കന്മാരുടെ കാലമായ അന്നു് ഈ രാജാക്കന്മാർ ഉണ്ടായിരുന്നു എന്നതു് എങ്ങനെ? ഇതിന്നു സമാധാനം പറവാൻ വളരെ ഞെരുക്കമുണ്ടെന്നു തോന്നുന്നില്ല. എങ്ങനെയെന്നാൽ, നമ്പൂതിരിമാരിൽ ചിലർ മത്സരംകൊണ്ടു ക്ഷണിച്ചുവരുത്തുക നിമിത്തമോ അല്ലെങ്കിൽ സ്വയമേവ ബലമായിട്ടാക്രമിച്ചിട്ടോ പെരുമാക്കന്മാർ മലയാളത്തിൽ വാണിരുന്നുവെന്നതു സർവ്വസമ്മതമാകുന്നു. അക്കാലങ്ങളിൽ—

പതാറ്റുകളെക്കൊണ്ടും കാവലകളെക്കൊണ്ടും കുന്നുകളെക്കൊണ്ടും ഗതാഗതത്തിനു ദുർഘടമായിരുന്നു. ഇതുകൊണ്ടുമല്ല — ഓരോ നാടുകളിൽ ഓരോ രാജാക്കന്മാർ വാണിരുന്നുവെന്നും പെരുമാക്കന്മാരുടെ ബലത്തിന്റെ അധഃപതനംപോലെ അവർ താണും പൊങ്ങിയും നിന്നിരുന്നുവെന്നും ചില പെരുമാക്കന്മാർ അതാതു നാടുകളിൽ അവരവരുടെ ആധിപത്യത്തെ സമ്മതിക്കുകതന്നെ ചെയ്തിരുന്നുവെന്നും, വിചാരിക്കുന്നതിൽ യാതൊരു യുക്തിഭംഗവും കാണുന്നില്ല; എന്നുതന്നെയല്ല, മനുഷ്യപ്രകൃതിയെപ്പറ്റി ആലോചിച്ചു നോക്കുന്നോരാൾ മറിച്ചുള്ള അഭിപ്രായമാണ് അസംഭാവ്യമായിരിക്കുന്നതു് എന്നു തോന്നുന്നുമുണ്ട്.

ഇനിയൊരു പട്ടയം കോ. കണ്ടൻ എന്ന ചക്രവർത്തി രാമകാനയ്ക്കു കൊടുത്തിട്ടുള്ളതാകുന്നു. സ്ഥാണുരവിഗുപ്തൻ എന്ന രാജാവു സാപ്പീർ ഈശോ എന്ന ഒരു ക്രിസ്ത്യാനിക്കു കൊല്ലത്തു കുറെ ഭൂമി കൊടുത്തിട്ടുള്ളതിന്റെ ലക്ഷ്യമാണതു്. ഭാസ്കരരവിവർമ്മൻ എന്നൊരു രാജാവു ജൂതന്മാർക്ക് ഒരു പട്ടയം കൊടുത്തിട്ടുള്ളതായി കാണുന്നുണ്ട്. ഇവയുടെ കാലം നിർണ്ണയിച്ചിട്ടുള്ളതെല്ലാം വാദത്തിൽ കിടക്കുന്നതേയുള്ളു.

മുമ്പറഞ്ഞതുകൊണ്ടു മലയാളികളായ നമുക്കു തന്നെ നമ്മുടെ ചരിത്രകാര്യങ്ങളെ വിസ്മരിച്ചു പരിശോധിപ്പാനുള്ള വൈഷമ്യം സ്പഷ്ടമാകുന്നുണ്ടല്ലോ. ഇതിനെപ്പറ്റി ഈ ലേഖകന് അനുഭവപ്പെട്ടിട്ടുള്ള ഒരൊറ്റ ഉദാഹരണം എടുത്തു കാണിക്കാം. ക്രിസ്തുവർഷം 1663-ൽ കൊച്ചിരാജാവും ലന്തക്കമ്പിനിയുമായി ചെയ്ത ഒരു ഉടമ്പടിയെ രേഖപ്പെടുത്തിട്ടുള്ള ഒരു ചെമ്പുപട്ടയം തിരുവിതാംകൂർ 'ആർക്കിയോളജിസ്റ്റ്' മിസ്റ്റർ ഗോപിനാഥറാവു പകർത്തി അതിന്റെ ഇംഗ്ലീഷു തർജ്ജമയോടുകൂടി അച്ചടിച്ചു പ്രസിദ്ധപ്പെടുത്തിട്ടുള്ള ഒരു പുസ്തകം കാണുകയുണ്ടായി.

അതിൽ രണ്ടുമൂന്നു സംഗതികൾ അദ്ദേഹം പിഴച്ചൎത്ഥം പറഞ്ഞിരിക്കുന്നതായിട്ടും ചിലതിന്റെ താല്പൎയ്യം മനസ്സിലാവാതെ, അൎത്ഥം പറയാതെ വിട്ടിരിക്കുന്നതായിട്ടും കാണുന്നുണ്ടു്.

മലയാളത്തിലുള്ള രാജാക്കന്മാരുടെയും പ്രഭുക്കന്മാരുടെയും നമ്പൂതിരിമാരുടെയും കുടുംബങ്ങളിൽനിന്നും ക്ഷേത്രങ്ങളിൽനിന്നും മറ്റും വളരെ ചെമ്പേട്ടുരേഖകൾ പുറത്തിറക്കുവാനുണ്ടു്. അവയെ എല്ലാം ശരിയായി വായിച്ചൎത്ഥം മനസ്സിലാക്കേണ്ടതിനു നമ്മളിൽ ചിലർതന്നെ ഉത്സാഹിച്ചു പുറപ്പെടേണ്ടതത്യാവശ്യമാകുന്നുവെന്നുള്ളതു മുൻപ്രസ്താവിച്ച സംഗതികളിൽനിന്നു വ്യക്തമാകുന്നുണ്ടല്ലോ. പരദേശങ്ങളിൽ ചിലരുടെ കൈവശമുള്ള ചില പട്ടയങ്ങളിൽനിന്നും മലയാളചരിത്രകാൎയ്യങ്ങൾ ചിലതു വെളിപ്പെടുന്നുണ്ടത്രേ.

3. നാണ്യങ്ങൾ*— രാശിപ്പണം, വീരരായൻപണം, പുത്തൻ, ചക്രം, വെള്ളിപ്പണം, ഇരച്ചാട്ടിക്കാശു, വേരെ

* വട്ടത്തിലും പരന്നും സൎക്കാർ മുദ്രയോടുകൂടിയും സൎക്കാർ കല്പനപ്രകാരം അച്ചടിച്ചു, ഒരു പ്രത്യേകവിലയും കല്പിച്ചിട്ടുള്ളതുമായ ലോഹഖണ്ഡങ്ങൾക്കാണു നാണ്യമെന്നു പറയുന്നതു്; അതിന്റെ വില ഇത്രയെന്നു കല്പിച്ചിട്ടുണ്ടായിരിക്കും. സാധാരണയായി സ്വൎണ്ണം, വെള്ളി, ചെമ്പ് എന്നീ ലോഹങ്ങൾകൊണ്ടാണു് അവ അടിക്കപ്പെടുന്നതു്. സാധാരണയായി സ്വൎണ്ണത്തിൽ ചെമ്പും വെള്ളിയും വെള്ളിയിൽ ചെമ്പും കൂട്ടുണ്ടായിരിക്കുന്നതാണു്. സ്ഥിരമായ ഒരു ആകൃതിയില്ലാതെയും വക്കുളയെ ചില മുദ്രകളോടുകൂടിയും ആയിരുന്നു ആദ്യകാലങ്ങളിൽ നാണ്യങ്ങൾ അടിച്ചിരുന്നതു്. അവയ്ക്കു പണ്ടു 'പുരാണങ്ങൾ' എന്നു പേരും പറയപ്പെട്ടിരുന്നു. ദക്ഷിണഇന്ത്യയിൽ വെള്ളി എന്ന ലോഹം ഉണ്ടായിരുന്നില്ല. ചെമ്പുകൊണ്ടുള്ള പഴയ നാണ്യങ്ങൾ കിഴക്കു കടൽതീരപ്രദേശങ്ങളിൽ ഇപ്പോഴും ധാരാളം കാണുന്നുണ്ടു്; മുക്കുവന്മാർ അവയെ ശേഖരിച്ചു ചെമ്പുപണിക്കാൎക്കു വില്ക്കുന്നുണ്ടു്. ഇതു് അവിടങ്ങളിലെ പണ്ടത്തെ വ്യാപാരസമൃദ്ധിക്കൊരു തെളിവാകുന്നു. ആ നാണ്യങ്ങളുടെ ഒരു പുറത്തു് ഒരു കാളയുടെയും മറ്റേ ഭാഗത്തു വൃക്ഷം, മത്സ്യം, കപ്പൽ, ക്ഷേത്രം ഇവയിലേതെങ്കിലും ഒന്നിന്റെയും ചിത്രം ഉണ്ടായിരിക്കും; അവയ്ക്കു [illegible] കാൎഷാപ

ചെമ്പുനാണ്യങ്ങൾ, പറങ്കികളുടെയും ലന്തക്കാരുടെയും ചെമ്പുകൊണ്ടും വെള്ളികൊണ്ടുമുള്ള നാണ്യങ്ങൾ, മലയാ

യോ ഉരുണ്ടോ ആയ രൂപത്തോടുകൂടി വലിപ്പവുമുണ്ടായിരിക്കും. തകരം എന്ന ലോഹംകൊണ്ടും ചില നാണ്യങ്ങൾ തീർത്തിരുന്നു, അവയിലും കുതിരയുടെയോ [illegible] ആനയുടെയോ രൂപം ഉണ്ടായിരിക്കും. ഇവ [illegible] അല്ലാതിൽ പല്ലവരാജാക്കന്മാരുടെ നാണ്യങ്ങളാകുന്നു. [illegible] പ്രാചീനരാജാക്കന്മാരുടെ നാണ്യമുദ്രകൾ താഴെ പറയുന്നവയാകുന്നു. പാണ്ഡ്യന്റേത് ഒരു മത്സ്യം; ചോളന്റേത് ഒരു വ്യാഘ്രം, ചേരന്റേത് ഒരു വില്ല്; ഇങ്ങനെയായിരുന്നു. പാണ്ഡിനാണ്യങ്ങളുടെ ഒരുവശത്തു ഒരു മത്സ്യത്തിന്റെയും ഇരുവശത്തും സൂര്യചന്ദ്രന്മാരുടെയും രൂപം കൊത്തിയിരിക്കും; സാധാരണയായി മേൽപ്രകാരമെന്നതിലും നാണ്യത്തിന്റെ ഒരുവശത്തു മുകളിലും പുറവടിയും ഒരോ മത്സ്യരൂപവും താഴെ ചില അക്ഷരങ്ങളും കൊത്തിയിട്ടും കാണാം. ആ അക്ഷരങ്ങൾ സാധാരണയായി 'സുന്ദരപാണ്ഡ്യ' എന്നായിരിക്കും. [illegible], [illegible], [illegible], വീരപാണ്ഡ്യൻ, [illegible], [illegible] എന്നിവയും [illegible] കാണാവുന്നതാണ്. ഇനി ചോളരാജാക്കന്മാരുടെ നാണ്യം അതിന്റെ ഒരു പുറത്തു ചിലതിൽ ഒരു [illegible] [illegible] ഇരിക്കും; മറ്റേ പുറത്തു [illegible] നില്ക്കുന്ന രൂപവും; ചി[illegible] [illegible] കാണാം; മറ്റുചിലപ്പോൾ ഒരു [illegible] രൂപത്തിനു പകരം കാണുക. ചോളനാണ്യത്തിന്റെ ഒരു പുറത്തു ഒരു [illegible] ഉണ്ടായിരിക്കും. അതിന്മേൽ [illegible] [illegible] എഴുതിയിരിക്കും. ചേരരാജാവിന്റെ നാണ്യത്തിന്റെ ഒരു പുറത്തു ഒരു വില്ലും, മറ്റേ പുറത്തു ഒരു [illegible] കാണാം. അതിനു പുറമേ [illegible] [illegible] ചെമ്പുകൊണ്ടുള്ള നാണ്യം ഉണ്ടായിരുന്നു. [illegible] [illegible] ഉണ്ടായിരുന്ന [illegible] [illegible] [illegible] അച്ചടിച്ചു വെള്ളി [illegible] [illegible]. [illegible] [illegible] [illegible] എന്നും [illegible] എന്നും [illegible] [illegible] എന്നാണ്. [illegible] എന്ന [illegible] നാണ്യം. [illegible] [illegible] [illegible] [illegible]. [illegible] നാണ്യങ്ങളെ [illegible] [illegible] [illegible].

[illegible] [illegible] [illegible] [illegible] നാണ്യം [illegible] [illegible]. [illegible] [illegible] [illegible] [illegible] [illegible] പ്രധാന നാണ്യങ്ങൾ [illegible] [illegible] വെള്ളി [illegible] [illegible]. [illegible] [illegible] വെള്ളികൊണ്ടു നാണ്യമടിപ്പാൻ തുടങ്ങി.* [illegible] [illegible] [illegible]

ളത്തിൽ പല ദിക്കിൽനിന്നും കണ്ടുകിട്ടീട്ടുള്ള റോമനാണ്യങ്ങളും, പാണ്ഡ്യരാജാവിന്റെയും ചോളരാജാവിന്റെയും വി

നടപ്പുണ്ടായിരുന്ന സ്വർണ്ണനാണ്യങ്ങളുടെ കള്ളനാണയങ്ങൾ വർദ്ധിച്ചതുകൊണ്ടു വെള്ളിനാണ്യത്തിനും അധികമായ പ്രചാരം സിദ്ധിച്ചു. ഇംഗ്ലീഷ്, ഫ്രഞ്ച്, ഡച്ച് എന്നിവരുടെ കച്ചവടസ്ഥലങ്ങളിൽ വെള്ളിനാണ്യം അടിപ്പാൻ തുടങ്ങി.

മേൽപറഞ്ഞ ഇന്ത്യയിൽ നടപ്പുണ്ടായിരുന്ന ചില പ്രധാന നാണ്യങ്ങളുടെ വിവരം:— (1) മൊഹർ— ഇതിനു തെക്കിൽ മൊഹറി എന്നും തമിഴിൽ മാടൈ എന്നും പേർ. ഇതു സ്വർണ്ണനാണ്യമാണ്. 16 ഉറുപ്പിക അല്ലെങ്കിൽ 15 ആർക്കാട്ട (മദ്രാസ്) രൂപ വിലയുണ്ടാകും. (2). ഗിന്നെളഫണം— തിരുനൽവേലിയിൽ നടപ്പുണ്ടായിരുന്ന നാണ്യം, ഇതിനു 3¼ പണം 7 കാശ് വില. 3. ശ്രീരാമടങ്ക— ഇതു കണ്ണനൂർനാണ്യമാണ്; നടു അല്പമൊന്നു കുഴിഞ്ഞിരിക്കും. അതിന്റെ ഒരു പുറത്തു സീതാരാമന്മാരുടെയും മറുപുറത്തു ഹനുമാന്റെയും രൂപം ഉണ്ടായിരിക്കും. 4. രാശിപ്പണം— നാണ്യങ്ങളുടെ കൂട്ടത്തിൽ ഏറ്റവും പഴയതു*; ഇതു സ്വർണ്ണംകൊണ്ടുണ്ടാക്കപ്പെട്ടതാണ്. അതിന്മേൽ പതിനാലു രേഖകളുണ്ട്, പന്ത്രണ്ടു കള്ളികൾ ... രാശികളുടെയും ... രണ്ടു കണ്ണുകളും ... രൂപമാകുന്നു. 5. വരാഹം (Pagoda)— ഇതിനു മൂന്നു മുതൽ നാലുവരെ രൂപ വിലയുണ്ടായിരിക്കും. വിഷ്ണുവിന്റെയും ലക്ഷ്മിയുടെയും രൂപങ്ങളുള്ള അതിന്റെ അരികളും ... കാണുന്നു, ചിലതിൽ ശിവന്റെയും പാർവ്വതിയുടെയും ആയിരിക്കും. ഇതു പല ദിക്കുകളിലും അടിച്ചിരുന്നു. 6. ചക്രം— തെക്കെ ഇന്ത്യയിൽ വളരെ പഴക്കമുള്ള നാണ്യം. ഇതു തഞ്ചാവൂര് അടിച്ചിരുന്നു; തിരുവിതാംകൂറിലെ ചക്രം 28½ കൂടിയാൽ ഒരു രൂപയായി. 7. കലിച്ചക്രം— ഒരു പഴയ നാണ്യം; തെക്കെ ഇന്ത്യയിൽ നടപ്പായിരുന്നു. 8. പുതുച്ചക്രം— ഇതു തമിഴ്നാട്ടിലുള്ള നാണ്യമായിരുന്നു. 9. വീരരായചക്രം— ... ബെദ്നൂർ എന്ന സ്ഥലത്തു നിന്നടിച്ചിരുന്നത്. 10. പുത്തൻ— ഇത് ആദ്യമായി പറങ്കികളുടെ കാലത്താണ് അടിച്ചത്. 11. പുത്തൻപണം— പുതിയ വീരരായൻപണം. 12 പഴമണി— പഴയ വീരരായൻപണം. 13. ഹൂണം— ഇതു കന്നടക്കാരിലെതാണ്; മലയാളത്തിൽ പൊന്ന്, സംസ്കൃതത്തിൽ ഹേമം, ഹിരണ്യം എന്നീ പേരുകളുണ്ട്. ഇതു സ്വർണ്ണമാണ്, ഇതു രണ്ടു 'വരാഹ'ത്തോടടുക്കും; രണ്ടു ഹൂണം = 1 വരാഹൻ. മൈസൂരിൽ പണ്ടു ഇതിനു നടപ്പുണ്ടായിരുന്നു.

* "കാശുകൾ— ഇവിടെ അസംഖ്യം റോമനാണ്യങ്ങൾ കണ്ടുകിട്ടു

ജയനഗരരാജാവിന്റെയും നാണ്യങ്ങൾ—ഇവയും മററു പലതും മലയാളചരിത്രാന്വേഷണത്തിനു സഹായികളാകുന്നു. നാണ്യപരിശോധനം എങ്ങനെയാണു ചെയ്യുക എന്നും, അതുകൊണ്ടു ചരിത്രവിഷയങ്ങൾ എങ്ങനെയാണു വെളിപ്പെടുന്നതെന്നും "ഇന്ത്യാചരിത്രസാമഗ്രികൾ" എന്ന ലേഖനത്തിൽ വിശദമായി പറഞ്ഞിട്ടുണ്ട്.

4. ഗ്രന്ഥപരിശോധന—(എ) സംസ്കൃതഭാഷയിലുള്ള ഗ്രന്ഥസമൂഹങ്ങൾ:—പൂർവ്വമീമാംസ, വേദാന്തം, തന്ത്രം, മന്ത്രം, ആശൌചം, ജ്യോതിഷം, വൈദ്യം, വ്യാകരണം, തച്ചുശാസ്ത്രം എന്നിങ്ങനെയുള്ള ശാസ്ത്രങ്ങളിൽ മലയാളികളായ പല വിദ്വാന്മാരും എഴുതീട്ടുള്ള ഗ്രന്ഥങ്ങൾ; കാവ്യനാടകാദി സാഹിത്യഗ്രന്ഥങ്ങൾ; അവയുടെ വ്യാഖ്യാനങ്ങൾ മുതലായവ. (ബി) തമിഴ്ഗ്രന്ഥങ്ങൾ—തൊല്കാപ്പിയം എന്ന പ്രസിദ്ധവ്യാകരണഗ്രന്ഥം, പത്തുപ്പാട്ട്, പട്ടിനപ്പാലൈ, എട്ടുത്തൊകൈ, അകനാനൂറ്,

---

ണമായി, അവ ഒരു പിച്ചളക്കുടത്തിലാക്കി മണ്ണിൽ കുഴിച്ചിട്ടതായിട്ടാണ കണ്ടെത്തിയത്. 'ഒരൊററ സ്ഥലത്തുനിന്നുതന്നെ അഞ്ചു കുട്ടിക്കാക്കിള്ള അത്രയും സ്വർണ്ണനാണ്യങ്ങൾ കിട്ടപ്പെട്ടതായി പറയപ്പെട്ടിട്ടുണ്ട്' അവയിൽ വളരെയെണ്ണം ഉരുക്കുകയോ നാട്ടുകാർ എടുത്തുകൊണ്ടുപോവുകയോ ചെയ്തു. തിരുവിതാംകൂർമഹാരാജാവിന്റെ പക്കൽ അനവധിയെണ്ണം ഇരിപ്പുണ്ട്. ഇപ്പോഴും അവിടത്തെ പക്കൽ ഉള്ള നാണ്യങ്ങളുടെ ഒരു വിവരം താഴെ ചേർക്കുന്നു.-

അഗസ്റ്റസ്സിന്റെ നാണ്യം	8
അന്റോണിയസ് അഗസ്റ്റസ്സിന്റെ	2
ടൈബീരിയസ്സിന്റെ	28
കലിഗുലയുടെ	2
ക്ലാഡിയസ്സിന്റെ	16
നീറോവിന്റെ	16
ആകെ	73

(സ്യൂവലിന്റെ ലിസ്റ്റ്.)

പുറനാനൂറ്, ഔവ്വയുടെ കൃതികൾ, മണിമേകലൈ, ചില
പ്പതികാരം, പതിററുപ്പത്തു, കുലശേഖരപ്പെരുമാൾ ആഴ്
വാരുടെ കൃതികൾ മുതലായവ. ഇവയിൽ ചിലതെല്ലാം
ഗ്രന്ഥസമൂഹങ്ങൾ തന്നെയാകുന്നു. ഇവയ്ക്കുപുറമെ ഇനി
യും അസംഖ്യം പഴയഗ്രന്ഥങ്ങളെ—സംഘഗ്രന്ഥങ്ങൾ എ
ന്നു പറയുന്നവയെ വിശേഷിച്ചും—പരിശോധിക്കുന്നതാ
യാൽ മലയാളത്തെ സംബന്ധിച്ച് അനേകം ചരിത്രവി
ഷയങ്ങൾ കണ്ടുകിട്ടുന്നതാണ്. (സി) മലയാളഭാഷയിലു
ള്ള ഗ്രന്ഥങ്ങൾ—യാഗം, വേളി, പ്രായശ്ചിത്തം മുതലായ
വയുടെ ചടങ്ങുകളെ പ്രതിപാദിക്കുന്ന ഭാഷാഗ്രന്ഥങ്ങൾ;
ആശൌചവിഷയമായും തന്ത്രവിഷയമായും മന്ത്രവാദവി
ഷയമായുമുള്ള ഭാഷാഗ്രന്ഥങ്ങൾ; വൈദ്യം, ജ്യോതിഷം മു
തലായ ശാസ്ത്രങ്ങളിൽ ഭാഷയായിട്ടെഴുതീട്ടുള്ള ഗ്രന്ഥ
ങ്ങൾ; പ്രബന്ധങ്ങൾ, ചമ്പുക്കൾ; നാടകങ്ങൾ, സന്ദേശ
ങ്ങൾ, രാമചരിതം, ചന്ദ്രോത്സവം മുതലായ കാവ്യങ്ങൾ,
കണ്ണശ്ശപ്പണിക്കരുടെ കൃതികൾ, ചെറുശ്ശേരി നമ്പൂതിരിയു
ടെ കൃതികൾ മുതലായ സാഹിത്യഗ്രന്ഥങ്ങൾ—ഇങ്ങനെ
പ്രസിദ്ധങ്ങളായും മററനേകം അപ്രസിദ്ധങ്ങളായുമുള്ള ഭാ
ഷാഗ്രന്ഥങ്ങൾ. വൈദികം, സ്മാർത്തം, താന്ത്രികം മുതലായ
വിഷയങ്ങളെ സംബന്ധിച്ച ഗ്രന്ഥങ്ങൾമുഴുവൻ നമ്പൂ
തിരിമാരുടെ ഇടയിൽ മാത്രം ഉള്ളവയും വളരെ പഴക്കമു
ള്ളവയും തനിമലയാളത്തിൽ എഴുതപ്പെട്ടിട്ടുള്ളവയുമാകു
ന്നു. അവർ ഈ ഗ്രന്ഥങ്ങളെ വേദങ്ങളോളംതന്നെ പ്രാ
ധാന്യമുള്ളവയായി വിചാരിക്കുന്നതിനാൽ അവയെ ഗോപ്യ
മായി വയ്ക്കുന്നതിൽ അതിയായ നിഷ്കർഷ കാണിക്കുന്നു.
എങ്കിലും, മലയാളചരിത്രസംബന്ധമായി വളരെ മുഖ്യങ്ങ
ളായ പല സംഗതികളെയും വെളിപ്പെടുത്തുന്നവയാക
യാൽ അവയെ ഏതുവിധമെങ്കിലും സമ്പാദിച്ചു പരിശോ
ധിക്കേണ്ടതാകുന്നു. ഇവയ്ക്കും പുറമേ, ആയുധാഭ്യാസം,

യുദ്ധമര്യാദ, നായാട്ടുവിധി, കരിമരുന്നുപ്രയോഗം, കൃഷിസമ്പ്രദായം മുതലായ പല വിഷയങ്ങളെ സംബന്ധിച്ച അനേകം ഭാഷാഗ്രന്ഥങ്ങൾ അവിടവിടെ അപൂർവ്വമായി കാണാവുന്നതാണ്. ഈ ഗ്രന്ഥങ്ങളുടെ പരിശോധനയിൽനിന്നു കേരളചരിത്രത്തിന്റെ പല ഭാഗങ്ങളും വെളിപ്പെട്ടുകാണുവാൻ വഴിയുണ്ട്.

5. ക്ഷേത്രമാഹാത്മ്യങ്ങൾ — ക്ഷേത്രങ്ങളെയും സന്യാസിമഠങ്ങളെയും പള്ളികളെയും സംബന്ധിച്ച ഗ്രന്ഥവരി മുതലായവ; ആഢ്യന്മാരായ നമ്പൂതിരിമാരുടെ കുടുംബചരിത്രങ്ങൾ, ഗ്രന്ഥവരികൾ; രാജകുടുംബങ്ങളുടെയും പ്രഭുകുടുംബങ്ങളുടെയും ചരിത്രങ്ങൾ, ഗ്രന്ഥവരികൾ. മലയാളത്തിലുള്ള ഒട്ടെല്ലാ പ്രധാനക്ഷേത്രങ്ങളുടെയും മാഹാത്മ്യങ്ങൾ എഴുതപ്പെട്ടിട്ടുണ്ട്. അവ സാമാന്യേന പുരാണരീതിയെ അനുസരിച്ചിട്ടുള്ളവയാണെങ്കിലും ചരിത്രകാരന്റെ നോട്ടംകൊണ്ടു ചരിത്രവിഷയമായിട്ടുള്ള അനേകം തത്വങ്ങൾ അവയിൽനിന്നു വെളിപ്പെട്ടുവരുന്നതാണ്. ഹിന്തുക്കളുടെയും ക്രിസ്ത്യാനികളുടെയും മുഹമ്മദീയരുടെയും ദേവാലയങ്ങളിലും അവരുടെ സന്യാസിമഠങ്ങളിലും രാജകുടുംബങ്ങളിലും ആഢ്യന്മാരുടെ കുടുംബങ്ങളിലും പ്രഭുകുടുംബങ്ങളിലും ഗ്രന്ഥവരി എഴുതിവെക്കുക എന്ന സമ്പ്രദായം ഒട്ടടുത്ത കാലംവരെ ഉണ്ടായിരുന്നു. അഗ്നിബാധനിമിത്തവും ശത്രുബാധനിമിത്തവും മറ്റും അവയിൽ ഏതാനും നശിച്ചുപോയിട്ടുണ്ടെങ്കിലും ഇനിയെങ്കിലും ശ്രമിക്കുന്നതായാൽ ചിലതെല്ലാം കണ്ടുകിട്ടുവാൻ ഞെരുക്കമുണ്ടാവുമെന്നു തോന്നുന്നില്ല. ആവക ഗ്രന്ഥവരികളും മലയാളചരിത്രസാമഗ്രികളിൽ ഒരു മുഖ്യമായ ഇനമായിട്ടു വരാവുന്നതാണ്.

6. ക്ഷേത്രങ്ങളിലുള്ള ഉത്സവങ്ങൾ, തിറപ്പുകൾ, പടേനി (പടയണി), പടപ്പുറപ്പാട് എന്നിങ്ങനെ

വാർഷികമായി അവിടവിടെ നടക്കുന്ന അടിയന്തരങ്ങളുടെ ചടങ്ങുകളും അവയുടെ ആഗമങ്ങളും.

7. മലയാളത്തിലുള്ള പാട്ടുകൾ— 1. ശാസ്ത്രത്തിലുള്ള പാട്ടുകൾ, 2. വേട്ടക്കരൻ പാട്ടിന്നു പാടുന്ന പാട്ടുകൾ, 3. തീയാട്ടിന്നുള്ള പാട്ടുകൾ, 4. അയ്യപ്പൻ പാട്ട്, 5. ബ്രാഹ്മണിപ്പാട്ട്, 6. വടക്കൻപാട്ട്, 7. വേലന്മാരുടെ പാട്ടുകൾ, 8. പാണന്മാരുടെ പാട്ടുകൾ, 9 പുള്ളുവന്മാരുടെ പാട്ടുകൾ, 10. പാമ്പുമ്പാട്ട്, 11. ജോനകരുടെ ഇടയിലുള്ള പാട്ടുകൾ, 12. ക്രിസ്ത്യാനികളുടെ ഇടയിലുള്ള പാട്ടുകൾ, 13 മുക്കുവരുടെ ഇടയിലുള്ള പാട്ടുകൾ, 14. ചെറുമക്കളുടെ പാട്ടുകൾ. നമ്മുടെ പൂർവ്വന്മാരുടെ പലവിധ ആചാരസമ്പ്രദായങ്ങൾ, ദൈവികമായ വിശ്വാസങ്ങൾ, മൂഢവിശ്വാസങ്ങൾ, വീരപരാക്രമങ്ങൾ, ശൃംഗാരവിഷയങ്ങൾ മുതലായ അനേകം ലോകവ്യവഹാരങ്ങൾ ഈ വക പാട്ടുകളിൽ അടങ്ങിയിരിക്കുന്നുണ്ട്. അതിനാൽ അവയെയെല്ലാം കഴിയുന്നതും വേഗത്തിൽ തേടിപ്പിടിച്ചു രേഖപ്പെടുത്തി കേരളചരിത്രസാമഗ്രികളുടെകൂട്ടത്തിൽ റിക്കാർട്ടാക്കി വെക്കേണ്ടതാകുന്നു.

8. ചരിത്രപ്രധാനങ്ങളായും ഇപ്പോൾ ജീർണ്ണങ്ങളായും കിടക്കുന്ന സ്ഥലങ്ങളെ കിളച്ചു പരിശോധിക്കുക. മലയാളത്തിൽ പണ്ടു പരദേശങ്ങളിലെപ്പോലെ വലിയ പട്ടണങ്ങൾ വളരെ ഉണ്ടായിരുന്നതായിട്ടു കേട്ടുകേൾവിയില്ല. പെരുമാക്കന്മാരുടെ തലസ്ഥാനമായിരുന്ന തിരുവഞ്ചിക്കുളം ഒരു വലിയപട്ടണമായിരുന്നുവെന്നു തമിഴ്ഗ്രന്ഥകാരന്മാരും വിദേശീയന്മാരായ ചില ഗ്രന്ഥകാരന്മാരും വർണ്ണിച്ചുകാണുന്നുണ്ട്. തിരുവഞ്ചിക്കുളത്തുനിന്നു ഏകദേശം നാലുനാഴിക വടക്ക് തൃക്കണാമതിലകം എന്നൊരു ദിക്കുണ്ട്; അതു പണ്ടു പെരുമാക്കന്മാരുടെ കാലത്തു പിടാരന്മാ

ങ്ങടെ യോഗം കൂടിയിരുന്ന ഒരു സ്ഥലമായിരുന്നുവെന്നു ചിലപ്പതികാരം എന്ന തമിഴ്ഗ്രന്ഥത്തിൽ കാണുന്നു. പിന്നെ, ഓരോരോ പെരുമാക്കന്മാരുടെ പേരുകളെ കൂട്ടിച്ചേർത്തു പറഞ്ഞുവരുന്നതായ സ്ഥലങ്ങൾ മദ്ധ്യകേരളത്തിലും വടക്കെമലയാളത്തിലും പലതുമുണ്ട്. പെരുമാക്കന്മാരുടെ കാലം കഴിഞ്ഞതോടുകൂടി തിരുവഞ്ചിക്കുളം അപ്രധാനമായിത്തീർന്നപ്പോൾ തെക്കൻകൊല്ലം വിദേശീയരായിട്ടുള്ള കച്ചവടംകൊണ്ടും മററും വളരെ ഐശ്വര്യത്തെ പ്രാപിക്കുകയും ഒരു വലിയപട്ടണമായിത്തീരുകയുംചെയ്തു. കോഴിക്കോടിന്ന് ഏകദേശം ഒരു ആയിരം കൊല്ലത്തിൽ കുറയാത്ത പഴക്കം കാണും. കൊയിലാണ്ടി, മാടായി മുതലായ സ്ഥലങ്ങളും ചരിത്രസംബന്ധമായിട്ടു പ്രാധാന്യമുള്ളവയാകുന്നു. കൊച്ചി ഒട്ടേറെ ആധുനികമായ ഒരു പട്ടണമാണ്. ക്രിസ്ത്യാനികളുടെയും മുഹമ്മദീയരുടെയും ചരിത്രങ്ങളിൽ മുഖ്യങ്ങളായി പറയപ്പെടുന്നവയും എങ്കിലും ഇപ്പോൾ കുഗ്രാമങ്ങൾ മാത്രമായി ശേഷിച്ചിട്ടുള്ളവയുമായ സമുദ്രതീരത്തുള്ള വേറെ അസംഖ്യം പ്രദേശങ്ങളെയും വിട്ടുകളയുവാൻ പാടില്ല. ഇനി, ഉൾനാടുകളിലും മലമ്പ്രദേശങ്ങളിലും അനേകം മഹാക്ഷേത്രങ്ങളും വാസസ്ഥലങ്ങളും ജീർണ്ണപ്പെട്ടു കിടക്കുന്നതു കാണാം. പണ്ടത്തെ പാണ്ടിരാജ്യത്തോടു സംബന്ധപ്പെട്ടുകിടക്കുന്ന തിരുവിതാംകൂർതാലൂക്കുകളും ഈ വിഷയത്തിൽ പ്രധാനങ്ങളാകുന്നു.

എന്നാൽ, ഇന്നത്തെപ്പോലെതന്നെ പണ്ടും മലയാളത്തിലെ വലിയ കെട്ടിടങ്ങളെല്ലാം മരം പ്രധാനമായി പണിചെയ്യപ്പെട്ടിട്ടുള്ളതായിരുന്നതിനാൽ അഗ്നിബാധനിമിത്തവും ശത്രുക്കളുടെ ആക്രമണംനിമിത്തവും അവ മിക്കതും തീരെ നശിച്ചുപോയിരിക്കണം; അവശിഷ്ടങ്ങളായിട്ടു വളരെ കുറച്ചുമാത്രമേ കാണുകയുള്ളു. അതിനാൽ ആ വക പ്രദേശങ്ങളെ കിളച്ചുനോക്കുക എന്നവേലയ്ക്കു് അടുത്ത കൂലി കിട്ടുന്ന കാര്യം സംശയമാണ്; എങ്കിലും,

ചരിത്രവിഷയമായിട്ടനേകം സൂചനകളെ കൊടുക്കുന്നതും അതിനാൽ ചരിത്രകാരന്മാർക്കുപകാരമായതുമായ അനേകം പദാർത്ഥങ്ങളെ കണ്ടുകിട്ടുമെന്നതിന്നു വാദമില്ല. ഇതു് അഭിവൃദ്ധിപ്പെടുത്തുവാൻ വളരെ ദ്രവ്യവ്യയം കൂടാതെ അനവധി കാലംകൊണ്ടു നടത്തേണ്ടതായ ഒരു പ്രവൃത്തിയാകുന്നു. അതിനാൽ ഈ വക എന്നതെ ചരിത്രസാമഗ്രികളെ കൂട്ടത്തിൽ ശേഖരിക്കുന്നതു, ചരിത്രാന്വേഷണം ചെയ്യുന്നവർ അവരുടെ ഗവർമ്മെണ്ടുകളുടെ സഹായത്തോടുകൂടി മുൻപറഞ്ഞ പ്രദേശങ്ങളെ ഇതിലധികം നശിക്കാതെ സൂക്ഷിക്കേണ്ടതു് ഏറ്റവുമാവശ്യമാകുന്നു.

9. മലയാളത്തിൽ വിവിധവ്യാപാരങ്ങളെ അടിസ്ഥാനമാക്കി വന്നവരായിട്ടുള്ള വിവിധജാതിക്കാരെ പരിശോധിച്ചറിയുക. അപ്രകാരമുള്ള വ്യാപാരവിശേഷങ്ങളിൽനിന്നു മലയാളത്തിലെ ജനസമുദായം പൂർവ്വകാലം മുതൽക്കു് ഏതുപ്രകാരമാണു ക്രമേണ ശാഖോപശാഖകളായി വളർന്നുവന്നു് ഇപ്പോഴത്തെ അവസ്ഥയെ പ്രാപിച്ചതു് എന്നറിയുക.

10. ഓരോ സ്ഥലങ്ങളുടെയും കുടുംബങ്ങളുടെയും പദാർത്ഥങ്ങളുടെയും പേരുകളെ പരിശോധിച്ചറിയുക. ഈ വിധമുള്ള അന്വേഷണംകൊണ്ടു് എങ്ങനെയാണു് ഓരോ സംഗതികളും വെളിപ്പെടുന്നതു് എന്നതിലേക്കു ചില്ലറയായ ചില ഉദാഹരണങ്ങൾ എടുത്തു കാണിക്കാം. 'കണ്ടച്ചാൻകടവു്' എന്നതു് ഇപ്രദേശത്തുള്ള ഒരു കടവിന്റെ പേരാകുന്നു. അന്വേഷണം നടത്തിയപ്പോൾ 'കണ്ടൻചോവൻ കടവു്' എന്നാണു ശരിയായിട്ടു പറയേണ്ടതു് എന്നു കണ്ടു. കണ്ടൻ എന്ന പേരായ ഒരു ചോവൻ കടത്തുകാരനായി ആ പുഴവക്കത്തു താമസിക്കുന്നുണ്ടായിരുന്നുവത്രേ. ഇരിങ്ങാലക്കുടെ തീവണ്ടിയാപ്പീസിൽനിന്നു് എട്ടുനാഴിക കിഴക്കുതെക്കായി മാള എന്ന

സ്ഥലത്തിനടുത്തു 'ചെമ്പോളൂർ' എന്നൊരു ദിക്കുണ്ടു്. 'സെയിൻറ് പാറം ഊരു' എന്നാണു് അതിൻെറ ശരിയായിട്ടുള്ള ഭാഷ. പറങ്കികളുടെ കാലത്തു (ക്രിസ്ത്വം പതിനാറാം നൂററാണ്ടിൽ) അവിടെ സെയിൻറ് പാളിൻെറ നാമധേയത്തിൽ ഒരു പള്ളിയും ഒരു സെമിനാരിയും ഉണ്ടായിരുന്നു. അതിൽനിന്നാണു് ആ ദേശത്തിന്നു് ആ പേരു സിദ്ധിച്ചതു്. തൃശ്ശിവപേരൂർനിന്നു 10 നാഴിക തെക്കു കരുവന്നൂർ എന്ന ഒരു ദേശത്തു 'വെട്ടിയാറ്റി' എന്നു പേരായിട്ടൊരു വീടുണ്ടു്. വെട്ടത്തു നാട്ടിലെ എന്നാണു ശരിയായിട്ടുള്ള ശബ്ദം എന്നും ആ കുടുംബക്കാർ വെട്ടത്തുനാട്ടിൽനിന്നു വന്നിട്ടുള്ളവരാണെന്നും പിന്നീടു മനസ്സിലാക്കി. ക്രിസ്ത്വം 1653-ാമാണ്ടിൽ വെട്ടത്തു രാജകുടുംബത്തിൽനിന്നും കൊച്ചിരാജകുടുംബത്തിലേക്കു ദത്തെടുത്ത കഥ കൊച്ചി സ്റ്റേററ്മാനുവലിൽ വിവരിച്ചുപറഞ്ഞിട്ടുണ്ടു്. ഇവർ അന്നു കൂടെയൊരുമിച്ചുവന്നു കുടിപാർത്തവരായിരിക്കാം. ഗോമാവ്, കശുമാവ് അല്ലെങ്കിൽ പറങ്കിമാവ് എന്നീ വൃക്ഷങ്ങളും പണ്ടു മലയാളനാട്ടിൽ ഉണ്ടായിരുന്നില്ല. ഇന്ത്യയിൽ പറങ്കികളുടെ തലസ്ഥാനമായ ഗോവനഗരത്തിൽനിന്നു ഗോമാങ്ങ (ഗോവമാങ്ങ)യും തെക്കെ അമേരിക്കയിൽ ബ്രസിൽ എന്ന രാജ്യത്തുനിന്നു കശുവണ്ടിയും പറങ്കികൾ ആദ്യമായി മലയാളത്തിൽ കൊണ്ടുവന്നതിൻെറ ശേഷമേ അവ ഇവിടങ്ങളിൽ ഉണ്ടായിത്തുടങ്ങീട്ടുള്ളൂ. പറങ്കികളുടെ ഭാഷയിൽ കശുമാവിന്നു് 'കാഷ്' എന്നാണു് പേരു പറയുക.

11. കലികം — ഒരു സംഭവത്തിൻെറ കലിദിനസംഖ്യയോ കലിവർഷസംഖ്യയോ ഓർമ്മവയ്ക്കുന്നതിന്നുവേണ്ടി ആ സംഖ്യയ്ക്കു പകരം ഉപയോഗിച്ചു വാക്യമാക്കുന്ന ഒരു ഏർപ്പാടു എന്നൊരു സമ്പ്രദായമുണ്ടു്. അക്ഷരങ്ങളുള്ള വാക്യങ്ങളുടെ അർത്ഥം പലപ്പോഴും ആ സംഭവത്തെ

സൂചിപ്പിക്കുന്നതായിരിക്കും. കലികൾ * എന്നു പറയപ്പെടുന്ന ജ്ഞാപകവാക്യങ്ങൾ മലയാളത്തിൽ ധാരാളം കാണ്മാനുണ്ട്. അവയെയെല്ലാം ശേഖരിച്ച് അവയ്ക്കോരോന്നിനും വ്യാഖ്യാനമായി ഓരോ കുറിപ്പുകൾ എഴുതി അച്ചടിപ്പിക്കേണ്ടതാകുന്നു. അവ മുഴുവൻ വിശ്വാസനീയങ്ങളാണെന്നു തോന്നുന്നില്ല. എങ്കിലും, അവയിൽനിന്നു പരി[illegible] സാരമെടുക്കുവാൻ ചരിത്രകാരന്മാർക്കു കഴിയും.

12. ഐതിഹ്യങ്ങളും പഴഞ്ചൊല്ലുകളും—പഴമക്കാരുടെ ഇടയിൽ നടപ്പുള്ള പഴങ്കഥകളെ പുച്ഛത്തോടുകൂടി തള്ളിക്കളയുവാൻ ഒരിക്കലും പാടില്ല. ചരിത്രസംബന്ധമായിട്ടനേകം സാരമായ സംഗതികൾ അവയിൽ മൂടിക്കിടക്കുന്നുണ്ടാകും. ഒരു പഴങ്കഥയെ ഇതിലേക്കു ദൃഷ്ടാന്തമാ

---

* ഒരു സംഭവത്തിന്റെ കലിദിനസംഖ്യ പദങ്ങളെക്കൊണ്ട് എങ്ങനെയാണ് അറിയുന്നത് എന്നതിനുദാഹരണമായിട്ട് ഒരു ശ്ലോകം താഴെ ചേർക്കുന്നു:—

1 [illegible] ധ്രുവ[illegible]
2 [illegible]

1 കലിദിനം—[illegible] (ചെലിയതും ഇടത്തിലെണ്ണിയാൽ 1770065 ദിവസമായി എന്നർത്ഥം) 2. ധ്രുവം—[illegible] (ഒരു [illegible] ധ്രുവം) 3. വാക്യം—[illegible]. ഈ [illegible] കൂടി [illegible] തിയതി, നക്ഷത്രം, തിഥി, [illegible] എന്നിവയെല്ലാം കിട്ടുന്നതാണ്. [illegible] ഈ ശ്ലോകം [illegible] അന്നത്തെ സംഭവത്തിന്റെ സ്വഭാവവും വ്യക്തമാകുന്നു. ഇങ്ങനെയുള്ള കാലഗണനാസമ്പ്രദായം മലയാളികൾ പണ്ടുമുതൽക്കേ [illegible] കാണുന്നു. ഈ സമ്പ്രദായത്തിനു [illegible] ഇന്ത്യയിൽ മറ്റുള്ളവർ ഒരു സംഭവത്തിന്റെ കാലം നിർണ്ണയിക്കുന്നതിനു ചില വാക്കുകൾ ഉപയോഗിച്ചിരുന്നു. [illegible] വാക്കുകൾ [illegible] ഇടത്തോട്ട് വായിക്കണം. ഉദാഹരണം—'[illegible]' എന്നതു ശകാബ്ദം 1634 എന്നതിനെ കാണിക്കുകയാകുന്നു. ഇവിടെ [illegible] 4; [illegible] 6 [illegible]

യിട്ടെട്ടു ഞാൻ പറയാം. പണ്ടു പരമേശ്വരൻ കാലനെ ജയി
ച്ചതിനുശേഷം മനുഷ്യർക്കാർക്കും മരണമില്ലാതെയായി.
അപ്പോൾ അവർ പ്രായാധിക്യം നിമിത്തം ക്ഷീണി
ച്ച് ഉപദ്രവമായിത്തീർന്ന് തീയിലും മറ്റും ചെന്നു വീണു തു
ടങ്ങിയതിനാൽ ദൈവപ്രകാരം [illegible] പി
ച്ചുനടന്ന [illegible] കുഴികളിലേ—മണ്ണൽ കുഴിച്ചിട്ടുള്ള ദൈവക
ളെൻ പാറകളിൽ—ഇട്ടുകളഞ്ഞു [illegible] ഈ ക
ഥയിൽ നിന്നു നമുക്ക് എന്താണ് ഗ്രഹിക്കുവാനുള്ളത്?
ഒരു കാലത്തു മനുഷ്യരെ ഭൂമിയിൽ ശവം മറവുചെയ്യുക എ
ന്ന സമ്പ്രദായമുണ്ടായിരുന്നില്ല; പിന്നീട് ആ ഏർപ്പാടു
നടപ്പായി. എന്നിട്ടും പഴയ സമ്പ്രദായം തീരെ നശിച്ചു
പോയില്ല. അതിന്റെ അവശിഷ്ടമായിട്ടാണ് നാം ഇന്നും

ഭാവങ്ങൾ 1. തനു (ശരീരം)=4. [illegible] സാധാരണയായി [illegible] [illegible] 1=ലഗ്നം, [illegible] 2=ധനം, [illegible] 3= [illegible] 4=ബന്ധു, [illegible] 5=[illegible] 6=[illegible] 7=[illegible] 8=[illegible] 9=[illegible] 10=[illegible] 11=[illegible] 12=[illegible]

പെറുക്കി പള്ളക്കലത്തിലാക്കി പിലാവിൻചുവട്ടിലൊ മററൊ സ്ഥാപിച്ചുവരുന്നതു്. ദക്ഷിണ ഇന്ത്യയിൽ എല്ലാടിക്കിലും മുൻപറഞ്ഞതരം മൺചാറകൾ ധാരാളമായി കാണുന്നതുകൊണ്ടു് ഒരു കാലത്തു് അവിടങ്ങളിലെല്ലാംതന്നെ ശവദാഹമുണ്ടായിരുന്നില്ലെന്നു തെളിയുന്നുണ്ട്. ഇങ്ങനെ ഒരു സംഗതിയല്ലേ നമുക്ക് ഈ കഥയിൽനിന്നു ഗ്രഹിപ്പാനുള്ളതു്? അതു വളരെ സാരമായിട്ടുള്ളതുമല്ലേ? പഴഞ്ചൊല്ലുകളിൽനിന്നും ഇപ്രകാരമുള്ള സാരമായ അനവധി സംഗതികൾ ഗ്രഹിപ്പാനുണ്ട്.

ഇനി പുറത്തുനിന്നു കിട്ടുവാനുള്ള ചരിത്രസാമഗ്രികളെപ്പററിയാണു പറയുവാനുള്ളതു്. നാലുകാലത്തെ അനുസരിച്ചു് അവയെ നാലുതരമായിട്ടു വിഭജിക്കാം. 1. ക്രൈസ്തവകാലത്തിനു് ആയിരം സംവത്സരങ്ങൾക്ക മുമ്പു മുതൽ ക്രൈസ്തവം ഒന്നാംശതവർഷാവസാനംവരെയുള്ളതു്; 2. ക്രൈസ്തവം രണ്ടാംനൂററാണ്ടു മുതൽ പതിനഞ്ചാംനൂററാണ്ടിൻെറ അവസാനംവരെയുള്ളതു്; 3. പതിനാറാമത്തേതു മുതൽ പതിനെട്ടാം നൂററാണ്ടിൻെറ അവസാനംവരെയുള്ളതു്; 4. പത്തൊമ്പതാം നൂററാണ്ടു മുതൽ ഇതുവരെയുള്ളതു്. ആദ്യം പറഞ്ഞ കാലത്തിൻെറ ആരംഭത്തിൽ

ചെപ്പേടുപാഠംഗുണകം=1620. ഇതെങ്ങനെ വന്നു എന്നു കാണിക്കാം. ചെ=0, പേടു=2. പാഠം=6. ഗുണകം (ചന്ദ്രൻ)=1. വിപരീതക്രമങ്ങളായ ഇത്തരം വാക്കുകളോടുകൂടി സമയഗണനയായി "പരിമിതി" അല്ലെങ്കിൽ "പരിസംഖ്യ" എന്ന വാക്കുകൂടി കാണാം. അപ്പോൾ ആ വാക്കുകൾ രചിച്ച എണ്ണിക്കയാണെന്നു തീർച്ചപ്പെടുത്താവുന്നതാണ്. മുസൽമാന്മാരുടെ ഇടയിലും ഈ സമ്പ്രദായം നടപ്പുണ്ടായിരുന്നു. മൈസൂർ രാജാവായ ഹൈദരാലി മരിച്ചപ്പോൾ ഒരു മുസൽമാൻകവി അദ്ദേഹത്തിൻെറ വീര്യപരാക്രമങ്ങളെ വർണ്ണിച്ചുകൊണ്ടു് അന്നത്തെ ഭാഷയിൽ ഒരു പാട്ടുണ്ടാക്കി. അതിൻെറ അവസാനം "ഹൈദരാലിഖാൻ ബഹദൂർ" എന്നാണ്. ആ പദങ്ങൾ അദ്ദേഹം മരിച്ച ദിവസത്തെക്കൂടി കാണിക്കുന്നുണ്ടു.

സോളോമൻ എന്ന പ്രസിദ്ധനായ ഒരു രാജാവു ജൂതന്മാരുടെ രാജ്യത്തു വാണിരുന്നു. അന്നു തദ്ദേശീയന്മാർ കച്ചവടത്തിനായി മലയാളത്തിലേക്കു കപ്പൽവഴിക്കു വരിക പതിവായിരുന്നു. പിന്നെ ക്രമത്തിൽ ആ വകക്കാരുടെ അയൽരാജ്യക്കാരായ ഫിനീഷ്യൻകാരും ഗ്രീക്കുകാരും റോമാക്കാരും മററു പലരും ആ വർഷസഹസ്രത്തിനുള്ളിൽതന്നെ മലയാളരാജ്യമായിട്ടു കച്ചവടം നടത്തിക്കൊണ്ടിരുന്നിരുന്നു. അവരിൽ വിദ്വാന്മാരും ചരിത്രകാരന്മാരുമായ പലരും അക്കാലങ്ങളിൽ വഴിയാത്രക്കാരായിട്ടിവിടെ വരികയും ഈ രാജ്യത്തെപ്പററി ഗ്രന്ഥങ്ങൾ എഴുതുകയും ചെയ്തിട്ടുണ്ട്. പല രാജ്യക്കാർ പല കാലങ്ങളിലായിട്ടെഴുതിവച്ചിട്ടുള്ള ആ വക ഗ്രന്ഥങ്ങളിൽ ചിലതിനെ തേടിപ്പിടിച്ച് അവയിൽനിന്നു ചില ഭാഗങ്ങളെ ഇംഗ്ലീഷിലേക്കു തർജ്ജമചെയ്തു പ്രസിദ്ധപ്പെടുത്തിട്ടുള്ളതായി കാണുന്നുണ്ട്. ഇരുട്ടുമയമായിരിക്കുന്ന ആ പുരാതനകാലത്തെ ചരിത്രാന്വേഷണത്തിന് ഇവ ഏറക്കുറെ സഹായമായിത്തീരുമെന്നതിനു വാദമില്ല. പിന്നത്തെ ആയിരത്തഞ്ഞൂറു സംവത്സരത്തിനിടയ്ക്കു മുമ്പറഞ്ഞ ചില രാജ്യങ്ങളിൽനിന്നു ക്രിസ്ത്യാനികളും അറബി, തുർക്കി, പേർഷ്യ മുതലായ രാജ്യങ്ങളിൽനിന്നു മുസൽമാന്മാരും ചീനരാജ്യത്തുനിന്നു ചീനക്കാരും ഇവിടെ വന്നു ധാരാളമായി കച്ചവടം നടത്തിയിരുന്നു. അവരിൽ പല സംഘക്കാരും ഓരോ കാലങ്ങളിലായിട്ടിവിടെ വന്നു സ്ഥിരമായി കുടിപാർക്കുകയും ചെയ്തു. ആ വക വിദേശീയന്മാരിൽ ചില വിദ്വാന്മാർ ദേശസഞ്ചാരത്തിനും മററുമായി ഈ ദിക്കിൽ വന്ന് ഈ രാജ്യത്തെപ്പററി എഴുതിവച്ചിട്ടുള്ള ഗ്രന്ഥങ്ങളും കേരളചരിത്രസാമഗ്രികളുടെ കൂട്ടത്തിൽ ഗണിക്കപ്പെടാവുന്നതാണ്. ആ തരം ഗ്രന്ഥങ്ങളിൽ ചിലതും ഇംഗ്ലീഷിലേക്കു തർജ്ജമചെയ്തിട്ടുണ്ട്. ക്രിസ്തുവർഷം 1500-ാമാണ്ടു മുതൽ ഒരു നൂററമ്പതി

ലധികം കാലത്തോളം പറങ്കികളും പിന്നെ അവിടുന്നങ്ങോട്ടു കഴിച്ചു് അത്രയും കാലത്തോളം ലന്തക്കാരും മലയാളത്തിൽ വന്നു പ്രബലമായി കച്ചവടവും ഏറക്കുറെ രാജ്യാധിപത്യംതന്നെയും നടത്തിക്കൊണ്ടിരുന്നു. ആക്കാലങ്ങളിൽ ആ രണ്ടു കൂട്ടക്കാരും സമ്പാദിച്ചുവച്ചിട്ടുള്ള അസംഖ്യം റിക്കാർട്ടുകളും അവരിൽതന്നെ പാതിരികളായിട്ടിവിടെവന്നു താമസിച്ചിരുന്ന അനേകം പണ്ഡിതന്മാരും ചരിത്രലേഖകന്മാരും കവികളും എഴുതിവച്ചിട്ടുള്ള ഗ്രന്ഥങ്ങളും മലയാളത്തിലെ അന്നത്തെ കാലത്തെയും അതിനുമുമ്പുള്ള കാലത്തെയും ചരിത്രവിഷയങ്ങളെ വെളിപ്പെടുത്തുന്ന കാര്യത്തിൽ ഒട്ടേറെ വിശേഷിക്കത്തക്കവയാകുന്നു. അതിനാൽ കുഴപ്പാടും പണച്ചിലവും എത്രതന്നെ ഉണ്ടായിരുന്നാലും അവയെയെല്ലാം അന്വേഷിച്ചുപിടിച്ചു് ഇംഗ്ലീഷിലേക്കോ മലയാളത്തിലേക്കോ തർജ്ജമചെയ്യിക്കേണ്ടതു് ഏററവും ആവശ്യമാകുന്നു. റോമിൽ പോപ്പയുടെ വാററിക്കാൻ എന്ന അരമനയിലെ ഗ്രന്ഥശാല, പറങ്കികളുടെ തലസ്ഥാനമായ ലിസ്ബൺപട്ടണത്തിലും ലന്തക്കാരുടെ തലസ്ഥാനത്തിലും ഉള്ള മ്യൂസിയങ്ങളിലെ ഗ്രന്ഥശേഖരിപ്പുകൾ, മദ്രാസ് ഗവമ്മേണ്ടുവക റിക്കാർട്ടുകൾ സൂക്ഷിച്ചിട്ടുള്ള സ്ഥലം, കൊച്ചിയിൽ പറങ്കിബിഷപ്പിന്റെ ഗ്രന്ഥശാല എന്നീ സ്ഥലങ്ങളിലാണു് അവ മുഖ്യമായി കാണപ്പെടുക. മദ്രാസുഗവമ്മേണ്ടു റിക്കാർട്ടുകളുടെ കൂട്ടത്തിലുള്ള ലന്തറിക്കാർട്ടുകളെ മദ്രാസ് ഗവമ്മേണ്ടു് ഓരോന്നായി തർജ്ജമചെയ്യിച്ചു പ്രസിദ്ധംചെയ്യുന്നുണ്ടു്. അവയിൽ ഒന്നാമത്തെ വാള്യം ഇയ്യിടെ പുറത്തുവന്നു. ഗല്ലററി എന്നൊരാളാണു് അതെഴുതിട്ടുള്ളതു്. പക്ഷെ നമുക്കു വളരെ രസകരമായ അനേകം സംഗതികളെ എടുക്കാതെ വിട്ടുകളഞ്ഞിട്ടുണ്ടെന്നാണു് കേൾവി. അതിനാൽ ആവക റിക്കാർട്ടുകളെ പരിശോധിച്ചു തർജ്ജമചെയ്യുമ്പോൾ,

വിദ്വാന്മാരും ചരിത്രകാരന്മാരുമായ മലയാളികളും കുറെ ഉണ്ടായിരുന്നാലേ മലയാളചരിത്രത്തിന്നു വേണ്ട സാമഗ്രികൾ അവയിൽനിന്ന് ഉദ്ദേശത്താലും കിട്ടുകയുള്ളൂ. അടുത്ത നൂറുകൊല്ലത്തെ ചരിത്രത്തിന്നുള്ള വിഷയങ്ങൾ ഇംഗ്ലീഷുകാർ പലപ്രകാരത്തിലും സമ്പാദിച്ചുവച്ചിട്ടുണ്ട്. അവയെല്ലാം എല്ലാവർക്കും സുലഭമായി കിട്ടാവുന്നതാകയാൽ അവയെപ്പററി ഇവിടെ വിസ്തരിച്ചിട്ടാവശ്യമില്ല.

ഇതുവരെ പറഞ്ഞുവന്ന സംഗതികളിൽനിന്നു മലയാളചരിത്രത്തിന്നു വേണ്ടുന്ന സാമഗ്രികൾ എന്തെല്ലാമാണെന്നും എവിടെയെല്ലാം അന്വേഷിച്ചാലാണ് അവ കിട്ടുന്നതെന്നും സാമാന്യമായിട്ടു മനസ്സിലാകാറായിയെന്നു വിശ്വസിക്കുന്നു. എല്ലാം പൊതുവായിട്ടൊന്നു തൊട്ടുകാട്ടുക മാത്രമേ ഉണ്ടായുള്ളൂ. എങ്കിലും അതുകൊണ്ടു കേരളചരിത്രവിഷയമായ അന്വേഷണത്തിൽ മലയാളികൾക്ക് എല്ലാവർക്കും ജിജ്ഞാസയുണ്ടായിത്തീരണം എന്നതാണ് ഈ ലേഖകന്റെ മുഖ്യ ഉദ്ദേശ്യം. ജിജ്ഞാസ തദ്വിഷയകജ്ഞാനത്തിന്നും ജ്ഞാനം പ്രവൃത്തിക്കും കാരണമായി ഭവിക്കുന്നു. പ്രവൃത്തികൊണ്ടാണല്ലോ ഫലം സിദ്ധിക്കുന്നതു്. അതിനാൽ ഈ വിഷയത്തിൽ ജിജ്ഞാസയുണ്ടാവുക എന്നതുകൊണ്ടുമാത്രം തൃപ്തിപ്പെടാതെ ഫലോദയം വരെ പ്രവൃത്തിക്കുന്നതിൽ അതിയായ താല്പര്യവുംകൂടി ഉണ്ടാകേണ്ടതാകുന്നു. എന്നാൽ നിത്യകാലക്ഷേപത്തിന്ന് ഒട്ടുംതന്നെ ഞെരുക്കമില്ലാത്ത വിദ്വാന്മാർക്കു മാത്രമേ ഈ വിഷയത്തിൽ നിരന്തരപരിശ്രമം ചെയ്യുന്നതിന്നു സാധിക്കുകയുള്ളൂ. അവരിൽ ചിലർ ശിലാലിഖിതങ്ങളെ ശരിയായിട്ടു വായിക്കുന്നതിന്നും വട്ടെഴുത്തു കോലെഴുത്തു മുതലായ അക്ഷരങ്ങളെ വായിക്കുന്നതിന്നും ശീലിക്കേണ്ടതാകുന്നു; നാണ്യപരിശോധനയും ലിപിപരിശോധനയും

ച്ചെയ്യുന്നതെങ്ങനെയാണെന്നും പഠിക്കണം. സദ്ഗ്രന്ഥങ്ങളെ വായിച്ചർത്ഥം മനസ്സിലാക്കത്തക്കവണ്ണം എളുപ്പമുള്ള വഴിയിൽ വ്യുൽപത്തിസമ്പാദിക്കുക എന്നതു് ഏററവുമാവശ്യമായ ഒരു കാൎയ്യമാകുന്നു. എന്നു തന്നെയല്ല, അവയിൽ ചിലതു വായിച്ചതും പറഞ്ഞു കേട്ടപ്പോഴും മലയാളത്തിലുള്ള എല്ലാ പാഠശാലകളിലും കുട്ടികളെ തമിഴ്ഭാഷ നിൎബ്ബന്ധമായി പഠിപ്പിക്കേണ്ടതാണെന്നുകൂടി ഈ ലേഖകന്നു തോന്നുകയുണ്ടായി. കേരളരാജ്യവും തമിഴ്രാജ്യവും പണ്ടു് എത്രത്തോളം സംബന്ധപ്പെട്ടാണ കിടന്നിരുന്നതു് എന്നു് അവയിൽനിന്നു വ്യക്തമായിട്ടറിയുവാനിടയായി. പറങ്കിഭാഷയുടെയും ലന്തഭാഷയുടെയും ജ്ഞാനംകൂടി അവശ്യം സമ്പാദിക്കേണ്ടതാണു്. ഇങ്ങനെയുള്ള ഒരുക്കങ്ങളോടുകൂടി ഈ വിഷയത്തിലേക്കുവേണ്ടി പരിശ്രമശീലന്മാരായ പലരുടെയും ഉത്സാഹത്തിന്മേൽ മലയാളത്തിൽ അവിടവിടെ ഓരോ സംഘങ്ങൾ ഏൎപ്പെടുത്തുകയും മദ്ധ്യകേരളത്തിൽ എവിടെയെങ്കിലും ഒരു ദിക്കിൽ ഒരു പ്രധാനസംഘമേൎപ്പെടുത്തുകയും ചെയ്യേണ്ടതാകുന്നു.* ആവക സംഘങ്ങൾ മുഖാന്തരം അവിടവിടെ ചിന്നിച്ചിതറിക്കിടക്കുന്ന സാമഗ്രികളെയെല്ലാം ശേഖരിക്കണം. ചരിത്രസംബന്ധമായ സംഗതികളെ അന്നന്നു പ്രതിപാദിക്കുന്നതിന്നും വിലപിടിച്ച റിക്കാൎട്ടുകളെ അച്ചടിച്ചു പ്രസിദ്ധംചെയ്യുന്നതിന്നും മററുമായിട്ടൊരു ചരിത്രമാസിക പ്രധാനസംഘത്തിന്റെ അദ്ധ്യക്ഷതയിൽ നടത്തേണ്ടതുമാകുന്നു. പ്രധാനസംഘമുള്ളേടത്തു് ഒരു വലിയ ഗ്രന്ഥശാല ഏററവും

---

* കേരളീയ ചരിത്രസമാജം എന്ന പേരായി ഒരു സഭ സ്ഥാപിച്ചിട്ടുണ്ടു്. കെ. സി. മാനവിക്രമൻ രാജാവവർകളാണു് അതിന്റെ സിക്രട്ടറി. ബ്രിട്ടീഷുമലബാറിലെ പ്രധാനപ്പെട്ട പല മഹാന്മാരും ആ സഭയിൽ അംഗങ്ങളായും ഉത്സാഹികളായും ചേൎന്നിട്ടുള്ളതാണു്. കാരണം മലയാളത്തിന്റെ പ്രാചീനചരിത്രത്തെ സംബന്ധിച്ച വിവരങ്ങളെ ശേഖരിച്ചുവെക്കുകയും മററുമാണു് അവരുടെ ഉദ്ദേശ്യം.

ആവശ്യമാകുന്നു. അതിൽ കേരളചരിത്രത്തെ സംബന്ധിച്ച് ഏതെല്ലാം ഭാഷയിൽ എന്തെല്ലാം പുസ്തകങ്ങളുണ്ടോ അവയൊക്കെയും പഴയഗ്രന്ഥങ്ങളും മററു റിക്കാട്ടുകളും ശേഖരിക്കപ്പെട്ടിട്ടുണ്ടായിരിക്കണം. ചരിത്രകാൎയ്യങ്ങളെ വെളിപ്പെടുത്തുന്നതായ പലവിധ പദാൎത്ഥങ്ങളെ കിട്ടുന്നേടത്തോളം ശേഖരിച്ചു വെക്കുന്നതിന്നായി ഒരു മ്യൂസിയവും (കാഴ്ചബങ്കളാവ്)കൂടി ആ ഗ്രന്ഥശാലയോടു ചേൎന്നുണ്ടായിരുന്നാൽ വളരെ നന്നായിരിക്കും. പിന്നെപ്പിന്നെ നശിച്ചുപോയിക്കൊണ്ടേയിരിക്കുന്ന വിവിധസാമഗ്രികളെയെല്ലാം ശേഖരിച്ചു വെക്കുകയായിരിക്കണം ഇപ്പോഴത്തെ തലമുറയിലുള്ള നമ്മുടെ പ്രധാനമായ ജോലി. അവയെയെല്ലാം ക്രമപ്പെടുത്തി ശരിയായിട്ടുള്ള ഒരു ചരിത്രം എഴുതേണ്ടു ഭാരം ഇനിയത്തെ തലമുറയിലുള്ളവൎക്കാകുന്നു. അതിലേക്കു മുമ്പറഞ്ഞവിധമുള്ള ശേഖരങ്ങളോടുകൂടി നാം ഇപ്പോൾ മുതൽക്കു കൊണ്ടുപിടിച്ചു ശ്രമിച്ചാൽ മാത്രമേ അതിന്നു സാദ്ധ്യമാവുകയുള്ളൂ.

൨൫. നാട്ടുകൂട്ടം

പലരും വിചാരിച്ചുവരാറുള്ളതുപോലെ രാജാക്കന്മാർ സ്വേച്ഛപോലെ രാജ്യം ഭരിക്കുക എന്ന സമ്പ്രദായം മലയാളത്തിൽ പണ്ടൊരിക്കലും ഒരു ദിക്കിലും ഉണ്ടായിരുന്നില്ല. പണ്ടത്തെ മലയാളരാജാക്കന്മാർ നാട്ടുനടപ്പിനെയും കീഴ്മൎയ്യാദയെയും അനുസരിച്ചാണു നാടുകൾ ഭരിച്ചിരുന്നതു്. അവരുടെ പീനൽക്കോടും സിവിൽക്കോടും മുഖ്യമായിട്ടവ തന്നെയായിരുന്നു. സാധാരണയായിട്ടുള്ള മിക്ക നടവടികളിലും അവൎക്കു പൂൎണ്ണാധികാരമുണ്ടായിരുന്നെങ്കിലും എല്ലാ കാൎയ്യങ്ങളും അവരുടെ ഇഷ്ടംപോലെ നടത്തുന്നതിനു

ജനങ്ങൾ അവരെ അനുവദിച്ചിരുന്നില്ല. നാട്ടുനടപ്പിനെയും കീഴ്വഴക്കത്തെയും തെററിനടക്കേണ്ടിവന്ന അവസരങ്ങളിൽ രാജാക്കന്മാർ പ്രജകളോടാലോചിച്ചു പ്രവൃത്തിക്കുകയായിരുന്നു പതിവു്. ഈ പതിവു വിട്ടുനടന്നിരുന്ന രാജാക്കന്മാൎക്കു് അപകടങ്ങൾ നേരിടുന്നതും അസാധാരണമായിരുന്നില്ല. ഈ സമ്പ്രദായത്തെപ്പററി ലന്തക്കാരനായ ഒരു ഗ്രന്ഥകാരൻ എഴുതീട്ടുള്ള ഒരു വിവരണത്തെ താഴെ ചേൎക്കുന്നു:—

സ്വേച്ഛപോലെയുള്ള അവരുടെ (രാജാക്കന്മാരുടെ) അധികാരത്തിന്നു് ഒരെച്ചു് നാട്ടുകാരുടെ കൂട്ടങ്ങളാകുന്നു. എന്നാൽ വളരെ അപൂൎവ്വമായിട്ടേ ആവക കൂട്ടങ്ങൾ കൂടാറുള്ളു. അവ രണ്ടുവകയായിട്ടുണ്ടു്. ഒന്നു രാജാവിന്റെ കല്പനപ്രകാരം കൂടുന്നതു്; മറേറതു ജനങ്ങൾ സ്വയമേവ കൂടുന്നതു്. അനേകം വൎഷങ്ങൾ ചെല്ലുമ്പോൾ മാത്രമേ ഈവക സഭകൾ കൂടേണ്ടിവരികയുള്ളു. രാജകല്പനപ്രകാരം കൂടുന്നവയുടെ നടവടി താഴെ പറയുംപ്രകാരമാകുന്നു:— അദ്ദേഹം നാട്ടാരെ വിളിച്ചു കൂട്ടുന്നതിന്നായി പാരമ്പൎയ്യവഴിക്കവകാശികളായ ചില ഉദ്യോഗസ്ഥന്മാരെ അയക്കുന്നു. എല്ലാവരും വന്നു ചേൎന്നാൽ അവർ വെളിയിൽ ഒരേടത്തു വട്ടമിട്ടിരിക്കുന്നു. അതിന്റെശേഷം അവർ ഓരോ വിഷയങ്ങളെപ്പററി ആലോചിക്കുകയും ഒത്തൊരുമിച്ചുള്ള മൌനംകൊണ്ടോ ആൎപ്പുവിളികൊണ്ടോ ഓരോ കാൎയ്യങ്ങളെ തള്ളിക്കളയുകയോ സ്വീകരിക്കുകയോ ചെയ്യുകയും ചെയ്യുന്നു. എന്നാൽ പരക്കെയുള്ള സമുദായക്ഷേമത്തിന്നു തട്ടാത്തതായ പ്രധാന വിഷയങ്ങളിൽ നാട്ടിലെ പ്രമാണികളെ മാത്രം ആളെ അയച്ചുവരുത്തി കാൎയ്യങ്ങൾ തീൎച്ചയാക്കുന്നു. നാട്ടുകാർ താനേ കൂടുന്ന കൂട്ടങ്ങളും ഈ മട്ടിൽ തന്നെയാണു നടത്താറുള്ളതു്; പക്ഷെ അതിലേറെ ക്ഷോഭത്തോടുകൂടിയായിരിക്കും. അതിയായുള്ള പ്രജാപീഡനം നിമിത്തമോ അല്ലെങ്കിൽ നാട്ടാചാരങ്ങളെ തെററിനടക്കുക

നിമിത്തമോ രാജാവു കുററക്കാരനാണെന്നു വരുന്ന അവസരങ്ങളിലല്ലാതെ ഈ മാതിരി കൂട്ടങ്ങൾ ഒരിക്കലും കൂടുക പതിവില്ല. അങ്ങനെയുള്ള സന്ദർഭങ്ങളിൽ എല്ലാവസ്തുവുടമസ്ഥന്മാരും ഹാജരായിക്കൊള്ളണമെന്നാണ നിശ്ചയം. ഈ നിശ്ചയത്തെ ആരെങ്കിലും അനുസരിക്കാതിരുന്നാൽ അവൻറ തോട്ടങ്ങൾ, ഭവനങ്ങൾ, വസ്തുക്കൾ, കുളങ്ങൾ മുതലായവയെ എല്ലാം നാട്ടുകാർ നശിപ്പിച്ചുകളയുന്നതാണ്. പിന്നെയും അവൻ വാശിപിടിക്കുന്നതായിരുന്നാൽ അവൻറ സകല അവകാശങ്ങളേയും സഭയിലുള്ള അധികാരങ്ങളേയും വെപ്പിക്കുകയോ അല്ലെങ്കിൽ അവനെ നാട്ടു കടത്തുവാൻതന്നെ വിധിക്കുകയോ ചെയ്യും. ഈവക സഭകൾ രാജാവിൻറ ഇഷ്ടത്തെ തടുക്കുന്നതിന്നു വേണ്ടിയാകയാൽ അദ്ദേഹം അവരുടെ ആലോചനകളെയും തീർപ്പുകളേയും വിരോധിക്കുന്നതിന്നു കഴിയുന്ന ശ്രമങ്ങൾ ചെയ്യാറുണ്ട് എന്നു കാണുന്നതിൽ ഒട്ടും ആശ്ചര്യമില്ല. അവയെ ബലംപ്രയോഗിച്ചു മുടക്കുന്നതിന്ന് *അദ്ദേഹത്തിന്നധികാരമില്ല. എന്നുതന്നെയല്ല, ശ്രമിച്ചാൽതന്നെ സാധിക്കുവാൻ പ്രയാസമാണെന്നും അദ്ദേഹത്തിന്നറിയാം; അതു അനാവധി ജനമാണ് ഈ കൂട്ടങ്ങളിലേയ്ക്കു വന്നു ചേരുന്നത്. അതിനാൽ കൂട്ടമിരിക്കുന്നവരെ കല്ലും പൂഴിയും ചളിയും എടുത്തെറിയുന്നതിന്നും മററു പല വിധത്തിലും അവരെ ഉപദ്രവിക്കുന്നതിന്നും വേണ്ടി അദ്ദേഹം പെണ്ടാരപ്പിള്ളർ എന്നു പറയുന്ന ഒരു കൂട്ടം കുട്ടികളെ അയയ്ക്കുന്നു. കാവല്ക്കാരായ നായന്മാർ ഈവക അക്രമികളെ തങ്ങളുടെ പരിചകൾകൊണ്ട് അകത്തു നിറുത്തുവാൻ കഴിയുന്നതു നോക്കുന്നു. എന്നാൽ ഉപദ്രവം സഹിപ്പാൻ വയ്യാഞ്ഞിട്ട് ആരെങ്കിലും ആ പിള്ളരെ പിടിച്ചടിക്കുകയോ മററു

* ഇപ്പോഴും അവരുടെ ജോലി കോവിലകത്തു പാത്രം തേപ്പു മുതലായവയാകുന്നു.

വിധത്തിൽ ഉപദ്രവിക്കുകയോ ചെയ്യുന്നതായെങ്കിൽ അതു നാട്ടുനടപ്പുപ്രകാരം രാജദ്രോഹകന്മാരായി വിചാരിക്കപ്പെടുന്നതാകുന്നു. അങ്ങിനെ രാജാവിനു ക്രുദ്ധിയിരിക്കുന്നവൎക്കു പിഴ കല്പിക്കുവാനും മറ്റു ശിക്ഷകൾ കൊടുപ്പാനും അധികാരമുണ്ട്. അവരുടെ നേരെ ബലാല്ക്കാരവും ഉപയോഗിക്കാം. ആലോചനകളെല്ലാം ചെയ്തിട്ടും അവരെ കീഴടക്കുവാൻ രാജാവിന്നു സാധിച്ചില്ലെങ്കിൽ പിന്നെ അവർ രാജ്യത്തിന്റെ ശാസനകളിൽ ഇരിക്കുന്നതല്ല. ഈവക സമയങ്ങളിൽ തങ്ങൾ നാട്ടുകാരും മിത്രങ്ങളുമായിട്ടുള്ളവർ ഇതര കക്ഷികളുടെയും മദ്ധ്യസ്ഥന്മാരായി നിന്നുകൊണ്ടു മേല്പറഞ്ഞ അവസ്ഥയിൽനിന്നു വരാവുന്ന ആപത്തുകളെ ഇല്ലാതാക്കുന്നതിന്നും എല്ലാവരെയും യഥാസ്ഥാനം ആക്കിയിരുത്തുന്നതിന്നും വേണ്ടി കഴിയുന്നതും ശ്രമം ചെയ്യുന്നു.

(സ്റ്റുവൎമെയവൽ)

൯. മാമാങ്കം.

(അല്ലെങ്കിൽ മലയാളത്തിലെ മാമാകം)

മലയാളത്തിൽ ടിപ്പുസ്സുൽത്താന്റെ ആക്രമണത്തിന്നുമുമ്പുവരെ "തിരുനാവാ" മണപ്പുറത്തുവെച്ചു ചില വ്യാഴ്കാലങ്ങളിൽ "മാമാങ്കം" അല്ലെങ്കിൽ "മാമാകം" എന്നൊരു മഹോത്സവം ആഘോഷിച്ചിരുന്നതെന്നുള്ള സംഗതി സുപ്രസിദ്ധമാണല്ലൊ. "മാമാങ്കം" എന്ന പദത്തെ ശരിയായിപ്പറയുമ്പോൾ "മാഘമകം" എന്നാണു പറയേണ്ടതു. (മാഘമാസത്തിലെ മകം അതായത്; മകരത്തിലെ കറുത്തവാവുകഴിഞ്ഞു കുംഭത്തിലെ കറുത്തവാവിന്നകത്തുവരുന്ന മകം) ഇതു സാധാരണ വെളുത്തവാവു സംബന്ധിച്ചുമാത്രമെ വരികയുള്ളു. അതുകൊണ്ടു മാമാങ്കം പ്രായേണ കുംഭമാസത്തിലായിരിക്കും.

അഭ്യുദയം. ചിരപ്പഴക്കത്തിലുള്ള മഹത്തായ മാഘമാസത്തി
നെ "മാമാങ്കം" എന്നുപറയുന്നു.

ഈ സ്ഥിതിക്കു മാമാങ്കകാലം, വൎഷകാലം കഴിഞ്ഞു്,
ഭാരതപ്പുഴയിലെ കയങ്ങളും ഒഴിഞ്ഞു്, മണൽത്തിട്ടകളും തെ
ളിഞ്ഞു്, മകരത്തിലെ മാറാക്കൂടുന്ന മഞ്ഞിന്റെ ശക്തി
ശമിച്ചു കൊയ്ത്തുകഴിഞ്ഞിട്ടു് ആറുകളും നിറഞ്ഞു്, സ്വ
തേതന്നെ പ്രകൃതിദേവി തെളിഞ്ഞിട്ടുള്ള മലയാളത്തിലെ
ങ്ങും ചക്ക, മാങ്ങ മുതലായ ഫലസസ്യാദികൾ നിറഞ്ഞു,
പകൽ അനതിതീവ്രങ്ങളായ സൂൎയ്യകിരണങ്ങളാൽ പ്രകാ
ശമാനങ്ങളായ ദിക്കുകളോടുകൂടിയും, ഭാരതപ്പുഴയിലെ
സ്ഫടികനിൎമ്മലങ്ങളായ തിരമാലകളിൽ തട്ടി സ്വച്ഛന്ദമായി
വീശുന്ന മന്ദമാരുതനാൽ പരമാനന്ദപ്രദമായും, പ്രദോ
ഷം മുതൽ പ്രഭാതംവരെ ക്രമേണ പ്രശോഭിതനായ ചന്ദ്ര
ന്റെ "കൌമുദീ"വിലാസങ്ങളാൽ പകലെപ്പോലെതന്നെ
പ്രകാശമുള്ള പദാൎത്ഥങ്ങളുടെ "തത്വബോധിനി"കളായി സക
ലജന "മനോഹര"കളായ രാത്രികളോടുകൂടിയും ഇരിക്കുന്ന
ഒരു കാലമാകയാൽ മലയാളത്തിൽ ഈ വിധമുള്ള ഒരു മ
ഹോത്സവം ആഘോഷിക്കുന്നതിനു സൎവ്വപ്രകാരത്തിലും
ഇതിലധികം നന്നായിട്ടു് ഒരു കാലം തെരഞ്ഞെടുപ്പാനസാ
ദ്ധ്യമാണെന്നു് ഇന്നുള്ളവൎക്കും സമ്മതമായിരിക്കെകൊ
ണ്ടു് ബുദ്ധിപ്രവൎത്തകന്മാരായ പൂൎവ്വന്മാർ ഈ വക വി
ഷയങ്ങളിൽ ചെയ്തിരുന്ന ദീൎഘാലോചനകളുടെയും, അ
വരുടെ ഔചിത്യത്തോടും രസികത്വത്തോടും കൂടിയുള്ള മ
നോധൎമ്മത്തിന്റെയും, വൈചിത്ര്യവും മഹത്വവും എത്ര
മാത്രമുണ്ടായിരുന്നു എന്നു നല്ലവണ്ണം അനുമാനിക്കാവുന്ന
താകുന്നു.

ഇങ്ങനെയുള്ള ഒരു മഹോത്സവാഘോഷത്തിന്റെ
ഉത്ഭവവും അതിന്റെ ചടങ്ങുകളും എന്തെല്ലാമായിരുന്നു,
എന്നുള്ള മുതലായി പ്രസ്താവയോഗ്യങ്ങളെല്ലാം.

ഇപ്പോൾ അമേരിക്കയിലും മററും ഉള്ള മാതിരി പൂൎവ്വകാലങ്ങളിൽ മലയാളത്തിലും ഒരുവിധം ജനസമുദായരാജ്യഭരണം നടപ്പുണ്ടായിരുന്നു. കേരളീയബ്രാഹ്മണരായ നമ്പൂരിമാർ ഗ്രാമാധിപത്യമുഖേന വളരെക്കാലം രക്ഷാശിക്ഷാധികാരം വഹിച്ചുവന്നിരുന്നു. പിന്നീട് ഈ നടപ്പുകൊണ്ടു തങ്ങൾക്കു വല്ല അസൌകൎയ്യങ്ങളും നേരിട്ടിട്ടാണോ, തങ്ങളുടെ സ്വാതന്ത്ര്യത്തിന്നും അധികാരത്തിന്നും ഭംഗംകൂടാതെ വല്ലപ്രകാരവും ഈ "സൊല്ല" ഒഴിച്ചുവിടേണമെന്നു കരുതിട്ടോ, എങ്ങിനെയെങ്കിലും അവരെല്ലാവരുംകൂടി ആലോചിച്ച് പരദേശത്തുനിന്നും രാജവംശ്യന്മാരിൽ ആരെയെങ്കിലും ഒരാളെ ഇഷ്ടപ്രകാരം തെരഞ്ഞെടുത്തു കൊണ്ടുവന്നു തങ്ങളുടെ നിയമങ്ങൾക്കു കീഴടക്കി രാജ്യഭാരം ചെയ്യുന്നതിനെല്ലാം അവരോധിക്ക (രാജാവായി വാഴിക്ക) പതിവായിരുന്നു. അങ്ങിനെ അവരോധിക്കപ്പെട്ട ഒരാളെ പന്തീരാണ്ടു കഴിയുമ്പോൾ ആ സ്ഥാനത്തുനിന്നും മാററി പിന്നെയും മുമ്പിലത്തെപ്പോലെതന്നെ വേറെ ഒരാളെ തെരഞ്ഞെടുത്തുവാഴിക്കും. ഇങ്ങിനെ അവരോധിക്കുന്നതിന്നു മലയാളത്തിലെ ബ്രാഹ്മണരും നാനാജാതിമതസ്ഥന്മാരായ മററുജനങ്ങളും ഒന്നിച്ച് ഒരു സ്ഥലത്തു ചേരണമെന്നും അതിലേക്കു ത്രിശ്ശിവപേരൂര് മുതലായ സ്ഥലങ്ങളിലേക്കാൾ സർവ്വഥാ സൌകൎയ്യമുള്ളതു തിരുനാവായയാണെന്നും തീർച്ചപ്പെടുത്തിയതുകൂടാതെ, നവയോഗികളുടെ പ്രതിഷ്ഠയായ മേല്പറഞ്ഞ ക്ഷേത്രം പണ്ടുതന്നെ അനന്യസാമാന്യമായ ഈശ്വരചൈതന്യവിലാസത്തിന്നു കീർത്തിപ്പെട്ടതും, സമീപത്തുള്ള "മലയാളത്തിലെ ഗംഗാനദി"യായ ഭാരതപ്പുഴയിൽ സ്നാനംചെയ്തു പിണ്ഡം വയ്ക്കുന്നതു പിതൃപ്രീതികരമാണെന്നു പുരാണപ്രസിദ്ധമായിട്ടുള്ളതും ആകകൊണ്ടു കൊല്ലംതോറും ശിവരാത്രിയ്ക്കു അടുത്ത "തൃപ്രങ്ങോട്ട്" ഉറക്കൊഴിവുകഴിച്ച് അനന്തരം

ളോയാളി ററിവുകാരും അവിടെ സ്നാനസന്ധ്യാദി ക്രിയകൾ
ക്കായി വന്നുകൂടുകയും ചെയ്തിരുന്നു.

മാമാങ്കം ഉണ്ടാകുന്നതു പന്തിരാണ്ടുകൂടുമ്പോളാണെ
ന്നു മുമ്പു പറഞ്ഞുവല്ലോ. മാമാങ്കം ഇരുപത്തെട്ടുദിവസം
കൊണ്ടു് അവസാനിക്കുന്നതായ ഒരു മഹോത്സവമാണ്.
അതിനിടയ്ക്കു വളരെ ക്ഷേത്രങ്ങളിലെ ദേവന്മാരെ (ഇരു
പത്തെട്ടീശ്വരന്മാരെ എന്നാണു കേട്ടിട്ടുള്ളതു്) അവരവ
രുടെ അവസ്ഥാപാലെയുള്ള ആഘോഷങ്ങളോടുകൂടി
അവിടെ എഴുന്നള്ളിച്ചു കൊണ്ടുവരും. ആവക എഴുന്ന
ള്ളിപ്പിൽ അതാതുക്ഷേത്രനാഥന്മാർ അവരവരുടെ ശക്തി
ക്കും യുക്തിക്കും ഭക്തിക്കും തക്കവണ്ണം എന്തെല്ലാം മോടി
പിടിപ്പിക്കുമെന്നു കേളികേട്ട തൃശ്ശിവപേരൂർ പൂരം തന്നെ
നമുക്കുവെളിവാക്കുന്ന അറിവുതന്നെ അതിനാൽ അധികം വിസ്തരി
ക്കുന്നില്ല. എങ്കിലും മാമാങ്കത്തിൽ എഴുന്നള്ളിച്ചിരു
ന്നതാണു് അടുത്തകാലത്തു കോഴിക്കോട്ടുനടന്ന "തിരുവ
ണ്ണൂർക്കളപ്രകേസ്സി"നു വിഷയമായ സ്വർണ്ണവിഗ്രഹമെന്നു
ള്ള സംഗതി ഇവിടെ പ്രത്യേകം പറയാതിരിപ്പാൻപാടി
ല്ല. ഇതുകൂടാതെ മാമാങ്കത്തിൽ എഴുന്നള്ളിക്കുന്നതിൽ
പ്രധാനിയായ ആനയുടെ മസ്തകം, ചങ്ങല മുതലായതും
കൂടി സ്വർണ്ണംകൊണ്ടുള്ളതായിരുന്നു എന്നു പറയുന്നതു് എ
ത്രത്തോളം വിശ്വസനീയമാണെന്നറിഞ്ഞുകൂടാ. എന്നാൽ
പ്രസിദ്ധകവിയായ "ശുകസന്ദേശ"കർത്താവിന്റെ വംശ
ത്തിൽ പണ്ടു് ഒരു ചോരശാസ്ത്രപണ്ഡിതനുണ്ടായിരുന്നു
എന്നും, അദ്ദേഹം തന്റെ ശാസ്ത്രസിദ്ധാന്തങ്ങളിൽ ചില
തിനെ അനുഭവപ്പെടുത്തുവാനായി ഒരു വാദപരീക്ഷയിൽ
മാമാങ്കത്തിൽ എഴുന്നള്ളിച്ചിരുന്ന ആനയുടെ പൊന്നിൻ
ചങ്ങല ആരുമറിയാതെ മോഷ്ടിച്ചു എന്നും ഒരു ഐ
തിഹ്യമുണ്ടു്.

മാമാങ്കം തുടങ്ങിയാൽ അവസാനിക്കുന്നതിനുമുമ്പിൽ

മലയാളത്തിൽ ഓരോ വിഷയത്തിൽ യോഗ്യന്മാരായിട്ടുള്ള-
വരെല്ലാം യഥാസൌകൎയ്യം അവിടെ ചെന്നുചേരേണ്ട
താണെന്നു് അന്നുള്ള മഹാന്മാൎക്ക് പ്രത്യേകം നിൎബ്ബന്ധ
മുണ്ടായിരുന്നു. അവരിൽ ചിലരുടെ ആഗമനം അവശ്യം
ഒഴിച്ചുകൂടാത്തതായിരിക്കത്തക്കവണ്ണം ചിലൎക്ക് ചില പ്ര
ത്യേകാധികാരങ്ങളും ചുമത്തിയിരുന്നു. ഈ കൂട്ടത്തിൽ
കൊടുങ്ങല്ലൂർതമ്പുരാക്കന്മാരെയും പൂഞ്ഞാററിൽതമ്പുരാ
ക്കന്മാരെയും മററും വംശമൂലമായ "അയിരൂർ, ചാക്കര"
സ്വരൂപത്തിൽനിന്നു "മാടംകേറി"യതിന്നുശേഷമേ മാ
മാങ്കത്തിന്നായി മണപ്പുറത്തു കെട്ടിയുണ്ടാക്കുന്ന ഭോജന
ശാലയിൽ ബ്രാഹ്മണൎക്ക് ഭക്ഷിപ്പാൻ പാടുള്ളൂ (മാടം
എന്നാൽ രാജാക്കന്മാൎക്ക് എഴുന്നള്ളി ഇരിപ്പാനുള്ള മഞ്ചം)
എന്നൊരേൎപ്പാടുണ്ടത്രേ. ഇതുകൊണ്ടു് അവൎക്ക് പണ്ടേ
തന്നെ വംശശുദ്ധിയും സദാചാരനിഷ്ഠയും ഉണ്ടായിരുന്നു
എന്നൂഹിക്കാം. എങ്കിലും കൊടുങ്ങല്ലൂർരാജാക്കന്മാരെ
തങ്ങളുടെ പിതൃസ്ഥാനംനിമിത്തം സവിശേഷം ആദരിച്ചു
വരുന്ന കോഴിക്കോട്ടുരാജാക്കന്മാൎക്ക് മാമാങ്കത്തിൽ പ്രാധാ
ന്യം ലഭിച്ചതിന്നുശേഷമല്ലയോ ഈ ഏൎപ്പാടുണ്ടായതെ
ന്നു ശങ്കിപ്പാനവകാശമില്ലെന്നില്ല.

മേൽപറഞ്ഞപ്രകാരം മാമാങ്കത്തിൽവച്ചു വളരെ
കാലം അനേകം പെരുമാക്കന്മാരുടെ അവരോധം നടന്നു
വരികയും, അതിന്നിടയ്ക്കു ബ്രാഹ്മണരുടെ സ്വാതന്ത്ര്യാധികാ
രങ്ങൾ ക്രമേണ ക്ഷയിച്ചും പെരുമാക്കന്മാരുടെ രാജാധി
കാരവും പ്രബലശക്തിയും മലയാളത്തിൽ ഒരുമാതിരി ശാശ്വ
തമായി വേരുറച്ചും നിലനിന്നുപോരികയും ചെയ്തു എന്നു
മല്ല, പെരുമാക്കന്മാരുടെ കീഴിൽ കേരളം പല ഖണ്ഡങ്ങ
ളായി പിരികയും അവിടവിടെ ഓരോ ഉപരാജാക്കന്മാർ
ഭരണകൎത്താക്കന്മാരായിത്തീരുകയും ചെയ്തതിനാൽ അവസാ

ന്നത്തിൽ പെരുമാക്കന്മാർ കേവലം കേരളചക്രവൎത്തിത്വത്തെ പ്രാപിക്കുകയും ചെയ്തു.

ഇങ്ങിനെയിരിക്കുന്നകാലത്തിൽ പെരുമാക്കന്മാരിൽ ഒടുവിലെ ആളായ "ഭാസ്കരരവിവൎമ്മ"എന്ന പെരുമാൾ തന്റെ അവസാനകാലത്തിൽ കൊടുങ്ങല്ലൂർ "മഹോദയപട്ടണത്തിൽ" ഇന്നും അതിമാനുഷന്മാരായ ആ മഹാത്മാക്കളുടെ പൂൎവ്വചരിത്രത്തെ സാക്ഷീകരിച്ചുനില്ക്കുന്ന "ശ്രീകുലശേഖരപുരം" എന്ന തന്റെ പരദേവതാക്ഷേത്രത്തിന്റെ കിഴക്കുവശത്തുള്ള "ഉദകമംഗലം" എന്ന ക്ഷേത്രത്തിൽവെച്ചു തന്റെ സാമന്തരാജാക്കന്മാരിൽ ഓരോരുത്തൎക്കും പൂൎണ്ണാധികാരത്തോടുകൂടി കേരളരാജ്യത്തെ ഓരോ ഖണ്ഡമായി തിരിച്ചു് അതിരു നിശ്ചയിച്ചു് ഉദകപൂൎവ്വം ദാനം ചെയ്യപ്പെട്ടതിൽപ്പെട്ടി "തിരുനാവാ" എന്ന സ്ഥലം "വെള്ളാട്ടര" രാജാവിന്നു് അധീനമാവുകയും, അതിന്നു ശേഷം പെരുമാക്കന്മാരുടെ അവരോധം അവസാനിക്കയാൽ മാമാങ്കത്തിൽ പെരുമാക്കന്മാർ വാണിരുന്നസ്ഥലത്തു രാജപദവിയോടുകൂടി വെള്ളാട്ടരരാജാവു പ്രവേശിച്ചുവരികയും ചെയ്തുവന്നു.

മാമാങ്കത്തിൽ പെരുമാക്കന്മാർ സ്ഥാനാരോഹണം ചെയ്തുനില്ക്കുന്നതിന്നു "നിലപാടു നില്ക്കുക" എന്നും, ആ സ്ഥലത്തിന്നു "നിലപാട്ടുതറ" എന്നും, ഇന്നും പറഞ്ഞുവരുന്നതും, അവിടം വളരെ വിശേഷമായ ഒരു സ്ഥലമാണെന്നു കാഴ്ചയിൽ പ്രത്യക്ഷമാകുന്നതുമാണു്. നിലപാടു നില്ക്കുന്നതിന്നുമുമ്പായി ആൎക്കെങ്കിലും വല്ല സങ്കടവും ഉണ്ടെങ്കിൽ ആയതു് അപ്പോൾതന്നെ തീൎക്കുകയോ അല്ലാത്തപക്ഷം ഇന്ന സമയത്തിന്നകം തീൎത്തുകൊള്ളാമെന്നു പ്രതിജ്ഞ ചെയ്കയോ ചെയ്തതിന്നുശേഷമെ നിലപാടേല്ക്കാറ് പാടുള്ളൂ. പ്രജകളുടെ ഇഷ്ടമായ വിശ്വസ്തതയും കൂടിയുണ്ടു്. ഇതിന്നു് "രക്ഷിപ്പുമാനം" എന്നു പേരാകുന്നു.

ഇങ്ങിനെ മാമാങ്കം വെള്ളാട്ടുരാജാവിന്റെ അദ്ധ്യക്ഷത്തിൽ കഴിഞ്ഞുവന്നിരുന്നതിനിടക്ക് ഒരിക്കൽ കോഴിക്കോട്ടുനിന്ന മാമാങ്കത്തിൽ കച്ചവടത്തിന്നപോയി മടങ്ങിവന്ന തന്റെ പ്രത്യേക സേവകന്മാരായ ചില മാപ്പിളമാരോടു സാമൂതിരിപ്പാട് "മാമാങ്കം നന്നായൊ? വിശേഷം എന്തെല്ലാമായിരുന്നു?" എന്നു കല്പിച്ചുചോദിച്ചതിന്നു "മാമാങ്കം നന്നായി, എങ്കിലും അടിയങ്ങൾക്ക സുഖമായില്ല" എന്ന് അവർ ഉത്തരം പറഞ്ഞു. "അതെന്താ? കച്ചവടത്തിൽ ലാഭമുണ്ടായില്ലെന്നുണ്ടൊ?" "അതല്ല ഇതുവരെ മലയാളത്തിൽ ഏകാധിപത്യം വഹിച്ചിരുന്ന മഹാന്മാർ നിലപാടു നിന്നിരുന്ന സ്ഥലത്ത് അതിന്നു തക്കയോഗ്യതയില്ലാത്ത ഒരാൾ പ്രവേശിച്ചുകണ്ടതിനാലാണ്." "അതിന്നെന്താണു നിവൃത്തി? ഇപ്പോൾ അങ്ങിനെയുള്ള ഒരാൾ ഇല്ലല്ലൊ." "നിവൃത്തിയുണ്ട്; അങ്ങിനെ ഒരാളും ഉണ്ട്." "അങ്ങിനെ പറയുന്നതല്ലാതെ സാധിപ്പാൻ തരമില്ലല്ലൊ." "അങ്ങിനെ പറയുന്നതല്ല, അനുവാദമുണ്ടെങ്കിൽ ഇനിയത്തെ മാമാങ്കത്തിന്ന് അടിയങ്ങൾ അതു സാധിച്ചുകൊള്ളാം." "എന്നാൽ ശ്രമിച്ചോളൂ. വിരോധമില്ല" എന്നു സാമൂതിരിപ്പാടും കല്പിച്ചു.

അതിന്നുശേഷം പിന്നത്തെ മാമാങ്കത്തിന്നുമുമ്പിൽ മാപ്പിളമാർ വെള്ളാട്ടുരാജാവിനെ ചെന്നുകണ്ടു വളരെ ശ്ലാഘിച്ചകൂട്ടത്തിൽ "മാമാങ്കത്തിൽ നിലപാടുനില്പാൻ അവിടേക്കല്ലാതെ മറ്റൊരുരാജാവിന്നും യോഗ്യമുണ്ടായില്ലല്ലൊ; അതുതന്നെ അവിടുത്തെ മഹത്വത്തെ പ്രത്യക്ഷപ്പെടുത്തുന്നുണ്ട്" എന്നു പറഞ്ഞു. അതുകേട്ടു രാജാവ് "അത് എനിക്ക സംഗതിവശാൽ സിദ്ധിച്ചതല്ലെ? അതൊരു മഹത്വസാക്ഷ്യമാകുന്നതല്ലല്ലൊ." "അതല്ല; അങ്ങിനെ അവിടേക്ക സംശയമുണ്ടെങ്കിൽ അടുത്ത മാമാങ്കത്തിന്ന് ഒരു വീരപരീക്ഷ നിശ്ചയിക്കുക." "അങ്ങിനെതന്നെ, എളു

പ്രകാരം വേണമെന്നു നിശ്ചയിക്കുവിൻ." "എന്നാലവിടുന്നു നിലപാടു നില്ക്കുമ്പോൾ അവിടുത്തെ സൈന്യങ്ങൾ മുമ്പിൽ രണ്ടുവരിയായി ആയുധപാണികളായി നേരെ നില്ക്കുക. അപ്പോൾ സാമൂതിരിപ്പാട്ടിലെയോ മററു വല്ല രാജാക്കന്മാരുടെയോ ഭാഗത്തിൽനിന്ന് ആരെങ്കിലും ഒരാൾ കെററുകടന്നുവന്ന് ഇവിടുത്തെ സൈന്യങ്ങളെ ജയിച്ചു നിലപാടു നില്പാനുള്ള സ്ഥലത്തു പ്രവേശിക്കുന്നതായാൽ നിലപാടു നില്പാനുള്ള അധികാരം അവർക്കൊട്ടും, അതുപോലെതന്നെ അവിടുന്നു നില്ക്കുമ്പോൾ ഇവിടുത്തെ ആരും ജയിച്ചുവെങ്കിൽ ആ സ്ഥാനം ഇങ്ങോട്ടും വിട്ടുകൊടുക്കത്തക്കവണ്ണം ഒരു നിശ്ചയം ചെയ്യുക. എന്നാൽ ഇതിൽവച്ച് ആർക്കാണു യോഗ്യത എന്നറിയാമല്ലോ" എന്നു പറഞ്ഞു.

രാജാവു് അങ്ങനെ സമ്മതിക്കയും ചെയ്തു. പിന്നത്തെ മാമാങ്കത്തിന് അപ്രകാരം പരീക്ഷിച്ചതിൽ ആയുധാഭ്യാസത്തിൽ അതിസമർത്ഥന്മാരായ വെള്ളാട്ടരാജാവിന്റെ സൈന്യത്തെയെല്ലാം സാമൂതിരിപ്പാട്ടിലെ ഭടന്മാരിൽ ഒരുവൻ തോല്പിച്ചതിനാൽ ആ വഴിക്കു നിലപാടു നില്പാനുള്ള അവകാശം സാമൂതിരിപ്പാട്ടിലേക്കു സിദ്ധിക്കയും ചെയ്തു. അതിൽപിന്നെ പലതവണയും സാമൂതിരിപ്പാട്ടിലെയും വെള്ളാട്ടരാജാവിന്റെയും സൈന്യങ്ങൾ തമ്മിൽ ഈ നിലപാടു നില്പിനെപ്പററി മഹാഭയങ്കരമായ പല യുദ്ധവും ഉണ്ടായിട്ടുള്ളതായി കേൾവിയുണ്ടു്. എങ്കിലും അതിലെല്ലാം സാമൂതിരിപ്പാടുതന്നെ ജയിച്ചു. കേറിയ സ്ഥാനത്തുനിന്നും ഇറങ്ങാതെതന്നെ മാമാങ്കം അവസാനിച്ചു എന്നാണു് ഐതിഹ്യം.

എന്നാൽ അന്നു മലയാളത്തിലുള്ള മററു രാജാക്കന്മാർക്കും ഈ സ്ഥാനമേല്പിക്കു സ്വാഭാവികമായി ആഗ്രഹം ജനിപ്പാനവകാശമുണ്ടായിരിക്കാമെങ്കിലും അന്നു കൊച്ചി, തിരുവിതാംകൂർ മുതലായ ഒതുക്കമുള്ള രാജാക്കന്മാർക്കും ഇന്നുള്ള

പ്രാബല്യം സിദ്ധിച്ചിട്ടുണ്ടായിരുന്നില്ല. അതിനാൽ സാമൂതിരിപ്പാടിനെ ജയിക്കാൻതക്ക ശക്തിയുള്ള രാജാക്കന്മാർ ചുരുക്കമായിരുന്നതുകൊണ്ടു മററുള്ളവരാരും ഈ കാൎയ്യത്തിൽ പ്രവേശിക്കാതിരുന്നതാണെന്ന് ഊഹിപ്പാൻ മതിയായ കാരണമുണ്ട്.

രാമനാട്ടം ഇതിന്നുശേഷം പിന്നേയും വളരെക്കാലം നിലനിന്നുപോന്നു. ഒടുവിൽ മലയാളത്തിലെ പൂൎവ്വ ശാസ്ത്രസമ്പത്തിക്ക് ഒരു ധൂമകേതുവായിത്തീൎന്ന ടിപ്പുസുൽത്താന്റെ ആഗമനത്തോടുകൂടി കൊല്ലം ൯൬൦-ന്ന് അടുത്ത ഒരു കാലത്തിൽ അവസാനിച്ചുപോയെന്നാണു വിശ്വാസ്യമായ കേൾവിയുള്ളതു്.

ഏതായാലും പ്രകൃതികാൎയ്യങ്ങൾക്കൊക്കെയും കാലാന്തരത്തിൽ കണ്ടുവരുന്നതുപോലെയുള്ള പരിണാമഭേദം തന്നെയായിരിക്കാം ഈ വിഷയത്തിലും സംഭവിച്ചതു്. എന്നാലും ഇന്നുള്ള മലയാളികളുടെ ഭാഗ്യദോഷംകൊണ്ടാണെന്നുമാത്രമേ ഞാൻ വിശ്വസിക്കുന്നുള്ളു.

(കുന്നത്തു പരമേശ്വരമേനോൻ.)

൧൦. കാവ്യം

കാവ്യം എന്നുവെച്ചാൽ എന്താണ്? കൃത്യാകൃത്യങ്ങളെ നമുക്ക് അനുഭവമാക്കി നമ്മുടെ മനസ്സിന്നു ഗുണമുണ്ടാക്കുകയാകുന്നു കാവ്യത്തിന്റെ പ്രധാനമായ ഉദ്ദേശമെന്ന് ഇതിന്നു മുമ്പിൽ പറഞ്ഞിട്ടുണ്ടല്ലോ. ആ ഉദ്ദേശത്തെ സാധിപ്പിക്കുന്നതിന്ന് ഒരു കാവ്യത്തിന്നു പ്രധാനമായി എന്തു ഗുണമാണ് ഉണ്ടായിരിക്കേണ്ടതു്? എന്നാൽ ആ ഗുണം തന്നെയാണു കാവ്യത്തിന്റെ പ്രധാനമായ ലക്ഷണവും. രാവണനെപ്പോലെയല്ലാ രാമനെപ്പോലെയാണു നാം

പ്രവർത്തിക്കേണ്ടതു് എന്നു പറഞ്ഞതുകൊണ്ടുമാത്രം നമുക്കു് ഒരനുഭവം തോന്നുന്നതല്ല. അനുഭവം തോന്നണമെങ്കിൽ രാമായണം വായിക്കുമ്പോൾ രാമന്റെ പ്രവൃത്തികൾക്കും വാക്കുകൾക്കും അനുകൂലമായും, രാവണന്റെ പ്രവൃത്തികൾക്കും വാക്കുകൾക്കും വിരോധമായും ചില മനോവികാരങ്ങളുണ്ടാകണം. അങ്ങനെയുള്ള മനോവികാരങ്ങളുണ്ടാകണമെങ്കിൽ കവിതയിൽ അതാതു പ്രകൃതത്തിനു് അനുരൂപമായ രസ്യാംശം നല്ലവണ്ണം പുറപ്പെടണം. സാഹിത്യഗ്രന്ഥങ്ങളിൽ രസമെന്നു പറയുന്നതു് ഇങ്ങനെ രസ്യാംശം പുറപ്പെടുന്നതിനാകുന്നു. അതുകൊണ്ടു കാവ്യശോഭയ്ക്കു പ്രധാനമായി വേണ്ടതു രസമാണെന്നു സ്പഷ്ടമാകുന്നു.

"വാക്യം രസാത്മകം കാവ്യം" കാവ്യത്തിന്റെ ജീവനായതു രസമാണു്. ഒരു കാവ്യത്തിനു് എത്ര ഗുണമുണ്ടെങ്കിലും രസശൂന്യമായാൽ അതിനെ കാവ്യമല്ലെന്നുതന്നെ പറയാം. അതുപോലെതന്നെ മറ്റുള്ള ഗുണം കുറവായാലും രസം സമൃദ്ധിയായിട്ടുണ്ടെങ്കിൽ അതിനെ ഉത്തമകാവ്യമെന്നു പറയാവുന്നതാണു്. അലങ്കാരം, ഗുണം, രീതി മുതലായതു കവിതയ്ക്കു വളരെ ആവശ്യമാണെങ്കിലും അപരിത്യാജ്യമല്ല. ഇതെല്ലാം രസത്തിനു് ഉൽകർഷമുണ്ടാക്കുന്നതിനായിട്ടുള്ളതാണു്. കവിതയ്ക്കു കൂടിയേകഴിയൂ എന്നു പറയത്തക്കതായിട്ടു രസം മാത്രമേയുള്ളൂ. സാധാരണയായി ഭാഷാകവിത വായിക്കുന്നവരിൽ മിക്കവരും ശബ്ദാർത്ഥങ്ങളുടെ ഉൽകർഷത്തിനുമാത്രം കാരണങ്ങളായ അലങ്കാരാദികളെയാണു കാവ്യത്തിന്റെ പ്രധാനലക്ഷണങ്ങളായി ഗണിക്കുന്നതു്. ഈ അഭിപ്രായം തെറ്റായിട്ടുള്ളതാണെന്നു കാണിക്കുന്നതിനു് അവയിൽ ഓരോന്നിന്റെ സ്വഭാവത്തെപ്പററി ഇവിടെ കുറച്ചു പ്രസ്താവിക്കുന്നതു് ആവശ്യമാകുന്നു.

കാവ്യം രസാത്മകമായ വാക്യമാകുന്നു എന്നു പറഞ്ഞതു

കൊണ്ടുതന്നെ അതു പദ്യരൂപമാകണമെന്ന നിർബ്ബന്ധമില്ലെന്നു സാധിക്കുന്നു. ഒരു വാക്യം രസാത്മകമാണെങ്കിൽ ഗദ്യരൂപമായാലും അതിനെ കാവ്യമെന്നു പറയാം. ബാണകവിയാൽ ഉണ്ടാക്കപ്പെട്ട കാദംബരി എന്ന ഗ്രന്ഥം ഗദ്യരൂപമാണെങ്കിലും അതിനെ ഉത്തമകാവ്യങ്ങളുടെ കൂട്ടത്തിലാണു സഹൃദയന്മാർ ഗണിക്കുന്നതു്. അതുകൊണ്ടു പദ്യരൂപമായിട്ടുള്ളതെല്ലാം കാവ്യമാണെന്നും, അതിന്റെ കർത്താക്കന്മാരെല്ലാം കവികളാണെന്നും, ഗദ്യരൂപമായിട്ടുള്ളതൊന്നും കാവ്യമല്ലെന്നും സാധാരണയിൽ പലരും വിചാരിച്ചുവരുന്നതു് അബദ്ധമാണെന്നും പറയേണ്ടതില്ലല്ലോ. രസശൂന്യമായ പദ്യവും കാവ്യമാണെങ്കിൽ അമരകോശം, അഷ്ടാംഗഹൃദയം മുതലായ ഗ്രന്ഥങ്ങളും ശാകുന്തളം, നൈഷധം മുതലായ ഗ്രന്ഥങ്ങളും തമ്മിൽ എന്താണു വ്യത്യാസം? പദ്യവും കാവ്യവും തമ്മിലുള്ള ഭേദം മനസ്സിലായിട്ടുള്ളവർക്കു് ഇപ്പോൾ കവികൾ വളരെ ചുരുക്കമാണെന്നും, കവിതക്കാരെന്നു പറയുന്നവരായി വളരെ ജനങ്ങളുള്ളവരെ പദ്യകർത്താക്കളെന്നു പറവാൻ പാടുള്ളു എന്നും ബോധംവരും. എന്നാൽ പദ്യം ഗദ്യത്തെക്കാളധികം കർണ്ണസുഖപ്രദമായിട്ടുള്ളതുകൊണ്ടും, മററു കാരണങ്ങളെക്കൊണ്ടും കാവ്യത്തിന്നു് അധികം യോഗ്യമായിട്ടുള്ളതും അധികമായി ഉപയോഗിക്കപ്പെട്ടുവരുന്നതുമാകുന്നു. അതുകൊണ്ടു് ഇതു് ഉൽകർഷഹേതുക്കളിൽ ഒന്നാണെന്നു വിചാരിക്കേണ്ടതാണു്.

രസോൽകർഷഹേതുക്കളിൽ പ്രധാനമായിട്ടുള്ളതു് അലങ്കാരമാകുന്നു. ഇതു കാവ്യത്തിന്നു വളരെ ആവശ്യമായിട്ടുള്ളതാണെന്നുതന്നെയല്ല ചിലരുടെ അഭിപ്രായത്തിൽ കവിതയ്ക്കു് അലങ്കാരംകൂടാതെ കഴികയില്ല എന്നു നിർബ്ബന്ധതന്നെയുണ്ടു്. എന്നാൽ ഈ അഭിപ്രായം അത്ര സ്വീകാരയോഗ്യമാണെന്നു തോന്നുന്നില്ല.

പൂമെത്തമേലെഴുന്നേററിരുന്നരുളിയാതെ
പോകുന്നതാനെന്നാകേ–
ട്ടോമൽക്കണ്ണിണനീരണിഞ്ഞു വദന
പ്പൂർവാട്ടഗാഢംതളാ
പൂമേനിത്തളിരൊട്ടുചത്തമിനി–
ക്കാണേന്നതെന്നോന്നാക–
പ്പൂമാലോടലിവേണി ചോന്നമധുര–
ച്ചൊല്ലിനുകൊല്ലുന്നമാം.

(പൂന്താനത്തു നമ്പൂരി)

ഈ ശ്ലോകത്തിൽ സ്പഷ്ടമായ അലങ്കാരമൊന്നുമില്ലെങ്കിലും ഇതിന്ന് ഉത്തമകാവ്യലക്ഷണമില്ലെന്നു സഹൃദയന്മാർ പറയുന്നതല്ല. സൂക്ഷ്മത്തിൽ കവിതയ്ക്ക് അലങ്കാരം സ്ത്രീകൾക്ക് ആഭരണാദികളെന്നപോലെയാണ്. കടകകുണ്ഡലാദികൾ സ്ത്രീകളുടെ സൌന്ദര്യത്തിന്ന് എങ്ങനെയോ അങ്ങനെതന്നെ കവിതാരസത്തിന്ന് ഉപമാദ്യലങ്കാരങ്ങൾ ഉൽകർഷത്തെ ഉണ്ടാക്കുന്നതാകുന്നു. രസഹീനങ്ങളായ ശ്ലോകങ്ങളിൽ അലങ്കാരം പ്രയോഗിക്കുന്നത് അശേഷം സൌന്ദര്യമില്ലാത്ത സ്ത്രീകൾ ആഭരണങ്ങളണിയുന്നപോലെ ആയിരിക്കും. ഇപ്രകാരം നടപ്പുള്ള കവിതകളിൽ ചിലത് അലങ്കാരപ്രധാനവും ചിലതു രസപ്രധാനവുമാണ്. അനുഭവത്തിൽ ഇതുരണ്ടും തമ്മിലുള്ള വ്യത്യാസമെന്തെന്നുവച്ചാൽ, അലങ്കാരപ്രധാനമായ കവിത വായിക്കുമ്പോൾ, കവിയേയും രസപ്രധാനമായിട്ടുള്ളതു വായിക്കുമ്പോൾ, കവിതാവിഷയത്തെയുമാണു നമുക്ക് ഓർമ്മയുണ്ടാകുന്നത്. പുനത്തിൽ നമ്പൂരിയുടെ കവിത അലങ്കാരപ്രധാനവും കുഞ്ചൻനമ്പ്യാരുടെ കൃതികൾ രസപ്രധാനവുമാകുന്നു. 'കൃഷ്ണഗാഥ' വായിക്കുമ്പോൾ കവി മഹാരസികൻതന്നെ എന്നുള്ള വിചാരമാണു നമുക്കുണ്ടാകുന്നത്.

'നളചരിതം' ഓട്ടൻതുള്ളൽ വായിക്കുമ്പോൾ നളന്റെയും ദമയന്തിയുടെയും മററും ഗുണങ്ങളെക്കുറിച്ചും മററുമാണു നമ്മുടെ മനസ്സിൽ തോന്നുന്നതു്. ഇതിൽ കാവ്യത്തിന്റെ പ്രധാനോദ്ദേശത്തെ സാധിക്കുന്നതിനെ സംബന്ധിച്ചിടത്തോളം ഗുണത്തിനാണു പ്രബലത അധികമുള്ളതെന്നു പറയേണ്ടതില്ലല്ലൊ.

ഗുണങ്ങളും രീതികളും കാവ്യത്തിന്റെ ഉൽക്കർഷഹേതുക്കളിൽ കൂടിയവയാണെന്നു പറഞ്ഞുവല്ലൊ. കാവ്യത്തിനു മധുരാദിഗുണങ്ങൾ മനുഷ്യനു ധൈര്യാദിഗുണങ്ങളെപ്പോലെയും രീതികൾ അവയവസംസ്ഥാനവിശേഷങ്ങളെപ്പോലെയുമാകുന്നു. ഇപ്പോഴുള്ള ഭാഷാകവികളിൽ പലരും മറെറല്ലാററിലും അധികമായി രീതിയുടെ കാര്യത്തിലാണു നിഷ്കർഷചെയ്യുന്നതു്. കാവ്യത്തിന്റെ ആത്മാവു രീതിയാണെന്നു വാമനൻ എന്നൊരു വിദ്വാൻ പറഞ്ഞതായി കാണുന്നതുകൊണ്ടും പക്ഷേ ചിലൎക്ക് ഈ അഭിപ്രായം ഉണ്ടായിരുന്നു എന്നു തോന്നുന്നു. എന്നാൽ രീതി രചനാവിശേഷം മാത്രമാകകൊണ്ടു ശബ്ദാൎത്ഥങ്ങൾക്കു ഉൽക്കർഷത്തെ ഉണ്ടാക്കുന്നു എന്നല്ലാതെ കാവ്യത്തിന്റെ ജീവനാണെന്നു പറയുന്നതു സാധുവായിരിക്കയില്ല.

കാവ്യത്തിന്റെ സ്വഭാവത്തെ വിവരിക്കുന്നതായിട്ടു ഏറെ പ്രസിദ്ധിയുള്ള ഒരു ഭാഷാശ്ലോകമുള്ളതിനെ താഴെ ചേൎക്കുന്നു. മേല്പറഞ്ഞ സംഗതികളെല്ലാം വായിച്ചവൎക്കു ഈ വിവരണം എത്രത്തോളം ശരിയായിട്ടുള്ളതാണെന്നു തീൎച്ചയാക്കാമല്ലൊ.

കോൽത്തേനോടേലുമോരോപദമതിനെന്നവും
പാലിൽനീരെന്നപോലെ
ചേൎന്നിട്ടൎത്ഥം വിശേഷിച്ചുടനതിലലങ്കാര-
ക്കാരമുണ്ടായ് വരേണം

പൊല്ത്താർചിന്തികലിലർത്ഥംനിനച്ചുമതചിന്താ-
ന്തോണമെന്നിതുവന്നേ
തീർത്തീടാവൂശിഷ്ടമാക്കംശിവശിവകവിതാ-
രീതിവൈഷമ്യമത്രേ.

---

൧൯. കാവ്യോപദേശം.

കാവ്യങ്ങൾ വായിക്കുകയും അവയുകളിൽ രസിക്കുകയും ചെയ്യുന്നവർ നമ്മുടെ കൂട്ടത്തിൽ പലരുമുണ്ടെങ്കിലും അവയുകളുടെ ഗുണദോഷങ്ങളെ സൂക്ഷ്മമായി അറിയുന്നവർ വളരെ ഉണ്ടോ എന്നു സംശയമാണ്. വായിക്കുന്നവരിൽ പലരും ഓരോ കവിതകളെക്കുറിച്ചു് അഭിപ്രായങ്ങൾ പറയുന്നതു് ഏകദേശം സംഗീതജ്ഞാനംകൂടാതെ ഉള്ള താളജ്ഞാനമാത്രമുള്ളവർ അകാലത്തിൽ താളംപിടിക്കുകയും തലകുലുക്കുകയും ചെയ്യുന്നതുപോലെ ആയിക്കാണുമ്പോൾ അവർ എത്രത്തോളം സ്വയം അറിയുന്നുണ്ടെന്നു് ഏകദേശം തീർച്ചയാക്കാം. എന്നാൽ ഇതിനെക്കുറിച്ചു് അവരെ കുറ്റപ്പെടുത്തുവാനില്ല. സാധാരണ മലയാളികൾക്കു കാവ്യങ്ങളുടെ ഗുണദോഷങ്ങളെ അറിയുന്നതിനു സ്വബുദ്ധിയല്ലാതെ വേറെ ഒരു സഹായവും ഇല്ല. സംസ്കൃതത്തിൽ കാവ്യപ്രകാശം, സാഹിത്യദർപ്പണം മുതലായ അനേകഗ്രന്ഥങ്ങളും ഇംഗ്ലീഷിൽ ഈ വിഷയത്തെപ്പറ്റി അസംഖ്യം പുസ്തകങ്ങളും ഉള്ളതുകൊണ്ടു് ആ ഭാഷകളിൽ പാണ്ഡിത്യമുള്ളവർക്കു കാവ്യങ്ങളുടെ ഗുണദോഷങ്ങളെ സ്പഷ്ടമായി അറിയുന്നതിനു വേണ്ട സഹായങ്ങളുണ്ടു്. മലയാളത്തിൽ ഈവക ഗ്രന്ഥങ്ങൾ ഇല്ലാത്തതുകൊണ്ടും, ഇപ്പോൾ അച്ചടിച്ചു കാണുന്ന കവിതകളിൽ അധികവും കാവ്യലക്ഷണം കുറഞ്ഞവയാകകൊണ്ടും, ഈവക കവിത

കളിൽമാത്രം പരിചയിക്കുകയും, ഇതരഭാഷകൾ പഠിക്കാതിരിക്കയും ചെയ്തിട്ടുള്ള മലയാളികളുടെ രസികതയ്ക്കു കൌടില്യമുണ്ടാകുന്നതു സ്വാഭാവികമാണ്. അതുകൊണ്ട് ഈ വിഷയത്തിൽ ജനങ്ങൾക്കു നേരായ വഴി കാണിച്ചുകൊടുക്കുന്നതിനു സംസ്കൃതത്തിലും ഇംഗ്ലീഷിലുമുള്ള ഗ്രന്ഥങ്ങളുടെ രീതിയെ അനുസരിച്ചു സാഹിത്യത്തെക്കുറിച്ച് ഇവിടെ കുറെ പ്രസ്താവിക്കുന്നതിനു ഞങ്ങൾ തുനിയുന്നു.

കാവ്യം എന്നുവച്ചാൽ സൂക്ഷ്മത്തിൽ എന്താകുന്നു എന്നാണു നാം ആദ്യമായി അറിയേണ്ടതു്. എന്നാൽ എന്തിന്റെയെങ്കിലും സ്വഭാവത്തെയോ ഗുണദോഷങ്ങളെയോ കുറിച്ച് ആലോചിക്കുന്നതിനു മുമ്പിൽ അതിന്റെ ഉദ്ദേശമെന്താണെന്ന് ആലോചിക്കുന്നതു പ്രത്യേകം ആവശ്യമാണ്. ആ ഉദ്ദേശം എല്ലായ്പോഴും വിശദമായി നമ്മുടെ മനസ്സിൽ ഇല്ലെങ്കിൽ നാം പറയുന്നതു ചിലപ്പോൾ കുറെ അപ്രസ്തുതമായിവന്നേയ്ക്കാം. ഒരു രാജ്യത്തെ രാജ്യഭരണത്തിൽ എന്തെല്ലാം ഗുണദോഷങ്ങളുണ്ടെന്നോ, ഏതു രീതിയിലുള്ള രാജ്യഭരണമാണ് എല്ലാറ്റിലും നല്ലതെന്നോ നിരൂപിക്കുന്നതിനുമുമ്പിൽ രാജ്യഭരണത്തിന്റെ ഉദ്ദേശം എന്താണെന്ന് അറിയുന്നതു് ആവശ്യമല്ലേ? അതുപോലെതന്നെ കാവ്യമെന്നുവച്ചാൽ എന്താണെന്നും അതിന് എന്തെല്ലാം ലക്ഷണങ്ങൾ ഉണ്ടായിരിക്കണമെന്നും തീർച്ചയാക്കുവാൻ പുറപ്പെടുന്നതിനുമുമ്പിൽ കാവ്യത്തിന്റെ ഉദ്ദേശം എന്താണെന്നും അതു മനുഷ്യർക്ക് ഏതുവിധത്തിൽ ഉപകരിക്കുന്നതാണെന്നും നാം മനസ്സിലാക്കേണ്ടതാണ്.

വേദം, ശാസ്ത്രം, കാവ്യം ഇതുകളാകുന്നു നമ്മുടെ അധ്യയനത്തിന്റെ പ്രധാനവിഷയങ്ങൾ. ഇതിൽ ഓരോന്നിന്റെ മുഖ്യമായ ഉദ്ദേശം ഓരോന്നാണെങ്കിലും എല്ലാറ്റിനും സാധാരണമായ ഉദ്ദേശം ഇന്നതു ചെയ്യണമെന്നും ഇന്നതു ചെയ്യരുതെന്നുമുള്ള കൃത്യാകൃത്യോപദേശമാകുന്നു.

എന്നാൽ ഇതിൽ ഓരോന്നു് ആ ഉദ്ദേശത്തെ സാധിപ്പിക്കു
ന്നതു് ഓരോപ്രകാരത്തിലാണ്. വേദം കൃത്യാകൃത്യങ്ങൾ ഇ
ന്നതാണെന്നും, അതുകളെ ലംഘിച്ചാൽ ഇന്നിന്ന ശിക്ഷ
കൾ അനുഭവിക്കേണ്ടിവരുമെന്നും രാജശാസനപോലെ ക
ല്പിക്കയാണു ചെയ്യുന്നതു്. ശാസ്ത്രം യുക്തിയുക്തമായി അ
തതിന്റെ കാരണങ്ങളെ പ്രതിപാദിച്ചു് ഒരു സുഹൃത്തി
നെപ്പോലെ നമ്മളെ പറഞ്ഞു സമ്മതിപ്പിച്ചു നമുക്കു കൃ
ത്യാകൃത്യബോധമുണ്ടാക്കുന്നു. കാവ്യം ഒരു ഇഷ്ടഭാര്യയെ
പ്പോലെ സരസവാക്കുകളെക്കൊണ്ടു കർത്തവ്യകർമ്മങ്ങളിൽ
നമുക്ക് അഭിരുചിയും അകൃത്യങ്ങളിൽ വിമുഖതയും ജനി
പ്പിക്കുന്നു.

കാവ്യശാസ്ത്രങ്ങൾക്ക് ഉഭയസാധാരണമായ ഉദ്ദേശം
മേല്പറഞ്ഞതാണെങ്കിലും അതുകൾ പഠിക്കുന്നതുകൊണ്ടു
നമ്മുടെ ബുദ്ധിക്കുണ്ടാകുന്ന പ്രഭാവം രണ്ടുപ്രകാരത്തിലാ
ണ്. ശാസ്ത്രാദ്ധ്യയനംകൊണ്ടു ബുദ്ധിക്കു തീക്ഷ്ണതയും ശ
ക്തിയും കാവ്യാദ്ധ്യയനംകൊണ്ടു ബുദ്ധിക്കു ഗുണവുമാണ്
ഉണ്ടാകുന്നതു്. ശാസ്ത്രം മനുഷ്യരെ ബുദ്ധിമാന്മാരും കാവ്യം
ഗുണവാന്മാരുമാക്കിത്തീർക്കുന്നു. ശാസ്ത്രത്തിനു് ഈ ഗുണമു
ണ്ടെന്നു പലർക്കും സമ്മതമാണെങ്കിലും കാവ്യത്തിനു മേല്പറ
ഞ്ഞ ഗുണമുണ്ടെന്നു ധരിച്ചിട്ടുള്ളവർ വളരെ ഉണ്ടോ എ
ന്നു സംശയമാണ്. ഇതിനു കാരണമെന്തെന്നാൽ, കാ
വ്യം മനോഗുണത്തിന് ആസ്പദമായ കൃത്യാകൃത്യബോധ
ത്തെ ഉണ്ടാക്കുന്നതു് ഇന്നതു ചെയ്യണമെന്നും, ഇന്നതു
ചെയ്യരുതെന്നും സ്പഷ്ടമായി പറയുന്നതുകൊണ്ടല്ല; കൃത്യാ
കൃത്യങ്ങളെ നമുക്കു് അനുഭവസിദ്ധങ്ങളാക്കിത്തീർക്കുന്നതു
കൊണ്ടാണ്. സാധാരണയായി ഉൽകൃഷ്ടങ്ങളായ കാവ്യങ്ങ
ളിൽ ഇന്നതു കൃത്യമെന്നും, ഇന്നതു് അകൃത്യമെന്നും, പ്രത്യ
ക്ഷം വിചാരിക്കുന്നില്ലെങ്കിലും അതുകളെ വായിക്കുമ്പോൾ
കൃത്യാകൃത്യവിചാരമാണ് നമുക്കു മുഖ്യമായുണ്ടാകുന്നതു്.

കാവ്യാസ്വാദനംകൊണ്ടു രാവണദുൎയ്യോധനാദികളെപ്പോ
ലെയല്ല രാമയുധിഷ്ഠിരാദികളെപ്പോലെയാണു നാം പ്രവ
ൎത്തിക്കേണ്ടതു് എന്നു നമുക്കു് അനുഭവമാകയും, അതുനിമി
ത്തമായി ശുഭകൎമ്മങ്ങളിലും സൽഗുണങ്ങളിലും അഭിരുചി
യും അശുഭകൎമ്മങ്ങളിലും ദുൎഗ്ഗുണങ്ങളിലും വിമുഖതയും ഉ
ണ്ടാകയും ചെയ്യുന്നതാണു്. പലപ്പോഴും പല സൽക്കവിത
കളിൽ പരിചയിച്ചു് ഈ അനുഭവമുണ്ടാകുമ്പോൾ ഈ അ
ഭിരുചിയും വിമുഖതയും സ്ഥായിയായിവരികയും അതിനാൽ
ബുദ്ധിക്കു ഗുണോൽകൎഷമുണ്ടാകയും ചെയ്യുന്നു. ഏതെങ്കിലും
ഒരു മനോവികാരം കൂടക്കൂടെ ഉണ്ടാകുമ്പോൾ ആ വികാ
രം ക്രമേണ സ്ഥായിയാകുമെന്നുള്ളതിലേക്കു സജ്ജനസം
സൎഗ്ഗംകൊണ്ടു മനുഷ്യർ ശിഷ്ടന്മാരാകുന്നതും ദുൎജ്ജനസംസ
ൎഗ്ഗംകൊണ്ടു ദുഷ്ടന്മാരാകുന്നതും ദൃഷ്ടാന്തമാണു്.

രാജ്യവും വസ്തുക്കളും ദേഹവും ഭാൎയ്യയെയും
പൂജ്യരാം ഭ്രാതൃസുതന്മാരെയുമെന്നല്ലഹോ
ഇക്ഷിതിതന്നിലിനിക്കുള്ളതൊക്കെയും ധൎമ്മ
രക്ഷാൎത്ഥമുപേക്ഷിപ്പാനുദ്യുക്തനാകുന്നു ഞാൻ.

എന്നു ധൎമ്മപുത്രൻ പറയുന്നതും

"പട്ടാഭിഷേകത്തിനായ്വിളിച്ചപ്പോഴും
കാട്ടിലേക്കങ്ങു പറഞ്ഞയച്ചപ്പോഴും
ദൃഷ്ടമായീലഹോ ഞങ്ങളാലൊരല്പ-
മൊട്ടുമേ ഭാവഭേദം രാമഭദ്രനിൽ"

എന്നു ശ്രീരാമനെക്കുറിച്ചു പറയുന്നതും, അതാതു പ്രകൃത
ത്തിൽ വായിക്കുമ്പോൾ തല്ക്കാലമെങ്കിലും, കുറെ ധൎമ്മബു
ദ്ധിയും ഗാംഭീൎയ്യവും ആൎക്കാണു് ഉണ്ടാകാത്തതു്. ഇങ്ങ
നെ പലപ്പോഴും ഉണ്ടാകുമ്പോൾ ബുദ്ധിക്കു ഗുണവും, ഗാം
ഭീൎയ്യവും, കുറെ എങ്കിലും സ്ഥായിയാകാതിരിക്കയില്ല.

വേദശാസ്ത്രങ്ങളിൽ കൃത്യാകൃത്യങ്ങളെക്കുറിച്ചു ധാരാള

മായി പറഞ്ഞിട്ടുള്ളപ്പോഠ കാവ്യത്തിൽനിന്ന പ്രത്യേക മായി എന്തൊരു ഫലമാണ നമുക്ക സിദ്ധിക്കുന്നതെന്ന ഞാരെങ്കിലും ആക്ഷേപിച്ചേക്കാം. എന്നാൽ മേല്പറഞ്ഞ ഉദ്ദേശത്തെമാത്രം സംബന്ധിച്ചിടത്തോളം കാവ്യത്തിന്ന വേദശാസ്ത്രങ്ങളെക്കാഠ അധികം പ്രാബല്യമുണ്ട്. കാവ്യ ങ്ങളുടെ ചമല്ക്കാരംകൊണ്ടും, സ്വാരസ്യംകൊണ്ടും അതു കഠ വായിക്കുന്നതിന്ന വേദശാസ്ത്രങ്ങളെക്കാഠ വളരെ രസ മുള്ളതും കൃത്യാകൃത്യനിരൂപണത്തിന്റെ സമ്പ്രദായഭേദം കൊണ്ട് അതുകളെക്കുറിച്ച് ആദരവും അധികം വരുത്തു ന്നതും ആകയാൽ കാവ്യങ്ങഠക്ക നമ്മുടെ ബുദ്ധിയെ നയി ക്കുന്നതിന്നുള്ള ശക്തി വേദശാസ്ത്രങ്ങളെക്കാഠ അധികമു ണ്ട്. വേദശാസ്ത്രങ്ങഠ പഠിക്കുന്നതു സന്മാൎഗ്ഗോപദേശം കേഠക്കുന്നതുപോലെയും കാവ്യങ്ങഠ വായിക്കുന്നതു സത്തു ക്കളായിട്ട സംസൎഗ്ഗം ചെയ്യുന്നതുപോലെയും ആകുന്നു. മനു ഷ്യരെ സദ്വൃത്തന്മാരാക്കുന്നതിന്ന് ഇതിലേതിന്നാണു പ്രാ ബല്യമധികമുള്ളതെന്നതിനെപ്പറ്റി അഭിപ്രായഭേദമുണ്ടാ വാൻ വഴിയില്ലല്ലോ.

കാവ്യങ്ങളുടെ സൂക്ഷ്മമായ ഉദ്ദേശം കൃത്യാകൃത്യോപദേ ശമാണെങ്കിലും അതുകളുടെ തൽക്കാലഫലം മനസ്സുഖമാകു ന്നു. സഹൃദയന്മാൎക്കു ഉൽകൃഷ്ടകാവ്യങ്ങഠ വായിക്കുമ്പോഠ മനസ്സിന്ന് അവാച്യമായ ഒരു ആനന്ദമുണ്ടാകുന്നതാണ്. മിക്കവാറും അവരുടെ വിചാരംകൂടാതെ ഉത്തരകാലഫലം അനുഭവിക്കുന്നുണ്ടെങ്കിലും ഈ തൽക്കാലഫലത്തിന്ന മാ ത്രമാണു സാധാരണയായി കവിതകഠ വായിക്കുന്നത്. എന്നാൽ ഈ തൽക്കാലഫലംതന്നെ ഉത്തരകാലഫലാ പേക്ഷ കൂടാതെയും മനസ്സിന്ന ഗുണപ്രദമാകുന്നു. സമ്പത്തുപ്രിയാദികള ഇല്ലാതെ ബഹുവിധമായ കഷ്ട ഇവിഷ യങ്ങളിൽ പലപ്പോഴും മനസ്സിന്ന സുഖമില്ലായ്മയുണ്ടാകുന്നതു തന്നെ അതിന്ന ശുദ്ധിയും ശാന്തതയും ഉണ്ടാകുന്നതിന്ന് ഒരു വഴിയാണെന്നു പല മഹാന്മാരും അഭിപ്രായപ്പെട്ടി

ട്ടുണ്ട്. സംഗീതം മുതലായ ചില കലാവിദ്യകളുടെയും ഫലം ഇതുതന്നെയാകുന്നു.

ഇതു കൂടാതെ വേറെ ഫലങ്ങളെയും കാവ്യപ്രകാശം മുതലായ സംസ്കൃതഗ്രന്ഥങ്ങളിൽ പറഞ്ഞിട്ടുണ്ട്. യശസ്സ്, ധനലാഭം, വ്യവഹാരജ്ഞാനം മുതലായതുകളെയും കാവ്യഫലങ്ങളുടെ കൂട്ടത്തിലാണു ഗണിക്കുന്നതു്. എന്നാൽ യശസ്സ്, ധനലാഭം മുതലായതു വേറെ പലതുകൊണ്ടും ഉണ്ടാകാവുന്നതാകയാൽ അതുകൾ വാസ്തവത്തിൽ കാവ്യത്തിന്റെ സഹജഫലങ്ങളല്ല. ഔപാധികഫലങ്ങളുടെ കൂട്ടത്തിലേ വിചാരിപ്പാൻ പാടുള്ളു. അതുകൊണ്ട് അതുകളെക്കുറിച്ച് ഇവിടെ പ്രസ്താവിക്കേണമെന്നില്ല. പ്രതാപരുദ്രീയത്തിൽ ഈ വിഷയത്തെപ്പറ്റി വളരെ സാരമായ ഒരു ശ്ലോകമുള്ളതിനെ താഴെ ചേർക്കുന്നു.

യദ്വേദാൽപ്രഭുസമ്മിതാദധിഗതം
ശബ്ദപ്രധാനാച്ചിരം
യച്ചാർത്ഥപ്രവണാൽപുരാണവചനാ-
ദിഷ്ടംസുഹൃത്സമ്മിതാൽ
കാന്താസമ്മിതയായയാസരസതാ
മാപാദ്യകാവ്യശ്രിയാ
കർത്തവ്യേകുതുകീബുധോവിരചിത
സ്തസ്യൈസ്പൃഹാംകുർമ്മഹേ.

---

൧൨. വ്യവസായവിദ്യാഭ്യാസം

വ്യവസായം, ഉൽപാദകമെന്നും പ്രസാരകമെന്നും രണ്ടുവിധമാകുന്നു. ഉൽപാദകമെന്നാൽ ഇഷ്ടസാധനങ്ങളെ ഉണ്ടാക്കുക പ്രസാരകമെന്നാൽ ആ സാധനങ്ങളെ ആവശ്യക്കാർക്ക് കഴിയുന്നതും എളുപ്പത്തിൽ സമ്പാദിക്ക

തരക്കനിലയിൽ വ്യാപാരം ചെയ്യുക. ഉദാഹരണത്തിന്നു വേണ്ടി ഘടനിർമ്മാണവ്യവസായത്തെ എടുക്കാം. വ്യവസായത്തിന്റെ സാമാന്യഗുണങ്ങളായ ഉൽപാദകത്വവും പ്രസാരകത്വവും ഘടനിർമ്മാണത്തിലുണ്ട്. മണ്ണിന്മേൽ കുശവൻ എടുക്കുന്ന വേലയുടെഫലമായി, ഇഷ്ടസാധനങ്ങളായ ഘടങ്ങൾ ഉണ്ടാകുന്നു. ആ ഘടങ്ങളുടെ ക്രയവിക്രയങ്ങളെക്കൊണ്ട് ആവശ്യപ്രവാഹവും ഉണ്ടാകുന്നു. ആയതുകൊണ്ടു വ്യവസായകവിദ്യാഭ്യാസം എന്നുവച്ചാൽ, നിർമ്മാണത്തിന്നും വ്യാപാരത്തിന്നും ഉപയുക്തമായ വിദ്യാഭ്യാസം എന്നാണു ധരിക്കേണ്ടത്.

നിർമ്മാണവ്യാപാരങ്ങൾക്ക് ഉപയുക്തമായ വിദ്യാഭ്യാസം എന്നുവച്ചാൽ എന്ത്? മേൽപറഞ്ഞ കുശവന്റെ ഉദാഹരണത്തെ തന്നെയെടുക്കാം. വയലുകളിൽ ആരും വകവയ്ക്കാതെ കിടക്കുന്ന മണ്ണിനെ കുടമാക്കിത്തീർക്കുന്നതിന്ന് അതിന്മേൽ എന്തെല്ലാം പണികൾ ചെയ്യണമോ ആ പണികളെ ശീലിക്കുകയാകുന്നു നിർമ്മാണവിദ്യാഭ്യാസം. അപ്രകാരംതന്നെ, ഉണ്ടാക്കുന്ന കുടങ്ങളെ പ്രയത്നക്കൂലി മുതലായവയെയും കാലദേശാവസ്ഥാദികൾക്കനുസരിച്ചുതായ ലാഭത്തെയും മററും കണക്കാക്കി, ആവശ്യക്കാരെ അറിഞ്ഞു വില്ക്കുവാൻ ശീലിക്കുകയാകുന്നു വ്യാപാരവിദ്യാഭ്യാസം. ഈ രണ്ടുതരം വിദ്യാഭ്യാസവും നമ്മുടെ ഇടയിൽ പ്രായേണ ഇപ്പോൾ നടപ്പുള്ള വിദ്യാഭ്യാസത്തിൽനിന്നു വ്യത്യാസപ്പെട്ടതാണ്. ഭൂമിശാസ്ത്രവും, ചരിത്രവും, വ്യാകരണവും, ഓട്ടൻതുള്ളലും മററുംപഠിക്കുന്നതു നിർമ്മാണവിദ്യാഭ്യാസമാകുന്നതല്ല. ഏഷ്യാഖണ്ഡത്തിന്റെ പശ്ചിമോത്തരഭാഗത്തെ മുനമ്പ് ഏതെന്നോ, പാനിപ്പട്ടിലെ മൂന്നാംയുദ്ധത്തിൽ ആകെ എത്രപേർ ഹാജരായിയെന്നോ, കർമ്മണിപ്രയോഗത്തെ കർത്തരിപ്രയോഗമാക്കുന്നതിന്നുള്ള നിബന്ധനകൾ ഏതെല്ലാമെന്നോ, "മർക്കടനല്ലിവനത്ര

നമ്മുടെ മക്കളെ മാതുലനിങ്ങനെ സംഗതി" എന്നതു് ആര്? എപ്പോൾ? ആരോടു്? എവിടെയും നോക്കി പറഞ്ഞതു് എന്നോ അറിഞ്ഞതുകൊണ്ടു് ഒരു കടം ഉണ്ടാകാൻ സാധിക്കയില്ലെന്നു വായനക്കാർക്കു് അറിയാമല്ലോ. നിർമ്മാണവിദ്യാഭ്യാസവും വ്യാപാരവിദ്യാഭ്യാസവും ഒരുതരം പ്രത്യേകവിദ്യാഭ്യാസങ്ങളാണു്. ഇൻഡ്യാരാജ്യത്തിന്റെ അഭ്യുദയത്തിനും പ്രത്യേകിച്ചു കേരളത്തിന്റെ യോഗക്ഷേമത്തിനും വ്യവസായവിദ്യാഭ്യാസം അത്യാവശ്യമായിത്തീർന്നിരിക്കുന്ന ഈ കാലത്തു്, കേരളീയരായ നാം ഈ ഉപന്യാസത്തിന്റെ വിഷയത്തെപ്പറ്റി പര്യാലോചനചെയ്യേണ്ടതാണു്.

വ്യവസായത്തിൽ, എന്നുവേണ്ട, മനുഷ്യർ ഏർപ്പെടുന്നതായ സകലപ്രവൃത്തികളിലും അതതിന്നനുരൂപമായ ഒരു പ്രത്യേകപരിശീലനം ഉണ്ടെങ്കിൽ മാത്രമേ ആ വക പ്രവൃത്തികൾ വെടിപ്പായിനടത്താൻ സാധിക്കയുള്ളു എന്നതു പ്രസിദ്ധമാണു്. ഇപ്പോഴത്തെ കാലാവസ്ഥകൊണ്ടും വ്യവസായവിഷയങ്ങളിൽ പ്രത്യേകപരിശീലനം അത്യാവശ്യമായിട്ടാണു കാണുന്നതു്.

ആയതുകൊണ്ടു സകലവ്യവസായങ്ങളിലും സ്വശിക്ഷിതപടുത്വവും ശാസ്ത്രീയജ്ഞാനവും കൂടാതെ നിവൃത്തിയില്ലെന്നു മാത്രമല്ല, ആ വക പാടവവും ജ്ഞാനവും വർദ്ധിക്കുന്തോറും വ്യവസായങ്ങൾ പൂർണ്ണഫലപ്രദങ്ങളായിത്തീരുകയും ചെയ്യും. വ്യവസായങ്ങളുടെ പ്രധാനതത്വം ഇതാണു്. ഈ തത്വം യൂറോപ്പിലും അമേരിക്കയിലും നല്ലവണ്ണം ഗ്രഹിച്ചിട്ടുണ്ടെന്നുള്ളതിന്നു്, ആ രാജ്യങ്ങളിൽ വ്യവസായവിദ്യാഭ്യാസത്തിന്നു വേണ്ട സകല ഏർപ്പാടുകളും ആ നാട്ടുകാർതന്നെ ചെയ്തിട്ടുണ്ടെന്നും, അവരെ അതാതു ഗവർമ്മെണ്ടു സഹായിക്കുന്നുണ്ടെന്നും ഉള്ള സംഗതികൾ ലക്ഷ്യങ്ങളാകുന്നു. സ്വീഡനിലെ 'സലോജൻ' എന്നു പറയുന്ന

പ്രസിദ്ധകരകൌശലവിദ്യാലയത്തിൽനിന്നും, അപ്രകാരം
തന്നെ, ബെൽജിയമിലെ 'അപ്രൻററിസെജ്' എന്ന വിദ്യാ
ലയത്തിൽനിന്നും, കൊളംബിയയിലെ ലോഹകരവിദ്യാലയ
ത്തിൽനിന്നും, ഫ്രാൻസിലേയും ജർമ്മനിയിലേയും കലാശാ
ലകളിൽനിന്നും, ഓക്സ്ഫോർഡ്, ക്ഷേിണകെൻസിങ്ടൻ
ഈ നഗരങ്ങളിലെ കരകൌശലപള്ളിക്കൂടങ്ങളിൽനിന്നും
പ്രതിവത്സരം എത്ര വിദ്യാത്ഥികളെയാണ് ഓരോകലാവി
ദ്യകളിൽ പരിശീലിപ്പിച്ചയയ്ക്കുന്നത്! ഈ വിദ്യാത്ഥികൾ
പലതരക്കാരാണ്. ഈ നാട്ടിലെപ്പോലെ ഏതെങ്കിലും
ഒരു പണി ഒരു ജാതിക്കാരനേ പഠിക്കാവു എന്നോ, കലാ
വിദ്യകൾ അഭ്യസിക്കുന്നതു നിന്ദ്യമാണെന്നോ ഒരു അഭി
പ്രായം ആ നാട്ടുകളിൽ ഇല്ല. ഒരുവൻ ഏതൊരുതൊ
ഴിലിൽ പ്രവേശിക്കുന്നുവോ അവന് ആ തൊഴിലിൽ ഉപ
യുക്തമായ ബുദ്ധിസാമത്ഥ്യം ഉണ്ടാക്കിക്കൊടുക്കുകയും ത
ന്നിമിത്തം തനിക്കുതാൻപോന്നവനാണെന്നുള്ള ഒരു വി
ശ്വാസവും ധൈര്യവും അവനിൽ ജനിപ്പിക്കുകയും ആകു
ന്നു മേൽപറഞ്ഞ വിദ്യാലയങ്ങളിലെ പഠിപ്പുകൊണ്ടുണ്ടാകു
ന്ന ഫലം. എവിടെയെങ്കിലും വേലചെയ്തു ദിവസം അര ഉ
റുപ്പിക സമ്പാദിച്ചുകൊള്ളാമെന്ന ധൈര്യമുള്ള വേലക്കാ
രൻ നമ്മുടെ രാജ്യത്തു നൂറിൽ ഒന്നോ രണ്ടോ! യൂറോപ്പി
ലും അമേരിക്കയിലും, നേരെ മറിച്ച്, അങ്ങനെ ധൈര്യമി
ല്ലാത്തവർ നൂറിൽ ഒന്നോ രണ്ടോ! കപ്പലുവേക്കാരൻ, ഉദ്ധ
ണികക്കാരൻ, എൻജിനിയർ, ശില്പി എന്നിങ്ങനെയുള്ള
ഓരോ വകക്കാരെയും അതാതാളുടെ തൊഴിലുകളിൽ പരി
ചയിപ്പിക്കുക, എന്നുവേണ്ട, ഓരോ തൊഴിലിൻെറയും ത
ത്വങ്ങളെയും തന്ത്രങ്ങളെയും നിശ്ശേഷം അവരെ പഠിപ്പി
ച്ചു വിടുകയാകുന്നു മേല്പറഞ്ഞ വിദ്യാലയങ്ങളുടെ ധമ്മം.
ഇതുകൊണ്ടാണു യൂറോപ്പിലും അമേരിക്കയിലും, എവിടെ
നോക്കിയാലും, വ്യവസായിയെ രാജ്യരക്ഷമപദ്ധതിയിൽ

പുരോഗാമിയായും, അവിടെയുള്ള കച്ചവടക്കാരനെ വാണി
ജ്യലോകനിയന്താവായും കാണുന്നത്.

വ്യവസായങ്ങളെ സംബന്ധിച്ച് ഇന്ത്യാരാജ്യത്തി
ലും, പ്രത്യേകിച്ച കേരളത്തിലും, ചില അഭിപ്രായഭേദങ്ങൾ
ഇയ്യിടയിൽ കണ്ടുതുടങ്ങിട്ടുള്ളതു സന്തോഷകരംതന്നെ. അ
ങ്ങാടികളിൽ പൊതിക്കെട്ടിക്കളയാറുള്ള ഉണക്കവാഴപ്പോ
ളകൾകൊണ്ടു മുണ്ടുകളും, കുളങ്ങളുടെ വക്കുകളിൽ പാഴാ
വുകമായി നില്ക്കാറുള്ള സംഭാരപ്പുല്ലുകളെക്കൊണ്ട് ഒരുത
രം തൈലവും ഉണ്ടാക്കുന്നതു നന്നെന്ന് എപ്പോൾ നമ്മു
ടെ നാട്ടുകാരിൽ ഒരാൾക്കെങ്കിലും തോന്നിയോ, അപ്പോൾ
തന്നെ, നമ്മുടെ രാജ്യത്തിനു നല്ലകാലം വന്നുവെന്നു പറ
യാം. ഇപ്പോൾ കേവലം വെളുത്തേടന്മാരും നാട്ടുവൈദ്യ
ന്മാരും മാത്രം ഉപയോഗിച്ചുപോരുന്ന 'അമരി'യെന്ന
ചെടിയിൽനിന്നു നീലം ഉണ്ടാക്കാൻ തുടങ്ങാത്തതും, അ
പ്രകാരംതന്നെ, ഈ കേരളത്തിൽ പലദിക്കുകളിലും അന്ത
ർഭവിച്ചുകിടക്കുന്ന 'അഭ്രം,' 'അല്യൂമിനീയം' എന്നീലോഹങ്ങ
ളെ ആരും എടുക്കാൻ ശ്രമിക്കാത്തതും എന്തൊരുകഷ്ടമാ
ണ്! ഇപ്പോളെങ്കിലും ഈ വക വിഷയങ്ങളിൽ ബഹുജന
ങ്ങൾക്ക് ഒരു താല്പര്യം ജനിച്ചിട്ടുള്ളതിനെപ്പറ്റി സന്തോ
ഷിക്കേണ്ടതാണ്. എന്നാലും, ജാപ്പാൻ മുതലായ രാജ്യ
ങ്ങളിൽ ഓരോ വ്യവസായങ്ങൾ എത്രയോ ചുരുക്കകാലം
കൊണ്ടുണ്ടാവുകയും, പരിപൂർത്തിയെ പ്രാപിക്കുകയും ചെ
യ്യുന്നതായി കാണുമ്പോൾ ദേശാഭിമാനം നിമിത്തം മനസ്സ
മാധാനം ഉണ്ടാവുന്നില്ല.

ഇയ്യിടയിൽ ഇൻഡ്യാരാജ്യത്തിൻെറ മിക്കസംസ്ഥാനങ്ങ
ളിലും വ്യവസായവിദ്യാഭ്യാസത്തിനുവേണ്ട ഏർപ്പാടുകളിൽ
ചിലതെല്ലാം ചെയ്തിട്ടും, ചെയ്തുവരുന്നും ഉണ്ട്. യന്ത്രക
ലാവിദ്യാലയങ്ങൾക്കും, ആരോഗ്യവൈദ്യാലയങ്ങൾക്കും, കാ
ർഷികവിദ്യാശാലകൾക്കും, ശില്പവിദ്യാലയങ്ങൾക്കും പുറമെ,

കരകൌശലവിദ്യാഭ്യാസത്തിന്നായിത്തന്നെ (൧൮൮൨-ൽ)
വന്ന പള്ളിക്കൂടങ്ങളും അവയിൽ ൪,൫൩൩ വിദ്യാൎത്ഥിക
ളും ഈ ഇൻഡ്യാരാജ്യത്ത് ഉണ്ട്. ഇവകളിൽ പ്രധാനമാ
യി, പഞ്ചാബിൽ അഞ്ചു പള്ളിക്കൂടങ്ങളും ൩൩൨ വിദ്യാ
ൎത്ഥികളും യുണൈറ്റഡ് പ്രോവിൻസുകളിൽ നാലു സ്കൂളു
കളും ൧൩൨ വിദ്യാൎത്ഥികളും, ബങ്കാളത്തു നാലുസ്കൂളുകളും
൩൪൦ വിദ്യാൎത്ഥികളും, ഉണ്ടെന്നാണു കാണുന്നതു്. ബ
ങ്കാളത്തു മിക്ക കാളേജുകളിലും ആരോഗ്യവിദ്യ പഠിപ്പിക്ക
വാനുള്ള ഏൎപ്പാടുകൾ ഉണ്ട്. അപ്രകാരംതന്നെ, സെൻ
ട്രൽ പ്രോവിൻസുകളിലും. പക്ഷെ അവിടെ വ്യവസായ
വിദ്യാലയങ്ങൾ ഇല്ലാത്തതിന്നു പകരം, മിക്ക സ്കൂളുകളിലും
ആശാരിപ്പണി പഠിപ്പിക്കുവാനായി ക്ലാസുകൾ ഏൎപ്പെടു
ത്തീട്ടുണ്ട്. മദിരാശിസംസ്ഥാനത്തിൽ, വ്യവസായം ത
നിച്ചും ഇതരവിഷയങ്ങളോടു വ്യവസായംമാത്രം പ
ഠിപ്പിച്ചുപോരുന്ന സ്കൂളുകൾ അനവധിയുണ്ട്. എങ്കി
ലും അവയിൽ പ്രധാനങ്ങളായി ആൺകുട്ടികൾക്ക
൧൦൨ പെൺകുട്ടികൾക്ക ൧൧൦ സ്കൂളുകൾ ഉണ്ട്. ഇതിന്നു
പുറമെ, ആശാരിപ്പണി, ചൂരൽപ്പണി മുതലായവ പഠിപ്പി
ക്കാൻ വേണ്ട ഏൎപ്പാടുകൾ ചില ഹൈസ്കൂളുകളിൽ ചെ
യ്തിട്ടും ഉണ്ട്. ബൊമ്പായിൽ "വിക്ടോറിയാ ടെക്നിക്കൽ
ഇൻസ്റ്റിട്യൂട്ട്"എന്ന മഹാപ്രസിദ്ധമായ വിദ്യാലയത്തിന്നപു
റമെ, വേറെയും അനേകവിദ്യാലയങ്ങളിൽ വ്യവസായവി
ദ്യാഭ്യാസം നടത്തിപ്പോരുന്നുണ്ട്.

ഇൻഡ്യയിലെ മുപ്പതുകോടിയിൽപരം ജനങ്ങളുടെ ആ
വശ്യങ്ങൾക്ക് ഇതുവരെക്കും പള്ളിക്കൂടങ്ങൾ മതിയാവുക
യില്ല. ആയതുകൊണ്ടു വ്യവസായവിദ്യാഭ്യാസത്തിന്നു പാ
ടുള്ളേടത്തോളം പ്രചാരം ഉണ്ടാക്കുവാൻ ശ്രമിക്കേണ്ടതു ദേ
ശാഭിമാനികളുടെ കൎത്തവ്യകൎമ്മമാണ്.

പ്രസാരകവ്യവസായത്തിന്ന് ആവശ്യമായ വിദ്യാഭ്യാ
സത്തിന്റെ പ്രചാരം ഇതുവരെയായിട്ടും മതിയായിട്ടില്ല.

ഈ കാൎയ്യത്തിൽ മദ്രാസ്സംസ്ഥാനത്തിന്റെ കഥ വളരെ ഖേദമാണ്. പഞ്ചാബിന്റെ കഥയും ഭേദമില്ല. പ്രസാധകവ്യവസായം ഒഴികെയുള്ള വാണിജ്യവിദ്യാഭ്യാസം ഇൻഡ്യയുടെ ഇപ്പോഴത്തെ തികഞ്ഞതായ ആവശ്യങ്ങളിൽ ഒന്നാണെന്നുള്ളതിന് സംശയമില്ല. ശാസ്ത്രം മുതലായ ശാസ്ത്രങ്ങൾ അഭിവൃദ്ധിയെ പ്രാപിച്ചിട്ടുള്ള ഈ കാലത്ത്, മറ്റുള്ളവരോടു കിടപിടിക്കുവാൻ സകലവ്യാപാരങ്ങളിലും ശാസ്ത്രജ്ഞാനം അത്യാവശ്യമായിട്ടുണ്ടു തീൎന്നിരിക്കുന്നത്. ശാസ്ത്രജ്ഞാനത്തിന്റെ അപേക്ഷയില്ലായ്മ നമ്മുടെ നാട്ടിലെ വണിക്കുകൾക്കും ശില്പികൾക്കും ക്ഷേമാഭിവൃദ്ധിക്ക മറെറാന്നാണു ഹേതു? വ്യവസായവിദ്യാഭ്യാസം തനിച്ച പക്ഷത്തിവഴിമാത്രമേ പോകയുള്ളൂ. എന്നുതന്നെയല്ല, വാണിജ്യവിദ്യാഭ്യാസത്തിന്റെ അഭാവത്തിൽ ചിലപ്പോൾ വ്യവസായവിദ്യാഭ്യാസം നിഷ്ഫലമായും തീരും. ശിക്ഷിതപടുത്വമുള്ള ശില്പികളും വണിക്കുകളും, ആളും സ്വാമിയുംപോലെയിരിക്കണം. ആളിനെ വേണ്ടവഴിക്ക സ്വാമിയെങ്ങനെ കൊണ്ടുപോകുന്നുവോ, അപ്രകാരംതന്നെ ശില്പവിദ്യയെ വേണ്ടവഴിക്ക കൊണ്ടുപോകുന്നതു വാണിജ്യമാണ്. വണിക്കിനു ശാസ്ത്രജ്ഞാനത്തിനു പുറമെ, വാണിജ്യത്തിലുള്ള ആധുനികസമ്പ്രദായങ്ങളിൽ പരിചയവും ബുദ്ധിവൈഭവവും കാൎയ്യസ്ഥതയും ഉണ്ടെങ്കിൽ മാത്രമേ, അവിടവിടെച്ചിതറിക്കിടക്കുന്ന വ്യവസായങ്ങളെ യോജിപ്പിക്കാനും തന്നിമിത്തം വിവിധങ്ങളായ കച്ചവടങ്ങളെ സംയോജിപ്പിക്കുവാനും ആകപ്പാടെ നാട്ടിന്റെ ക്ഷേമത്തെ ഉണ്ടാക്കാനും സാധിക്കയുള്ളൂ. ഈ വിഷയത്തിൽ മറ്റുള്ള തൊഴിൽക്കാർ, വക്കീലന്മാരാകട്ടെ, ഉദ്യോഗസ്ഥന്മാരാകട്ടെ, എത്രതന്നെ മിടുക്കന്മാരായാലും, പ്രവേശിച്ചിട്ടു പ്രയോജനമില്ല. അവർ അവരുടെ കുട്ടികളെ ഈ വിഷയം അഭ്യസിപ്പിക്കുകയോ, അല്ലാത്തപക്ഷം, ഈ വിഷയം അഭ്യസിക്കുന്നതിനായി

പള്ളിക്കൂടങ്ങൾ ഏൎപ്പെടുത്തുകയോ, ആ വക പള്ളിക്കൂടങ്ങൾക്ക ധനസഹായം ചെയ്യുകയൊ ആകുന്നു വേണ്ടത്. വ്യവസായങ്ങളുടെ അപേക്ഷയുള്ള സ്ഥലങ്ങളെ കണ്ടുപിടിക്കുന്നതും, അവിടെ അതിന്നുവേണ്ട ഏൎപ്പാടുകൾ കാലതാമസം കൂടാതെ ചെയ്യുന്നതും, തന്റെ പരിശ്രമശീലംകൊണ്ടു ക്രമേണ അതിനെ വൎദ്ധിപ്പിച്ചു തനിക്കും മറ്റുള്ളവൎക്കും പൂൎണ്ണോപകാരപ്രദമാക്കിത്തീൎക്കുന്നതും നമ്മുടെ വ്യവസായം തന്നെയാണ്.

പുത്തേഴത്ത് ഗോവിന്ദമേനോൻ ബി. ഏ.

—— :o: ——

൩൩. ധൎമ്മശാസ്ത്രത്തിന്റെ മൂലതത്വം

മനുഷ്യരുടെ നടത്തയുടെ ഗുണദോഷങ്ങളെക്കുറിച്ചു വിവരിക്കുന്ന ശാസ്ത്രമാകുന്നു ധൎമ്മശാസ്ത്രം. ചിലതെല്ലാം നല്ലതു്, മറ്റു ചിലതെല്ലാം ചീത്ത എന്നു മാത്രം പറഞ്ഞാൽ അതു ശാസ്ത്രമായില്ല. സൽപ്രവൃത്തികളിൽ അടങ്ങിയിരിക്കുന്ന നിയമങ്ങളെ വിശദീകരിക്കയാണു ധൎമ്മശാസ്ത്രത്തിന്റെ കൃത്യം.

മനുഷ്യർ സാധാരണ നല്ലതെന്നുവെച്ചിരിക്കുന്ന ഗുണങ്ങളെയും പ്രവൃത്തികളെയും ശരിയായി പരിശോധിച്ചാൽ സദ്വൃത്തിയുടെ പ്രധാനതത്വങ്ങൾ വെളിപ്പെടും. ഇതു പറഞ്ഞതുകൊണ്ടു പൊതുജനാഭിപ്രായമാണു സദ്വൃത്തിയുടെ വേര് എന്നു വിചാരിച്ചുകൂടാ. ഇതു സദ്വൃത്തിയുടെ തത്വങ്ങളെ നിൎണ്ണയിക്കാനുള്ള ഒരു മാൎഗ്ഗം മാത്രമാകുന്നു. പൊതുജനാഭിപ്രായം പലപ്പോഴും സന്മാൎഗ്ഗതത്വങ്ങൾക്കു വിപരീതമായിരിക്കാൻ എളുപ്പമുണ്ട്. ഇങ്ങനെ സംഭവിക്കുന്നതു സദ്വൃത്തിക്കു വിപരീതമായ അഭിപ്രായം മനുഷ്യൎക്കുണ്ടായിട്ടല്ല. സാധാരണ മനുഷ്യർ ഏതുതരത്തിലും ഒരു

സംഭവത്തെക്കുറിച്ചു സൂക്ഷ്മമായ അറിവു സമ്പാദിക്കുന്നതിലും അതിനെക്കുറിച്ചു നല്ലവണ്ണം ആലോചിക്കുന്നതിലും ശ്രദ്ധ കുറഞ്ഞവരാകുന്നു എങ്കിലും ആരോഗ്യാവസ്ഥയിലിരിക്കുന്ന ഒരു ജനസമുദായത്തിൽ പൊതുജനാഭിപ്രായം മിക്കവാറും സന്മാർഗ്ഗതത്വങ്ങൾക്ക് അനുസരണമായിത്തന്നെ ഇരിക്കും.

ധർമ്മം അല്ലെങ്കിൽ കർത്തവ്യകർമ്മം എന്നതു് എല്ലാവരാലും അനുസരിക്കപ്പെടേണ്ടതാണെന്നു പൊതുവെ ബോധമുണ്ടു്. ആരെങ്കിലും ഏതെങ്കിലും ഒരു സന്ദർഭത്തിൽ അയാളുടെ കർത്തവ്യകർമ്മം ചെയ്യാതിരുന്നാൽ നാം അയാളെ കുറ്റം പറയുന്നു; ഇന്നതാണു് അയാൾ ചെയ്യേണ്ടിയിരുന്നതെന്നും നാം അഭിപ്രായപ്പെടുന്നു. നല്ലതിനെ അറിയുന്നതിനും അതനുസരിച്ചു പ്രവർത്തിക്കുന്നതിനും മനുഷ്യനു ശക്തിയുണ്ടെന്നുള്ള കാര്യം മുൻപറഞ്ഞ സംഗതികളിലെല്ലാം അന്തർഭവിച്ചിരിക്കുന്നു. കർത്തവ്യകർമ്മം എന്നതിനു് അർത്ഥംതന്നെ ഉണ്ടാകേണമെങ്കിൽ മനുഷ്യാത്മാവിനു പരിതസ്ഥിതികളെ ജയിച്ചു നല്ലതിനെത്തന്നെ തിരഞ്ഞെടുക്കാൻ ശക്തിയുണ്ടെന്നു സമ്മതിക്കണം.

ആത്മസ്വാതന്ത്ര്യം എന്നതു വെറും മായയാണെന്നും പരിതസ്ഥിതികളാണു നടത്തയെ നിശ്ചയിക്കുന്നതെന്നും ചിലർ അഭിപ്രായപ്പെടുന്നു. മനുഷ്യർ പരിതസ്ഥിതികൾക്കു് അടിപ്പെട്ടിരിക്കുന്നു എന്നു പറയുന്നതിന്റെ അർത്ഥത്തെപ്പറ്റി കുറച്ചു് ആലോചിച്ചു നോക്കാം. നടത്ത, സ്ഥിതികളെ അനുസരിച്ചിരിക്കുമെന്നു പറയുമ്പോൾ വെറും പുറമെയുള്ള സ്ഥിതികളെ മാത്രം അർത്ഥമാക്കിയാൽ ഈ അഭിപ്രായം തീരെ നിസ്സാരവും നിരർത്ഥവുമായിത്തീരുന്നു. പുറമെയുള്ള സ്ഥിതികൾ ഒന്നുപോലെതന്നെയിരുന്നാലും രണ്ടുപേർ വളരെ വ്യത്യാസമുള്ള വിധത്തിൽ പ്രവർത്തിക്കുമെന്നുള്ളതിനു തർക്കമില്ല. ഒരു സത്യവാനായ പൊല്ലീസ്സുകാരനും ഒരു പിടിച്ചുപറിക്കാരനും പണം കയ്യിലുള്ള ഒരു

യാത്രക്കാരനെ ഏകാന്തമായി ഒരു വഴിയിൽവച്ചു കണ്ടാൽ രണ്ടുപേരുടെയും പ്രവൃത്തികൾ ഭിന്നമായിരിക്കുമെന്നു തീർച്ചതന്നെ.

ഇവരുടെ വ്യത്യാസപ്പെട്ട നടവടികൾ അവരുടെ വളർച്ചയിലും മറവുകളായ പരിതസ്ഥിതികളെ അനുസരിച്ചിരിക്കുമെന്നാണു നിയതവാദികളുടെ തർക്കം. ഇതും സാധുവല്ല. എത്ര പരിശോധിച്ചാലും, മുജ്ജന്മങ്ങളെക്കൂടെ അനുമാനിച്ചാലും അന്തഃകരണശക്തിയെ പരിതസ്ഥിതികളുടെ ഫലമായി തള്ളുവാൻ സാധിക്കയില്ല. എപ്പോഴും നോക്കിയാലും അന്തഃകരണശക്തിയും പരിതസ്ഥിതികളും ഉണ്ടെന്നു വ്യക്തമാണ്. അന്തഃകരണശക്തിയും പരിതസ്ഥിതികളും അന്യോന്യം ബാധിക്കുന്നുണ്ട്. ഒരു കല്ലിനെപ്പോലെ വെറും പരിതസ്ഥിതികൾക്ക് അടിമയായി വിചാരിക്കാൻ പാടില്ല. അതിന്റെ നടത്ത അതിന്റെ സ്വഭാവത്തിന്റെയും പരിതസ്ഥിതികളുടെയും ഫലമാകുന്നു. അതുകൊണ്ടു സ്വഭാവവും പരിതസ്ഥിതികളും വെവ്വേറെ സ്ഥിതിചെയ്യുന്നവയെന്നു സമ്മതിക്കണം. ഇതു സമ്മതിച്ചാൽ മനുഷ്യനു പ്രവർത്തനസ്വാതന്ത്ര്യമുണ്ടെന്നും സമ്മതിക്കാതെ നിവൃത്തിയില്ല. അങ്ങനെയല്ലാത്ത പക്ഷം എല്ലാം പരിതസ്ഥിതികൾതന്നെയെന്നു പറയേണ്ടിവരും. പക്ഷേ ഇതു തർക്കവിഷയത്തെ വിടുകയാണ്. അതുപോലെതന്നെ എല്ലാം അന്തഃകരണശക്തിയാണെന്നും സാധിക്കാം. നടത്ത പരിതസ്ഥിതികളെ അനുസരിക്കുന്നുവെന്നു പറയുന്നതു അബദ്ധമാണെന്നു മുമ്പേ കാണിച്ചുവല്ലോ.

ചിലർ സ്വാതന്ത്ര്യം എന്നുവച്ചാൽ ഉദ്ദേശമില്ലാതെ പ്രവൃത്തി ചെയ്യുന്നതിനുള്ള ശക്തിയാണെന്ന് അഭിപ്രായപ്പെടുന്നു. ഇതു് അബദ്ധമാണ്. തക്ക കാരണം കൂടാതെ പ്രവർത്തിക്കുന്നതു ആവേശമാകുന്നു. ഇതു സ്വാത

ന്ത്രമായ പ്രവൃത്തിക്കു നേരെ വിപരീതമാണ്. അതുകൊണ്ടു സ്വാതന്ത്ര്യം ഇതല്ല.

വാസ്തവത്തിൽ മനുഷ്യനു സ്വാതന്ത്ര്യമുണ്ട്. മനുഷ്യന്റെ പ്രവൃത്തികളെ നിശ്ചയിക്കുന്നതിനു പരിതസ്ഥിതികൾക്കു ശക്തിയുണ്ട്. സാധാരണ മനുഷ്യർ പലപ്പോഴും പരിതസ്ഥിതികൾക്ക് അടിമപ്പെട്ടിരിക്കുന്നു. എന്നാൽ അവയെ ജയിക്കുന്നതിനും മനുഷ്യനു ശക്തിയുണ്ട്. നിശ്ചിതമായ ചില ഫലങ്ങൾ ഉണ്ടാക്കുന്നവയായ ചില പ്രവൃത്തിരീതികളെ തുടങ്ങുന്നതിനുള്ള ശക്തിയാകുന്നു സ്വാതന്ത്ര്യം.

ദേഹസ്ഥിതി, വിദ്യാഭ്യാസം മുതലായവ ഒരുവിധത്തിൽ മനുഷ്യന്റെ പ്രവൃത്തികളെ നിർണ്ണയിക്കുന്നു എന്നു പറയാം. ശീലം അല്ലെങ്കിൽ സ്വഭാവം എന്നതു നിശ്ചിതമായാൽ ഒരു മനുഷ്യന്റെ പ്രവൃത്തികൾ ഒരു രീതിയെ അനുസരിച്ചിരിക്കും. സ്വാതന്ത്ര്യവാദി ഇതിനെ നിഷേധിക്കുന്നില്ല. പുറമെയുള്ള അവസ്ഥകൾ ഏതുവിധമായിരുന്നാലും അവയ്ക്കു കീഴടങ്ങുകയോ, അവയെ ജയിക്കയോ ചെയ്യുന്നതു മനുഷ്യന്റെ ആത്മശക്തിയാകുന്നു. തന്റെ സ്വഭാവം തന്റെ നടത്തയെ നിശ്ചയിക്കുന്നതുകൊണ്ടു മനുഷ്യൻ സ്വതന്ത്രനാകുന്നു എന്നാണു സ്വാതന്ത്ര്യവാദി പറയുന്നതു്. ഞാൻ അനുസരിക്കുന്ന നിയമങ്ങൾ എന്റെ നിയമങ്ങളാണ്. അവ എന്റെ നിയമങ്ങളാണെന്നു ഞാൻ അറിയുകയും ചെയ്യുന്നു. ആ സ്ഥിതിക്കു ഞാൻ അടിമയാകുന്നു എന്നു പറയുന്നതെങ്ങനെ? ഈ വാസ്തവത്തെ പ്രധാനതത്വജ്ഞാനികളിലാരും നിഷേധിക്കുന്നുണ്ടെന്നു തോന്നുന്നില്ല.

മനുഷ്യന്റെ സ്വഭാവം പാരമ്പര്യത്താലും അതിന്റെ വികാസം പരിതസ്ഥിതികളാലും വളരെ ബാധിക്കപ്പെടുന്നവയെന്നതു സ്പഷ്ടമാണ്. മതസ്വാതന്ത്ര്യവാദിയായ കാർഡിനൽ ന്യൂമാനും ഇതു സമ്മതിക്കുന്നു.

എന്നാൽ എല്ലാവരും അവരവരുടെ പാരമ്പൎയ്യസ്വത്തായ സ്വഭാവത്തെ കഴിയുന്നതും നല്ലവണ്ണം ഉപയോഗിക്കാൻ കടപ്പെട്ടിരിക്കുന്നു. സ്വഭാവത്തിൽ അധഃപതനവും ഉൽഗമനവും വരാം.

മനുഷ്യൻ ഒരു ആത്മാവാകയുകൊണ്ട് അവനു സ്വാതന്ത്ര്യമുണ്ട്. ഒരു മനുഷ്യന്റെ പതിവായ സ്വഭാവത്തിൽനിന്നാണ് ഒരു പ്രവൃത്തി ഉത്ഭവിക്കുന്നതു് എങ്കിൽ അതു സ്വതന്ത്രമാകുന്നു. ചില അവസരങ്ങളിൽ നാം ആവേശംകൊണ്ടു പ്രവൎത്തിക്കുന്നു. അപ്പോൾ നാം സ്വതന്ത്രരല്ല. എങ്കിലും നാം നമ്മുടെ പ്രവൃത്തിയുടെ ഫലത്തിന് ഉത്തരവാദികളാണ്. എന്തുകൊണ്ടെന്നാൽ ആവേശംകൊണ്ടു മതിമറന്നു പ്രവൎത്തിക്കാതിരിക്കത്തക്കവണ്ണം ശീലിക്കുന്നതു നമ്മുടെ കടമയാകുന്നു. ഒരു മനുഷ്യനുള്ള സ്വാതന്ത്ര്യത്തിനും മറെറാരാൾക്കുള്ളതിനും തമ്മിൽ വളരെ വ്യത്യാസം വരാം. സ്വാതന്ത്ര്യം ആത്മശക്തിയെ അനുസരിച്ചിരിക്കുന്നു. മൃഗങ്ങളുടെ സ്വാതന്ത്ര്യം മനുഷ്യരുടെ സ്വാതന്ത്ര്യത്തെക്കാൾ വളരെ താണതരത്തിലുള്ളതാണ്. സ്വാതന്ത്ര്യത്തിൽ ഏററക്കുറവുകൾ ഉണ്ടു. ആത്മവികാസം അധികമാകുംതോറും സ്വാതന്ത്ര്യവും അധികമാകുന്നു. വിശിഷ്ടതമനായുള്ള ആത്മാവിനാണ് ഏററവും പൂൎണ്ണമായ സ്വാതന്ത്ര്യമുള്ളതു്. പരമാത്മാവിനാണു പരമസ്വാതന്ത്ര്യമുള്ളതു്.

സാധാരണ മനുഷ്യരിൽ പലപ്പോഴും അന്യോന്യവിപരീതമായി പ്രവൎത്തിക്കുന്ന മൂന്നു ശക്തികളുണ്ടെന്നു പറയാം. 1. ജന്തുധൎമ്മങ്ങളെ അനുസരിച്ചു പ്രവൎത്തിക്കുന്ന ആവേശം. 2. പതിവായുള്ള സ്വഭാവം. 3. പരമാത്മാവു്. ഇതു മൂന്നാമത്തേതിൽ മാത്രമേ മഹത്തുക്കൾ ഉൾപ്പെടുന്നുള്ളു. നാം ജീവിതകാലത്തിൽ പലപ്പോഴും പരമാത്മാവിന്റെ പ്രേരണകൾക്കു വിപരീതമായി പ്രവ

ത്തിച്ചിട്ടുണ്ടെങ്കിലും മിക്കവരും ആ ആത്മാവിന്റെ അധികാരത്തെ സമ്മതിക്കുന്നു. പരമാത്മാവിങ്കൽതന്നെ ലയിക്കുന്നതാണു ജീവിതത്തിന്റെ ഉദ്ദേശ്യം. ഈ ആത്മാവുതന്നെയാണു ലോകത്തിന്റെ പരമതത്വം. ഈ സ്ഥിതിയിലാണു് ഉത്തമമായ സ്വാതന്ത്ര്യം നാം അനുഭവിക്കുന്നതു്.

ജി. രാമൻമേനോൻ എം. എ.

---

൧൪. കാലപരിമാണങ്ങൾ

കാലം എന്നതു ലോകത്തിലുള്ള സകലജനസമുദായത്താലും അംഗീകരിക്കപ്പെട്ടിരിക്കുന്ന ഒരു പദാൎത്ഥമാകുന്നു. അതു നമ്മുടെ ചക്ഷുരാദീന്ദ്രിയങ്ങൾക്കു വിഷയമല്ലാത്തതും ആകൃതിഹീനമായിട്ടുള്ളതും ആണെങ്കിലും അതിനു നമ്മുടെ സകല വ്യവഹാരങ്ങളിലും ഒഴിച്ചുകൂടാത്തതായ ഒരു സംബന്ധമുള്ളതുകൊണ്ടാകുന്നു അതിനെ ഒരു പദാൎത്ഥമായി ഗണിക്കുന്നതു്. ഇതുപോലെ "ദിക്കു" മുതലായ അതീന്ദ്രിയങ്ങളായ വേറെ ചില പദാൎത്ഥങ്ങളെയും വ്യവഹാരസൌകൎയ്യത്തിനുവേണ്ടി നാം സ്വീകരിച്ചുവരാറുണ്ടല്ലോ. ഇങ്ങനെ ഇന്ദ്രിയഗോചരങ്ങളായ യാതൊരു ലക്ഷണങ്ങളും ഇല്ലാത്ത പദാൎത്ഥങ്ങളെ "അമൂൎത്തദ്രവ്യ"ങ്ങളെന്നു പറഞ്ഞുവരുന്നു. ലോകവ്യവഹാരത്തിൽ സൌകൎയ്യത്തിനുവേണ്ടി ഈ വക അമൂൎത്തദ്രവ്യങ്ങളെ കല്പനാഭേദംകൊണ്ടു സാവയവങ്ങളാക്കി പരിണമിപ്പിക്കുന്നു. പ്രകൃതവിഷയമായ കാലത്തിനു "ഭൂതം, വൎത്തമാനം, ഭവിഷ്യത്തു്" ഇങ്ങനെ മൂന്നു പ്രധാനാവയവങ്ങളെയും, ആ ഓരോ അവയവങ്ങൾക്കും 'ക്ഷണനാഴി, കല്പാന്ത, പൎയ്യന്ത'ങ്ങളായി അനേകം അവാന്തരവിഭാഗങ്ങളെയും കല്പിച്ചു് അവയെ ആശ്രയിച്ചു നാം വ്യവഹരിച്ചുവരുന്നു.

എന്നാൽ ക്ഷണാദികളായ അവയവങ്ങളുടെ കല്പനാത്തിങ്കൽ ലോകത്തിലുള്ള ഓരോ ജനസമുദായവും തമ്മിൽ തമ്മിൽ ഇത്രഭേദത്തോടുകൂടിയ പല മതങ്ങളെയും അവലംബിക്കുന്നുണ്ടെങ്കിലും, മേല്പറഞ്ഞ ഭൂതാദിപ്രധാനാവയവങ്ങളെ സംബന്ധിച്ചേടത്തോളം യാതൊരു സമുദായത്തിനും ഭിന്നാഭിപ്രായമുള്ളതായിക്കാണുന്നില്ല. എന്തെന്നാൽ, നമ്മുടെ മനസ്സിലുള്ള വിചാരങ്ങളെപ്പററി നാം മററുള്ളവരോടുകൂടെയെങ്കിലും പറയുന്നതായാൽ ആ വിചാരത്തിന്റെ വിഷയമായ കാൎയ്യം കഴിഞ്ഞതോ അല്ലെങ്കിൽ ഇപ്പോൾ നടക്കുന്നതോ അഥവാ മേലിൽ സംഭവിപ്പാൻ പോകുന്നതോ ആയിരിക്കുന്നുമല്ലൊ. അതുകൊണ്ടു സൎവ്വവ്യവഹാരങ്ങളിലും കഴിഞ്ഞതു്, ഇപ്പോൾ നടക്കുന്നതു്, വരാൻ പോകുന്നതു് എന്നിങ്ങിനെയുള്ള മൂന്നിൽ ഏതെങ്കിലും ഒരു കാലഭേദത്തെ കാണിക്കാതെ യാതൊന്നും ആൎക്കും പറവാൻ കഴിയുന്നതല്ല. അതിനാൽ നമ്മുടെ സകല വ്യവഹാരങ്ങളിലും കാലത്തിന്റെ നിത്യസംബന്ധമുണ്ടെന്നുള്ളതു് അതിനിൎവ്വിവാദമാകുന്നു.

ഇങ്ങനെ ലോകവ്യവഹാരങ്ങളിലെല്ലാം നിത്യസംബന്ധമുള്ളതായും അനാദ്യന്തമായും ഇരിക്കുന്ന കാലത്തിന്റെ ഭൂതാദികളായ മൂന്നു പ്രധാനാവയവങ്ങളെ കല്പിച്ചതുകൊണ്ടുമാത്രം വ്യവഹാരസൌകൎയ്യം മതിയാകാത്തതിനാൽ ഓരോ ജനസമുദായങ്ങളും കാലഭേദങ്ങളെയും, സമുദായനിയമങ്ങളെയും അനുസരിച്ചു ഗതാനുഗതികന്യായേന കാലത്തിന്റെ അനേകം അവാന്തരവിഭാഗങ്ങളെ കല്പിക്കുകയും അവയെ അനുസരിച്ചു് അതാതു സമുദായക്കാർ പരമ്പരയാ വ്യവഹരിച്ചുവരികയും ചെയ്യുന്നതു് അനുഭവസിദ്ധമാകുന്നു. ഈ വകയിൽ, നാഴികവിനാഴി മുതൽ ഏററവും വലുതായ കാലഭേദങ്ങളായ ഓരോ വിഭാഗങ്ങളെ തങ്ങൾക്കു [illegible] നിന്നു് അന്യന്മാരായവർ പലരോടും

ങ്ങളൊപ്പമായി അറിഞ്ഞാണു മനുഷ്യസമുദായം ഇപ്പോഴ-ത്തെ സ്ഥിതിയിൽ എത്തിയിരിക്കുന്നതെന്നുള്ള ലോകചരി-ത്രസാരം നമുക്കു വളരെ സഹായിക്കുന്നതാകുന്നു.

ഇനി മേല്പ്രസ്താവിച്ചപ്രകാരം മനുഷ്യരിൽ ഓരോ സമുദായവും കല്പിച്ചുവരുന്ന കാലപരിമാണങ്ങളുടെ സ്വഭാ-വങ്ങളെപ്പററി ആലോചിക്കാം. ഭാരതഖണ്ഡവാസികളാ-യ ഹിന്തുക്കൾ തങ്ങളുടെ സർവ്വജ്ഞാനത്തിനും ആധാരഭൂത-മായ പ്രധാനപ്രമാണം എന്നു കല്പിച്ചുവരുന്ന വേദത്തിന്റെ-യും, ആ വേദത്തിൽ പറയുന്ന വിഷയങ്ങളെ അടിസ്ഥാന-പ്പെടുത്തി അവയെ വിസ്തരിച്ചു പ്രതിപാദിക്കുന്നതായ ശാ-സ്ത്രപുരാണാദി പ്രമാണങ്ങളുടെയും സൂക്ഷ്മപരിശോധന-യിൽ, അനാദ്യന്തവും സർവ്വവ്യാപ്തവുമായ കാലം ഈശ്വര-നാകുന്നു എന്നും, ഭൂതലവാസികളായ നമുക്കു ആന്തരമായ എ-ത്രയോ ഒരു ഗുപ്തസംബന്ധത്തോടുകൂടി കാണപ്പെടുന്ന സൂ-ര്യൻ കാലസ്വരൂപനായ പ്രത്യക്ഷദേവനാണെന്നും അവ-റ്റിൽ പലേടത്തും ഘോഷിച്ചിട്ടുള്ളതായിക്കാണാം. എന്നു മാത്രമല്ല, ഹിന്തുക്കൾ സൂര്യനെത്തന്നെ കാലപരിമാണത്തി-ങ്കൽ ഒരു പ്രധാനമായ മാനദണ്ഡമാക്കി കല്പിക്കയും, പി-ന്നെ പലവിധത്തിലുള്ള സൌരമാനങ്ങളെക്കൊണ്ടു ഓരോ പ്രകാരത്തിൽ ഗണിക്കയും ചെയ്യുന്നതിനുള്ള അസംഖ്യം കൌശലങ്ങളെ കണ്ടുപിടിക്കയും അങ്ങനെ അനവധികാ-ലംകൊണ്ടും അനേകം വിദ്വാന്മാരുടെ പരിശ്രമംകൊണ്ടും ഈ വിഷയത്തിൽതന്നെ ഒരു പ്രത്യേകശാസ്ത്രം നിർമ്മിക്ക-കയും ചെയ്തിരിക്കുന്നു*

ഇങ്ങനെ വ്യവഹാരസൌകര്യത്തിന്നു വേണ്ടി കാലാ-വയവനിർണ്ണയം ചെയ്യുന്നതിലേക്കായി ഓരോ മാർഗ്ഗങ്ങളെ കണ്ടുപിടിക്കുന്നതു സംബന്ധിച്ചു ലോകതത്വാന്വേഷണം ചെ-യ്തുവന്നതായ ആ ഘട്ടത്തിൽ, അസാമാന്യബുദ്ധിമാ-ന്മാരായ ചില പൂർവ്വാചാര്യന്മാർക്കു അവരുടെ പരിമിതമായ

ആയുസ്സിനെക്കുറിച്ച് എത്രത്തോളം പശ്ചാത്തപിപ്പാൻ സംഗതിവന്നിട്ടുണ്ടെന്ന് ആൎക്കറിയാം?

ഈ വിഷയത്തിൽ കേവലം യുക്തിക്കും അനുഭവത്തിന്നും അനുസരിച്ചു കാൎയ്യകാരണങ്ങളെ കണ്ടുപിടിച്ചു നിയമിക്കുന്ന ശാസ്ത്രകാരന്മാരും, മതവിഷയങ്ങളായ ഓരോരോ വിശ്വാസങ്ങളെ മാത്രം ആധാരമാക്കി ജനങ്ങൾക്കു ദുഷ്കൎമ്മനിവൃത്തിയെയും സൽകൎമ്മപ്രവൃത്തിയെയും ഉപദേശിക്കുന്ന പൌരാണികന്മാരും തമ്മിൽ ചില കാൎയ്യങ്ങളിൽ അല്പമായി ചില അഭിപ്രായഭേദങ്ങളുണ്ടെന്നുള്ളതു വാസ്തവംതന്നെ. എന്നാൽ ഈ ഏകസംഗതിയെ മാത്രം അടിസ്ഥാനമാക്കി ചില മതക്കാർ അന്യമതക്കാരെ പരിഹസിക്കുന്നതു കേവലം അല്പജ്ഞതയാലോ ഔദ്ധത്യത്താലോ മാത്രമാണെന്നു വിചാരിക്കേണ്ടതുള്ളു. എന്തെന്നാൽ ഏതൊരു ജനസമുദായത്തിലും മതതത്വവും ശാസ്ത്രതത്വവും തമ്മിൽ സൎവ്വത്ര യോജിക്കുന്നതായി യാതൊരു മതവും ഉണ്ടാവാനിടയില്ലെന്നുള്ളത് എല്ലാവരും സമ്മതിക്കുന്നതാണല്ലോ. അതുകൊണ്ട് ഈ അപ്രകൃതം പോകട്ടെ.

മേൽപ്രസ്താവിച്ചപ്രകാരം കാലനിൎണ്ണയത്തിന്റെ ആവശ്യത്തിന്നുവേണ്ടി വ്യവസ്ഥിതങ്ങളായ ഏതെങ്കിലും ചില പ്രമാണങ്ങളെ കണ്ടുപിടിച്ചുവെച്ചിരിക്കേണ്ടതിലേക്കായിട്ടുള്ള ഈ മഹാപ്രയത്നംകൊണ്ടു ഒന്നാമതായി ഭൂമിയും സൂൎയ്യനും തമ്മിലുള്ള നിയതസംബന്ധത്തെ കണ്ടുപിടിക്കയും, പിന്നെയും ആ വഴിയിൽതന്നെ പരിശ്രമിച്ചതിൽ സൂൎയ്യനെപ്പോലെതന്നെയല്ലെങ്കിലും മറ്റു ഗോളങ്ങൾക്കും ക്രമമായിട്ടു സംബന്ധമുള്ളതായി കാണുകയും പിന്നീട് അവയിൽ ഓരോന്നിന്റെയും ഗതിഭേദങ്ങളെ പലപ്രകാരത്തിലും പരീക്ഷിച്ചറികയും, ആവക പരീക്ഷകളിൽനിന്നു വളരെക്കാലത്തെ അനുഭവംകൊണ്ടു തെറ്റില്ലെന്നു സൂക്ഷ്മമായി വിശ്വസിക്കപ്പെട്ടിരിക്കുന്ന കാൎയ്യങ്ങളെ പ്രമാണമാ

ഭരിക്കുളിക്കയും ചെയ്തിരിക്കുന്നു. ഈ പൎയ്യാലോചനയുടെ
പ്രഥമഭാഗം വളരെക്കാലത്തോളം ഭൂമിയും സൂൎയ്യനും തമ്മി
ലുള്ള സംബന്ധത്തെയും അവയുടെ സ്വാഭാവികങ്ങളെ
കൊണ്ടു പരസ്പരം സംഭവിക്കുന്ന ഓരോ സ്ഥിതികളെത്തെ
യും അറിയുന്നതുകൊണ്ടുതന്നെ പൎയ്യവസാനിച്ചിരുന്നു. അ
താവിതു: ഒരു നിയതമായ കാലത്തിനിടയിൽ നമുക്കു ദൃഷ്ടി
ഗോചരമായി ഭവിക്കയും, അതുപോലെതന്നെ ഏകദേശം
അത്രയും സമയം കഴിയുമ്പോൾ അദൃശ്യമായിത്തീരുകയും,
വീണ്ടും മുമ്പത്തെ സമയത്തിൽ പ്രത്യക്ഷമാവുകയും, പിന്നെ
യും അസ്തമിക്കയും ചെയ്യുന്ന സ്ഥിതിയിൽ പതിവായി നാം
കണ്ടുവരുന്നതായ ഈ വസ്തുവും (സൂൎയ്യൻ) നമുക്കാശ്രയമാ
യിരിക്കുന്ന ഈ സ്ഥലവും (ഭൂമി) എല്ലായ്പോഴും അന്യോ
ന്യാകൎഷണമായും ഒരേതു സ്ഥിരമായും ഇരിക്കുന്നവയല്ലെ
ന്നും നമ്മുടെ ആവാസഭൂതമായ വസ്തു (ഭൂമി) സ്വതേപ്ര
കാശശൂന്യമായിട്ടുള്ളതാകുന്നു, മറ്റേതു് എല്ലായ്പോഴും
കത്തിജ്വലിച്ചുകൊണ്ടിരിക്കുന്ന ഒരു തേജഃപുഞ്ജമാണെന്നും,
അതിന്റെ ആധിക്യത്താലാകുന്നു നമുക്കു പ്രകാശവും ചൂ
ടും അനുഭവിപ്പാൻ ഇടവരുന്നതെന്നും അറിയുകതന്നെ (സൂ
ൎയ്യന്റെ ഉദയാസ്തമനങ്ങൾ ഇവിടെ സാക്ഷികളാകുന്നു.)

അതിനാൽ നമ്മുടെ ദൃഷ്ടിയിൽ സൂൎയ്യപ്രകാശം തട്ടു
ന്ന സമയം മുതൽ അതില്ലാതെയാകുന്നതുവരെയുള്ള ഒരു
സമയത്തിനു ദിവസം (പകലെയുള്ള സമയം) എന്നു പേരു
കല്പിക്കയും മറ്റുള്ള സമയം മനുഷ്യർ പ്രായേണ നിൎവ്യാ
പാരന്മാരായിരിക്കയാൽ ആ സമയത്തിനു പ്രത്യേകിച്ചു
യാതൊരു നാമവും കല്പിക്കാനത്യാവശ്യമില്ലാതിരുന്നതുകൊ
ണ്ടു് അതിനു യാതൊരു പേരും കൂടാതെതന്നെ കഴിഞ്ഞു
പോകയോ അല്ലെങ്കിൽ പ്രായേണ അന്ധകാരമായിരുന്ന
ആ സമയത്തിനു തദ്ഗുണകങ്ങളായ വല്ല പേരുകളെയും
വിളിക്കുകയോ ചെയ്തതായി വിചാരിക്കാം. ഈവിധം വ

സൂൎയ്യനെയാൽ പ്രകാശമാനമാകയാൽ വ്യാപാരയോഗ്യമായിരിക്കു
ന്ന പകൽസമയത്തെ മാത്രം കുറിക്കുന്നു ദിവസം എന്ന
സംജ്ഞയിൽ നിൎവ്യാപാരമായിരിക്കുന്നതായ മറ്റുള്ള
സമയത്തെക്കൂടി ചേൎത്തു ഉൾപ്പെട്ടതാകുന്ന ക്രമമായ വ്യവ
ഹാരസൗകൎയ്യത്തിനുവേണ്ടി 'ദിവസം' എന്നാൽ രാ
വും പകലുംകൂടിയ സമയം എന്നുള്ള അൎത്ഥം നടപ്പായി
വന്നിരിക്കുന്നതു.

സൂൎയ്യനക്ഷത്രാദികൾ തേജോമയങ്ങളായ വേറെ ചില
ഗോളങ്ങളെയും അവയുടെ ഗതിസമ്പ്രദായങ്ങളെയും പ
രിശോധിച്ചറിഞ്ഞിട്ടുള്ളതായിരുന്നു എന്നു മുൻപറഞ്ഞിട്ടുണ്ട
ല്ലോ. ആവക ഗോളങ്ങളുടെ കൂട്ടത്തിൽവച്ചു സൂൎയ്യനെ
പ്പോലെ അത്യുജ്വലമായ തേജസ്സില്ലെങ്കിലും മറ്റുള്ളവയെ
അപേക്ഷിച്ചു പ്രകാശമേറിയതും സാമാന്യദൃഷ്ടിയിൽ വലി
പ്പം തോന്നുന്നതും ആയ ഒരു ഗോളത്തിനു സവിശേഷമായിട്ടു
തന്നെ 'ചന്ദ്രൻ' എന്നു പേരു കല്പിക്കുകയും അ
തിന്റെ പ്രകാശത്തിനു ചിലപ്പോൾ ഉണ്ടാകുന്ന വൃദ്ധിക്ഷ
യങ്ങളുടെ കാരണത്തെയും അതു സംഭവിക്കുന്നതായ കാല
നിയമത്തെയും പരീക്ഷിച്ചറിഞ്ഞിടുന്നതിൽ ച
ന്ദ്രാദിഗോളങ്ങൾ സ്വന്തപ്രകാശമുള്ളവയല്ലെന്നും അ
വയ്ക്കു പ്രകാശമുണ്ടാകുന്നതു സൂൎയ്യരശ്മികൾ പ്രതിഫ
ലിച്ചിട്ടാണെന്നും, ഭൂമിയും ചന്ദ്രനും തമ്മിൽ അധികം അടു
ത്തു നില്ക്കുന്നതുകൊണ്ടു സൂൎയ്യരശ്മി ചന്ദ്രമണ്ഡലത്തിൽ തട്ടുന്ന
തിലേക്കു ചിലപ്പോൾ ഭൂഗോളത്തിന്റെ തടസ്ഥം (മറവു)
സംഭവിക്കുന്നതിനാലാകുന്നു ചന്ദ്രൻ എല്ലാക്കാലത്തും ഒരു
പോലെ പ്രകാശിക്കാത്തതെന്നും, മറ്റുള്ള ഗോളങ്ങൾ
ഭൂമിയിൽനിന്നു ചന്ദ്രനെക്കാൾ വളരെ അകന്നിട്ടാകകൊ
ണ്ടും മറ്റും ഈ തടസ്ഥം അവയ്ക്കു അധികം സംഭവിക്ക
ന്നില്ലെന്നും, സൂൎയ്യരശ്മി ചന്ദ്രനിൽ തട്ടുന്നതിലേക്കുണ്ടാകുന്ന
ഭൂമിയുടെ തടസ്ഥം ചന്ദ്രന്റെ ഗതിഭേദംകൊണ്ടു വ്യത്യാസ

പ്പെടുന്നതെന്നും അറിഞ്ഞതിനാൽ ദീൎഘപഥമായ ഒരു
ഭ്രമണത്തിൽ ചന്ദ്രന്റെ ഗതി ഏതുവിധമാണെന്നുള്ള കണ
ക്ക് ഏൎപ്പെടുത്തിവെച്ചിരിക്കയും അതോടുകൂടി ചന്ദ്രന്റെ
തേജോവൃദ്ധിക്ഷയങ്ങളുടെ കാരണം ഇന്നതെന്നു അറി
സംഭവിക്കുന്നതിനുള്ള കാലനിയമം ഇന്നതെന്നും സിദ്ധി
ച്ചതിനാൽ ഒരു ഭ്രമണപഥത്തിൽ ചന്ദ്രനു ശുക്ലപക്ഷമെ
ന്നും ഒപ്പിക്കുവാൻ വേണ്ടിവരുന്ന ഒരു ക്ലിപ്തസമയം ഇതിനെ
ന്നു തിരിക്കുകയും, ആ സമയത്തെ ഒരു 'ചാന്ദ്രമാസമെ
ന്നു' എന്നു കല്പിക്കയും, ഈ പ്രകാരം സൂൎയ്യതേജോധീന
നായ ചന്ദ്രന്റെ തേജസ്സു വൎദ്ധിച്ചുവന്നു പൂൎണ്ണപ്രകാശം ഉ
ണ്ടാകുന്നതിലേക്കു ആവശ്യമായ പതിനഞ്ചു ചാന്ദ്രമാനദിന
ങ്ങളെ ശുക്ലപക്ഷമെന്നും അതുപോലെ തേജക്ഷയം
വന്നു ചന്ദ്രൻ ക്രമേണ പൂൎണ്ണനഷ്ടതയെ പ്രാപിക്കുന്നതി
ലേക്കു ആവശ്യമായ ശേഷമുള്ള ദിനങ്ങളെ, കൃഷ്ണപക്ഷമെന്നും
തിരിക്കുകയും ഓരോ പക്ഷത്തിലും ഒന്നാമത്തതു മുതൽ
പതിനഞ്ചാമത്തതുവരെ ഉള്ള ദിവസങ്ങൾക്കു പ്രഥമ(പ്ര
തിപദം) മുതലായ പേരുകളെ കല്പിക്കയും ചെയ്തിരിക്കുന്നു.

ഇപ്രകാരം ഭൂപൃഷ്ഠവാസികൾക്കു, കാഴ്ചയിൽ ചന്ദ്ര
ന്മാരെക്കാൾ പ്രകാശവും വലിപ്പവും കുറഞ്ഞതായി കാണപ്പെ
ടുന്നു. എങ്കിലും നിയതഗതിക്കാരാകകൊണ്ടു വെവ്വേറെ കണ്ട
റിഞ്ഞിരിക്കുന്നതും, വ്യവഹാരസൗകൎയ്യത്തിനു വേണ്ടി
ചൊവ്വാ, ബുധൻ, വ്യാഴം, ശുക്രൻ, ശനി എന്നിങ്ങനെ പേ
രു കൊടുക്കപ്പെട്ടിരിക്കുന്നതും ആയ വേറെയുള്ള അഞ്ചു
ഗ്രഹങ്ങൾക്കും ആകാശമണ്ഡലത്തിൽ ചില പ്രത്യേകഭ
വനങ്ങൾ ഉള്ളതിലും ഒരു ചലനത്തിൽ അവയും നമുക്കു
ചിലപ്പോൾ പ്രത്യ[illegible] അപ്രത്യക്ഷങ്ങളായും കാ
ണപ്പെടുന്നതിനാൽ [illegible] ചലനകാലത്തി
ന്റെ സൂക്ഷ്മമായ കണക്കു തിട്ടപ്പെടുത്തുകയും അങ്ങനെ
ആ അഞ്ചു ഗ്രഹങ്ങളെപ്പററി അറിവുണ്ടാവുകയും

ചെയ്തു. അതിന്റെശേഷം മേല്പറയപ്പെട്ട ഓരോ മണിക്കൂറുകൾക്കും— ഈ ഏഴു ഗോളങ്ങളിൽ ഓരോന്നിനെ അധിഷ്ഠാനദേവതകളാക്കിക്കല്പിച്ച് ഓരോ ദിവസങ്ങൾക്കും— ഞായർ, തിങ്കൾ എന്നിങ്ങനെ അതാതു ഗോളങ്ങളുടെ പേരുകളെ സങ്കല്പിക്കുകയും ചെയ്തു. ഇങ്ങനെയാകുന്നു ഇപ്പോൾ നാം വ്യവഹരിച്ചുവരുന്ന ആഴ്ചകൾ അല്ലെങ്കിൽ വാരങ്ങൾ എന്ന സങ്കല്പമുണ്ടായിട്ടുള്ളത്.

മുൻവിവരിച്ചിരിക്കുന്നപ്രകാരം ചന്ദ്രന്റെ ഒരു പ്രദക്ഷിണകാലത്തിൽ ദിവസംപ്രതി ചന്ദ്രനോടടുത്തു ചില തേജഃകണങ്ങളെ നിയമേന കണ്ടുവരികയാൽ അവയുടെ സ്ഥിതി എങ്ങിനെയെന്നറിവാനായിട്ടുണ്ടായ പ്രയത്നത്തിന്റെ ഫലമായി അവയിൽ ഓരോന്നും ചന്ദ്രാദികളെപ്പോലെ പ്രത്യേകഗതിയുള്ളതോടുകൂടിയവയല്ലെന്നും, ഒരു ചക്രത്തിന്റെ അരങ്ങൾ (പല്ലുകൾ) പോലെ ഒരു ക്ലിപ്തമായ സ്ഥലത്തിൽ സ്ഥിതിചെയ്യുന്നവയാണെന്നും കണ്ടുപിടിക്കയും ചെയ്തു. ആ തേജഃകണങ്ങൾക്ക (ഭാസിക്കുന്നവ, ശോഭിക്കുന്നവ എന്നർത്ഥമായി) 'ഭങ്ങൾ' എന്നും അവയുടെ സമുദായത്തിനു 'ഭഗണം' അല്ലെങ്കിൽ 'ജ്യോതിശ്ചക്രം' എന്നും പേരു കൊടുക്കുകയും ആ ജ്യോതിശ്ചക്രത്തിന് ഒന്നായിട്ടൊരുഗതി (ചലനം) ഉണ്ടെന്നും ആ ചലനത്തിന്നു വേണ്ടുന്ന സമയം ഏകദേശം ചന്ദ്രന്റെ ഒരു പ്രദക്ഷിണകാലത്തേക്കാൾ അല്പം കുറവാണെന്നും മനസ്സിലാക്കുകയും ചെയ്തു.

അതിനാൽ എല്ലായ്പോഴും പ്രദക്ഷിണം ശീലിക്കുന്നതായ ചന്ദ്രൻ തന്റെ ഒരു പ്രദക്ഷിണം കഴിച്ചു പുറപ്പെട്ട സ്ഥലത്തെത്തുമ്പോഴേക്ക ജ്യോതിശ്ചക്രം അതിന്റെ ഒരു പ്രദക്ഷിണം കഴിച്ചു കുറച്ചുകൂടി കടന്നുപോകുന്നതിനാൽ ഓരോ ദിവസത്തിലും ചന്ദ്രനോടടുത്തുകാണുന്ന നക്ഷത്രം അല്ലെങ്കിൽ "ഭം" മറെറാന്നായി കാണപ്പെടുന്നു എങ്കിലും ഈ മാററത്തിന്ന് ഒരു പ്രത്യേകനിയമവും കണക്കും

ഉള്ളതുകൊണ്ടു ചന്ദ്രന്റെ ഓരോ പ്രദക്ഷിണത്തിലും പതിവായി ഇന്നിന്ന നക്ഷത്രങ്ങൾ ചന്ദ്രനോടടുത്തുണ്ടായിരിക്കുന്നതാണെന്നൊരു നിയമം സിദ്ധിപ്പാനിടവന്നുവെന്നുമാത്രമല്ല; ജ്യോതിശ്ചക്രത്തിന്റെ അംശങ്ങൾ അല്ലെങ്കിൽ പല്ലുകൾപോലെയിരിക്കുന്ന മേല്പറഞ്ഞ ഭിന്നങ്ങൾ (അല്ലെങ്കിൽ നക്ഷത്രങ്ങൾ) ഇരുപത്തേഴാണെന്നു തീൎച്ചപ്പെടുത്തുകയും, അതോടുകൂടിത്തന്നെ ചന്ദ്രന്റെ ഒരു പ്രദക്ഷിണസമയത്തിൽനിന്നു ജ്യോതിശ്ചക്രത്തിന്നു ഒരു തിരിച്ചിൽ തിരിവാൻ ഇത്ര സമയം വേണമെന്നു സിദ്ധിക്കുകയും ആ സമയത്തെ ഒരു "നാക്ഷത്രമാനദിന"മെന്നു കല്പിക്കുകയും ചെയ്തിരിക്കുന്നു. ഇങ്ങനെ ഓരോ ദിവസത്തിലും ചന്ദ്രനോടടുത്തുകാണുന്ന നക്ഷത്രങ്ങളെ അടിസ്ഥാനമാക്കി കല്പിച്ചിരിക്കുന്ന ഓരോ നാക്ഷത്രമാനദിനത്തിന് അശ്വിനീദേവന്മാർ മുതലായ ചില ദേവതമാരെ കല്പിച്ച് ആ ദേവതമാരുടെ നാമധേയത്തെത്തന്നെ ആവക നക്ഷത്രങ്ങൾക്കും നിർദ്ദേശിക്കുകയും ചെയ്തിട്ടാണ് അശ്വനി അല്ലെങ്കിൽ അശ്വതി മുതലായ നാക്ഷത്രദിനങ്ങളുടെ സങ്കല്പം ഉണ്ടായിത്തീൎന്നിട്ടുള്ളതു്.

ഇതുവരെ പറഞ്ഞിട്ടുള്ളതിൽനിന്നു സൌരം, ചാന്ദ്രം, നാക്ഷത്രം ഇങ്ങനെ മൂന്നു ദിനമാനങ്ങൾ ഉണ്ടെന്നും അവയിൽവെച്ചു സമയദൈൎഘ്യം ഏറ്റവും കൂടുന്നതു സൌരദിനത്തിന്നും ഏറ്റവും കുറയുന്നതു നാക്ഷത്രദിനത്തിന്നുമാണെന്നും സിദ്ധിച്ചുവല്ലൊ. ഈ മൂന്നു വിധദിനമാനങ്ങളെക്കൊണ്ടും മാസസംവത്സരാദികല്പനം ചെയ്തുവരാറുണ്ടെങ്കിലും "ചാന്ദ്രനക്ഷത്ര"ങ്ങളെ ഹിന്തുക്കൾ അവരുടെ ശ്രൌതസ്മാൎത്താദികളായ ചില കൎമ്മങ്ങളിൽ സ്വീകരിക്കാറുള്ളതല്ലാതെ മററുള്ള ലൌകികവ്യവഹാരങ്ങളിൽ മിക്കതും സൌരമാനത്തെത്തന്നെയാകുന്നു അധികം ഉപയോഗിച്ചുവരുന്നതു്. എന്നാൽ മുഹമ്മദീയർ ചാന്ദ്രമാനത്തെ അവരുടെ

കൎമ്മാനുഷ്ഠാനങ്ങളിലും ലൌകികവൃത്തികളിലും പ്രത്യേക
സ്വീകരിച്ചുവരുന്നതായ അതിപ്രധാന ഘടകങ്ങളെങ്കിലും സ
കല ജനങ്ങളും ഒരുപോലെ പ്രത്യക്ഷാനുഭവംകൊണ്ടു സ
മ്മതിച്ചുവരുന്നതായ സൌരമാനത്തെ ആശ്രയിച്ചിട്ടാകുന്നു
അവരുടെയും കാൎയ്യവശാലുള്ള നില എന്നു് ഏവരും സമ്മ
തിക്കുന്നതാണു്.

ഇനി മാസം, ഋതു, സംവത്സരം മുതലായവയുടെ ക
ല്പനത്തിനുള്ള അവലംബം എന്താണെന്നാലോചിക്കാം.
ഉഷ്ണമേഖലാവാസികളായ നമുക്കും നമ്മുടെ ചുറ്റുമുള്ള ഇതരസൃ
ഷ്ടികൾക്കും ഓരോരോ കാലങ്ങളിൽ സംഭവിച്ചുവരുന്ന പ്രധാനമായി
ട്ടുള്ള ചില ബാഹ്യാവസ്ഥാഭേദങ്ങൾ ഇന്നിന്നവയാണെ
ന്നും അവ ഇന്നിന്ന സമയങ്ങളിലാണു് ഉണ്ടാകുന്നതെ
ന്നും ഉള്ള കാൎയ്യത്തിൻ്റെ സൂക്ഷ്മതരപരിശോധനയിൽ
നിന്നാകുന്നു ഋതുക്കൾ എന്നുള്ള ചില കാലാവയവങ്ങളെ
കല്പിക്കാനിടവന്നിട്ടുള്ളതു്. എങ്ങനെയെന്നാൽ— ചില
പ്പോൾ കുറച്ചുകാലത്തേക്കു് അത്യുഷ്ണവും, അതി
ൻ്റെശേഷം കുറച്ചുകാലത്തേക്കു് അതിവൎഷത്തോടുകൂടെ ശൈ
ത്യവും, അതിന്നുശേഷം ഒരു ദീൎഘകാലത്തോളം ശീതോ
ഷ്ണങ്ങളുടെ സമാവസ്ഥയും, തദനന്തരം കുറച്ചുകാലത്തേക്കു
(വൎഷമില്ലെങ്കിലും) കുറെശ്ശ ശൈത്യവും, പിന്നീടു് അതി
ശൈത്യപ്രദമായ മഞ്ഞുകാലവും, അതു കഴിഞ്ഞാൽ വീ
ണ്ടും ഒരു ശീതോഷ്ണസമസ്ഥിതിയും പതിവായി സംഭവിച്ചു
വരുന്നതെന്നുള്ള സംഗതി പല കാലത്തെ അനുഭവം
കൊണ്ടു ദൃഢമായിത്തീൎന്നിരുന്നാൽ ആ വക അവസ്ഥാഭേ
ദങ്ങൾ സംഭവിക്കുന്ന കാലനിയമത്തെ ക്ലിപ്തപ്പെടുത്തുകയും
ആ കാലത്തിന്നു് "ഋതുക്കൾ" എന്ന പേർ കല്പിക്കയും,
അതിന്നുശേഷം പിന്നേയും ആ വക അവസ്ഥാഭേദങ്ങളു
ടെ പരിശോധനയിൽനിന്നു് അവയുടെ സൂക്ഷ്മമായ താരത
മ്യജ്ഞാനം സിദ്ധിക്കുകയും, അതോടുകൂടി സാമാന്യമായി

മേല്പറഞ്ഞ ആറുവിധമുള്ള അവസ്ഥാഭേദങ്ങൾക്കു വേണ്ടി വരുന്ന കാലത്തെ ഈരണ്ടാകി ഭാഗിക്കാനിടവരികയും ചെയ്യുതിനാൽ ആ ഓരോ ഭാഗങ്ങൾക്കും "മാസം" എന്നുള്ള ഒരു പേരു കല്പിക്കയും അതിന്നുശേഷം വ്യവഹാരസൌകൎയ്യത്തിന്നുവേണ്ടി ആ വക മാസങ്ങൾക്കും ഋതുക്കൾക്കും ഓരോ പ്രത്യേകനാമധേയങ്ങളെ കല്പിക്കകയും ചെയ്തതായി വിചാരിപ്പാൻ ന്യായമുണ്ടു. ഇങ്ങനെ പന്ത്രണ്ടു മാസങ്ങൾ, അല്ലെങ്കിൽ ആറു ഋതുക്കൾ കഴിയുമ്പോൾ ലോകാവസ്ഥ വീണ്ടും പൂൎവ്വസ്ഥിതിയെ പ്രാപിക്കുന്നതിനാൽ അങ്ങനെയുള്ള ഒരവസ്ഥാപരിവൎത്തനകാലത്തിന്നു സംവത്സരമെന്നു പേരു കല്പിക്കകയും ചെയ്തു. ഇത്രയും കഴിഞ്ഞപ്പോൾ അനാദ്യന്തമായും അപരിമേയമായും ഇരിക്കുന്ന കാലത്തെക്കുറിച്ചുള്ള വ്യവഹാരത്തിന്നു നമുക്കത്യാവശ്യമുള്ളതായ മാനസാധനങ്ങളുടെ ദാരിദ്ര്യം മിക്കതും തീൎന്നു എന്നു കണ്ടിട്ടായിരിക്കാം, ഇതിന്നുമേലുള്ള കാലപരിമാണങ്ങളെയെല്ലാം ഈ സംവത്സരങ്ങളുടെ ആവൎത്തനം കൊണ്ടുതന്നെ കഴിച്ചുകൂട്ടിയാൽ മതിയെന്നു കല്പിച്ചതുപോലെ തോന്നത്തക്കവണ്ണം പൂൎവ്വാചാൎയ്യന്മാർ അവരുടെ കാലപരിമാണവിഷയത്തിലുള്ള പ്രയത്നത്തിന്ന് ഇവിടെ വെച്ച് ഏററവും വലുതായ ഒരു വിശ്രാന്തി വരുത്തിയിരിക്കുന്നതായി കാണപ്പെടുന്നു.

ഇപ്പോൾ ഒരു ദിവസംമുതൽ ഒരു സംവത്സരംവരെയുള്ള കാലാവയവത്തെക്കുറിച്ച് നാം വ്യവഹരിച്ചുവരുന്ന മാനസാധനങ്ങളെ മിക്കതിനെയും പറഞ്ഞുവല്ലൊ. ഇനി ദിവസത്തെക്കാൾ ചെറുതായിട്ടുള്ള ഓരോ കാലവിഭാഗങ്ങളെക്കുറിച്ചും ഇതുപോലെതന്നെ ഓരോ അളവുകളെയും അവയുടെ സംജ്ഞകളെയും കല്പിച്ചിട്ടുണ്ട്. ഇക്കാൎയ്യത്തിൽ ഓരോദേശത്തും ഓരോ കാലത്തും ഓരോ ജനസമുദായത്തിലും പലവിധത്തിലുള്ള അഭിപ്രായഭേദങ്ങൾ ഉണ്ടാ

യിട്ടുണ്ടെന്നു പറയാതിരിപ്പാൻ നിവൃത്തിയില്ല. എന്തെന്നാൽ ഹിന്തുക്കൾ ഒരു രാവുംപകലും കൂടിയതായ ഒരു ദിവസത്തെ അറുപതാക്കി ഭാഗിച്ച് അതിൽ ഒരു ഭാഗത്തിന്നു നാഴിക (ഘടിക) എന്നും, ആ ഓരോ നാഴികയുടെയും അറുപതിൽ ഒരംശത്തിന്നു വിനാഴിക (വിഘടികാ) എന്നും പേരുകല്പിച്ചിരിക്കുന്നതുകൂടാതെ പിന്നെയും അസംഖ്യം ചെറിയ ചെറിയ കാലാവയവങ്ങളെ കല്പിച്ച് അവയ്ക്കും ഓരോ പേരുകൾ കൊടുക്കുകയും, ആ വക സമയങ്ങളെ ക്ലിപ്തപ്പെടുത്തുന്നതിന്നു മുൻപറഞ്ഞ സൂര്യചന്ദ്രാദിഗോളങ്ങളുടെ ചലനാദിഭേദത്തെ അടിസ്ഥാനമാക്കി ചില കണക്കുകളെ നിശ്ചയിച്ചു വ്യവസ്ഥപ്പെടുത്തുകയും ചെയ്തിരിക്കുന്നു. എന്നാൽ വേറെ ചിലർ മറെറാരുപ്രകാരത്തിൽ ഒരുദിവസത്തെ ഇരുപത്തിനാലാക്കി ഭാഗിച്ച് ഒരു ഭാഗത്തിന്നു മണിക്കൂറെന്നും, മണിക്കൂറിന്റെ അറുപതിൽ ഒരു ഭാഗത്തിന്ന് ഒരു മിനിട്ടെന്നും; മിനിട്ടിന്റെ അറുപതിൽ ഒരു ഭാഗത്തിന്നു സെക്കന്റു് എന്നും പേരു കൊടുക്കയും അവയെ അനുസരിച്ചു വ്യവഹരിക്കുകയും ചെയ്യുന്നു. ഇങ്ങനെ ഒരു സംവത്സരംമുതൽ കീഴ്പോട്ടു ചെറുതുചെറുതായി ഒരു ക്ഷണംവരെയുള്ള കാലപരിമാണത്തെ സൂചിപ്പിക്കുന്നതിലേക്കു മേല്പറഞ്ഞ സൂര്യാദിഗോളങ്ങളുടെ ചലനത്തെ ആശ്രയിക്കുന്നതു ചില ദേശത്തിലും ചില കാലത്തിലും അസാദ്ധ്യമായിത്തീരുവാൻ സംഗതിയുള്ളതുകൊണ്ട് അതിലേക്കായി പലവിധത്തിലും അനേകം യന്ത്രങ്ങളെയും കണ്ടുപിടിച്ചിട്ടുണ്ട്.

കെ. പരമേശ്വരമേനോൻ.

൧൫. ദിവാൻ ശങ്കരവാരിയർ

ഇന്ത്യയിലുള്ള മററു സാമന്തരാജ്യങ്ങളെ അപേക്ഷിച്ച് കൊച്ചിയിലുള്ള ഭരണം മുഴുവനും പുറമെ പ്രകാശിപ്പാൻ തുടങ്ങിയത് അടുത്ത കാലത്താണെങ്കിലും ആ പരിഷ്കാരസൌധത്തിന്റെ അസ്ഥിവാരമിട്ടു തറകെട്ടിയിട്ടു കാലം വളരെച്ചെന്നിരിക്കുന്നു. മഹത്തായ ആ സംരംഭം നടത്തിയ മാന്യപുരുഷന്മാർ ദിവാൻ ശങ്കരവാരിയരവർകളും അദ്ദേഹത്തിന്റെ പുത്രനായ ശങ്കുണ്ണിമേനോനവർകളും, ആയിരുന്നു. കൊച്ചിരാജ്യത്തിൽ ജനക്ഷേമത്തിനുപയുക്തങ്ങളായി ഇന്നു കാണുന്ന എല്ലാപരിഷ്കാരങ്ങളിലും ഈ അച്ഛനും മകനും പങ്കുണ്ട്. ക്രിസ്തുവബ്ദം ആയിരത്തെണ്ണൂററിനാല്പതു മുതൽ ആയിരത്തെണ്ണൂററിഅമ്പത്താറുവരെയുള്ള പതിനാറുകൊല്ലം കൊച്ചിയിലെ മുഖ്യഭരണാധികാരിയായിരുന്ന ശങ്കരവാരിയരവർകൾക്ക് ഈ രാജ്യത്തിലെ ഭരണസമ്പ്രദായത്തിൽ പല ഭേദഗതികളും ചെയ്വാനുള്ള സൌകര്യം ലഭിച്ചു. ബുദ്ധിമാനും, ധീരനുമായിരുന്ന അദ്ദേഹം ആ അവസരത്തെ അല്പവും വിട്ടുകളയാതെ മുഴുവനും ഉപയോഗപ്രദമായ വിധത്തിൽതന്നെ വിനിയോഗിക്കയും ചെയ്തു. പിതാവിന്റെ ഭരണപരിപാടി നല്ലവണ്ണം ഗ്രഹിച്ചിരുന്ന ശങ്കുണ്ണിമേനോനവർകൾതന്നെ അടുത്ത ഭരണാധികാരിയായിത്തീർന്നതോടുകൂടി കൊച്ചിക്കാരുടെ ഭാഗ്യം ഉച്ചസ്ഥിതിയിലായി. ശങ്കുണ്ണിമേനോനവർകൾക്ക ശങ്കരവാരിയർ ചെയ്തുവെച്ച പ്രവൃത്തി മുഴുമിപ്പാൻ മാത്രമല്ല അദ്ദേഹം വിചാരിച്ചുവെച്ചിരുന്നവയും സംഗതിവശാൽ സൌകര്യം കിട്ടാതിരുന്നവയുമായ കാര്യങ്ങൾകൂടി നടപ്പിൽവരുത്തുവാൻ സാധിച്ചു. കാലോചിതമായ വിദ്യാഭ്യാസംകൂടിയുണ്ടായിരുന്നതിനാൽ ശങ്കുണ്ണിമേനോനവർകൾക്ക ശങ്കരവാരിയരെക്കാൾ വലിയ ഒരു സ്ഥാനം

കൊച്ചിരാജ്യചരിത്രത്തിൽ സിദ്ധിപ്പാനിടവന്നെങ്കിലും സ്വകൎമ്മത്തിൽ പുത്രൻെറ ആ വിജയത്തിനുകൂടി കാരണഭൂതൻ പിതാവായിരുന്നുവെന്നു പറയാതെ നിവൃത്തിയില്ല. ൧൮൬൦ മുതൽ ൧൮൭൯ വരെയുള്ള ശങ്കുണ്ണിമേനാനവർകളുടെ സുദീൎഘമായ ഭരണകാലത്തിൽ അദ്ദേഹം ഇവിടെ വരുത്തിയ ഭരണമാററങ്ങളിലും പരിഷ്കാരങ്ങളിലും ഒരു വലിയ ഭാഗം ശങ്കരവാരിയരവർകളുടെ മനോരാജ്യങ്ങളുടെ ഒരു പ്രയോഗപരിപാടിമാത്രമായിരുന്നുവെന്നു ചരിത്രംകൊണ്ടുതന്നെ തെളിയിപ്പാൻ സാധിക്കും.

ശങ്കരവാരിയർ അദ്ദേഹത്തിൻെറ സമകാലീനന്മാരായിരുന്ന, സർ ദിനകരറാവു, സർ സാലർ ജങ്ങ് എന്നിവരെപ്പോലെതന്നെയുള്ള ഒരു രാജ്യതന്ത്രജ്ഞനും ഭരണനിപുണനും ആയിരുന്ന അദ്ദേഹത്തിൻെറ പേരിന്ന് അത്രമാത്രം പ്രസിദ്ധിയോ പ്രചാരമോ സിദ്ധിക്കാതിരിപ്പാനുള്ള കാരണം, അദ്ദേഹം സ്വദേശം വിട്ടു പുറത്തിറങ്ങാതിരുന്നതുതന്നെയാണ്. ആയുഷ്കാലം അദ്ദേഹത്തിൻെറ അവസരം മുഴുവനും കൊച്ചിക്കാരുടെ ക്ഷേമത്തിനുവേണ്ടിത്തന്നെ വിനിയോഗിപ്പാൻ അദ്ദേഹത്തിനു സൌകൎയ്യം കിട്ടി. ബ്രിട്ടീഷിലോ മററുവല്ല സാമന്തരാജ്യങ്ങളിലോ ഉദ്യോഗം ഭരിപ്പാൻ അദ്ദേഹം പോയിരുന്നുവെങ്കിൽ ഇന്ന് ഇന്ത്യയിലെ മഹാന്മാരായി ഗണിച്ചുവരുന്ന, സർ ടി. മുത്തുസ്വാമി അയ്യർ മുതലായ മാന്യന്മാരുടെ കൂട്ടത്തിൽ ഒരു സ്ഥാനം ശങ്കരവാരിയരവർകൾക്കും കിട്ടുമായിരുന്നു. അദ്ദേഹത്തിന്ന് അതിനുള്ള സന്ദൎഭവും ലഭിക്കാതിരുന്നില്ല. ദക്ഷിണഭാരതത്തിലെ സാമന്തരാജ്യങ്ങളുടെ കൂട്ടത്തിൽ ഒരു മാന്യസ്ഥാനമുള്ള തിരുവിതാംകൂറിലെ മന്ത്രിസ്ഥാനത്തേക്ക് അദ്ദേഹത്തെ ക്ഷണിക്കുകയുണ്ടായി. എന്നാൽ വാരിയരവർകൾ അതു വിനയത്തോടുകൂടി നിഷേധിക്കുകയാണുണ്ടായത്. അന്യരാജ്യത്തിൽ ചെന്നു പണിയെടുത്തു

പേരും പണവും സമ്പാദിക്കുന്നതിനെക്കാൾ ശ്രേഷ്ഠമായിട്ടുള്ളതു സ്വദേശത്തിനുവേണ്ടി വേലചെയ്തു ബുദ്ധിമുട്ടുകയാണെന്ന് അദ്ദേഹം മനസ്സിലാക്കിയിരുന്നു. ഇതാണ് ഒരു യഥാർത്ഥസ്വദേശസ്നേഹിയുടെ ലക്ഷണം. സ്വദേശസ്നേഹിയാണെന്നു മററുള്ളവരെ ധരിപ്പിപ്പാൻ പണിപ്പെടുന്ന ഇന്നത്തെ പ്രമാണികൾ ഈ തത്വം ഇദ്ദേഹത്തിൻെറ ജീവിതത്തിൽനിന്നു പഠിക്കുന്നതു പ്രത്യേകിച്ചും നന്നായിരിക്കും.

ശങ്കരവാരിയരവർകൾ ജനിച്ചതു് ൧൮൧൧ ജനുവരി ൨൨-ാംനു-യാണ്. ഇപ്പോൾ കൊച്ചിരാജ്യത്തിൽ സമ്പത്തും സന്തതിയുംകൊണ്ടു് ഏററവും വലിയനിലയിലുള്ള തറവാടുകളിൽ ഒന്നായിത്തീർന്നിട്ടുള്ള എടക്കുന്നിവാരിയം അന്നു വളരെ പാവപ്പെട്ട ഒരു കുടുംബം മാത്രമായിരുന്നു. തന്നിമിത്തം ശങ്കരവാരിയരവർകളുടെ മാതാപിതാക്കന്മാരെപ്പററി പ്രത്യേകമൊന്നും അന്വേഷിക്കേണ്ടതില്ല. അഥവാ അന്വേഷിച്ചാൽതന്നെ വിശേഷിച്ചൊന്നും അറിവാൻ നിവൃത്തിയുമില്ല. എടക്കുന്നിക്ഷേത്രത്തിലെ കഴകപ്രവൃത്തികൊണ്ടാണ് അവർ നിത്യവൃത്തികഴിച്ചുകൂട്ടിയിരുന്നതു്. ശങ്കരവാരിയരവർകൾ അദ്ദേഹത്തിൻെറ മാതാവിൻെറ മൂത്തമകനാണ്. താഴെ അഞ്ചു സഹോദരിമാരും രണ്ടു സഹോദരന്മാരും ഉണ്ടായിരുന്നു. മററുബാലവാസിക്കുട്ടികളെപ്പോലെ ഇദ്ദേഹത്തെയും ചെറുപ്പത്തിൽതന്നെ എഴുത്തുപള്ളിയിൽ വിദ്യാഭ്യാസത്തിനയച്ചു. അക്കാലത്തു സാമാന്യം പ്രസിദ്ധിയുള്ള ഒരു സംസ്കൃതപണ്ഡിതനായിരുന്ന കുട്ടനല്ലൂർവാരിയത്തു ശൂലപാണിവാരിയർക്കായിരുന്നു അദ്ദേഹത്തിൻെറ ഗുരുനാഥനാവാൻ ഭാഗ്യം സിദ്ധിച്ചതു്. വിദ്യാഭ്യാസകാലത്തു് അദ്ദേഹം അനുഭവിച്ചിട്ടുള്ള കഷ്ടപ്പാടുകളെക്കുറിച്ചു പലകഥകളും നാട്ടുകാർ പറഞ്ഞു കേട്ടിട്ടുണ്ടു്. പക്ഷെ അതിൽ അധികഭാഗവും വിശ്വാസയോഗ്യങ്ങളായിത്തോന്നുന്നില്ല.

അന്നത്തെ സമ്പ്രദായത്തിനനുസരിച്ച് ഒരു സാമാന്യ വിദ്യാഭ്യാസം സമ്പാദിച്ചശേഷം, ഏതെങ്കിലും സൎക്കാരുദ്യോഗം കിട്ടുന്നതിന്നാണു ശങ്കരവാരിയർ പരിശ്രമിച്ചതു്. (അമ്പലം വെടിപ്പുവരുത്തുന്നതും മാലകെട്ടുന്നതും മാത്രം വൈവസായികമായി കാലംകഴിപ്പാൻ അദ്ദേഹത്തിന്നു തീരെ മനസ്സുണ്ടായിരുന്നില്ല) വാരിയരവർകളുടെ ഈ ആഗ്രഹം സഫലമാകുന്നതിന്നു വലിയ ബുദ്ധിമുട്ടൊന്നും വേണ്ടിവന്നില്ല. അന്നു് എറണാകുളം ജില്ലാജഡ്ജി കോപ്പുണ്ണി ശങ്കരമേനോനവർകളായിരുന്നു. അദ്ദേഹം ശ്രീപാണിവാരിയരവർകളുടെ ഒരു പഴയ ശിഷ്യനായിരുന്നു. ഈ പാർശ്വംനോക്കി ഗുരുനാഥന്റെ ഒരു ശിപാർശിയോടുകൂടി വാരിയരവർകൾ ജഡ്ജിയെച്ചെന്നുകണ്ടു. ഒഴിവൊന്നും വരായ്കയാൽ ഏകദേശം ഒരുകൊല്ലം മുഴുവനും ഉഴല്ലരായിത്തന്നെ കഴിയേണ്ടിവന്നു. അപ്പോഴേക്കും അവിടെ ഒരു ചെറിയ ഗുമസ്തപ്പണി കിട്ടി. അന്നത്തെ ശമ്പളം 4 പണം (1 ക. 2 ണ. 4 പൈ.)ആയിരുന്നു.

1819-ൽ നഞ്ചപ്പയ്യനെ കൊച്ചിയിലെ ഒന്നാമത്തെ ദിവാനായി നിയമിച്ചു. അദ്ദേഹം ഇവിടെ വന്ന ഉടനെ ഭരണരീതികളിൽ പല മാററവും വരുത്തിയ കൂട്ടത്തിൽ ഹജൂർകച്ചേരി ഒന്നു പരിഷ്കരിച്ചു. ഈ വക തിരിമറികൾ നിമിത്തം ശങ്കരവാരിയരവർകൾ ഹജൂർക്കച്ചേരിയിൽ ഒരുദ്യോഗസ്ഥനായിത്തീൎന്നു. ശമ്പളത്തിലും കുറച്ചു മെച്ചം കിട്ടി. നഞ്ചപ്പയ്യർ ഭരണവിഷയത്തിൽ തഴക്കവും പഴക്കവും ഉള്ള ഒരുദ്യോഗസ്ഥനായിരുന്നതിന്നു പുറമെ, ഒരു നല്ല സംസ്കൃതപണ്ഡിതനും ആയിരുന്നു. വാരിയരവർകളും സാമാന്യം നല്ല ഒരു വിദ്വാനായിരുന്നതിനാൽ ദിവാൻജിക്കു അദ്ദേഹത്തെക്കുറിച്ചു പ്രത്യേകമൊരു പ്രതിപത്തിയുണ്ടാവാനിടവന്നു. ഉടനെ അദ്ദേഹത്തെ ദിവാന്റെ സ്വന്തം ഗുമസ്തനായി നിയമിക്കയും ചെയ്തു. ഈ നിലയിൽ അദ്ദേഹം

ദിവാനോടുകൂടി കൊച്ചിരാജ്യം മുഴുവനും സഞ്ചരിച്ചിട്ടുണ്ട്.

24-ാമത്തെ വയസ്സിൽ അദ്ദേഹത്തെ ദിവാന്റെ ഹെഡ്രായസമാക്കി. 11 കൊല്ലം ഈ ഉദ്യോഗത്തിൽ തന്നെ ഇരുന്നു. ഒഴിവുള്ള സമയങ്ങളിൽ ഇംഗ്ലീഷുപഠിപ്പാൻ ദിവാൻജി ഉപദേശിച്ചതനുസരിച്ച്, അന്നു ദിവാന്റെ ഇംഗ്ലീഷുക്ലാർക്കായിരുന്ന ഒരു യൂറേഷ്യന്റെ കീഴിൽ, അദ്ദേഹം പഠിപ്പാൻ തുടങ്ങി. ഭാരമേറിയ പല പണികളുടെയും ഇടയിലാണു പഠിച്ചിരുന്നതെങ്കിലും കുറച്ചുകാലം കൊണ്ട് അദ്ദേഹം ഇംഗ്ലീഷിൽ എഴുത്തുകളും മറ്റും എഴുതുവാനും സംസാരിപ്പാനും വേണ്ടുന്ന അറിവു സമ്പാദിച്ചു. കൊച്ചിയിലെ ഇംഗ്ലീഷുപണ്ഡിതന്മാരിൽ അദ്വിതീയനും "സ്റ്റേററുമാനുവൽ" മുതലായ പല നല്ല ഗ്രന്ഥങ്ങളുടെയും കർത്താവുമായ സി. അച്യുതമേനോനവർകൾ ശങ്കരവാരിയരുടെ ജീവചരിത്രത്തിൽ ഇങ്ങനെ പറയുന്നു. "അദ്ദേഹം മററാരുടേയും സഹായം കൂടാതെ തയ്യാറാക്കിയ മെമ്മോറാണ്ടങ്ങളും എഴുത്തുകളും ഞാൻ കണ്ടിട്ടുണ്ട്. അവയെല്ലാം സാമാന്യം നല്ല ഇംഗ്ലീഷിലാണ് എഴുതീട്ടുള്ളത്. അങ്ങുമിങ്ങും അല്പാല്പം ചില വ്യാകരണപ്പിഴകളും മററുമുണ്ടെങ്കിലും അതൊന്നും അത്ര സാരമാക്കാനില്ല."

ശങ്കരവാരിയരുടെ ഉൽഗതി അദ്ദേഹത്തിന്റെ ബന്ധുക്കളെ എത്രകണ്ടു സന്തോഷിപ്പിച്ചുവോ അത്രകണ്ടുതന്നെ അദ്ദേഹത്തിന്റെ ശത്രുക്കളെ മുഷിപ്പിക്കയും ചെയ്തു. അദ്ദേഹത്തോടൊന്നിച്ചു ജോലി ചെയ്തിരുന്ന പല ഗൃഹസ്ഥന്മാരും ആ ഉൽഗതിയിൽ അസൂയാലുക്കളായിത്തീർന്നു. അവർ പലവിധത്തിലും വാരിയരവർകളെ ദ്രോഹിച്ചുനോക്കുകയും ചെയ്തു. ഇങ്ങനെയുള്ള ചില ശത്രുക്കൾ ഒന്നിച്ചുചേർന്ന് 1822-ൽ ദിവാന് ഒരു ആക്ഷേപഹരജി കൊടുത്തു. വാരിയർ എല്ലാവരോടും കൈക്കൂലി വാങ്ങീട്ടുണ്ടെന്നായിരുന്നു അതിലെ മുഖ്യമായ ആക്ഷേപം. നഞ്ചപ്പയ്യൻ വാരിയ

രുടെ സ്വഭാവത്തെക്കുറിച്ചു നല്ല അറിവുണ്ടായിരുന്നു. അതിനാൽ അദ്ദേഹം ആക്ഷേപത്തെക്കുറിച്ച് ആദ്യത്തിൽ യാതൊരന്വേഷണവും ചെയ്തില്ല. എന്നാൽ വാരിയർ ദിവാന്റെ ഈ നയം പിടിയ്ക്കായ്കയാൽ അതിനെക്കുറിച്ചു തക്കതായ നടപടി നടത്തുവാൻ അദ്ദേഹംതന്നെ ദിവാൻജിയോടപേക്ഷിച്ചു. അതുപ്രകാരം ഹരജി നിയമപ്രകാരം ന്യായാധിപതിയ്ക്കയച്ചുകൊടുക്കുകയും വാരിയരുടെ പേരിൽ മുറയ്ക്കു കേസ്സു നടത്തുകയും ചെയ്തു. സത്യം വാരിയരുടെ പക്ഷത്തായിരുന്നുവെന്നു പറയേണ്ടതില്ലല്ലോ. ഹരജിക്കാർക്ക് അതിനു വിരോധമായി വേണ്ടത്ര തെളിവുണ്ടാക്കാൻ കഴിഞ്ഞില്ല. ഒടുവിൽ വാരിയരവർകൾ നിർദ്ദോഷിയാണെന്നു തെളിയുകയും ഹരജി തള്ളിപ്പോകയും ചെയ്തു.

ഹെഡ്‌രായസമായി കയറ്റംകിട്ടുന്നതിനു കുറച്ചു മുമ്പായി വാരിയർ തോട്ടേക്കാട്ടു കുഞ്ഞിപ്പിള്ള അമ്മ എന്ന മഹിളാമണിയെ സംബന്ധംചെയ്തു. അന്നു കേവലം ഒരിടത്തരംനായർ കുടുംബമായിരുന്ന ആ തറവാട്ടുകാർക്ക് ഇന്നു കാണുന്ന സമ്പത്തും പദവിയുമെല്ലാം വാരിയരുടെ മഹിമകൊണ്ടു സിദ്ധിച്ചതാണ്. ഭാഗ്യവതിയായ ആ ഭാര്യയിൽ അദ്ദേഹത്തിനു ശങ്കുണ്ണിമേനോൻ, ഗോവിന്ദമേനോൻ എന്നീ രണ്ടു സന്താനങ്ങളുണ്ടായി. ഈ രണ്ടുപേരും പിന്നീടു കൊച്ചിയിലെ ദിവാൻസ്ഥാനത്തിരിക്കുകയും ചെയ്തിട്ടുണ്ട്. കുഞ്ഞിപ്പിള്ള അമ്മ 35-ാമത്തെ വയസ്സിൽ മരിച്ചുപോയി. തന്റെ ഭർത്താവിന്റെ ഉൽഗ്ഗതി അവർക്കു കാണ്മാൻ കഴിഞ്ഞുവെങ്കിലും അതിന്റെ ഫലം മുഴുവനും അനുഭവിപ്പാൻ സാധിച്ചില്ല. ഭാര്യ മരിച്ചു മൂന്നുകൊല്ലം കഴിഞ്ഞ ശേഷം വാരിയർ കറുപ്പത്തു കുഞ്ചി അമ്മയെ വിവാഹം ചെയ്തു. ഇവർ ഒരു വിധവയായിരുന്നു. മുമ്പത്തെ ഭർത്താവിന്റെ സന്താനങ്ങളായി ഒരു മകനും ഒരു മകളും അവർക്കുണ്ടായിരുന്നു. കുഞ്ചി അമ്മയുടെ ആ പുത്രിയെയാണ് 1845-ൽ ശങ്കുണ്ണിമേനോൻ വിവാഹംചെയ്തതു്.

1825-ൽ നഞ്ചപ്പയ്യർ മരിച്ചു. അതിനുശേഷം വെങ്കിടി റാവു ദിവാനായി. അദ്ദേഹത്തിന്റെ ഭരണം കുറച്ചുകാലത്തേക്കേ നിലനിന്നുള്ളൂ. അപ്പോഴയ്ക്കും ഉദ്യോഗത്തിൽനിന്നു പിരിച്ചുകളഞ്ഞു. പിന്നീടു ദിവാൻസ്ഥാനത്തു വന്നതു് എടമന ശങ്കരമേനവനായിരുന്നു. അഞ്ചുകൊല്ലം നിന്നു ഇദ്ദേഹത്തിന്റെ ഭരണം കൊച്ചിരാജ്യത്തിൽ അനവധി കുഴപ്പങ്ങളുണ്ടാക്കി. അവസാനം മദിരാശിഗവൺമെണ്ടിന്റെ നിർബ്ബന്ധത്താൽ ശങ്കരമേനവനെ പിരിക്കുകയും അദ്ദേഹത്തിന്റെ അഴിമതികളെക്കുറിച്ചു് അന്വേഷിപ്പതിൽ കുററക്കാരനെന്നു കാണുകയാൽ 5 കൊല്ലത്തേക്കു ശിക്ഷിക്കുകയും ചെയ്തു. ശങ്കരവാരിയരവർകളും ഇക്കാലത്തു ഹജൂർ ശിരസ്തദാരായിരുന്നു. ശങ്കരമേനോന്റെ അഴിമതികളിലൊന്നും പങ്കുകൂടാതെ ഉദ്യോഗം നിലനിർത്തിക്കൊണ്ടു പോരുവാൻ അക്കാലത്തു് അദ്ദേഹം സാമാന്യത്തിലധികം ബുദ്ധിമുട്ടേണ്ടിവന്നിട്ടുണ്ടു്.

1834-ൽ ജെ. എ. കസമേജർ (Casamajar) എന്ന സായ്പിനെ കൊച്ചിതിരുവിതാംകൂർ രാജ്യങ്ങളുടെ റസിഡണ്ടായി നിയമിച്ചു. ഇദ്ദേഹത്തിന്റെ ആഗമനത്തോടുകൂടി വാരിയരുടെ ഉദ്യോഗജീവിതത്തിന്റെ ഗതിയൊന്നുമാറി. സായ്പിന്നു് ഈ നാട്ടിലെ സമ്പ്രദായങ്ങളൊന്നും അറിവുണ്ടായിരുന്നില്ല. അതിനാൽ ഭരണകാര്യത്തിൽ നല്ല താഴ്ക്കമുള്ള ഒരു ഉദ്യോഗസ്ഥന്റെ സഹായം അത്യാവശ്യമായിരുന്നു. ശങ്കരവാരിയരെയാണു് ഇതിന്നു തിരഞ്ഞെടുത്തതു്. അതോടുകൂടി അദ്ദേഹത്തിന്നു ഹജൂരിൽനിന്നു വിട്ടു റസിഡണ്ടാപ്പീസ്സിലേക്കു പോകേണ്ടതായിവന്നു. എങ്കിലും ഹജൂർ ശിരസ്തദാരുടെ ഉദ്യോഗത്തിൽതന്നെയാണു് അപ്പോഴും അദ്ദേഹത്തെ വച്ചുകൊണ്ടിരുന്നതു്. റസിഡണ്ടാപ്പീസ്സിൽ ചെന്നതോടുകൂടി അദ്ദേഹത്തിന്റെ കാര്യശേഷിയും സാമർത്ഥ്യവും കുറെക്കൂടി പ്രകാശിച്ചു. റസിഡണ്ടിന്നു് അദ്ദേഹത്തിന്റെപേരിൽ വലിയ ഇഷ്ടവും

വിശ്വാസവുമായി. ഇതിൻെറയെല്ലാം ഫലമായി വാരിയൎക്കു ദിവാൻപേഷ്കാരുദ്യോഗത്തിലേക്കു കയററം കിട്ടി. 1836-ൽ അദ്ദേഹത്തെ അതിൽ സ്ഥിരപ്പെടുത്തുകയും ചെയ്തു. അപ്പോഴും പ്രവൃത്തി റസിഡണ്ടാപ്പീസ്സിലായിരുന്നതാനും.

റസിഡണ്ടിൻെറ ഉപദേഷ്ടാവായിരുന്ന കാലത്തു കൊച്ചി തിരുവിതാംകൂർ എന്നീ രണ്ടു രാജ്യങ്ങളുടെയും ക്ഷേമത്തിനുവേണ്ടി പലതുംചെയ്വാൻ വാരിയൎക്കു കഴിഞ്ഞിട്ടുണ്ട്. ഭരണവിഷയത്തിൽ ആ കാലത്തു് ഈ രണ്ടുരാജ്യങ്ങളിലും വരുത്തിയിട്ടുള്ള മാററങ്ങളിലെല്ലാം അദ്ദേഹത്തിനു പങ്കുണ്ട്.

കൊച്ചിയിൽ അക്കാലത്തു കോഴവാങ്ങാത്ത ഉദ്യോഗസ്ഥന്മാരുണ്ടായിരുന്നില്ലെന്നുതന്നെ പറയാം. ജഡ്ജിമാരും മജിസ്ട്രേട്ടുമാരുംകൂടി പരസ്യമായി കൈക്കൂലി വാങ്ങിയിരുന്നു. ഈ സമ്പ്രദായം സൎവ്വത്ര പരന്നുപിടിച്ചിരുന്നതുകൊണ്ടു കോഴ വാങ്ങുന്നതു് ഒരു കുററമാണെന്ന ധാരണകൂടി ആൎക്കും ഉണ്ടായിരുന്നില്ല. ശങ്കരവാരിയർ റസിഡണ്ടാപ്പീസ്സിലായിരിക്കുന്ന കാലത്തു് ഇക്കാൎയ്യത്തിൽ ചില മാററങ്ങൾ വരുത്തി. അന്നു തൃശ്ശൂർ ജില്ലാജഡ്ജിയായിരുന്ന ഒരു ക്രിസ്ത്യൻ വാരിയൎക്കു് ഒരു കത്തെഴുതുകയുണ്ടായി. റസിഡണ്ടിനെയും ദിവാനെയും വശീകരിച്ചു് അയാൾക്കു് ഉദ്യോഗത്തിൽ ഒരു കയററം വാങ്ങിക്കൊടുക്കണമെന്നും അതിനു പ്രതിഫലമായി വാരിയൎക്കു് ഒരു നല്ല സംഖ്യ കൊടുക്കാമെന്നുമായിരുന്നു എഴുത്തിലെ സാരം. വാരിയർ ഈ എഴുത്തു റസിഡണ്ടിൻെറ മുമ്പാകെ വച്ചു. സായ്പ് ആ ക്രിസ്ത്യനെ ഉദ്യോഗത്തിൽനിന്നു പിരിച്ചു് അയാളുടെ പേരിൽ വേണ്ടുന്ന നടപടികൾ നടത്തുവാനായി രാജാവിനോടാവശ്യപ്പെടുകയും ചെയ്തു. പക്ഷെ, രാജാവു് ഇതൊന്നും വേഗത്തിൽ സമ്മതിച്ചില്ല. കൈക്കൂലികൊടുക്കാമെന്നു പറയുന്നതുമാത്രമല്ല, കൊടുക്കുന്നതും വാങ്ങുന്നതുംകൂടി കുററമ

ല്ലാത്ത സ്ഥിതിക്കു പെട്ടെന്നൊരാളെ ഇങ്ങനെ പിടിച്ചു ശിക്ഷിക്കാൻ മടിച്ചതാണെന്നതിൽ അത്ഭുതമില്ലല്ലൊ. ഒടുവിൽ സായ്വിന്റെ നിർബ്ബന്ധപ്രകാരം അയാളെ ഉദ്യോഗത്തിൽനിന്നു പിരിക്കകമാത്രം ചെയ്തു. ശങ്കരവാരിയർ ഇതുകൊണ്ടു തൃപ്തിപ്പെട്ടില്ല. കൈക്കൂലിവാങ്ങുന്ന ഉദ്യോഗസ്ഥന്മാരെ കഠിനമായി ശിക്ഷിക്കുന്നതാണ് എന്നൊരു രാജശാസനം ഉടനെ എല്ലാ ഉദ്യോഗസ്ഥന്മാൎക്കും അയപ്പിച്ചു. അതോടുകൂടി പരസ്യമായി കോഴവാങ്ങുന്ന സമ്പ്രദായം നിന്നുപോകയും ചെയ്തു. ശങ്കരമേനോന്നുശേഷം കൊച്ചിയിൽ ദിവാനായ്വന്നതു വെങ്കിടസുബ്ബയ്യരായിരുന്നു. ഭരണനിപുണനും സത്യവാനുമായ ഈ ദിവാൻജി ആറുകൊല്ലം രാജ്യംഭരിച്ചു. ശങ്കരവാരിയൎക്ക് ഇദ്ദേഹത്തെ വളരെ ബഹുമാനമായിരുന്നുവെങ്കിലും ദിവാൻജിയുടെ ശ്രദ്ധ എത്താത്ത കാൎയ്യങ്ങൾ റസിഡണ്ടുമുഖാന്തരം അദ്ദേഹത്തിനു ചൂണ്ടിക്കാണിക്കു പതിവായിരുന്നു. ഒരിക്കൽ, നിരത്തുവഴികൾ, പാലങ്ങൾ, ജലസേചനമാൎഗ്ഗങ്ങൾ മുതലായവയുണ്ടാക്കേണ്ടുതിനെക്കുറിച്ചു വാരിയർ ഒരു വലിയ സ്കീം തയ്യാറാക്കി ദിവാൻജിക്കയക്കയുണ്ടായി. ദിവാൻ അതു വളരെസ്സമ്മതിച്ചു. പക്ഷെ പണമില്ലായ്കയാൽ നടപ്പിൽവരുത്താൻ സാധിച്ചില്ല.

ഇങ്ങനെയിരിക്കുമ്പോഴാണ് 1838-ൽ രാജ്യഭാരം കയ്യേറ്റ രാമവൎമ്മമഹാരാജാവും ദിവാൻ വെങ്കിടസുബ്ബയ്യരും തമ്മിൽ തീരെ സുഖമില്ലാതായത്. ധനസംബന്ധമായ ചില കാൎയ്യങ്ങളാണ് ഇതിന്റെ മൂലം. നേത്യാരമ്മക്കും രാജകുടുംബത്തിലേക്കും അനുവദിച്ചിട്ടുള്ള ചെലവുസംഖ്യയെപ്പറ്റി രാജാവും ദിവാനും തമ്മിൽ ചില അഭിപ്രായഭേദങ്ങൾവന്നു. ഇതു നിമിത്തം വെങ്കിടസുബ്ബയ്യരെ പിരിക്കുവാൻ രാജാവു മേൽക്കോയ്മക്കെഴുതി. ബ്രിട്ടീഷ് ഗവൎമ്മെണ്ട് ആദ്യം ഇതു സമ്മതിച്ചില്ലെങ്കിലും ഒടുവിൽ, ശങ്കരവാരിയരെ ദിവാനാക്കാമെന്ന നിശ്ചയത്തിന്മേൽ

വെങ്കിടസുബ്ബയ്യരെ പിരിക്കുവാൻ തീർച്ചയാക്കി. ശങ്കരവാരിയർ ഈ വാദത്തിൽ വെങ്കിടസുബ്ബയ്യരുടെ കക്ഷിക്കാരനായിരുന്നതിനാൽ, മുൻഗാമിയോടുള്ള രസക്ഷയം മഹാരാജാവിനു തന്നോടും ഉണ്ടാകുമെന്ന വിശ്വാസത്തിൽ ദിവാനുദ്യോഗം കയ്ക്കൊള്ളുവാൻ നന്നെ മടിച്ചു. ഒടുവിൽ രാജാവുതന്നെ നിർബന്ധിപ്പാൻ തുടങ്ങി. അപ്പോഴേ ഉദ്യോഗം സ്വീകരിച്ചുള്ളു.

1840 ജനവരിമാസം 20-ാംനു- (42-ാംവയസ്സിൽ ശങ്കരവാരിയരവർകൾ കൊച്ചിദിവാനായി. അദ്ദേഹത്തിന്റെ ഭരണത്തോടുകൂടി കൊച്ചിരാജ്യത്തിന്റെ ചരിത്രം ഒരു പുതിയ ദശയിലേക്കു പ്രവേശിച്ചു. വാരിയർക്കു മുമ്പുണ്ടായ ഭരണകർത്താക്കന്മാരിൽ ചിലർ കാര്യശേഷിയും സാമർത്ഥ്യവുമുള്ളവരായിരുന്നുവെങ്കിലും അന്നന്നു നടക്കേണ്ട കാര്യങ്ങൾ ശരിയായി നടത്തുവാൻ മാത്രമേ അവർ ശ്രമിച്ചുള്ളൂ. അവ്യവസ്ഥിതമായ ഭരണം നിമിത്തം അനേകം കുഴപ്പങ്ങൾ അടിഞ്ഞുകൂടി വന്നുചേർന്നുകൊണ്ടിരുന്നതിനാൽ ഭരണം ക്രമപ്പെടുത്തുന്നതിനു പറയത്തക്ക പരിശ്രമം ചെയ്യാൻ അവർക്കു സാധിച്ചില്ല. ധീരനും, കാര്യസാരജ്ഞനുമായ വാരിയർ കാര്യങ്ങൾ ഇങ്ങനെ അയച്ചുവിട്ടില്ല. അദ്ദേഹം ആദ്യംതന്നെ തക്കതായ മൂലതത്വങ്ങളോടുകൂടിയ ഒരു ഭരണക്രമം സ്ഥാപിപ്പാനാണു പുറപ്പെട്ടതു്.

ഒന്നാമതായി ഗവർമ്മെണ്ടിന്റെ ധനസ്ഥിതി നന്നാക്കാനാണു പുറപ്പെട്ടതു്. അദ്ദേഹം ഭരണം കയ്യേററപ്പോൾ സർക്കാർ ഖജാനയിലെ കയ്യിരിപ്പു 371 ക മാത്രമായിരുന്നു. ഉദ്യോഗസ്ഥന്മാരുടെ ശമ്പളം മൂന്നും നാലും മാസത്തെ ബാക്കിയായിരുന്നു. മിക്കപ്പോഴും ശമ്പളം പണമായിട്ടല്ല കൊടുത്തിരുന്നതു്; ഉപ്പു്, പുകയില മുതലായി സർക്കാരിൽനിന്നു നേരിട്ടുവരുത്തുന്ന സാമാനങ്ങളായിട്ടായിരുന്നു. നികുതി ക്രമത്തിനു പിരിഞ്ഞിരുന്നില്ല.

വാരിയരവർകൾ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം അതാതു മാസത്തിൽത്തന്നെ ബാക്കികൂടാതെ കൊടുത്തുതുടങ്ങി. അതോടൊപ്പംതന്നെ പ്രവൃത്തിയിലുള്ള ഉപേക്ഷകൾ ക്ഷമിക്കാതെ ശാസിപ്പാനും തുടങ്ങി. നികുതി ശരിക്കു പിരിഞ്ഞുവന്നു. ഉപ്പു്, പുകയിലമുതലായ സാമാനങ്ങളിൽനിന്നുള്ള ആദായം വൎദ്ധിച്ചുവരികയും ചെയ്തു. ഇങ്ങനെ ഒരു കൊല്ലം നിഷ്കൎഷിച്ചപ്പോഴേക്കും സൎക്കാർ ഖജാനയിൽ രണ്ടുലക്ഷത്തോളം ഉറുപ്പിക ഈടിരുപ്പുണ്ടായിക്കണ്ടു. ഈ ഒരൊററസ്സംഗതികൊണ്ടുതന്നെ വാരിയരവർകളെ മേൽക്കോയ്മയും കൊച്ചിയിലെ പ്രജകളും ഒരുപോലെ പ്രശംസിച്ചുവന്നു.

ധനസ്ഥിതി നന്നായിത്തുടങ്ങിയതോടുകൂടി ജനങ്ങളുടെ സൗകൎയ്യത്തിനു വേണ്ടുന്ന ഏൎപ്പാടുകളിൽ പ്രവേശിച്ചു. റോഡുകൾ വെട്ടിക്കുക, പാലങ്ങൾ പണിയിക്കുക, ചിറകളും കുളങ്ങളും കഴിപ്പിക്കുക, ജലസേചനമാൎഗ്ഗങ്ങളും ജലമാൎഗ്ഗങ്ങളും പുഷ്ടിപ്പെടുത്തുക മുതലായ കാൎയ്യങ്ങളിൽ അദ്ദേഹം ഒട്ടേറെ ശ്രമിച്ചു. കൊച്ചിരാജ്യത്തിൽ ഇന്നു കാണുന്ന പ്രധാനപ്പെട്ട വെട്ടുവഴികൾ വെട്ടിച്ചു പാലങ്ങൾ കെട്ടിച്ചു നടക്കാവു വൃക്ഷങ്ങൾ വെപ്പിച്ചു ഗതാഗതസൗകൎയ്യമുണ്ടാക്കിയതു് ഇദ്ദേഹമാണു്. ഇപ്പോൾക്കാണുന്ന പാതകളിൽ മുക്കാൽഭാഗവും ഇദ്ദേഹം ഉണ്ടാക്കിച്ചതാണു്. കാൽഭാഗമേ അതിനുശേഷം വൎദ്ധിപ്പിക്കേണ്ടിവന്നിട്ടുള്ളു. കരുവന്നൂർപ്പാലം മുതലായ വലിയ പാലങ്ങളും ഇദ്ദേഹം കെട്ടിച്ചതാണു്. ചെറുവത്തൂർപാലം ഒന്നു മാത്രമേ അന്നു പണിയുവാൻ ബാക്കിയായിരുന്നുള്ളു. അതു ശങ്കുണ്ണിമേനോനാണു പണിയിച്ചതു്. എറണാകുളത്തും നെന്മാറയിലും ഉള്ളതൊഴികെ കാണുന്ന ട്രാവലേഴ്സ് ബെങ്കളാവുകളും 20-ൽ കുറയാത്ത സത്രങ്ങളും യാത്രക്കാരുടെ സൗകൎയ്യത്തിനായി പണിയിച്ചു.

ജലമാൎഗ്ഗങ്ങളും അദ്ദേഹം പരിഷ്കരിച്ചു. കായലുകളു

ധാരാളമുള്ള ഈ രാജ്യത്തു ഗതാഗതത്തിന്നും വ്യാപാരത്തിന്നും അവ സൌകൎയ്യമായിത്തീരണമല്ലൊ. ഇതിനായി അദ്ദേഹം പലദിക്കിലും തോടുകൾ പുതുതായി കീറിക്കുകയും ചില തോടുകൾ താഴ്ത്തിച്ചു നന്നാക്കിക്കുകയും ചെയ്തു. അരനാട്ടുകരത്തോടു കഴിപ്പിക്കുകയും എടത്തുരുത്തിത്തോടു താഴ്ത്തിക്കുകയും ചെയ്തതോടുകൂടി തൃശ്ശൂരിൽനിന്ന് എറണാകുളത്തേക്ക വഞ്ചി വഴിയായി യാത്രചെയ്വാൻ സാദ്ധ്യമായി. അതുപോലെതന്നെ എറണാകുളത്തിന്നും തൃപ്പൂണിത്തുറയ്ക്കും മദ്ധ്യത്തിലുള്ള ജലമാൎഗ്ഗങ്ങളും നന്നാക്കി.

തൃശ്ശിവപേരൂർ, തൃപ്പൂണിത്തുറ, ചിറ്റൂർ മുതലായ പ്രദേശങ്ങളിൽക്കാണുന്ന വലിയ ചിറകളും കുളങ്ങളുമെല്ലാം വാരിയർ കുഴിപ്പിച്ചതാണ്.

ചിറ്റൂർ താലൂക്കിലെ നെൽകൃഷിക്കാധാരമായി നില്ക്കുന്ന ജലസേചനമാൎഗ്ഗങ്ങളും ഇദ്ദേഹംതന്നെയാണു നിൎമ്മിച്ചത്.

കച്ചവടത്തിന്നു തടസ്ഥമായി നിന്നിരുന്ന ചുങ്കങ്ങളെല്ലാം എടുത്തുകളഞ്ഞു. പൊല്ലീസ്സൈന്യത്തെ പരിഷ്കരിച്ചു. രാജ്യത്തിലെങ്ങും ഉണ്ടായിരുന്ന കള്ളന്മാരുടെയും കൊള്ളക്കാരുടെയും ഉപദ്രവങ്ങളും തീൎത്തു. ഇങ്ങനെ ഗതാഗതസൌകൎയ്യങ്ങളും വ്യാപാരവും വൎദ്ധിക്കുന്നിടത്തോളം ജനങ്ങളുടെ ധനസ്ഥിതിയും ഗവൎമ്മേണ്ടിന്റെ മുതലെടുപ്പും വൎദ്ധിച്ചുവന്നു.

കൃഷിയുടെ കാൎയ്യത്തിലും ഇദ്ദേഹം വളരെ ശ്രദ്ധിച്ചു. ജലസേചനം വഴിയായും മറ്റും ഏകദേശം 2500 ഏക്കർ കൃഷിസ്ഥലം വൎദ്ധിപ്പിച്ചു. അതും രാജ്യക്ഷേമത്തിന്നു ഹേതുവായി.

സിവിൽക്കോടതികളുടെ പരിഷ്കാരം അദ്ദേഹം ദിവാൻപദത്തിലെത്തുന്നതിന്നു മുമ്പുതന്നെ കഴിഞ്ഞിരുന്നതിനാൽ അതിനെപ്പററി പിന്നീടൊന്നും ചെയ്യുകയുണ്ടായില്ല. കാരണം, അദ്ദേഹം റസിഡെണ്ടാപ്പീസ്സിലായിരിക്കെ

നാകലത്തു നടത്തിയ ആ പരിഷ്കാരത്തിൽ അദ്ദേഹത്തിന്റെ ആലോചനകൾകൂടി ഉൾപ്പെട്ടിരുന്നു.

വിദ്യാഭ്യാസം, ആരോഗ്യരക്ഷ എന്നീ വിഷയങ്ങളിലും അദ്ദേഹം ശ്രദ്ധിക്കാതിരുന്നില്ല. 1845-ൽ എറണാകുളത്ത് ഒരു ഇംഗ്ലീഷ് സ്കൂൾ സ്ഥാപിച്ചു. ഇതാണു പിന്നീടു പല മാററങ്ങളും കഴിഞ്ഞ് എറണാകുളം കോളേജായിത്തീർന്നത്. 1848-ൽ അവിടത്തന്നെ ഒരാസ്പത്രിയും സ്ഥാപിച്ചു. ഈ രണ്ടേർപ്പാടുകളും ദിവാന്റെ പ്രത്യേകശ്രദ്ധയ്ക്കു വിഷയമായിരുന്നു. കൂടക്കൂടെ അദ്ദേഹംതന്നെ ചെന്നു അവയെ പരിശോധിക്കയും ചെയ്തിരുന്നു.

ശങ്കരവാരിയരവർകളുടെ ഭരണത്തിന്റെ ആരംഭകാലത്തായിരുന്നു അദ്ദേഹത്തിന്നു പലവിധത്തിലുള്ള വലിയ കാര്യങ്ങളോടു മല്ലിടാനുണ്ടായിരുന്നത്. രാജ്യത്തിൽ വരുത്താനുണ്ടായിരുന്ന പരിഷ്കാരങ്ങളെല്ലാം അന്നു കഴിച്ചതിനാൽ അദ്ദേഹത്തിന്റെ അവസാനകാലത്തെസ്സംബന്ധിച്ചു വളരെയൊന്നും പറവാനില്ല. തുടങ്ങിവച്ച ഓരോ ഏർപ്പാടുകൾ പൂർത്തിയാക്കുവാനും, അവയുടെ അററകുററങ്ങൾ നോക്കുവാനുമായിട്ടാണ് അദ്ദേഹം ആ കാലം മുഴുവനും വിനിയോഗിച്ചത്. ഒടുവിലത്തെ മൂന്നുകൊല്ലത്തെസ്സംബന്ധിച്ചു പ്രത്യേകം ഒന്നും പറവാൻതന്നെയില്ല.

ശങ്കരവാരിയരവർകളുടെ ദേഹം നല്ല ആരോഗ്യവും ബലവുമുള്ളതായിരുന്നു. എത്രതന്നെ അദ്ധ്വാനിപ്പാനും ബുദ്ധിമുട്ടുവാനും അദ്ദേഹത്തിന്നു പ്രയാസമുണ്ടായിരുന്നില്ല. എന്നാൽ അവസാനകാലമായപ്പോഴേക്കു പ്രമേഹം സ്ഥായിയായ ഒരു രോഗമായിത്തീർന്നു. കൂടക്കൂടെ ഇതുകൊണ്ടുള്ള ഉപദ്രവം അദ്ദേഹത്തെ ഉപദ്രവപ്പെടുത്തിയിരുന്നു. 1853-ൽ അദ്ദേഹം ചിറ്റൂർപ്പോയി കുറെ അധികം ദിവസം താമസിക്കയുണ്ടായി. അവിടത്തെ ജലസേചനപ്രവൃത്തികൾ പരിശോധിപ്പാനും പുതുതായി തരിശുനീക്കിയുണ്ടാക്കിയ നിലങ്ങൾക്കു നികുതികെട്ടുവാനുമാണ് ഇതു ഉദ്ദേശിച്ചതു. അക്കാലത്തു മലമ്പനിയും വന്നുപെട്ടു. ഇതു

രണ്ടുരോഗങ്ങളുംകൂടി അദ്ദേഹത്തിന്റെ ആരോഗ്യത്തെ വല്ലാതെ ക്ഷയിപ്പിച്ചു. 1856 ഒക്ടോബർമാസത്തിൽ എടത്തെച്ചെവിക്കു സമീപം ഒരു കുരു കണ്ടു. അതു ക്രമത്തിൽ വലുതാകയും അദ്ദേഹം തീരെ കിടപ്പിലാകയും ചെയ്തു. എന്നിട്ടും ഉദ്യോഗസംബന്ധമായ ജോലികളൊന്നും കൈവിട്ടില്ല. കടലാസ്സുകൾ വായിച്ചു കേൾക്കുകയും ഒപ്പിട്ടുകൊടുക്കുകയും ചെയ്തിരുന്നു. രോഗം നന്നാ കലശലായെന്നു കേട്ടപ്പോൾ മഹാരാജാവു തിരുമനസ്സുകൊണ്ട് എറണാകുളത്ത് എഴുന്നള്ളി ദിവാനെ കാണുകയുണ്ടായി. ഇതിന്റെ പിറ്റേദിവസം കൊടുങ്ങല്ലൂർ വലിയതമ്പുരാനും ദിവാനെച്ചെന്നുകണ്ടു. ദീനം വീണ്ടും അതിക്രമിച്ചു. ഒക്ടോബർ 20-ാംനു രാത്രി ആ മഹാപുരുഷൻ പരലോകപ്രാപ്തനാകയും ചെയ്തു.

ശങ്കരവാരിയരുടെ ജ്ഞാനസാമർത്ഥ്യവും സ്വഭാവഗുണങ്ങളും മഹാന്മാരുടെ പ്രശംസക്കു വിഷയങ്ങളായിരുന്നു. ബ്രിട്ടീഷുറസിഡണ്ടുമാരുടെ നിലയിലും, മദിരാശിഗവർണ്ണർമാരുടെ നിലയിലും മറ്റും അദ്ദേഹത്തോട് അടുത്തു പെരുമാറുവാൻ ഇടവന്നിട്ടുള്ള സകല യൂറോപ്യന്മാരും അദ്ദേഹത്തെ ഏകസ്വരത്തിൽ പ്രശംസിച്ചിട്ടുണ്ട്. 1857-ൽ തീപ്പെട്ട തമ്പുരാനു മാത്രം കുറെക്കാലം ഇദ്ദേഹത്തോടു നല്ല രസമുണ്ടായിരുന്നില്ല. ശങ്കരവാരിയരെ ഉദ്യോഗത്തിൽനിന്നു നീക്കാൻകൂടി അദ്ദേഹം പലപ്പോഴും ശ്രമിച്ചിട്ടുണ്ട്. എന്നാൽ വാരിയരുടെ സ്വഭാവഗുണവും കാര്യശേഷിയും നല്ലവണ്ണം മനസ്സിലാക്കിയിരുന്ന റസിഡണ്ടു ജനറൽ കല്ലൻ ഒരിക്കലും അതിന്നു സമ്മതിച്ചില്ല. ഒടുവിൽ തമ്പുരാൻ തീപ്പെടുന്നതിനുമുമ്പായി വാരിയരെ വിളിച്ചുവരുത്തി പരിഭവം തീർക്കുകയും ചെയ്തു. അതിനുശേഷം രാജ്യംഭരിച്ച രണ്ടു തമ്പുരാക്കന്മാർക്കും വാരിയരെ വിശ്വാസവും ബഹുമാനവുമായിരുന്നു.

ഭാരതം കിളിപ്പാട്ട്

കർണ്ണപർവ്വം

൧. പാർത്ഥസാരഥി.

തരുണഭാസ്കരനരുണനോടൊത്തു-
ടൊരുമിച്ചുതെളിഞ്ഞുദിച്ചതുപോലെ,
ഹരിയുതാഹരിചയതനയനെ
ഹരിണവാജിരാജിതരഥോപരി
ഹരിദശ്വപോതജനൊടുപൊരുവാനായ്
വരുന്നതുകണ്ടു പറഞ്ഞുശല്യരും:—
"പലരോടുംകാണാത്തതിഹചാലിമുട്ടാതെ
വലരിപുതനയനെക്കണ്ടാലും നീ.
മുനികൾമാനസങ്ങളിലുംഗോപ-
വനിതമാരുടെമുലത്തടത്തിലും.
ഇരുന്നാളുംമോദമനന്താനമായ്,
പരന്നവൻപടനടുവിലമ്മാറു
വരുന്നതുനന്നായ്തെളിഞ്ഞുകാണ്മനീ.
നിറന്നപീലികൾനിരക്കവേകുത്തി
നിറുകയിൽക്കൂട്ടിത്തിറമൊടുകെട്ടി,
കരിമുകിലൊത്തചികുരഭാരവും
മണികൾമിന്നീടുമണിക്കിരീടവും
കനകനപ്പിന്നാക്കുനിരതന്മേൽ
നനനനപ്പൊടിഞ്ഞൊരുപൊടിപാറി
തിലകവുമൊട്ടുവിയർപ്പിനാൽനന,-
ഞ്ഞുവകസൃഷ്ടിച്ചുമറിച്ചുസംഹരി-
ച്ചിളകുന്നചില്ലിയുഗളഭംഗിയും
അടിയാരെക്കുറിച്ചുകരുണയും

കഠിനദുഷ്ടരോടെഴുന്നകോപവും
മട്ടമൊഴിമാരിൽവളൎന്നരാഗവും
കലഹംകൊണ്ടൊരത്ഭുതരസങ്ങളും
ചാപലന്മാരൊടുകലൎന്നഹാസ്യവും
എതിരിട്ടവനാൎക്കുമന്തസ്താപവും,
പലതുമിങ്ങനെനവനവരസ-
മിടയിടക്കൂടിക്കലൎന്നനേത്രവും
മകരകുണ്ഡലംപ്രതിബിംബിക്കുന്ന
കവിൾത്തടങ്ങളുംമുഖസരോജവും
വിയൎപ്പുതുള്ളികൾപൊടിഞ്ഞനാസിക,
സുമന്ദഹാസവുമധരശോഭയും
തുളസിയുംനല്ലസരസിജങ്ങളു-
മിളതായിടിനതളിരുകളുമ-
യിടകലൎന്നുടനിളകുംമാലകൾ
തടയുംമുത്തുമാലകളുംകൌസ്തുഭ-
മണിയുംശോഭനാംഗങ്ങളും, ചമ്മട്ടി
പിടിച്ചൊരുകരതലവും, കങ്കണം
മുഴക്കപ്പെൎന്നതിരുമറുമാറും.
നിറന്നമഞ്ഞപ്പൂന്തുകിലുംകാഞ്ചികൾ
പദസരോരുഹയുഗവു,മെന്നുടെ
ഹൃദയംതന്നിലങ്ങിരിക്കുംപോലെയ-
മണിരഥംതന്നിലകംകുളിൎക്കവേ
മണിവൎണ്ണൻതന്നെതെളിഞ്ഞുകണ്ടുഞാൻ"
"വിളയാടീടണംവിജയനോമായി-
ട്ടിളകാതെനിന്നുകുറഞ്ഞൊരുനേരം
തെളിക്കതേരെ"ന്നുപറഞ്ഞുകൎണ്ണനം
കുലച്ചുവില്ലൊലിവളൎത്തിനാനപ്പോൾ

എഴുത്തച്ഛൻ.

---

൫. കാട്ടുതീയ്.

ദീപങ്ങളായുള്ള വൃക്ഷങ്ങളന്നേരം
വ്യോമത്തിലെങ്ങുമേ പൊങ്ങിനിന്നു,
നാകത്തിൽമേവുന്ന വാസവൻതന്നെയു-
ക്കാനനമിന്നുവിളിക്കുംപോലെ
ചുഴന്നുനിന്നുള്ള മരങ്ങളെല്ലാമേ
ചാടിത്തുടങ്ങീ തീ നാലുപാടും,
ദേഹത്തെ കൈവിട്ടുപോകുന്നാത്മാക്കൾ
ദേഹത്തിനുള്ളിലേക്കെന്നപോലെ
ശീതങ്ങളായുള്ള മാതംഗയൂഥങ്ങൾ
സിംഹങ്ങൾക്കിരയാകെ മുന്നാണൊത്തു,
സാമാന്യനായൊരു ശിലവരുന്നേരം
വാനരന്മാർ തങ്ങളിൽ ചെന്നൊത്തായം.
ചെവ്വുനടാതെ പക്ഷെ വിട്ടുമറ്റൊന്നിൽ
വേഗത്തിൽ ചാടീതു വാനരങ്ങൾ,
അമ്മാറൊരു ദേഹത്തെ കൈവിട്ടു ദേഹിതാൻ
മറ്റൊരു ദേഹത്തിൽ ചാടുംപോലെ.
മാഴ്കിനിന്നീടുന്ന പക്ഷിവ്യൂഹങ്ങൾ
പോകുന്നതാണതുമങ്ങളിപ്പിന്നു.
പാവകന്തന്നോടു കൂടീതായെല്ലാമേ
ഭാവനം ചെയ്യുമാറെന്നപോലെ.
ഓടിവരുന്നോരവൻ തീയ്യുകണ്ടിട്ടു
പേടിച്ചുപായുന്നു വന്മൃഗികൾ
തങ്ങളെക്കണ്ടുള്ള ഗോക്കൾതൻ വേദന-
യിങ്ങനെയെന്നറിഞ്ഞിതപ്പോൾ.

മുറ്റവുമിന്നൊരു പാവകൻതന്നുടെ
മുറ്റവുമിന്നു കരുത്തുമന്നേരം
കാട്ടംതുടങ്ങിനകൂട്ടമൃഗങ്ങളൊക്കെ
ക്രൂരരായൊന്നുമേവേണ്ടിയപ്പോൾ
ജന്തുക്കളങ്ങു വനസ്ഥരായുള്ളോർക്ക്
ബന്ധുവിയോഗമൊരുമാത്രമല്ലാ-
ച്ചിങ്കലെന്നുള്ള സർപ്പങ്ങളെല്ലാമേ തൻ
മസ്തകം പാരിച്ചപ്പുറത്തിനിന്നു,
തീയ്യുമുയർന്നുവക്കാനനം കൈക്കൊണ്ടു
പാവകൻതന്നെ വിലക്കംപോലെ
വൃന്ദങ്ങളായുള്ള കേകികൾ പീലിച്ചിത-
ന്നങ്ങളും പൂണ്ടിറങ്ങീതപ്പോൾ,
വാനവർനായകൻ വാരാഞ്ഞതെന്തെന്നു
കാനനം നോക്കുന്നതെന്നപോലെ.
കോകിലനാദമൊക്കയുന്നനേരത്തു
കോമളമായിട്ടു വന്നിതത്രെ
മാധുര്യമുണ്ടവർ ചാകുന്നനേരത്തും
ചാതുര്യ്യമൊക്കവിട്ടാതെന്നുവന്നു,
തീവ്രമായിന്നൊരു വേതണ്ഡയൂഥമ-
പ്പാവകനൂന്നിയെയുമുന്നേരം
പൊങ്ങിനിന്നീടുന്ന തുമ്പിക്കരങ്ങളെ-
യംബുദകാന്തായിനീട്ടിയപ്പോൾ
ആരണ്യമായൊരു ബാണഗൃഹത്തിന്റെ
ഗോപുരതുണ്ടങ്ങളെന്നപോലെ.

ചെറുശ്ശേരിനമ്പൂരി

ന. തത്വോപദേശം.

വത്സ! സൌമിത്രേ! കുമാര! നീ കേൾക്കണം
മത്സരാദ്യം വെടിഞ്ഞെന്നുടെ വാക്കുകൾ:—
നിന്നുടെ തത്വമറിഞ്ഞിരിക്കുന്നതു
മുന്നമേ ഞാനെടോ! നിന്നുള്ളിലെപ്പൊഴും
എന്നെക്കുറിച്ചുള്ള വാത്സല്യപൂരവും
നിന്നോളമില്ല മറ്റാർക്കുമെന്നുള്ളതും.
നിന്നാലസാദ്ധ്യമായില്ലൊരു കർമ്മവും
നിർണ്ണയമെങ്കിലുമൊന്നിതു കേൾക്ക നീ.
ദൃശ്യമായുള്ളൊരു രാജ്യദേഹാദിയും
വിശ്വവും നിശ്ശേഷധാന്യധനാദിയും
സത്യമെന്നാകിലേ തത്ര പ്രയാസവും
യുക്തമതല്ലായ്കിലെന്തതിനാൽ ഫലം?
ഭോഗങ്ങളെല്ലാം ക്ഷണപ്രഭാചഞ്ചലം,
വേഗേന നഷ്ടമാമായുസ്സുമോർക്ക നീ.
വഹ്നിസന്തപ്തലോഹസ്ഥാംബുബിന്ദുനാ-
സന്നിഭം മർത്ത്യജന്മം ക്ഷണഭംഗുരം,
ചക്ഷുഃശ്രവണഗളസ്ഥമാം ദർദ്ദുരം
ഭക്ഷണത്തിന്നപേക്ഷിക്കുന്നതുപോലെ,
കാലാഹിനാ പരിഗ്രസ്തമാം ലോകവു-
മാലോലചേതസാ ഭോഗങ്ങൾ തേടുന്നു
പുത്രമിത്രാർത്ഥകളത്രാദിസംഗമ-
മെത്രയുമല്പകാലസ്ഥിതമോർക്ക നീ;
പാന്ഥർ പെരുവഴിയമ്പലം തന്നിലേ
താന്തരായ് കൂടി വിയോഗം വരുമ്പോലെ

നദ്യാമൊഴുകുന്നകാഷ്ഠങ്ങളുംപോലെയു–
മൈത്ര്യംചഞ്ചലമാലയസംഗമം.
ലക്ഷ്മിയുമസ്ഥിരയല്ലോമനുഷ്യൎക്കു
നില്ക്കുമോയൌവനവുംപുനരധ്രുവം?
സ്വപ്നസമാനംകളത്രസുഖംനൃണാ–
മല്പമായുസ്സുംനിരൂപിക്കലൊക്കണം!
രാഗാദിസങ്കുലമായുള്ള സംസാര–
മാകാനിരൂപിക്കിൽസ്വപ്നതുല്യംസഖേ!
ഓൎക്കഗന്ധൎവ്വനഗരസമമതിൽ
മൂൎഖന്മാർനിത്യമനുവൎത്തിച്ചീടുന്നു.
ആദിത്യദേവനുദിച്ചിതുവേഗേന,
യാദഃപതിയിൽ മറഞ്ഞിതുസത്വരം
നിദ്രയുംവന്നിതുദയശൈലോപരി
വിദ്രുതംവന്നിതുപിന്നെയും ഭാസ്കരൻ
ഇത്ഥംമതിഭ്രമമുള്ളജന്തുക്കൾ
ചിന്തവിചാരിപ്പതില്ലകാലാന്തരം.
ആയുസ്സുപോകുന്നതേതുമറിവീല
മായാസമുദ്രത്തിൽമുങ്ങിക്കിടക്കയാൽ
വാൎദ്ധക്യമോടുജരാനരയുംവന്നു
ചീൎത്തമോഹേനമരിക്കുന്നിതുചിലർ
നേത്രേന്ദ്രിയംകൊണ്ടുകണ്ടിരിക്കേപുന–
രോൎത്തറിയുന്നീലമായതൻവൈഭവം
ഇപ്പോളിതുപകൽപില്ലാടുരാത്രിയും
പില്ലാടുപിന്നെപ്പകലുമുണ്ടായ്വരും
ഇപ്രകാരംനിരൂപിച്ചുബുധാത്മാക്കൾ
ചിൽപുരുഷൻഗതിയേതുമറിയാതെ
കാലസ്വരൂപനാമീശ്വരൻതന്നുടെ
ലീലാവിശേഷങ്ങളൊന്നുമോരായ്കയാൽ

ആമകുംഭാംബുസമാനമായുസ്സുടൻ
പോമതേതുംധരിക്കുന്നതില്ലാരുമേ
രോഗങ്ങളായുള്ളശത്രുക്കളുംവന്നു
ദേഹംനശിപ്പിക്കുമേവനുംനിർണ്ണയം
വ്യാഘ്രിയെപ്പോലെജരയുമടുത്തുവ-
ന്നാക്രമിച്ചീടുംശരീരത്തെനിർണ്ണയം
മൃത്യുവുംകൂടെയൊരുനേരംപിരിയാതെ
ഛിദ്രവുംപാർത്തുപാർത്തുള്ളിലിരിക്കുന്നു
ദേഹംനിമിത്തമഹംബുദ്ധികൈക്കൊണ്ടു
മോഹംകലർന്നുജന്തുക്കൾനിരൂപിക്കും
ബ്രാഹ്മണനാഹംനരേന്ദ്രോഹമാഢ്യോഹമെ-
ന്നാമ്രേഡിതംകലർന്നീടുംശരീരമേ
ജന്തുക്കൾഭക്ഷിച്ചുകാഷ്ഠിച്ചുപോകിലാം
വെന്തുവെണ്ണീറായ്ചമഞ്ഞുപോയീടിലാം
മണ്ണിനകീഴായ്കൃമികളായ്പ്പോകിലാം
നന്നല്ലദേഹംനിമിത്തംമഹാമോഹം
ത്വങ്മാംസരക്താസ്ഥിവിൺമൂത്രരേതസാം
സമ്മേളനംപഞ്ചഭൂതകനിർമ്മിതം
മായാമയമാസ്പരിണാമിയായൊരു
കായംവികാരിയായുള്ളൊന്നിതുധ്രുവം
ദേഹാഭിമാനംനിമിത്തമായുണ്ടായ
മോഹേനലോകംദഹിപ്പിപ്പതിന്നുനീ
മാനസതാരിൽനിരൂപിച്ചതുംതവ
ജ്ഞാനമില്ലായ്കന്നറികനീലക്ഷ്മണ!
ദോഷങ്ങളൊക്കെവരുംദേഹാഭിമാനിനാം
രോഷേണവന്നുഭവിക്കുന്നതോർക്കനീ
ദേഹോഹമെന്നുള്ളബുദ്ധിമനുഷ്യർക്കു
മോഹമാതാവാമവിദ്യയാകുന്നതും
ദേഹമല്ലോർക്കിൽഞാനായതാത്മാവെന്നു
മോഹൈകഹന്ത്രിയായുള്ളതുവിദ്യകേൾ

സംസാരകാരിണിയായതവിദ്യയും
സംസാരനാശിനിയായതുവിദ്യയും
ആകയാൽമോക്ഷാർത്ഥിയാകിൽവിദ്യാഭ്യാസ-
മേകാന്തചേതസാചെയ്കവേണ്ടുന്നതും
തത്രകാമക്രോധലോഭമോഹാദികൾ
ശത്രുക്കളാകുന്നതെന്നറികനീ
മുക്തിക്കുവിഘ്നംവരുത്തുവാനേറ്റവും
ശക്തിയുള്ളൊന്നതിൽക്രോധമറികനീ
മാതാപിതൃഭ്രാതൃമിത്രസഖികളെ
ക്രോധംനിമിത്തംഹനിക്കുന്നിതുപുമാൻ
ക്രോധമൂലംമനസ്താപമുണ്ടായ്വരും
ക്രോധമൂലംനൃണാംസംസാരബന്ധനം
ക്രോധമല്ലോനിജധർമ്മക്ഷയകരം
ക്രോധംപരിത്യജിക്കേണംബുധജനം
ക്രോധമല്ലോയമനായതുനിർണ്ണയം
വൈതരണ്യാഖ്യയാകുന്നതുതൃഷ്ണയും
സന്തോഷമാകുന്നതുനന്ദനംവനം
സന്തതംശാന്തിയേകാമസുരഭികേൾ
ചിന്തിച്ചുശാന്തിയെത്തന്നെഭജിക്കനീ
സന്താപമെന്നതൊരുജാതിയുംവരാ
ദേഹേന്ദ്രിയപ്രാണബുദ്ധ്യാദികൾക്കെല്ലാ-
മാഹന്തമേലേവസിപ്പതാത്മാവുകേൾ
ശുദ്ധസ്വയംജ്യോതിരാനന്ദപൂർണ്ണമായ്
തത്വാർത്ഥമായ്നിരാകാരമായ്നിത്യമായ്
നിർവ്വികല്പംപരംനിർവ്വികാരംഘനം
സർവ്വൈകകാരണംസർവ്വജഗന്മയം
സർവ്വൈകസാക്ഷിണംസർവ്വജ്ഞമീശ്വരം
സർവ്വദാചേതസിഭാവിച്ചുകൊൾകനീ

സാരജ്ഞനായനീകേൾസുഖദുഃഖദം
പ്രാരബ്ധമെല്ലാമനുഭവിച്ചീടണം
കർമ്മേന്ദ്രിയങ്ങളാൽകർത്തവ്യമൊക്കവേ
നിർമ്മായമാചരിച്ചീടുകെന്നോവരു
കർമ്മങ്ങൾസംഗങ്ങളൊന്നിലുംകൂടാതെ
കർമ്മഫലങ്ങളിൽകാംക്ഷയുംകൂടാതെ
കർമ്മങ്ങളെല്ലാംവിധിച്ചവണ്ണംപര-
ബ്രഹ്മണിനിത്യംസമർപ്പിച്ചുചെയ്യണം
നിർമ്മലമായുള്ളൊരാത്മാവുതന്നോടു
കർമ്മങ്ങളൊന്നുമേപറ്റുകയില്ലെന്നാൽ
ഞാനിപ്പറഞ്ഞതെല്ലാമേധരിച്ചുതൽ
ജ്ഞാനസ്വരൂപംവിചാരിച്ചുസന്തതം
മാനത്തെയൊക്കെത്യജിച്ചുനിത്യംപര-
മാനന്ദമുൾക്കൊണ്ടുമായാവിമോഹങ്ങൾ
മാനസത്തിങ്കൽനിന്നാശുകളകനീ
മാനമല്ലോപരമാപദാസ്പദം

എഴുത്തച്ഛൻ.

ത്രിപുരദഹനം തുള്ളൽ.

൪. ഒരു ബുദ്ധതാപസൻ.

ബുദ്ധികൌശലശീലനാംപുരുഷോത്തമൻഗരുഡധ്വജൻ
ബുദ്ധതാപസവേഷമാശുധരിച്ചു ബദ്ധകുതൂഹലാൽ
ശുദ്ധമാകുമൊരാൽത്തറപ്പുറമേറി വന്നരുളീടിനാൻ
വൃദ്ധനെത്രവയസ്സുചെന്നനരച്ചുകണ്ണിമകൂടവേ
ക്ഷീരസാഗരവാരിപോലെ വെളുത്തുനീണ്ടൊരുതാടിയും
ചാരുവായകഷായവസ്ത്രവുമുത്തരീയവുമങ്ങനെ,

ഭൂരിപിംഗജടാകലാപവുമങ്ങുയോഗപടങ്ങളും,
ചേരുമീവകമൂത്തബൌദ്ധനിതെന്നുകണ്ടവർചൊല്ലിനാർ
ബന്ധുവാകിയ നാരദൻ മുനിശിഷ്യനെന്നു നടിച്ചുടൻ
ഗ്രന്ഥമൊന്നു കരത്തിലാക്കിയഴിച്ചു നോക്കിയിരിക്കയും
എന്തിതിങ്ങനെവായനയ്ക്കു നടപ്പുമില്ലതനിക്കെടോ?
ചിന്തയില്ലപഠിപ്പിലെങ്കിലടിക്കമെന്നൊരുഭാവവും
വീണയങ്ങരികത്തുവച്ചുപഠിക്കമൊട്ടുനടിക്കയും,
കാണിനേരമിളയ്ക്കിലഗ്ഗുരുസാധനങ്ങൾകൊട്ടുകയും
ഇങ്ങനെയൊരുശിഷ്യനുംഗുരുവുംപെരുത്തൊരുകൈതവാ-
ലങ്ങുവാണപുരത്രയംസമുപിക്കമാൽത്തറമണ്ഡപേ
മൂന്നുലോകമുടൻമുടിച്ചുനടക്കുമപ്പുരദൈത്യരും
മൂന്നുപേരുമൊരായിരംവരിഷംതികഞ്ഞദശാന്തരേ
പോന്നുവന്നുജവേനബോധിമരത്തറയ്ക്കലൊരിക്കലെ
നിന്നുകൊണ്ടഥതമ്മിൽനോക്കിഹസിച്ചു കൊണ്ടവർചൊ
"നോക്കെടോ!ഒരുപൂരിന്നിഹവന്നുകൂടിയതാരെടോ? (ല്ലിനാർ
നിക്കമില്ലാതശാസ്ത്രിയായതു പിന്നെനല്ലൊരുശിഷ്യനും
ബൌദ്ധനെന്നിഹതോന്നുമാകൃതികാണുകിൽ പുനരെത്രയും
വൃദ്ധനാകുന്നതവന്നതുമോർക്കിലെത്രയുമത്ഭുതം"
ഇത്തരങ്ങൾപറഞ്ഞുകൊണ്ടരികത്തുചെന്നുപുരത്രയം
വൃദ്ധതാപസബൌദ്ധനോടുരചെയ്തുകൈതവകോവിദം
"ഗ്രന്ഥിയായജവാനരേകുലമേതെടോ! ഗൃഹമേതെടോ?
ബന്ധമെന്തിഹവന്നിരിപ്പതിനെന്തുചൊല്ലുനിനക്കെടോ?
ഗ്രന്ഥമെന്തുപുരാണമോ, അർത്ഥകാവ്യമോ, മതശാസ്ത്രമോ
സിന്ധുപോലെപെരുത്തവിദ്യയിലേതിലിങ്ങുപരിശ്രമം?"
താരകാത്മജവാക്കുകേട്ടുമുകുന്ദനൊന്നരുളീടിനാൻ:—
"വീരരാകിയനിങ്ങൾമൂവരുമെത്രവന്നുവസിക്കെടോ!
സാരമാകിയബൌദ്ധശാസ്ത്രമിതെത്രയുംപുനരുത്തമം
നേരതന്നെ നിനയ്ക്കിലിന്നിതുകൊണ്ടുവേണമശേഷവും
സാരബുദ്ധിതരിമ്പുമില്ലിഹനിങ്ങൾമൂന്നുജനത്തിനും

ഇത്തരമൊ ചൊല്ലിയതിപ്രകാരമൊരാഢ്യമദ്ദ്യതുടങ്ങുവാൻ?
ചാരമിങ്ങനെനല്ലമേനിയിലാശുപൂശിയതെന്തെടോ?
ചോതമെന്നുപറഞ്ഞതാരിഹ നീരസങ്ങൾ തുടങ്ങൊലാ
പുസ്തകങ്ങളിലൊന്നിലും പുനരിത്തരംവിധിയില്ലെടോ
വസ്തുബോധവുമില്ലനിങ്ങടെനാട്ടിലെങ്ങുമിതെന്തെടോ
വിസ്തരിച്ചുപറഞ്ഞുകേൾക്കണമെങ്കിലിന്നുമഹോത്സവം
പുസ്തകങ്ങളിലുള്ളതൊക്കെമനസ്സിലുണ്ടുനമുക്കെടോ?

കുഞ്ചൻനമ്പ്യാർ.

ഭാഗവതം കിളിപ്പാട്ട്

൫. വഷകാലം.

ഇങ്ങനെചിലദിനംകഴിഞ്ഞോരനന്തരം
ഭംഗിയേറീടുന്നൊരുവഷകാലവുംവന്നു.
അക്കരശ്മികളെല്ലാം മറച്ചു മേഘങ്ങളും
പുഷ്കരംനിറഞ്ഞിതു വായുവുംവീയിടിനാൻ.
പൊൻനിറമായുള്ളൊരു മിന്നലുമിടികളു-
മൊന്നിച്ചുമേഘങ്ങളും വഷവും തുടങ്ങിനാർ.
ഏറ്റവുംതപിച്ചൊരു ഭൂമിയിൽവഷമേറ്റു
സന്താപംതീർന്നിതു പുഷ്ടിയും വന്നുതുലോം.
സന്താനംതപംചെയ്തു ദുഃഖിച്ചുവാഴുന്നോരു
ചിന്തിതംലഭിച്ചൊരു ജനങ്ങളെന്നപോലെ
വൃക്ഷങ്ങൾതൃണങ്ങളും നല്ലോരുലതകളു-
മൊക്കെയുംതെളിവോടു തഴച്ചുചമഞ്ഞിതു.
രാത്രിയിൽഗ്രഹങ്ങൾക്കു ശോഭയില്ലിതത്തിനാ-
ലെത്രയുംശോഭിക്കുന്നു ഖദ്യോതസമൂഹവും

ശോഭിക്കും പാഷണ്ഡന്മാർ പാപിയാം കലിയുഗേ
ശോഭിക്കയില്ലതാനും വേദമെന്നതുപോലെ.
മിണ്ടാതെ കിടന്നോരു മണ്ഡൂകസമൂഹവും
കൊണ്ടൽനാദവും കേട്ടു ഘോഷവുമാരംഭിച്ചു.
അന്തണന്മാരും വേദകാര്യങ്ങൾ കഴിയുമ്പോ-
ളന്തർമ്മോദേന ഘോഷം തുടർന്നീടുന്നപോലെ.
ഉത്തമനദികളോടുണ്ടായ സംസർഗ്ഗത്താ-
ലെത്രയും പാരം ക്ഷോഭം പൂണ്ടിതു സമുദ്രവും
പകച്ചവരാതൊരു യോഗികളുടെ ചിത്ത-
മുൽക്കടകാമങ്ങളാൽ ക്ഷോഭിക്കുന്നതുപോലെ.
വൃഷ്ടിധാരകൾ കൊണ്ടു ഘട്ടനം ചെയ്തീടിലു-
മൊട്ടുമേ കുലുങ്ങാതെ വാഴുന്നു ഗിരികളും
പഞ്ചതാപം വരുത്തുവാനന്തകൻ വരുമ്പോഴും
ചഞ്ചലമില്ലാതൊരു വിഷ്ണുഭക്തരെപ്പോലെ
പുല്ലുകൾ മുളച്ചിട്ടും സഞ്ചാരം കുറഞ്ഞിട്ടും
നല്ലോരു മാർഗ്ഗങ്ങളും സന്ദിഗ്ദ്ധങ്ങളായ്വന്നു
ഏറിയ കാലമായിട്ടഭ്യാസമില്ലാതെയു-
ള്ളാരണരുടെ വേദശാസ്ത്രങ്ങളെന്നപോലെ.
ഓരോരോ നേരത്തിങ്കലോരോരോ മേഘങ്ങളിൽ
ചേരുന്ന വിദ്യുത്തുകൾ പുംശ്ചലികളെപ്പോലെ
എത്രയും കലുഷത്തോടൊലിച്ചു ജലങ്ങൾ ചെ-
ന്നത്യന്തം ഭീമങ്ങളാം സേതുക്കൾ മുറിക്കുന്നു
വേദദൂഷകമായ പാഷണ്ഡമതമെല്ലാം
മോദേന പരിഗ്രഹിച്ചോരോരോ പാപിഷ്ഠന്മാർ
വേദവ്യാജം കൊണ്ടു ദുഷ്ടമാം കലിയുഗേ
വേദമര്യാദയെല്ലാം ഭേദിക്കുന്നതുപോലെ.
ഇത്തരം പലവിധമുള്ളൊരു മഹത്വങ്ങൾ
വിസ്തരിച്ചുരചെയ്വാൻ കാലമോ പോരായല്ലോ.

പുറയന്നൂർ നമ്പൂരിപ്പാട്.

ആറാം സർഗ്ഗം

൬. ഒരു മല്ലയുദ്ധം.

സ്ഫുരിക്കും വിരാടന്റെ നൽപ്പട്ടണത്തിൽ
തരക്കേടൊഴിഞ്ഞേവമപ്പാണ്ഡവന്മാർ
ഇരിക്കാവിധൌ മൂന്നുമാസം കഴിഞ്ഞു
തെളിക്കുന്ന നല്ലുത്സവം വന്നണഞ്ഞു.

തടിക്കും ജനസംഘമാമിയ്യുത്സവത്തിൽ
കൊടിക്കുംപരസ്യമുഷ്ടാനമൂന്നാം
അടിക്കാമടിക്കാശയുള്ളോർക്കൊടുക്കും
മിടുക്കർക്കു സമ്മാനമൊട്ടേറെ വാങ്ങാം.

വിരാജിക്കുമോണോത്സവംപോലെ നന്നായ്
വിരാടൻ നടത്തീട്ടമീയുത്സവത്തിൽ
ധരാചക്രമൊക്കക്കുലുക്കീമറിത്തീ-
ധരാകാരരാമത്തടിക്കാരണഞ്ഞാർ.

പനങ്കുറ്റിപോലുള്ള കാൽ കൈകൾ, വക്ഷസ്സിനേററം
പനിക്കും വിധം നല്ലുറപ്പുള്ള ദേഹം,
എതിർക്കുന്നതാരെന്നൊരാശങ്കയെന്നിയെല്ലാം
കനക്കും വിധം തല്ലുകാർക്കുണ്ടവർക്ക്.

തടിച്ചുള്ളോരക്കോൽ പിരിഞ്ഞുള്ള മാറും
പിടിച്ചാലൊതുങ്ങാത്തരക്കെട്ടുമായി
കൊടികെട്ടുമാ മല്ലരങ്ങോട്ടുവന്നാൽ
പിടിച്ചീടുമേററം ഭയം ഭീ സ്മരിക്കും.

അടിക്കാനുമൊക്കെത്തടുക്കാനുമൊട്ടും
മടിക്കാത്തവർ ഞങ്ങൾ പന്ത്രണ്ടു വർഷം
മുടക്കാതെ നന്നായ്പ്പഠിച്ചൊരുപ്പൂർണ്ണമാ—
മടിക്കാർ മടിച്ചങ്ങു തുള്ളിത്തുടങ്ങി.

തരത്തിൽ ജയിക്കുന്നോരത്തല്ലുകാർതൻ-
കരത്തിൻബലത്തിന്റെ മാഹാത്മ്യമോർത്താൽ
കരുത്തുള്ള പൌലസ്ത്യരക്ഷോവരന്മാർ
കരത്തെക്കൊടുക്കേണമെന്നങ്ങു തോന്നും.

കളത്തിങ്കൽ വന്നെത്തി മല്ലശൂരന്മാർ
കളിത്തല്ലു കാണ്മാൻ ജനത്തെസ്സമസ്തം
വിളിക്കുംപ്രകാരം ത്രിലോകത്തിലെല്ലാ-
മിളക്കിച്ചുമുഴുങ്ങു ഘോഷിച്ചു വാദ്യം.

തദാ കേമമായുള്ളവാദ്യപ്രണാദം
മുദാ കേട്ടു മല്ലോകരാലോകനാർത്ഥം
സദാരാത്മജാനേകമിത്രാദ്യരായി-
ട്ടുദാരസ്വഭാവേന രംഗത്തിലെത്തി.

പ്രഹാരക്കളിക്കുള്ളരങ്ങിന്റെ ചുറ്റും
മഹാരമ്യമായ്ത്തീർന്ന മഞ്ചാഗ്രംതന്നിൽ
മഹാരാജമന്ത്രിപ്രമുഖശ്രേണിയെല്ലാം
വിഹാരാർത്ഥമായ് വന്നു കേറിത്തുടങ്ങി.

നിറഞ്ഞു ജനം വന്നു രംഗസ്ഥലത്തിൽ
കുറഞ്ഞോന്നു തിക്കും തിരക്കും തുടങ്ങി
അറിഞ്ഞോരു മല്ലപ്രഭാവങ്ങളപ്പോൾ
പറഞ്ഞാർ മഹാലോകരോരോന്നിവണ്ണം.

* * * * * *

നിറഞ്ഞോരു ലോകങ്ങളോരോന്നിവണ്ണം
പറഞ്ഞിട്ടമപ്പോൾ വിരാടജ്ഞയാലേ
മുറിഞ്ഞറ്റുകമ്പിട്ടടിക്കാർ ത്വരം കു-
ഞ്ഞറിഞ്ഞാമുറപ്പങ്ങു തല്ലിത്തുടങ്ങി.

കുമ്മേനകനേറും മിടുക്കന്യനേറും
തരത്തിൽ തട്ടത്തിട്ടു പെരുക്കുന്നടിക്കാൻ
പരക്കെജ്ജനം കണ്ടു കൊണ്ടാടിയേറ്റം
ചിരിക്കുന്നു മട്ടീയിണത്തല്ലു മേറ്റം.

ഒരാളിട്ടിട്ടുടൻ കറുകയ്യനാണ-
ങ്ങൊരാറം നീണ്ട നീന്തളളതൊടാനബാഹു
ചിരം ഗാഢമാത്സര്യമോടിട്ടിണങ്ങ-
ല്ലുരങ്ങളായതങ്ങൊന്നിളക്കിച്ചമച്ചു.

ഒരാളെക്കരുത്തുകൊണ്ടെങ്കിലും കൌശലങ്ങി-
ല്ലൊരാൾക്കൊട്ടുമേ തല്ലുകൊള്ളില്ലമെയ്യിൽ
നിരാക്ഷേപമായുള്ളതാം ചിത്രരംഗേ
നിരീക്ഷിപ്പവർക്കീയിണത്തല്ലിണക്കി.

പരം നേർക്കു പറഞ്ഞാത്തുടൻ കേറുമേകൻ
തരം നോക്കി മെല്ലെന്നൊഴിഞ്ഞിടുമന്യൻ
ചിരം ധർമ്മമോടീയിണത്തല്ലു കണ്ട-
ങ്ങിരുന്നോരു മാലോകരൊക്കെച്ചിരിച്ചു.

അടിച്ചാലൊരുത്തൻ പൊടിക്കും കരിങ്ക-
ല്ലിടിച്ചാലൊരുത്തൻ പൊടിച്ചീടുമേവം
മിടുക്കുള്ള മല്ലദ്വയം തമ്മിൽ നേരി-
ട്ടടുക്കുന്നതോളം കണ്ടുലോകം നടുങ്ങി.

സമപ്രായസാമർത്ഥ്യദേഹസ്വഭാവ-
ക്ഷമാദ്യാസ്സമേതന്മാരടിക്കാർ
സമം നിന്നു തല്ലുംവിധം കണ്ടു ലോകം
സമസ്തം രസംപൂണ്ടു കൊണ്ടാടിയേറ്റം.

പൊരുതാളിണങ്ങീടുമാ രംഗദേശേ
തരത്തിൽ തരാ രണ്ടുപേർ തല്ലിടുമ്പോൾ
ഒരുത്തന്റെ പക്ഷത്തിലാം യോഗമൊന്നാ-
ണൊരുത്തന്റെ പക്ഷത്തിലാരന്യയോഗം.

കരുത്തുള്ളൊരുത്തന്റെ കൈനീട്ടുകൊണ്ടി-
ട്ടൊരുത്തന്റെ മൂക്കിന്റെ പാലം തെറിച്ചു
കവുത്താളുകക്കംഭമും ക്രൂരരാറാ-
യൊലിച്ചീ തലേ ചോര ചാടിത്തുടങ്ങി.

തരത്തിൽ തല്ലാ തല്ലു ചെപ്പിക്കകൊണ്ടി-
ട്ടൊരുത്തന്റെ പല്ലൊക്കെ മണ്ണിൽ കൊഴിഞ്ഞു
ചിരിച്ചീടുമാ ലോകർതൻ പല്ലുശേഷം
ശരച്ചന്ദ്രവക്ത്രങ്ങൾതന്നിൽ തെളിഞ്ഞു.

ദൃഢം കൈത്തലത്തല്ലു ശംഖത്തിലൊറ്റി-
ട്ടുടൻ കണ്ണൊരുത്തന്റെ പൊട്ടിത്തെറിച്ചു
നടുങ്ങീ തദാ കാണിലോകങ്ങളെല്ലാ-
മടങ്ങിയവൻ തല്ലിൽനിന്നിട്ടു തെല്ലും.

കരുത്തോടു ദീർഘം കലർന്നിട്ടൊരുത്തൻ
വെറുത്തങ്ങൊരുത്തന്റെ നാഭിക്കടിച്ചു
നിറത്താൽ നിണം ചുവന്ന നാരാചപ്പൂവാം നാൽച്ചാൻ
പുറത്തേക്കു ചാടീ ജനാന്ത്യങ്ങളും ചാടി.

കടുത്തോരു തൂവുന്നൊരു വെള്ളത്തു കറി-
ത്തടുത്തിട്ടൊരുത്തന്റെ കൈത്താങ്ങു പൊട്ടി
തെറിച്ചോരുവൻ പിന്നെ മറ്റൊരുത്തൻകൈകൊ-
ണ്ടടിച്ചാദ്യം മറ്റൊരുത്തന്റെ പൂർണ്ണനല്ലൊടിച്ചു.

തടസ്സംവരാ വമ്പുള്ള തങ്ങൾക്കും പക്ഷംത-
ച്ചുടിക്കാനുറച്ചുള്ളതവണ്ണം പിരിഞ്ഞു
കടക്കണ്ണുമുഴിഞ്ഞു വല്ലാതെ തെല്ലൊ-
റ്ററ്റാക്കം സമം വീണു വേറിട്ടു രണ്ടാം.

* * * * * *

ഇടിക്കാറിവണ്ണം തരംചേർന്നിന്നി-
ട്ടടിക്കുമ്പോളങ്ങൊന്നു കേൾക്കായിവന്നു
ഇടിക്കും വെടിക്കും കടുക്കും കടൽക്കും
മടക്കും തടിക്കുന്ന ഘോരാട്ടഹാസം.

സമസ്തം വെടിഞ്ഞു കുമാരിച്ചിരിച്ചുകേട്ടാ-
സ്സമത്തൻതൊഴുംപോൽ മണിമാരൊക്കെ വീണാർ
സമസ്തക്ഷമണ്ണായി വിക്ഷോഭമേററം
സമർത്ഥൻ നൃപൻ താനമൊന്നുള്ളിൽ ഞെട്ടി.

ഉതിക്രൂരമായുള്ള തന്നട്ടഹാസാൽ
ശ്രുതിക്കേവനും കേട്ടുചേർത്താത്തഗർവ്വം
അതിപ്രൗഢനായോരു ജീമൂതമല്ലൻ
ഗതിപ്രാഭവംപൂണ്ടരങ്ങത്തണഞ്ഞാൻ.

അവന്തന്റെ നിർഘാതനിർഘോഷമൊത്താ-
രവാറാത്ര പാരം ഭയം ചേർത്തപോലെ
അവന്തന്റെ ജീമൂതസങ്കാശദേഹം
ജവത്തോടിയോട്ടംവിധം ഭീതി ചേർത്തു.

നടുങ്ങി മഹാമല്ലരെല്ലാം പതുങ്ങി-
ത്തുടങ്ങി കളിത്തല്ലരെല്ലാമൊതുങ്ങി
അടങ്ങി മദം, "ഞങ്ങളീ ദുർഘടത്തിൽ
കുടുങ്ങി ജവാ"ലെന്ന നാട്യം നടിച്ചു.

തിളച്ചോരു വീര്യം സഹിക്കാഞ്ഞു മാടി-
ക്കളിച്ചുറ്റു കമ്പിട്ടു ജീമൂതമല്ലൻ
പുളച്ചോരു ഗർവ്വത്തിനാൽ മല്ലടിക്കാൻ
വിളിച്ചാനവൻ തത്ര കാണുന്നോരെയെല്ലാം.

* * * * * *

"പകച്ചുക്രുദ്ധക്കൂട്ടം ത്രിഗർത്തൻഭയപ്പെ-
ട്ടടക്കാഞ്ഞൊരീ മത്സ്യഭൂപന്റെ നാട്ടിൽ
ഒരടിക്രീഡ നമ്മോടു നേരിട്ടുചെയ്വാൻ
മിടുക്കുണ്ടൊരാൾക്കെങ്കിലായാൾ വരട്ടെ"

മഹാന്മാരിരിക്കുന്ന മഞ്ചത്തിലേക്കാ-
യഹങ്കാരിയായിക്കടാക്ഷിച്ചിവണ്ണം
മഹാമല്ലനായോരു ജീമൂതനോതി-
സ്സഹാസം കളിച്ചങ്ങു തുള്ളിത്തുടങ്ങി.

അവൻ നിന്നു തുള്ളിക്കളിച്ചേറ്റമോരോ-
ന്നിവണ്ണം കടന്നങ്ങു ചൊല്ലുന്ന നേരം
അവസ്ഥാവിചിത്രം തത്ര പാർക്കുന്ന ലോകം
ജവത്തോടിതോരോന്നു ചൊല്ലിത്തുടങ്ങി.

* * * * * *

"സുവിഖ്യാതജീമൂതനോടൊന്നടിക്കാ-
നിവക്കാക്കുമേ ഹന്ത! യോഗ്യതയില്ല
ചെൽപ്പാചകൻ വല്ലവൻ തല്ലിയാലീ-
യവിഖ്യാതിപോ"മെന്നു കങ്കൻ പറഞ്ഞു.

ഞെറിഞ്ഞാളുവാൻ വമ്പനാം കങ്കനേവം
പറഞ്ഞോരു വാക്യം ശ്രവിച്ചോരശേഷം
നിറഞ്ഞോരു മോദാൽ വിരാടൻ കടക്ക-
ണ്ണെറിഞ്ഞാനുടൻ വല്ലവൻതന്റെ നേരെ.

മടിച്ചോട്ടു നിന്നിട്ടുടൻ സ്വൈരമേവം
നടിച്ചോരു ഭീമൻ കളത്തിൽക്കടന്നു
അടിച്ചീടുവാൻ വന്നൊരായാളെയുള്ളിൽ
പിടിച്ചീല തൽക്കാലമക്കാലമാക്കാം.

"കടക്കൊമ്പുലിയുന്നൊരിപ്പൊണ്ണനോ നേ-
ർത്തടിക്കുന്നതെന്നോടു ചിത്രം! വിചിത്രം!!"
മിടുക്കുള്ള ജീമൂതനീമട്ടു ഹാസ്യം-
നടിക്കും മുഖം തെല്ലു ചാച്ചൊന്നു നോക്കി.

മുറയ്ക്കൊന്നടിക്കാനരക്കച്ച ഭീമൻ
മുറുക്കുന്നൊരപ്പാവവും മട്ടുമെല്ലാം
കുറിച്ചുള്ള ദനാക്കുന്ന ലോകങ്ങളും കണ്ടി-
ട്ടുറച്ചാനിവൻ തല്ലുവാൻ പോരുമെന്നു്.

പുളച്ചോരു ഗർവ്വത്തിനാൽ കൂട്ടു തല്ലി-
പ്പൊളിച്ചോരു ശാർദ്ദൂലരാജൻകണക്കെ
കളിച്ചാർത്തു ചാടീട്ടു ജീമൂതനെത്താൻ
വിളിച്ചാനടിപ്പോരിനായ് ഭീമസേനൻ.

"ജവം കാററിനോളം, ബലം, മുട്ടിനോളം,
രവം കാലരുദ്രന്റെ, രൂപം തഥൈവ
ഇവൻ നന്നു തല്ലിന്നു സാമാന്യനല്ലെ-"
ന്നിവണ്ണം വിചാരിച്ചു ജീമൂതമല്ലൻ.

മടാലാങ്ങനേയാനന്ദക്രീഡകണ്ടി-
ട്ടാസീനനായുള്ളൊരു നിന്നില്ലൊരാളും
തദാ മല്ലവാദ്യൌഘഘോഷം തകർത്തു
മുദാ കാണിലോകങ്ങൾ കൈകൊട്ടിയാർത്തു.

വളർന്നോരമർഷേണ ജീമൂതനാസ്യം
പിളർന്നോന്നു രണ്ടാർത്തു പാരത്തെത്തി നേർത്തു
തുളുമ്പും രസാൽ ഭീമനും നേർത്തടുത്തു
കളം പാരമപ്പോൾ കലുങ്ങിപ്പുമന്നു.

കുടത്തിൽ പരം നീർ നിറഞ്ഞിട്ടമർഷം
കുടുത്തിട്ടു രണ്ടാന നേർക്കുന്ന പോലെ
പടുത്വേന ജീമൂതനും ഭീമനും നേ-
ർത്തടുത്തീടിനാർ തങ്ങളിൽ സ്പർദ്ധയോടെ.

പറക്കും മഹാവജ്രശൈലദ്വയം മേ-
ന്മറക്കപ്പുറം കൂട്ടിമുട്ടുന്ന പോലെ
കുറയ്ക്കാതെ ജീമൂതനും ഭീമനും ന-
ന്നുറയ്ക്കുമ്മിങ്ങും പ്രഹാരം തുടങ്ങി.

മഹാരൌദ്രവിസ്ഫൂർജ്ജിതാനാപ്രകാര-
പ്രഹാരാപഹാരാദി സാമർത്ഥ്യസാരം
മഹാരംഗദേശത്തിലാ രണ്ടു പേരും
വിഹാരപ്രിയന്മാർക്കു കാട്ടിക്കൊടുത്തു.

"ജയിക്കേണമിപ്പോളെനിക്കെ"ന്നു മല്ലൻ
"ജയിക്കേണമിപ്പോളെനിക്കെ"ന്നു ഭീമൻ
ഭയപ്പെട്ടിടാതൊത്തടിക്കുംവിധൌ വി-
സ്മയപ്പെട്ടു ലോകങ്ങളേറ്റം തെളിഞ്ഞു.

അതിപ്രൌഢമാമക്കളിത്തല്ലു കണ്ടു-
ള്ളുതപ്പെട്ടു മാലോകരോരോന്നു ചൊന്നാർ
ഇതിൻവണ്ണമത്യുഗ്രതാകാരമാം ത-
ല്ലിതിൻമുമ്പൊരാളും നിനച്ചിട്ടുമില്ല.

* * * * * *

"ക്രമം തെററിടാതെ പൊരുമീ രണ്ടു പേർക്കും
സമം തല്ലിതെന്നാകിലും പാർത്തുകൊൾവിൻ
ശ്രമം തെല്ലുമേഹോ! വല്ലവന്നങ്ങിലാനീം
ശ്രമം തെല്ലു പോരിന്നു ജീമൂതനോർത്താൽ."

പ്രീതന്മാരായിവണ്ണം പലമൊഴി പലരും
 വിസ്മയപ്പെട്ടു പെട്ടെ-
ന്നോർത്തുന്നേരത്തിലുഗ്രപ്രതിഭടപടലീ-
 ഭീമനാം ഭീമസേനൻ
ജാതോത്സാഹേന ജീമൂതനെയുടനെ പിടി-
 ച്ചിട്ടു തന്മസ്തകത്തിൻ-
മീതെ പൊക്കിപ്പിടിച്ചുത്തരസമതൊലി-
 പ്പിച്ചു ചുററിച്ചു വേഗാൽ.
കററക്കാറൊത്ത ജീമൂതനെ വടിവിലുടൻ
 വല്ലവൻ പൊക്കിയേവം
ചുററിക്കും മട്ടു കണ്ടസ്സമുഴ്വനരൊ-
 ന്നാംഭ്രമിച്ചുത്തരത്താൽ
"തെററന്നി വല്ലവൻതാൻ നരഹരിഭഗവാ-
 നന്യഥാ കാലരുദ്രൻ
ചെററും നമ്മൾക്കു കില്ലില്ലിതി"യിതി വിനയാ-
 ലൊപ്പമായ്ക്കൂപ്പിയാർത്തു.

ഇവ്വണ്ണം നൂറു വട്ടം പവനജനലറി-
 ക്കൊണ്ടു ചുററിച്ചു നേരെ-
ത്താ വണ്ണംചെന്ന ജീമൂതന്റെയുടലിലെ-
 സ്സന്ധിബന്ധങ്ങളെല്ലാം
ജീവൻപോംമട്ടൊഴിഞ്ഞു ജയമദമൊടുടൻ
 ബോധമെല്ലാമൊഴിഞ്ഞു
പോവും പ്രാണൻ പിടഞ്ഞു ഭുവി പല വഴിയായ്
 ചോരപാരം ചൊരിഞ്ഞു.

ഭീമമട്ടഹാസിതങ്ങളുടൻമുഴക്കി-
ജ്ജീമൂതനേർഝടിതി ഭൂമിയിലൊന്നലക്കി
ഭൂമിന്നലുള്ള ഘനമൊത്തൊരവന്റെ ദേഹ-
മാമന്നിലപ്പൊഴുതുടഞ്ഞു പൊടിഞ്ഞു ചിന്നി.

ആനന്ദവിസ്മയരസാബ്ധിയിൽ മുങ്ങി നിന്നു-
മാ നന്ദ്യസത്സഭയിൽവെച്ചുടനേ വിരാടൻ
മാനച്ചുരുക്കമറിയാതവനാത്തഹർഷാ
മാനിച്ചു വല്ലവനു ഭൂരിധനം കൊടുത്തു.

കൊടുങ്ങല്ലൂർ ചെറിയ കൊച്ചുണ്ണിത്തമ്പുരാൻ.

മയൂരസന്ദേശം

൧. തിരുവനന്തപുരം.

ശ്രീലാസ്യത്താലെഴുമഴകലഞ്ചിച്ചുമുറ്റപ്പുക്കവാഴും
ലോലാക്ഷീണാം മണികഴലതിൽപ്പീലിപോലുല്ലസിച്ചും
നീലാശ്മശ്രീതഴുകിനതളം നിൻഗളച്ഛായമായും
ലീലാസൗധപ്രകരമതിലാം തത്ര തേ ചിത്രപത്ര!

ഉല്ലാസത്തോടവിടെമരുവും പൂർണ്ണചന്ദ്രാസ്യമാരാം
മല്ലാക്ഷീണാം ഗണമുപവനസ്തോമമസ്ത്രാകശോഭം
എല്ലാമൊക്കിൽപ്രതിഫലിതയാപ്പുഷ്ടിമാംബോധിതന്നി(ൽ
ച്ചൊല്ലാർന്നിട്ടുംസ്വർന്നഗരിതാൻകണ്ടിട്ടെന്നുതോന്നും.

കോട്ടംതീർന്നോരുടൽവടിവെഴുംകോമളാംഗീജനത്തിൻ
കൂട്ടംതിങ്ങുംകുതുകമതിനാൽക്കൂടുമുത്സാഹമോടേ
തോട്ടംതന്നിൽത്തുടരെവിലസുംപൂച്ചെടിക്കൂട്ടിനൊട്ടും
വാട്ടംകൂടാതുചിതമുപചാരങ്ങൾചെയ്യുന്നചട്ടം.

ആതങ്കത്താലധികവിധുരീഭാവമുൾക്കൊണ്ടുപാന്ഥ-
വ്രാതംഗാഢതരമൊടുഗ്രോഷ്മാന്തരംതന്നിലാക്കും
മാതംഗൗഘംമദമിളിതമാർഗ്ഗമല്ലേ വരുമ്പോൾ
സ്ഫീതംകൗതൂഹലമുദിതമാംകോളികാശങ്കയാതേ.

യോജിക്കുന്നോരമലകവചോല്ലസ്തീഷരംഗ്യാകരത്തിൽ
ഭ്രാജിക്കുംനല്ലസിലതയുമായുൽഭടാടോപമോടേ
ഞ്യാജിസ്ഥുൾക്കസപലതകലതംസാദിസംഘേനനീതം
വാജിശ്രേഷ്ഠംവെതവത്തുതവാമഗ്ദമാനന്ദമേകം.

നാനാവൎണ്ണപ്രകടിതചമൽക്കാരമാംവേഷമോടേ
സേനാവൃന്ദംപെരുവഴിപകന്നീടവേപാൎത്തുകണ്ടാൽ
ശൌനാസീരംസപദിനഭസഗ്ധ്യാപമിങ്ങാപതിച്ചോ?
ജാനാമ്യേവംജനമനമതിൽജാതമാകുംവിതൎക്കം.

നേരേകോട്ടസ്ഥലികവഴിയായ്പോയിനീയങ്ങപൂൎവ്വ-
ദ്വാരേണശ്രാക്പുരമതിനകംപുക്കപൂരിച്ചശേഷ്യാ
പാരേവാഗാത്തിനുമധിജാധിഷ്ഠിതോരസ്ഥലംപോ-
ന്നീരെഴിനന്നംപെഴിവ്യവമുപാസിക്കപൊലോജകാലം.

കാരാഗാരാ ചലിതസുരനാംദൈത്യനെനിഗ്രഹിക്കാൻ
ഘോരാകാരാധികമയനേസ്സാരിലാത്തവതാരം
പാരാവാരാഗ്രതരവംശത്തലോകാന്തകമ്പാ-
പൂരാധാരായിതഹൃദയമാരായയാരാന്നസിംഹം.

സംസാരാംഭോനിധികരകടന്നീട്ടവാൻകാംക്ഷയേവം
പുംസാ രാഗാദികളുകലെവിട്ടെപ്പോഴുംസേവ്യമാനം
തം സാരാൎത്ഥംനിഗമവചസാംതത്വമസ്യാദിമാനാം
കംസാരാതിംകലയകലുഷംതീൎത്തുകാത്തീട്ടവാനായ്.

പാലിക്കാനായ്ഭുവനമഖിലംഭൂതലേജാതനായ-
ക്കാലിശ്രേഷ്ഠകലിതകുതുകംകാത്തകൎണ്ണന്തമേത്യാ
പീലിക്കോലൊന്നടിമലരിൽനീകാഴ്ചയായ്വച്ചിടേണം
മൌലിക്കെട്ടിൽതിരുകമതിനൊത്തീച്ചയായ്ഭക്തദാസൻ

കേരളവൎമ്മ വലിയ കോയിത്തമ്പുരാൻ,

സി. എസ്സ്. ഐ., എഫ്. എം. യൂ.

൯. മലയവിലാസം.

(ഒന്നാം ഭാഗം)

ഇരുണ്ടുനീണ്ടങ്ങതിദൂരതാനോക്കവിൻ
കരണ്ടിടുന്നതുകരപത്രമെന്നപോൽ
ഇടയ്ക്കിടെപ്പൊന്തിനമന്തപങ്ക്തിയാൽ
ഉടക്കിവാനാമൊരുചെമ്പുപാളിയെ.

ജലേശപാലൻതന്നുടെരാജധാനിയിൻ
ബലത്തിനായ് തീർത്തൊരുകോട്ടതാനിതോ?
അതിങ്കലിസ്സന്ധ്യയുമർക്കമൂർത്തിയാൽ
പതിച്ചിടുന്നോപുതുതാഴികക്കുടം?

നിനച്ചിടുമ്പോൾനിജനാട്ടിലെപ്പൊഴും
പൊഴിച്ചിടേണംമഴയെന്നൊരാശയാൽ
കരുത്തനാംഭാർഗ്ഗവനന്നുശൈലരി-
ച്ചെടുത്തുസൂക്ഷിച്ചൊരുമേഘമാലയോ?

അഹോമറന്നേൻബതദിഗ്ഭ്രമത്തിനാൽ
മഹാചലേന്ദ്രൻമലയാദ്രിതാനിവൻ
കലച്ചൊരേലക്കൊടിയിൽക്കളിച്ചിതാ
കുരുഫലത്തോടണയുന്നമാരുതൻ

കഥിക്കടോമാരുതപോത! മംഗളം
തുടർന്നിടുന്നോമലയാളഭൂമിയിൽ?
അയപ്പതുണ്ടോസമയത്തുനീഗൃഹ-
സ്ഥകത്തുസൂക്ഷിച്ചൊരുകൊണ്ടലിണ്ടയെ?

അനന്തനാട്ടിൽപ്പെരുമാൾക്കുസൗഖ്യമോ
നടന്നിടുന്നോവഴിപോലെധർമ്മവും?
കുടുംബിവാൻതാനുഗമിച്ചതില്ലകേ-
ളനാസ്ഥയല്ലെങ്കിലിതെന്നിലെങ്ങനെ?

ഉഴന്നപാന്ഥപ്പരിഷയ്ക്കു നൽത്തണൽ
സദാലസൻപാമ്പിനു സദ്മനാം കവോൻ
സ്വപുഷ്പമേലംകൃതനന്നതസ്സുരൻ!
കവീശപാദക്കങ്ങളെങ്ങനെ ചെല്ലുമായിനീ?

കളിത്തുനൽച്ചന്ദനവൃക്ഷശാഖയെ-
പ്പുണർന്നു ചേണാർന്നൊഴുമേലവല്ലിയെ
വൃഥാവെറുംകണ്ണണികൂട്ടിവേർപിരി-
ച്ചുലച്ചിടുംനീയതികോപകാരിയോ?

അഹോ സദേശോഭിനിയെ ശമൂർച്ഛയാൽ
പുലമ്പിനേൻതന്നലിനോട്ടമിന്നു ഞാൻ
വെടിഞ്ഞിടാമൂലമകന്നുപോകിലും
മനംവപുസ്സിൻനിഴൽപോലെയന്തിയിൽ.

കിഴക്കുനിന്നാമലതന്നെയെന്നിയേ
നെടുംപടിഞ്ഞാട്ടുമറിഞ്ഞതെന്തിന്?
നിറന്നചെന്താർമലർപോൽ രമിക്കിലും
കഴന്നയാകാകിഴവൻ ദിവാകരൻ.

നിനയ്ക്കിലീനിൻ തലയെത്രയുന്നതം!
തെളിഞ്ഞുപൊങ്ങീട്ടിള മേഘമാറ്റവും!
കവിഞ്ഞുലോകത്തിനൊരേകനേത്രമാം
ഖരാംശുതൻ യാത്രയുമങ്ങെതിർത്തിതേ.

കവച്ചുപാടിപ്പലവൻനളീകലം
കുതിച്ചുകേറീട്ടൊരു തുറുകന്നിലും
പറന്നുപോമുച്ചകപോണികൂടിനിൻ
ശിരസ്സിലേറാതെ മടങ്ങിടുന്നിതാ.

(രണ്ടാംഭാഗം)

കനിച്ചിടുന്നെന്തിനുനീ? കഥിക്കുകോ
ഗിരീന്ദ്ര! തെക്കോട്ടുതുടർന്നിടുംമുടി
കുമാരിഗേഹത്തിലമർന്നുവാഴ്ക-
ക്കുമാരിയെക്കമ്പിടുവാൻതുനിഞ്ഞതോ?

മനസ്സിലായ്പോയി ഭവന്മനോഗതം
വയസ്യനാം വിന്ധ്യനവന്നൊരുത്ഭടം
സ്മരിച്ചുടൻ സിന്ധുനുകർന്നമാമുനി
പ്രശാന്തിതൻ ശിഷ്യകളോടിണങ്ങി നീ.

വലത്തു പാശ്ചാംബുധരത്നമിന്നാ-
മിടത്തു പൗരസ്ത്യ പയോധിസാകമം
ഉടുത്തിടുംപിന്നുരപോലെ മൂർദ്ധവും
നമുക്കുമായകിലവൾ പിമ്പിലാം.

വിശാലമിക്കേരളപാണ്ഡ്യഭൂക്കളിൽ
പരക്കെയാവാരമീവണ്ണമെങ്കിലും
അഹോ വിചിത്രം മല, യൂഴി, യാഴിയെ-
ന്നിതൊക്കെയും കൂടിമറിച്ചുവെന്നമോ?

കരിച്ചപായും കടവാക്കിടാങ്ങളും
മിളിച്ചമണ്ടും കളപ്രവീരരും
കളിച്ചുവാഴുന്നൊരു കാനനങ്ങളാ-
ലസഹ്യനാം നീ ബത! സാഹ്യനാണതെപ്പോൾ:

തരംകിടച്ചാൽ പരഹിംസചെയ്യുമ-
ത്തരക്ഷുവിന്നും മറവന്നുമൊന്നപോൽ
ഇടംവസിപ്പാൻ തരുന്നില്ലെയങ്ങനീ
കൊടുപ്പതല്ലോ! ബതകഷ്ടമെത്രയും.

അല്ലെങ്കിലായതിലുമില്ലാത ദോഷമോർത്താ-
ലത്യന്തമുന്നതതരസ്ഥിതിയുള്ള വക്ക്
തൻപാദമൂലമൊരുവൻശരണം ഗമിച്ചാൽ
കൈക്കൊണ്ടുകാത്തരുളിടേണ്ടതു കൃത്യമല്ലോ.

ഗോകർണ്ണതൊട്ടിഹ കന്യയോളം
അമ്പോ! ഭവാൻനീണ്ടുയരാതിരുന്നാൽ
മിണ്ടാതെ മൈസൂർ കടവായിതൊക്കെ-
പ്പണ്ടേപ്പെരുംപ്രാതലിനാക്കിയേനേ.

കീഴിലൂഴിവഴിയെപ്പൊഴും പുഴകളാഴിയോളമിറച്ചാണിയും
മേലിലഭ്രമുകിൽമാലമൂലമുഴലുമ്പൊഴാകെമഴ ചിന്തിയും
കാത്തുകൊണ്ടിവിടെ നീരയാതനനിത്തമാതിരിക്ഷമയവാപ്തി
[ലെം
കിട്ടുകില്ലജലപാനമിക്ഷിതിയിലഷ്ടിപോലുമതികഷ്ടിയാം.

ഗോവർദ്ധനാദ്രിയെയെടുത്തുപിടിച്ചുകൃഷ്ണൻ
ഗോഗോപരെസ്സപദമൊരേഴുദിനം തുണച്ചാൻ
ഇന്നാട്ടിൽ നാട്ടിമലയാദ്രിയെയന്നരാമ-
നെന്നേയ്ക്കുമിങ്ങടവിടാതെതുണച്ചിടുന്നു.

എ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ
എം. ഏ., എം. ആർ. ഏ. എസ്സ്.

ഉമാകേരളം മഹാകാവ്യം
പ്രഥമസർഗ്ഗം

൯. വഞ്ചിനാട്

നെടിയമലകിഴക്കും നേരൊടാഴിമേക്കും
വടിവിലതിരുകയായിത്തഞ്ചിടും വഞ്ചിനാടേ!
അടിയനിതറിയിക്കാമബ്ധികാഞ്ചിക്കു നീയേ
മുടിനടുവിൽവിളങ്ങും മുഖ്യമാണിക്യരത്നം.

അവരവരവർമേവുംദിക്കുമേലെക്കുകേറാ-
മവരൊടതിനസൂയാഹേതുവില്ലെന്നുമാകാം,
ധ്രുവമെവനവൻതൻമങ്ക താൻമങ്കയെന്നാ-
ലവനിയിലവൻ സാക്ഷാൽ 'മാറ്റ്സ്' കൊപ്പമാമോ?.

പഴയകൃതയുഗംതൊട്ടൂഴിമേൽവാഴുമോരോ
കിഴവികളനിതപിക്കിൽ ബ്ലാക്കിടാംശ്രേക്കളെല്ലാം
ഉഴറിയുമധിരാമനേകിയോരോമനേ! നീ-
യഴകൊഴുകിനപുണ്യശ്ലോകവനശ്രീവഹിപ്പൂ.

പരന്നുപരമെഴുതശേഷം നിൻപിതാവായസാക്ഷാൽ
പരശുധരമുനീന്ദ്രൻ വെണ്മപോലൊന്നപോലെ
പരമവർ പരിപാലിപ്പാനതാര്യന്തരായെല്ലാം
പരമസുഖമയാളും നീയുമന്നേകടപ്പൂ.

ക്ഷമയിലനന്തരം നീ ധീരതരംഗിണീ ചെ-
സ്തുതമതുമലയമാരുതമലവൃഷ്ടിക്കിമൂലമത്താൽ
പ്രമദവനവിരാജൽ കല്പകപ്പൂപറിച്ചി-
ട്ടമരികളുവന്നിന്നേ ചെപ്പൊഴുക്കുറവുപൊഴിപ്പൂ.

പെരുമഴമുകിൽവാനിൽ സന്തതം പാറിയായ്‌വ-
ന്നതുളിട്ടവരുകണ്ണാം പൂർപ്പരാഗത്തിലേക്കായ്
തരുണികളണിയും നീ കട്ടിയിൽ കെട്ടിവെള്ള-
ള്ളരുവിപ്പുരികഴലെന്നാം നിന്റെ ന്നതമാർഗ്ഗം.

അനവധിതകപ്പെട്ടമന്ദമാരുതതിരമാലയാൽ നിൻ
സ്തനഗിരികൾ ചുരന്നുന്നതപ്പയസ്സുള്ളതെന്ത്
ദിനമനുപരിപോഷിപ്പൂതാൽ നിനവിലെന്തോ-
മനവധിക പരമാനന്ദം പുഷ്പിക്കും ബിപ്പൂ.

അരിയതരമിണങ്ങും നിന്റെ കൈതാനമാകം
ഹരിതപരവതാനിക്കൊക്കെയും ചിത്രമില്ലേ
പരിചിനൊട്ടുപക്ഷിപ്പാട്ടുപാടുന്നപക്ഷി-
പ്പരിഷയുടെ ജന്തികേപാർത്തിൽ ചാരിതാർത്ഥ്യം.

അരികിൽവരുമെന്നാംവാനപ്പുറംനീ തിമിർത്തും
തൃപ്തിമകലെയാത്രയാരംഭപരിക്കംഗിരിക്കം
പിരിയാതിനികളൊന്നോ നീ വെച്ചിപ്പിപ്പു തണ്ടും
സരിദ്വരതരത്തിന്നുംബലാപൽഗതിയാലേ.

കരിനികരംവരിയായ്‌നിൻരീതി ദുർഗ്ഗമകാലേ
ഗിരിതടികളിലമ്മേ! സഞ്ചരിക്കുന്നതാണം
അരിയ സഖികളോടും സ്വപ്നപാലനാനിനാ-
ണരിയവർമണിമാർ നിൻ നിഷ്കുടത്തിൽകളിക്കേ.

വ്യതീതയുഗംബംചേന്നുതോൻ മുമ്പുതോന്ന-
ന്നയമമലഭൈശത്ര്യംപോല്ലുനിൻകാനനങ്ങളം
നിയതമഭിമതകല്പംകാഴ്ചപാസ്വന്തഭേദ-
ത്തെയാവഴിയ്ന്നേതൊന്നിഷ്ടംവലവാപാഠങ്ങളും.

അമ്പാവുകശലയാംനിൻശില്പമല്പനാമാകം
ഭവനിബിഡപ്രാകാരിപ്പന്തലിൻതാഴെയായി
സുലളിതവനലക്ഷ്മിദേവിയാംകണ്ടുകോലാ-
ഹലകലാപിയിൽവായ് പൂനിത്യകല്യാണഘോഷഃ

പരിമളമിളകിടുംപട്ടണിപ്പുല്ലുതല്പ-
പ്പുരിമവതികെട്ടുക്കംപകപ്പതായലംവാങ്ങി
പവിണതശശിബിംബംപോലു താതെന്നാപിൻനൽ-
പരിചയസുഖമസ്പൃശ്യവാമ്പരതികൾ.

ഒരുജലകണമെന്താൻപോരുകം വാളുന്നാൽ
പെയ്യപ്പൊപ്പരതകംകൊണ്ടലിൻ ശ്രദ്ധകെട്ടാൽ
ഒരുവൃണമിങ്ങിടാൻ കര്ഷകൻകയ്യിലല്ലാ-
പ്പതകളുമുളൻ നീ നന്നൽകന്നതായേ!

അടിപിടിപടലത്തിൽക്കണ്ണുവെട്ടുന്നതല്ലി-
ല്ലടിപണിപതിനെട്ടുംകാട്ടിടുംകര്ഷകന്മാം
ഒടിയെതവചകൻകാൻമറവുമണിങ്ങ; നീയോ
ന്യായിതികതകിൽ മട്ടും ധിക്കണംകാമധേനു.

ക്ഷിതിയുടെകളിവീടാംനിൻറെപാദങ്ങളെച്ചൊന്നാൽ-
ക്ഷിതിവഴികിലിങ്ങളംപൊന്നിളംതെന്നലയേ!
അതിൽമിഴിയണഃവോൻതൻഹൃത്തുമമട്ടിളക്ക-
ന്നതിന്നതിയമുതുപെക്കിപാതംപൊരാതെ.

അയല്ലമെവിടെയുംനീയെങ്കിലുംനിൻമഹത്വ-
ത്തിൽപ്പരമപ്പുവരമ്പോരിക്ഷേത്രസാന്ദ്രത്തിലെത്തി
ശ്രീഅവടിമലർഭൃപ്പിശ്ശോഭിതാനന്ദതീർത്ഥം
ഇങ്ങുതെരനെറുതാൻ ഗ്രാമപാദ്യാകനമ്മേ!

വലവുമിടവുമോരോരോതോടൊടൊന്നിച്ചുകാന്തി-
കലവികലകലരും നിൻകായലിൻ പങ്ക്തികണ്ടാൽ
നലമൊട്ടതിരുമെയ്യിൽക്കീർത്തിമുദ്രാനിബദ്ധാ-
മലതരമണിഹാരം പോലെതോന്നുന്നു താഴേ!

കമതിവൃതിയെത്തൽസ്വാമി വാഴുന്ന തോപ്പും
ക്ഷമയുടെയരികത്തേക്കെത്തിനോക്കിച്ചിടാതെ
അമലസുഷമമേവും മാളികേ! നാളികേര-
ദ്രുമങ്ങടർതലപൊക്കിക്കാവൽനില്ക്കുന്നു ചുറ്റും.

വിനതയുടെവിഷാദം നീക്കുവാനായ് ക്ഷണം തത്-
തനയനമൃതകുംഭം പണ്ടുപോയ് കൊണ്ടുവന്നു;
ജനകജനനിമാർതൻ ദുഃഖമാറ്റീടുവാനീ-
തനയരമൃതലക്ഷം തൽഘടം പേറിടുന്നു.

പരിചിൽ വിളവമാളുംതോട്ടമോരോന്നുമോരോ
പെരിയൊരുതറവാട്ടിൽപ്പെട്ടകാർണ്ണോർകണക്കെ
അരികിലണയുവോരെപ്പൂഗതാംബൂലമേകി
ത്വരിതമുചിതമമ്മേ! സൽക്കരിപ്പാനിരിപ്പൂ.

ഒരുവനധനമേകിപ്പിന്നെലുബ്ധ് ധാന്യനായ നിൻ-
തിരുമടിയിലുറങ്ങും പങ്കജാക്ഷങ്കൽനിന്നും
വിരുതിലതിനുലക്ഷ്യം നേടിനീനിന്റെമക്കൾ-
ക്കരുളിടുവതുശീലം തദ്വിജശ്രേഷ്ഠസാമ്യം.

വളരെവിളവമേറ്റംനിന്നിലെത്തോപ്പുകാണു-
ന്നളവി 'അളക'യെന്നായ് തോന്നിയോവന്നിറങ്ങി
'നള'നൊടണവതിന്നായ് 'രംഭ'നില്ക്കുന്നമേന്മേൽ
കളരുചിവദനത്തിൽക്കല്പതാലി ചാർത്തി?.

'മരുവുമൊരുവനമ്മേ! മാതൃഭൂവെന്നുവന്നാൽ-
പ്പെരുകുമവനതിങ്കൽസ്നേഹമെന്നാപ്തവാക്യം;
കരുണയൊടനിശം നീകാക്കിലും നന്ദിയെന്യേ
മരുവുകപതിവാം നിൻ മക്കൾ കാമക്രോധകന്മാർ.

തിരുവുത്തമചരിത്രോർക്കു കണ്ണിലാനന്ദബാഷ്പം
പെരുകിയുമുടലെങ്ങും കോൾമയിർക്കൊണ്ടുമമ്മേ!
നിരുപമതരമാകും ശുദ്ധനിർവാണമാമാ-
ത്തരുവിയിലടിയത്തിന്നുള്ളിലുള്ളിക്കളിപ്പൂ.

അടിയനിനിയുമുണ്ടാം ജന്മമെന്നാലതെല്ലാ-
മടിമുതൽമുടിയോളം നിന്നിലാകട്ടെതായേ!
അടിമലരിണവണങ്ങാം താങ്ങുവാൻ മററാരേ-
യടിയുവള്ളതെന്തകം മുക്തിസിദ്ധിക്കുവോളം.

സതി! കനിവിനൊടും പെററന്നെയിന്നോവരയ്ക്കും
പതിവിനഴവശംഷംമാററിനീ പോററിയല്ലോ;
ഇതിന്നുപകരമെന്താ? നിന്റെകാര്യത്തിലെങ്കൽ
ക്ഷിതിയിലനിശമമ്മേ! നിത്യമക്രീതദാസ്യം.

പരമപുരുഷശക്തേ! ലോകരക്ഷാനിരതേ!
പരശുഭവപതാകേ! പത്മജാസ്തുതശീലേ!
പരമിവനസഹായം പാരിലാരുള്ളു, നീയേ!
പരവശതയകററിപ്പാലനം ചെയ്കതായേ!

കവിതിലകൻ ഉള്ളൂർ എസ്. പരമേശ്വരയ്യർ,
എം. എ., ബി. എൽ., എം. ആർ. ഏ. എസ്.

ഭാഷാരഘുവംശം.

൧൧-ാം സർഗ്ഗം

൭൦. പരശുരാമൻ.

അതിയായ്പ്രതാപപടലമൊന്നുപിന്നെയ-
ന്നെതിരിട്ടുസേനയുടെമുമ്പിൽവന്നുപോൽ
അതിനെച്ചിരംമിഴിതുടച്ചുനോക്കിനി-
ന്നതിലേവതുംപുരുഷനെന്നറിഞ്ഞുതേ.

ജനകന്റെപങ്കിനൊത്തപൂണുനൂലുമാ-
ജ്ജനനിക്കുചേർന്നപടവില്ലുമാർന്നവൻ
ദിനനാഥനിന്ദുവൊടുചേർന്നപോലെ, ച-
ന്ദനമാർന്നപാമ്പിനൊടുചേർന്നപോലെയും.

നിലവിട്ടദുഷ്ടപിതൃവാക്കു കേട്ടുടൻ
തലകൊയ്തു തന്നുടെ വിറയ്ക്കുമമ്മയെ
കൊലചെയ്തുമുന്നു ദയയെജ്ജയിച്ചിതു-
ബ്ബലശാലി, പിന്നു നിഖിലോർവ്വിയെയുമേ.

അരിരാജലോകനിധനംകഴിച്ചുതീ-
ങ്ങിയപത്തിയൊന്നു കുറിയെന്നു കാണികൾ
അറിവാനിതെന്നപടി ചാർത്തിതായവൻ
ശരിയാസ്ഥലത്തെയവിയിലക്ഷമാലയെ.

പിതൃനിഗ്രഹത്തിലതിരോഷമാർന്നഭൂ-
പതിനാശദീക്ഷയെ വഹിച്ച രാമനെ
എതിരിട്ടുകണ്ടുസുതബാല്യവുംനിജ-
സ്ഥിതിയുംനിനച്ചു നൃപനല്പംതളർന്നിനാൻ.

നൃതലായണാഹിതരിലൊപ്പമുള്ള വി-
ശ്രുതരാമനാമമവനീന്ദ്രനന്നഹോ!
ഹിതവുംഭയങ്കരവുമായിരുന്നമ-
ഞ്ജിതഹാരരോഗികളിലെന്നമാതിരി.

പര'മർഘ്യമർഘ്യ'മിതിചൊല്ലുമാദരാ-
വരവസ്തുവാക്കരംകരാച്ചിടാതവൻ
ഭരതാഗ്രജങ്കൽ നൃപരോഷവഹ്നിനി-
ബ്ബ്വരമാളമുഗ്രതരമുള്ളിലേറ്റുതേ.

പടവില്ലുറപ്പൊടുപിടിച്ചുടൻ വിരൽ-
ക്കിടയിൽശരത്തെയുമണച്ചുകൊണ്ടവൻ
അടലിന്നുമോഹമൊടു, പേടിതെല്ലുമേ
തടവാത്തരാമനൊടടുത്തുചൊല്ലിനാൻ.

അപരാധമേറ്റുപലവട്ടമിങ്ങുടൻ
നൃപഹിംസചെയ്തുശമമാർന്നിതെങ്കിലും
നൃപപുത്ര! നിന്റെ ചൊടികെട്ടതല്ലിനാൽ
ഉപവിഷ്ടസുപ്തഫണിപോലെയായിഞാൻ.

ഒരുനാളുമന്യനൃവരൻകുലച്ചിടാ-
ത്തൊരുശൈവചാപമതുനീയൊടിച്ചുപോൽ
കരുതുന്നിതുള്ളി,ലതുകേൾക്കയാൽ-
പ്പൃഥിവീശ!ഗർവമിതഭഗ്നമെന്നു ഞാൻ.

ഇതുനാൾവരെജ്ജഗതിരാമനെന്നപേ-
രതുകൊണ്ടറിഞ്ഞിടുവതെന്നെമാത്രമാം
അതുമാററിയിന്നപൃഥുകൻ പൊങ്ങിടുന്നനീ-
യതുകൊണ്ടുനാണമണയുന്നിതുള്ളിൽമേ.

ഇതുപോർശിരിക്കമിഷുവേതടുക്കവാ-
നരുതാതെഴുംമമന:സമാപരാധികം
ഒരുപൈക്കിടാവിനെഹരിച്ചുഹൈഹയൻ
പുരുകീർത്തികക്കവതിനോർക്കമന്നുമേ.

അതിനാൽനൃപാന്തകരവിക്രമത്തിനാൽ
മതിമോദമില്ലജിതനങ്ങിരിക്കെമേ
അതിയായ് തൃണാഗ്നികളിലൊപ്പമായ് ജ്വലി-
പ്പതിനാലെവഹ്നിയുമെവന്നുകാൺമുനാം.

കരുതേണമാഹരിഹരിച്ചനീയൊടി-
ച്ചൊരുശൈവവില്ലിനതിയായെഴുംബലം
ചെറുകാററുമേപ്പുഴയൊഴുക്കിനാലെവേ-
രറുമാക്കരസ്ഥലമരംമറിക്കുമേ.

അതിനാലെയീമമധനുസ്സിൽഞാനരേ ച-
ത്തതിയായ് വലിച്ചൊരുശരംതൊടുക്കനീ
ക്ഷിതിപാലപുത്ര!പടവേണ്ടതോററുവെ-
ന്നതിനാലെതന്നെയിഹസമ്മതിക്കുവൻ.

അതുജ്ജ്വലൽപരശുധാരയിൽഭയം
ചെറുതാകുമൂലമതിനെങ്കിലിന്നിനി
വെറുതേവിരൽകരിയഞാൻതഴമ്പെഴു-
ന്നൊരുകൈകൾ ക്ഷത്രിയമിണ്ടിരിക്കനീ.

കവിതിലകൻ കുണ്ടൂർ നാരായണമേനോൻ, ബി. എ.

ചിന്താമണിപാഠമാല

(നാലാം ഫാറം)

കൊച്ചി ഗവമ്മെണ്ടു കല്പനപ്രകാരം,
മലയാളഭാഷാപരിഷ്കരണക്കമ്മിററിയിൽനിന്ന
തയ്യാറാക്കിയത്.
